ഹയർ സെക്കണ്ടറി കോഴ്സ്

# ഇസ്‌ലാമിക ചരിത്രവും സംസ്കാരവും

## XI

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

Website : www.scertkerala.gov.in
e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയ തലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

### വിദഗ്ദ്ധർ

**ഡോ. മുഹമ്മദ് റഫീഖ് ടി.**
അസി.പ്രൊഫസർ,
ഇസ്ലാമിക ചരിത്ര വിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്,
മലപ്പുറം

**ഡോ.ഷജില ബീവി. എസ്.**
അസി.പ്രൊഫസർ,
ഇസ്ലാമിക ചരിത്ര വിഭാഗം
മഹാരാജാസ് കോളേജ്,
എറണാകുളം

**ഡോ.പി.നസീർ**
പ്രിൻസിപ്പൽ
മന്നാനിയാ കോളേജ് ഓഫ് ആർട്ട്സ്
& സയൻസ്, തിരുവനന്തപുരം -9

**ഡോ. കുമാർ.ജെ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളം വിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

---

### തയാറാക്കിയ ടീം

1. **അബ്ദുൽ റഊഫ് ടി.എം.**
എച്ച്.എസ്.എസ്.ടി. ഇസ്ലാമിക ചരിത്രം
സീതി സാഹിബ് ഹയർസെക്കണ്ടറി
സ്കൂൾ, തളിപ്പറമ്പ്, കണ്ണൂർ

2. **ബഷീർ.ഒ.**
എച്ച്.എസ്.എസ്.ടി ഇസ്ലാമിക
ചരിത്രം
ദാറുൽ ഹിദായ ഓർഫനേജ്
ഹയർസെക്കണ്ടറി
സ്കൂൾ എടപ്പാൾ, മലപ്പുറം

3. **അയ്യൂബ് എം.**
എച്ച്.എസ്.എസ്.ടി.ഇസ്ലാമിക ചരിത്രം
എം.എസ്.എം. ഹയർസെക്കണ്ടറി സ്കൂൾ,
കായംകുളം, ആലപ്പുഴ

4. **അസീന.എം.എ**
എച്ച്.എസ്.എസ്.ടി ഇസ്ലാമിക
ചരിത്രം
ജി.എച്ച്.എസ്.എസ്. കുറ്റിക്കാട്ടൂർ
കോഴിക്കോട്

---

**ഡോ. എ. സഫീറുദ്ദീൻ**
*അക്കാദമിക് കോർഡിനേറ്റർ*
*റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.*

M7I5D3

# ഉള്ളടക്കം

1. ഇസ്‌ലാമിക ചരിത്രവും സംസ്കാരവും ഒരാമുഖം 7

2. അറേബ്യ: ഇസ്‌ലാമിന്റെ കളിത്തൊട്ടിൽ 27

3. പ്രവാചക കാലഘട്ടം : മക്ക 51

4. പ്രവാചക കാലഘട്ടം : മദീന 66

5. ഖിലാഫത്ത് (632 - 661 എ.ഡി) 87

6. ഉമവിയ്യാക്കൾ 111

7. മുസ്‌ലിമുകളുടെ കേരളത്തിലേക്കുള്ള ആഗമനം 139

അധ്യായം - ഒന്ന്

# ഇസ്‌ലാമികചരിത്രവും സംസ്കാരവും ഒരാമുഖം

R1G6K2

## പഠനനേട്ടങ്ങൾ

1.1. ചരിത്രസ്മാരകങ്ങളെ സംരക്ഷിക്കുവാനും സ്റ്റാമ്പ്ശേഖരണത്തിനും നാണയ ശേഖരണത്തിനുമുള്ള മനോഭാവം വികസിപ്പിക്കുന്നു.

1.2. ചരിത്ര പഠനത്തിനുള്ള താൽപ്പര്യം വിദ്യാർഥികളിൽ സൃഷ്ടിക്കുന്നു.

1.3. ഇസ്‌ലാമിക ചരിത്ര പഠനത്തിനുള്ള പ്രധാന ഉറവിടങ്ങളെ വിദ്യാർഥികൾ തിരിച്ചറിയുന്നു. ചരിത്ര ഉറവിടങ്ങളെ ആദരവോടെ കാണുവാനുള്ള മനോഭാവം വിദ്യാർഥികൾ രൂപപ്പെടുത്തുന്നു.

1.5. ഒരു വിശ്വാസിയുടെ ജീവിതത്തിലും സ്വഭാവത്തിലും മതാധ്യാപനങ്ങൾ ചെലുത്തുന്ന സ്വാധീനം വിദ്യാർഥികൾ തിരിച്ചറിയുന്നു.

1.6. പുരാതന കേരളത്തിൽ നിലനിന്നിരുന്ന മതസഹിഷ്ണുതയെ വിദ്യാർഥികൾ വിലമതിക്കുന്നു.

1.7. ജനസംഖ്യാ വർധനവിനെതിരെ വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുന്നു.

## ചരിത്രത്തിന്റെ പ്രാധാന്യം

ചരിത്രത്തിന്റെ ഉൽപ്പത്തിയേയും വികാസത്തേയും സംബന്ധിച്ച് ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു. പുരാതന ഗ്രീസിൽ നിന്നാണ് ചരിത്രത്തിന്റെ ഉദയം. ഗ്രീക്ക് പദമായ ഇസ്റ്റോറിയ എന്ന വാക്കിൽ നിന്നാണ് പിന്നീട് ഹിസ്റ്ററി (ചരിത്രം) എന്ന പദം രൂപീകരിക്കപ്പെട്ടത്. അന്വേഷണം അല്ലെങ്കിൽ വിവരങ്ങൾ എന്നാണ് ഇസ്റ്റോറിയ എന്ന ഗ്രീക്ക് പദത്തിന്റെ അർഥം.

ചരിത്രം എന്നാൽ നാം മനസ്സിലാക്കിയത് പോലെ കഴിഞ്ഞ കാലങ്ങളെക്കുറിച്ചുള്ള കഥകൾ മാത്രമല്ല, മറിച്ച് മനുഷ്യരും അവരുടെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട വ്യത്യസ്ത മേഖലകളും ഉൾക്കൊള്ളുന്ന എല്ലാത്തിനെയും കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന വിശാലമായ പഠനമേഖലയാണ് ചരിത്രം. മനുഷ്യരാശിയുടെ ഉൽഭവത്തിന്റേയും വളർച്ചയുടേയും വികാസത്തിന്റേയും വളരെ വ്യവസ്ഥാപിതമായ വിവരണമാണ് ചരിത്രം എന്നതു കൊണ്ട് യാഥാർഥത്തിൽ ഉദ്ദേശിക്കുന്നത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ മനുഷ്യർ തന്റെ പരിസ്ഥിതിയും സഹജീവികളുമായി നടത്തുന്ന ഇടപാടുകളുടെ അനന്തരഫലമായി രൂപപ്പെടുന്നതാണ് ചരിത്രം. നൂറ്റാണ്ടുകളായി മനുഷ്യർ തന്റെ പൂർവ്വികൻമാരുടെ ഇന്നലെകളെ പുനരാവിഷ്കരിക്കാനും വിവരിക്കാനും നടത്തുന്ന നിരന്തര ശ്രമങ്ങൾ ചരിത്രഗ്രന്ഥങ്ങളായി പിന്നീട് മാറുന്നു.

നൂറ്റാണ്ടുകളിലൂടെയുള്ള മാനവകുലത്തിന്റെ പരിണാമവും സാമൂഹ്യ- രാഷ്ട്രീയ- സാമ്പത്തിക മേഖലകളിലുണ്ടായ മാറ്റവും ചരിത്രത്തിന്റെ പ്രതിപാദ്യ വിഷയങ്ങളാണ്. മനുഷ്യർ, വ്യക്തിജീവിതത്തിൽ നിന്നും ഒരു സമൂഹജീവിയും ഒരു സാംസ്കാരിക ജീവിയുമായി മാറിയതിന്റെ കാരണങ്ങളും അതിന്റെ സ്വാധീന ഘടകങ്ങളും ചരിത്രത്തിലൂടെ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. ഇതിനുപുറമെ സമൂഹത്തിന്റെയും എല്ലാ ഭരണകൂടങ്ങളുടെയും ഉയർച്ചയും തകർച്ചയും ഉൾക്കൊള്ളുന്നതാണ് ചരിത്രപഠനങ്ങൾ. വളരെ വിശാലമായ അർഥങ്ങൾ ഉൾക്കൊള്ളുന്ന ചരിത്രമെന്ന വാക്കിനെ പണ്ഡിതന്മാർ വ്യത്യസ്ത രീതിയിൽ നിർവചിക്കുന്നു. ചരിത്രത്തെപ്പറ്റിയുള്ള എല്ലാ നിർവചനങ്ങളും അതിന്റെ സാരാംശങ്ങൾ ഉൾക്കൊള്ളുന്നതായി കാണാം.

ലോകപ്രസിദ്ധ ഗ്രീക്ക് തത്വജ്ഞാനി അരിസ്റ്റോട്ടിലാണ് ആദ്യമായി ചരിത്രത്തിന് ഔപചാരികമായൊരു നിർവചനം നൽകിയിട്ടുള്ളത്. "ചരിത്രമെന്നാൽ മാറ്റമില്ലാത്ത ഇന്നലെകളുടെ വിവരണങ്ങളുടെ ശേഖരമാകുന്നു".

ബ്രിട്ടീഷ് ചരിത്രകാരനായ ഇ.എച്ച്. കാർ ചരിത്രത്തെ വ്യാഖ്യാനിച്ചത്"ചരിത്രകാരനും അദ്ദേഹം കണ്ടെത്തുന്ന വസ്തുതകൾക്കും ഇടയിലുള്ള നിരന്തരമായ ഇടപെടൽ, ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള നിലയ്ക്കാത്ത സംഭാഷണം എന്നാകുന്നു.

## ചരിത്രപഠനത്തിന്റെ പ്രാധാന്യം

### 1) മനുഷ്യന്റെ വർത്തമാനവും ഭാവിയും രൂപപ്പെടുത്തുക.

മനുഷ്യരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതം മുന്നോട്ട് നയിക്കാൻ ഒരു മാർഗരേഖ അത്യാവശ്യമാണ്. തന്റെ ജീവിതം നല്ല രൂപത്തിൽ ചിട്ടയോടുകൂടി രൂപപ്പെടുത്താൻ അവർക്ക് തങ്ങളുടെ പൂർവ്വികന്മാരുടെ ചരിത്രം അറിയേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. തങ്ങളുടെ മുൻഗാമികളിൽ നിന്ന് കിട്ടിയ പാരമ്പര്യത്തെയും പൈതൃകത്തെയും കുറിച്ചുള്ള അവബോധം മനുഷ്യരിൽ ആത്മവിശ്വാസം സൃഷ്ടിക്കുന്നു. അതിലൂടെ തങ്ങളുടെ വർത്തമാനകാല ജീവിതം മികവുറ്റതാക്കാൻ മനുഷ്യർക്ക് സാധിക്കുന്നു. വർത്തമാനകാലജീവിതം മികച്ചതാകുന്നതിലൂടെ ഭാവിജീവിതം നല്ല രീതിയിൽ വാർത്തെടുക്കാനും തങ്ങളുടെ പിൻഗാമികൾക്ക് മാതൃകയാകാനും അവർക്കു സാധിക്കുന്നു.

### 2) മനുഷ്യസമൂഹങ്ങളെക്കുറിച്ച് അറിവുനേടുക.

ലോകത്തിലെ കഴിഞ്ഞകാല സമൂഹങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നതിനായുള്ള ഏകമാർഗം ചരിത്രരേഖകൾ മാത്രമാണ്. ഈ ചരിത്രരേഖകൾ

എല്ലാം തന്നെ പ്രസ്തുത സമൂഹങ്ങൾ ഉപേക്ഷിച്ചുപോയ അവശിഷ്ടങ്ങളിൽ നിന്ന് പഠനം നടത്തി എഴുതപ്പെട്ടിട്ടുള്ളതാകുന്നു. പഴയകാല സമൂഹങ്ങളെക്കുറിച്ച് താരതമ്യപഠനം നടത്താനും വർത്തമാനകാല ജീവിതവുമായി അതിനെ ബന്ധപ്പെടുത്താനും തുറന്ന ചരിത്രവായന അനിവാര്യമാണ്. ചരിത്രവിവരങ്ങൾ രേഖപ്പെടുത്തുന്ന വ്യക്തികളുടെ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചരിത്രരചനയിൽ ചില വ്യത്യാസങ്ങൾ വന്നേക്കാം. പുരാതനകാലത്ത് നിലനിന്നിരുന്ന നൈൽ നദീതട സംസ്കാരം, സിന്ധുനദീതട സംസ്കാരം, മെസപ്പൊട്ടോമിയൻ സംസ്കാരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ചരിത്ര പഠനങ്ങളിലൂടെയാണ് നാം മനസ്സിലാക്കുന്നത്.

### 3) മനുഷ്യവംശത്തിന്റെ പരിണാമത്തെയും വികാസത്തെയും മനസ്സിലാക്കുന്നു.

സമകാലിക മനുഷ്യജീവിതത്തിന്റെ വളർച്ച നൂറ്റാണ്ടുകളായുള്ള പരിണാമത്തിന്റെ അനന്തരഫലമാണ്. മനുഷ്യവംശത്തിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ട് നിരവധി നരവംശ സിദ്ധാന്തങ്ങൾ ചരിത്രത്തിന്റെ പ്രതിപാദ്യ വിഷയങ്ങളാകുന്നു. മനുഷ്യരുടെ ഉത്ഭവം മുതൽ നൂറ്റാണ്ടുകളിലൂടെ അവർ സമൂഹജീവികളായതിന്റെയും വലിയ സംസ്കാരങ്ങളും സാമ്രാജ്യങ്ങളും രൂപീകരിച്ചതിന്റെയും അറിവുകൾ ചരിത്രവായനയിലൂടെ മാത്രമേ സാധ്യമാവുക

ജർമ്മൻ ചരിത്രകാരനായ ഏണസ്റ്റ് ബേൺഹാം ചരിത്രത്തിന് നൽകുന്ന നിർവചനം, "മനശ്ശാസ്ത്രപരമായി ശാരീരിക-മാനസികാവസ്ഥയുടെ പശ്ചാത്തലത്തിൽ അന്വേഷിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന ഒരു ശാസ്ത്രമാണ് ചരിത്രം. മനുഷ്യന്റെ പരിണാമത്തിന്റെ സ്ഥലവും സമയവും അനുസരിച്ച് നിശ്ചയിക്കപ്പെടുന്ന വസ്തുതയാണ് ചരിത്രം. മനുഷ്യന്റെ വ്യക്തിഗതവും സാമൂഹ്യജീവിയെന്ന നിലയിലുള്ള കൂട്ടായ പ്രവർത്തനങ്ങളും ഇതിൽപ്പെടുന്നു".

സ്കോട്ടിഷ് തത്വജ്ഞാനിയും ചരിത്രകാരനുമായ തോമസ് കാർലൈ ചരിത്രത്തെ പരാമർശിക്കുന്നത്, "മഹാന്മാരായ മനുഷ്യരുടെ ജീവചരിത്രമല്ലാതെ മറ്റൊന്നുമല്ല ചരിത്രം, മഹാന്മാരായ മനുഷ്യരുടെ ജീവിതസാക്ഷാത്കാരത്തിന്റെയും നേട്ടങ്ങളുടെയും ശേഖരമാകുന്നു ചരിത്രം".

ഗ്രീക്ക് തത്വജ്ഞാനി റൂസ്സോയുടെ അഭിപ്രായത്തിൽ "ചരിത്രമെന്നാൽ പലതരം പൊരുത്തക്കേടുകളുള്ള വിവരങ്ങളിൽ നിന്നും സത്യത്തോട് കൂടുതൽ സാമ്യമുള്ള വസ്തുതകളെ തെരഞ്ഞെടുക്കുന്നതാണ്".



*ചരിത്രത്തെപ്പറ്റിയുള്ള കൂടുതൽ നിർവചനങ്ങൾ ശേഖരിക്കുക. പ്രസ്തുത നിർവചനങ്ങളുടെ അടിസ്ഥാനത്തിൽ ചരിത്രത്തിന്റെ പ്രത്യേകതകളെ വിവരിക്കുകയും ചരിത്രത്തിന് സ്വന്തമായ നിർവചനങ്ങൾ നൽകുകയും ചെയ്യുക.*

## ഹിസ്റ്റോറിയോഗ്രാഫി (ചരിത്രരചന ശാസ്ത്രം)

ചരിത്രരചനകളെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് ഹിസ്റ്റോറിയോഗ്രാഫി. ചരിത്രത്തിന്റെ ചരിത്രം എന്നും ചരിത്രരചനാരീതിയുടെ ചരിത്രമെന്നും ഇതുകൊണ്ട് അർഥമാക്കുന്നു. എങ്ങനെയാണ് ചരിത്രരചന നിർവ്വഹിച്ചിരിക്കുന്നതെന്ന ഒരു അപഗ്രഥനം കൂടിയാണിത്. ചരിത്രരചനയുടെ ആരംഭം, വ്യത്യസ്ത ചരിത്രമെഴുത്ത് രീതികൾ, വ്യത്യസ്ത കാലഘട്ടങ്ങളിൽ ചരിത്രത്തിന് സംഭവിച്ച മാറ്റങ്ങൾ എന്നിവയെല്ലാം ഇതിന്റെ പ്രതിപാദ്യ വിഷയമാണ്. ചരിത്രമെഴുതുന്ന വ്യക്തികളുടെ ചിന്തകളും ആശയങ്ങളും ചരിത്രരചനയ്ക്കായി അവർ ഉപയോഗിച്ചിട്ടുള്ള സാങ്കേതിക രീതികളും ഇതിൽ ഉൾപ്പെടുന്നു. ഓരോ കാലഘട്ടങ്ങളിലും നിലനിൽക്കുന്ന ചിന്താരീതികൾ ചരിത്രരചനകളിൽ സ്വാധീനം ചെലുത്തുന്നതായി കാണാം.

## ചരിത്രപഠനത്തിന്റെ ഉറവിടങ്ങൾ

മനുഷ്യവംശത്തിന്റെ കഴിഞ്ഞ കാലങ്ങളെപ്പറ്റി വിവരങ്ങൾ നൽകുന്ന എല്ലാ വസ്തുക്കളെയും വിവരണങ്ങളെയും മൊത്തത്തിൽ ചരിത്രത്തിന്റെ സ്രോതസ്സുകളായി എണ്ണപ്പെടുന്നു. ഇവയെ പ്രധാനമായും രണ്ടായി തരംതിരിക്കുന്നു.

1. **പ്രാഥമിക ഉറവിടങ്ങൾ**

2. **ദ്വിതീയ ഉറവിടങ്ങൾ**

### 1. പ്രാഥമിക ഉറവിടങ്ങൾ

ഒരു സമൂഹത്തെപ്പറ്റി പഠിക്കാൻ അവർ അവശേഷിപ്പിച്ചു പോയിട്ടുള്ള കെട്ടിടാവശിഷ്ടങ്ങൾ, നാണയങ്ങൾ, ഉപകരണങ്ങൾ, കൊട്ടാരങ്ങൾ, അക്കാലത്ത് രേഖപ്പെടുത്തിയിട്ടുള്ള രാജകീയ കൽപ്പനകൾ, ലിഖിതങ്ങൾ തുടങ്ങിയവയെല്ലാം അവരുടെ അടിസ്ഥാന വിവരശേഖരണത്തിനുള്ള പ്രധാന ഉറവിടങ്ങളാണ്. അതുകൊണ്ട് ഇവയെ പ്രാഥമിക ഉറവിടങ്ങൾ എന്നു വിളിക്കുന്നു.

### 2. ദ്വിതീയ ഉറവിടങ്ങൾ

പ്രാഥമിക സ്രോതസ്സുകളിൽ നിന്ന് പഠനം നടത്തിയ ശേഷം കഴിഞ്ഞ കാലഘട്ടത്തിലെ ഒരു സമൂഹത്തെപ്പറ്റി എഴുതിയിട്ടുള്ള ചരിത്രരേഖകൾ, ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവയെല്ലാം ആ സമൂഹത്തെപ്പറ്റി പഠിക്കാനുള്ള ദ്വിതീയ ഉറവിടങ്ങളായി കണക്കാക്കാം. സ്രോതസ്സുകളുടെ ഈ വിഭജനം അവയുടെ ആധികാരികതയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്.

ഘടനയുടെ അടിസ്ഥാനത്തിൽ ചരിത്രത്തിന്റെ ഉറവിടങ്ങളെ വീണ്ടും രണ്ടായി തരംതിരിക്കാം.


### (1) ഭൗതിക ഉറവിടങ്ങൾ

ഒരു സമൂഹത്തിന്റെ അവശിഷ്ടങ്ങളായി ലഭിക്കുന്ന എല്ലാ വസ്തുക്കളെയും ഭൗതികഉറവിടങ്ങളായി കണക്കാക്കാം. ഭൗതിക ഉറവിടങ്ങൾക്ക് ഉദാഹരണങ്ങളാണ് താഴെ പറയുന്നവ

- നാണയങ്ങൾ
- മൺപാത്രങ്ങൾ
- വസ്ത്രങ്ങൾ
- താമസസ്ഥലങ്ങളുടെയും നഗരങ്ങളുടെയും അവശിഷ്ടങ്ങൾ
- കുളങ്ങൾ
- ഡാമുകൾ
- കിണറുകൾ
- കോട്ടകൾ, കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ
- പാറകൾ, കോട്ടകൾ, ചുവരുകൾ, സ്തൂപങ്ങൾ, ലോഹങ്ങൾ എന്നിവകളിലെ കൊത്തുപണികളും ലിഖിതങ്ങളും
- ..........................................................
- ..........................................................



നാണയങ്ങളും താളിയോലകളും



ഇടക്കൽ ഗുഹ. ശിലാലിഖിതം

ഇസ്‌ലാമിക ചരിത്രവും സംസ്കാരവും

### (2) സാഹിത്യ ഉറവിടങ്ങൾ

ഒരു സമൂഹത്തെപ്പറ്റി, ആ കാലഘട്ടത്തിൽ എഴുതപ്പെട്ടതും പിന്നീട് എഴുതപ്പെട്ടിട്ടുള്ളതുമായിട്ടുള്ള എല്ലാ സാഹിത്യരൂപങ്ങളും സാഹിത്യ ഉറവിടങ്ങളിൽപ്പെടുന്നു. സാഹിത്യ ഉറവിടങ്ങൾക്ക് ഉദാഹരണങ്ങളാണ് താഴെ പറയുന്നവ.

- യാത്രാവിവരണങ്ങൾ
- കവിതകൾ
- ജീവചരിത്രങ്ങൾ
- ആത്മകഥകൾ
- ഡയറിക്കുറിപ്പുകൾ
- റെക്കോർഡുകൾ
- ഐതിഹ്യങ്ങളും മതഗ്രന്ഥങ്ങളും
- ..........................................................
- ..........................................................

## ആർക്കിയോളജി (പുരാവസ്തുഗവേഷണം)

മണ്ണിനടിയിൽ നിന്നും ഖനനം ചെയ്ത് കിട്ടുന്ന പഴയകാല സമൂഹങ്ങളുടെ അവശിഷ്ടങ്ങളെ ശാസ്ത്രീയമായി പഠനം നടത്തുകയും അതിലൂടെ ആ സമൂഹത്തെപ്പറ്റിയുള്ള വിവരങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന ചരിത്രപഠനശാഖയാണ് ആർക്കിയോളജി. ഹാരപ്പ, മോഹൻജോദാരൊ തുടങ്ങിയ നഗരാവശിഷ്ടങ്ങൾ ഇത്തരം പഠനത്തിന് ഉദാഹരണങ്ങളാണ്.

### എപ്പിഗ്രാഫി (ശിലാലിഖിതം) പഠനം

ശിലാലിഖിതങ്ങളെപ്പറ്റി ശാസ്ത്രീയമായി പഠനം നടത്തുന്ന ചരിത്രവിഭാഗമാണ് എപ്പിഗ്രാഫി. വയനാട് ജില്ലയിലെ ഇടയ്ക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ എപ്പിഗ്രാഫിയിലൂടെ കണ്ടെത്തിയിട്ടുള്ള ചരിത്രരേഖയാകുന്നു.

### ന്യൂമിസ്മാറ്റിക്സ് (നാണയപഠനം)

നാണയങ്ങൾ ശേഖരിക്കുന്നതിനെയും അവയെപ്പറ്റി പഠനം നടത്തി അത് ഉപയോഗിച്ചിരുന്ന കാലഘട്ടത്തിന്റെ ചരിത്രം രേഖപ്പെടുത്തുകയും ചെയ്യുന്ന വിഭാഗമാണ് ന്യൂമിസ്മാറ്റിക്സ്.

## ഇസ്‌ലാമികചരിത്രവും സംസ്കാരവും

വളരെ വിശാലമായ അർഥതലങ്ങൾ ഉൾക്കൊള്ളുന്ന ചരിത്രത്തിന്റെ ഒരു ശാഖയാണ് ഇസ്‌ലാമിക ചരിത്രം. ഏഴാം നൂറ്റാണ്ട് മുതൽ അറേബ്യയിൽ പ്രചരിക്കപ്പെട്ട ഇസ്‌ലാം മതത്തിന്റെ കീഴിൽ ഉയർന്നുവന്ന ഒരു സംസ്കാരത്തെയും അതിന്റെ സംഭാവനകളെയും പറ്റി പഠിക്കുന്ന പഠന വിഭാഗമാണ് ഇസ്‌ലാമിക ചരിത്രം. അഞ്ചാം നൂറ്റാണ്ട് തുടങ്ങിയുള്ള അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ ചരിത്രം മുതൽ യൂറേഷ്യ മുഴുവനും ഇസ്‌ലാമിക സംസ്കാരത്തിൻ കീഴിലായതും


സമകാലിക മധ്യേഷ്യയുടെ ചരിത്രമടക്കമുള്ള വിഷയങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു.

പ്രവാചകൻ മുഹമ്മദ് മദീന കേന്ദ്രീകരിച്ച് ആരംഭിച്ച ഇസ്‌ലാമിക നാഗരികത അദ്ദേഹത്തിന് ശേഷം ഖിലാഫത്ത് ഭരണമായി. തുടർന്ന് ഇരുപതാം നൂറ്റാണ്ട് വരെ നിലനിന്നിരുന്ന ഖിലാഫത്ത് ഭരണം, ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം 1924 ൽ തുർക്കി ഭരണകൂടം സുൽത്താനേറ്റ് ഭരണവും ഖിലാഫത്ത് ഭരണവും അവസാനിപ്പിച്ചു കൊണ്ട് റിപ്പബ്ലിക് ആയതോടെയും പ്രസ്തുത നാഗരികതയുടെ യുഗം അവസാനിക്കുന്നു. ഈ കാലഘട്ടത്തിൽ ഇസ്‌ലാമിക സംസ്കാരം ലോകത്തിനു സമ്മാനിച്ച സാഹിത്യപരവും സാംസ്കാരികവും രാഷ്ട്രീയവുമായ സംഭാവനകളാണ് ഇസ്‌ലാമികചരിത്രത്തിൽ പ്രധാനപാഠ്യവിഷയം.

രണ്ട് ലോകയുദ്ധങ്ങൾക്കിടയിൽ മധ്യേഷ്യൻ രാജ്യങ്ങൾക്ക് സംഭവിച്ച മാറ്റങ്ങളും സ്വതന്ത്ര രാഷ്ട്രങ്ങളായി അറബ് പ്രദേശങ്ങൾ മാറിയതിന്റെ ചരിത്രവും ഇതിൽ പ്രതിപാദിക്കുന്നു. അറബി ഭാഷയിൽ 'താരിഖ്' എന്ന പദമാണ് ചരിത്രത്തെ പരാമർശിക്കാൻ ഉപയോഗിക്കുന്നത്. ഇസ്‌ലാമിക ഭരണം നിലനിന്നിരുന്ന രാഷ്ട്രങ്ങളുടെയും സമൂഹങ്ങളുടെയും ചരിത്രം എന്നാണ് താരിഖുൽ ഇസ്‌ലാം (ഇസ്ലാമിക ചരിത്രം) എന്നതുകൊണ്ട് അർഥമാക്കുന്നത്.

## സംസ്കാരം

ഹിസ്റ്ററി എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായ അറബി പദമാണ് താരിഖ് (ചരിത്രം). പ്രസ്തുത വാക്ക് കൊണ്ട് യഥാർഥത്തിൽ അർഥമാക്കുന്നത് കഴിഞ്ഞ കാലമെന്നാണ്. ഇസ്ലാമിക ചരിത്രമെന്ന അർത്ഥത്തിൽ അറബ് ചരിത്രകാരന്മാർ ഉപയോഗിക്കുന്നത് താരിഖുൽ ഇസ്‌ലാം എന്നാണ്. അറബ് ചരിത്രകാരന്മാർ വളരെ യുക്തിപൂർവ്വമായ സമീപനങ്ങളാണ് ചരിത്രവസ്തുതകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ഉപയോഗിച്ചിരുന്നത്.




താരിഖുൽ ഇസ്ലാം

സംസ്കാരം എന്ന പദം വളരെ സങ്കീർണ്ണമായ ആശയങ്ങൾ ഉൾക്കൊള്ളുന്നു. അതിൽ മനുഷ്യൻ സ്വായത്തമാക്കുന്ന അറിവ്, മതവിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയും ഒരു സമൂഹത്തിലെ അംഗമായി മനുഷ്യനെ മാറ്റിയെടുക്കുന്ന മറ്റ് കഴിവുകളും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നു. അറേബ്യയിൽ ആരംഭിച്ച ഇസ്ലാമിക സംസ്കാരം പതിറ്റാണ്ടുകൾക്കുള്ളിൽത്തന്നെ ലോകത്താകെ വ്യാപിച്ചു. നിരവധി മുസ്ലിം ഭരണകൂടങ്ങൾ ഉയർന്നുവരുകയും ഇവയുടെ കീഴിൽ നിരവധി വൈജ്ഞാനിക പുരോഗതികൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര സാഹിത്യമേഖലകളിലായിരുന്നു അറബി പണ്ഡിതന്മാർ ഏറ്റവും കൂടുതൽ വൈജ്ഞാനിക സംഭാവനകൾ നൽകിയത്. ഇതിനുപുറമെ വാസ്തുവിദ്യ, ചിത്രരചന, നിർമാണ പ്രവർത്തനങ്ങൾ, സംഗീതം, ആസ്വാദനകലകൾ എന്നീ മേഖലകളിലും അറബികളുടെ സംഭാവനകൾ കാണാൻ സാധിക്കുന്നതാണ്. മധ്യകാലഘട്ടത്തിൽ മുസ്ലിം ഭരണങ്ങൾക്ക് കീഴിലുണ്ടായിരുന്ന പണ്ഡിതന്മാരായിരുന്നു തങ്ങളുടെ പുസ്തകങ്ങളിലൂടെ യൂറോപ്പിന് നവോത്ഥാനത്തിന്റെ പാത കാണിച്ചുകൊടുത്തത്. പുരാതന ഗ്രീസിലെ ഏഥൻസ് കേന്ദ്രീകരിച്ചുണ്ടായിരുന്ന വൈജ്ഞാനിക കേന്ദ്രങ്ങൾ മധ്യകാലഘട്ടത്തിൽ അറബി പണ്ഡിതന്മാരായിരുന്നു കൈകാര്യം ചെയ്തിരുന്നത്. പിന്നീട് അത് സ്പെയിനിലേക്കും അവിടെ നിന്ന് ഇറ്റലിയിലേക്കും എത്തുകയും ഇത്തരം വൈജ്ഞാനിക സംഭാവനകൾ യൂറോപ്പിൽ നവോത്ഥാനത്തിന് തുടക്കം കുറിക്കുകയും ചെയ്തു.


ഫിലിപ്പ് കെ. ഹിറ്റിയുടെ അഭിപ്രായത്തിൽ, ''മധ്യകാലഘട്ടത്തിലെ അറബി പണ്ഡിതന്മാർ പുരാതന കാലഘട്ടത്തിലെ ശാസ്ത്രം, തത്ത്വചിന്ത എന്നിവ വീണ്ടെടുക്കാൻ വഴിയൊരുക്കി. അനുബന്ധ അറിവുകളും അവരുടേതായ കണ്ടെത്തലുകളും കൂട്ടിച്ചേർത്തുകൊണ്ട് നവോത്ഥാനത്തിന് വഴിപ്പെടാൻ കഴിയുന്ന വിധത്തിൽ പ്രസ്തുത അറിവുകൾ യൂറോപ്പിന് കൈമാറുകയും ചെയ്തു.''

ജെസ്റ്റീനിയൻ ചക്രവർത്തി ഏഥൻസിലെ വിജ്ഞാനകേന്ദ്രം അടച്ചു പൂട്ടുകയും പുരോഗമന ചിന്താഗതിക്കാരായ പണ്ഡിതന്മാരെ തടവിലാക്കുകയോ നാടുകടത്തുകയോ ചെയ്യുകയുമുണ്ടായി. നാടുകടത്തപ്പെട്ട ഗ്രീക്ക് പണ്ഡിതൻമാർ സിറിയയിൽ എത്തുകയും സിറിയയിലെ അരാമിക് ഭാഷയിലേക്ക് അവരുടെ അറിവുകൾ രേഖപ്പെടുത്തുകയും ചെയ്തു. അരാമിക് ഭാഷയിൽ നിന്ന് പ്രസ്തുത അറിവുകൾ ബാഗ്ദാദിലെ മധ്യകാലഘട്ടത്തിലുള്ള പ്രശസ്തമായ ബൈത്തുൽ ഹിക്മ എന്ന വിജ്ഞാന കേന്ദ്രത്തിൽ വച്ച് അറബി, പേർഷ്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്യുകയും അറബി പണ്ഡിതന്മാർ തുടർപഠനത്തിലൂടെ അവരുടേതായ അനുബന്ധങ്ങൾ ചേർത്തുകൊണ്ട് അതിനെ പരിപോഷിപ്പിക്കുകയും ചെയ്തു. പിന്നീട് അത് അറബ്ഭാഷയിൽ നിന്ന് യൂറോപ്യൻ ഭാഷകളിലേക്ക് പ്രത്യേകിച്ച് ലാറ്റിൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യുകയും അവയിലൂടെ യൂറോപ്പിന് നവോത്ഥാനത്തിലേക്കും ആധുനികതയിലേക്കുമുള്ള വഴിതെളിക്കുകയുമുണ്ടായി. ഇത്തരത്തിൽ ഗ്രീസിലെ പഴയ വിജ്ഞാനങ്ങൾ യൂറോപ്പിലേക്ക് രണ്ടാമതും തിരിച്ചെത്താൻ സഹായിച്ച മധ്യകാലഘട്ടത്തിലെ അറബി പണ്ഡിതന്മാരെ യൂറോപ്പിന് നവോത്ഥാനത്തിലേക്കുള്ള ദീപശിഖയേന്തിയവർ എന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. മധ്യകാലഘട്ടത്തിൽ കിഴക്കും പടിഞ്ഞാറും തമ്മിൽ നടന്ന വൈജ്ഞാനിക കൈമാറ്റം ഇസ്ലാമിക ചരിത്രത്തിലെ പ്രധാന പാഠ്യവിഷയമാണ്.

| | | |
|---|---|---|
| ഖലീല വ ദിംന | സാഹിത്യം | ഇബ്നു മുഖഫ് |
| ഖാനൂൻ ഫിൽ ത്വിബ്ബ് | വൈദ്യശാസ്ത്രം | അവിസെന്ന - ഇബ്നുസിന |
| തഹാഫുത്ത് - അൽ - തഹാഫുത്ത് | തത്ത്വശാസ്ത്രം | ഇബ്നു റുഷ്ദ് |
| താരിഖ് - റുസൂൽ - വൽ - മുലൂക്ക് | ചരിത്രം | ജരീർ - അൽ - തബരി |
| മുഅ്ജമുൽ ബുൽദാൻ | ഭൂമിശാസ്ത്രം | അൽ - ഇദ്രീസി |
| ഹിസാബ് - ജബർ - വൽ - മുഖാബല | ഗണിതശാസ്ത്രം | അൽ - ഖവാറസ്മി |
| അൽ - അശ്ർ മഖാലാത്ത് അൽ - അയ്ൻ | നേത്രപഠനം | ഹുനൈൻ ഇബ്നു ഇശാഖ് |
| കിതാബുൽ റഹ്മ | ആൽക്കമി | ജാബിർ ഇബ്നു ഹയ്യാൻ |



Calligraphy


Taj Mahal


Oppana


Al Hamrah


Kolkali


Duff Mutt

മധ്യകാലഘട്ടത്തിൽ ഇസ്‌ലാമിക ഭരണത്തിന് കീഴിൽ ആരംഭിച്ച കലാരൂപമാണ് കാലിഗ്രാഫി. പ്രധാനമായും ഖുർ ആനിലെ വചനങ്ങൾ ഭംഗിയായി ചിത്രരചനാ രൂപത്തിൽ കൊട്ടാരങ്ങളുടെയും മുസ്ലിം പള്ളികളുടെ ചുവരുകളിലും കവാടങ്ങളിലും താഴികകുടങ്ങളിലും ആലേഖനം ചെയ്യപ്പെട്ട എഴുത്തുകലയെ പറയപ്പെടുന്ന പേരാണ് കാലിഗ്രാഫി. താജ്മഹൽ, കുത്തബ് മിനാർ, ഡൽഹി ജുമാമസ്ജിദ് തുടങ്ങിയ നിർമാണകലകളിൽ എഴുതപ്പെട്ട എഴുത്തുകലകൾ കാലിഗ്രാഫി നിർമിതികളാണ്.

## ഇസ്‌ലാമികചരിത്രത്തിന്റെ ഉറവിടങ്ങൾ

ആദ്യകാല അറബ് നാഗരികതയുടെ വിവരങ്ങൾ ലഭിക്കുന്നതിനായി അവലംബിക്കുന്ന ഇസ്‌ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ട ഉറവിടങ്ങൾ താഴെ കൊടുക്കുന്നു.

### 1. ദീവാനുൽ അറബ് (അറബികളുടെ കാവ്യസമാഹാരം)

നാല്-അഞ്ച് നൂറ്റാണ്ടുകളിലായി അറേബ്യൻ ഉപദ്വീപിൽ ജീവിച്ചിരുന്ന നാടോടികളായ അറബി ഗോത്രങ്ങൾക്കിടയിൽ വാമൊഴിയിലൂടെ പ്രചരിപ്പിച്ചിരുന്ന കവിതകളുടെ സമാഹാരത്തെയാണ് ദിവാനുൽ അറബ്സ് എന്നുപറയുന്നത്. അറേബ്യൻ ജനതയുടെ ആദ്യകാലചരിത്രം അറിയാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉറവിടങ്ങളാണ് ഈ കവിതകൾ. വാമൊഴിയിലൂടെ സംരക്ഷിക്കപ്പെട്ട ഈ കവിതകൾ എട്ടാം നൂറ്റാണ്ടിലായിരുന്നു സമാഹരിക്കപ്പെട്ടത്.

### 2. അയ്യാമുൽ അറബ്സ് (അറബികളുടെ ദിനങ്ങൾ)

നാടോടികളായ അറബിജനത ഗോത്രവർഗങ്ങളായിട്ടാണ് ജീവിച്ചിരുന്നത്. വ്യത്യസ്ത ഗോത്രങ്ങൾ നിരന്തരം പല കാരണങ്ങൾക്കും വേണ്ടി പരസ്പരം യുദ്ധം ചെയ്തിരുന്നു. ഇവരുടെ ഈ യുദ്ധങ്ങളെയും അതിനെപ്പറ്റിയുള്ള വിവരണങ്ങളെയും മൊത്തത്തിൽ 'അയ്യാമുൽ അറബ്സ്' അല്ലെങ്കിൽ അറബികളുടെ ദിനങ്ങൾ എന്ന് വിളിക്കുന്നു. യുദ്ധങ്ങളെപ്പറ്റിയുള്ള ഈ വിവരണങ്ങൾ പ്രധാനപ്പെട്ട ഒരു ചരിത്രത്തിന്റെ ഉറവിടമാകുന്നു. ദിവസവും യുദ്ധങ്ങളിൽ ഏർപ്പെടുന്ന സ്വഭാവമായിരുന്നു ആദ്യകാല അറബികൾക്കുണ്ടായിരുന്നത്. അതുകൊണ്ടാണ് ഈ യുദ്ധവിവരണങ്ങൾക്ക് അറബികളുടെ ദിനങ്ങൾ എന്ന് വിളിക്കുന്നത്. ഗോത്രാടിസ്ഥാനത്തിലുള്ള ഒരു ജനതയുടെ രാഷ്ട്രീയ രീതിയും സാമൂഹിക ബന്ധങ്ങളും ഇതിലൂടെ നമുക്ക് മനസ്സിലാക്കാം.

### 3. ഇൽമുൽ അൻസ്വാബ് (വംശാവലി ശാസ്ത്രം)

അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ജീവിച്ചിരുന്ന ആദ്യകാല ജനങ്ങൾ ഗോത്രവിഭാഗങ്ങളായിരുന്നു. നാടോടികളായ ഈ ഗോത്രവർഗ വിഭാഗങ്ങൾ തങ്ങളുടെ വംശപരമ്പരയിൽ അഭിമാനം കൊണ്ടിരുന്നു. ഗോത്രത്തിലെ ഓരോ അംഗവും തങ്ങളുടെ വംശപരമ്പര ഹൃദിസ്ഥമാക്കിയിരുന്നു. അറബികളുടെ വംശപരമ്പര അവരെപ്പറ്റി പഠിക്കാനുള്ള പ്രധാനപ്പെട്ട ഉറവിടമാണ്. ഒരു ഗോത്രത്തിന്റെ കീഴിൽ ജീവിച്ചിരുന്ന മഹത്‌വ്യക്തികളെപ്പറ്റിയും ഗോത്രനേതാക്കളെപ്പറ്റിയും കവികളെപ്പറ്റിയും വിവരങ്ങൾ ലഭിക്കാൻ ഈ വംശപരമ്പര സഹായകമാകുന്നു.

### 4. ഖബർ ഹിസ്റ്ററി (വാർത്താശകലങ്ങൾ)

പഴയകാല ഭരണകൂടങ്ങളുടെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള രാജകീയ കൽപ്പനകളെയും സാധാരണ ജനങ്ങളിലേക്ക് പ്രധാനപ്പെട്ട വിവരങ്ങൾ എത്തിക്കുവാനുള്ള സന്ദേശങ്ങളെയും കുറിച്ചുള്ള പഠനമാണ് ഖബർ ഹിസ്റ്ററി. ഈ വാർത്താശകലങ്ങളിലൂടെ ആ കാലഘട്ടങ്ങളിലെ ഭരണപ്രത്യേകതകളും പ്രധാനപ്പെട്ട സംഭവങ്ങളുടെ ചുരുക്കരൂപവും മനസ്സിലാക്കാം.

### 5. ഹൗലയാത്ത്

പുരാതന അറേബ്യയിൽ പ്രചരിച്ചിരുന്ന പ്രത്യേകതരം കവിതകളെയാണ് ഹൗലയാത്ത് എന്നു വിളിക്കുന്നത്. നാലു മാസം കവിത രചിക്കാനും അടുത്ത നാലു മാസം അതിലെ തെറ്റുകൾ തിരുത്താനും അടുത്ത നാലുമാസം അറേബ്യൻ ഗോത്രങ്ങൾക്കിടയിൽ പ്രസ്തുത കവിത പാടി പ്രചരിപ്പിക്കുകയും ചെയ്തിരുന്ന (ഒരുവർഷം കൊണ്ട് പൂർത്തിയാവുന്നു) കവിതകളെയാണ് ഹൗലയാത്ത് എന്നു വിളിക്കുന്നത്.

അറേബ്യൻ കവിതകളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഹൗലയാത്ത് ഇത്തരം കവിതകളിലെ ഇതിവൃത്തം ഒരു വർഷം കൊണ്ട് സംഭവിക്കുന്ന കാര്യങ്ങളായിരുന്നു. അതുകൊണ്ടാണ് ഇതിനെ ചരിത്രപഠനത്തിനുള്ള ഉറവിടമായി കണക്കാക്കുന്നത്.

### 6. സീറ - സാഹിത്യങ്ങൾ (ജീവചരിത്രം)

സീറ എന്ന അറബി പദത്തിന്റെ അർഥം ജീവചരിത്രമെന്നാകുന്നു. പ്രധാനമായും ഭരണകർത്താക്കളുടെയും മഹത് വ്യക്തികളുടെയും ജീവചരിത്രമാണ് ഈ വിഭാഗത്തിൽ പെടുന്നത്. ഇത്തരത്തിലുള്ള ചരിത്രരചനാരീതി ഇസ്‌ലാമിക ചരിത്രത്തിൽ ആരംഭിക്കുന്നത് ഏഴാം നൂറ്റാണ്ടിലാണ്. പ്രവാചകനായ മുഹമ്മദിനെപ്പറ്റി ഇബ്ൻ ഇശാഖ്, സീറത്ത്-നബി (പ്രവാചകന്റെ ജീവചരിത്രം) എന്ന രചന ആരംഭിച്ചുകൊണ്ടാണ് ഇസ്‌ലാമിക ചരിത്രത്തിൽ ജീവചരിത്രരചനാരീതി ആരംഭിക്കുന്നത്.

### 7. ത്വബഖാത്ത് (വിഷയാടിസ്ഥാനത്തിലുള്ള ചരിത്രരചനാരീതി)

വിഷയാസ്പദമാക്കിയോ കാലഘട്ടമനുസരിച്ചോ ചരിത്രരചന നടത്തുന്ന രീതിയാണ് ത്വബഖാത്ത്. 'തബഖ്' എന്ന അറബി പദത്തിന് അർഥം 'ഘട്ടം' എന്നാകുന്നു.


**ഇസ്‌ലാമിലെ പ്രസിദ്ധരായ ചരിത്രകാരന്മാരും അവരുടെ ഗ്രന്ഥങ്ങളും**

**ഇബ്നു ഇസ്ഹാഖ്**



എട്ടാം നൂറ്റാണ്ടിൽ അബ്ബാസിയ്യാ സാമ്രാജ്യത്തിന്റെ കീഴിലുണ്ടായിരുന്ന ഇബ്നു ഇസ്ഹാഖ് എന്ന ചരിത്രകാരൻ പ്രവാചകന്റെ ജീവചരിത്രമായ സിറത്തു നബിയിലൂടെയാണ് അറിയപ്പെടുന്നത്. പ്രവാചകന്റെ ഹദീസുകളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം പ്രസ്തുത ഗ്രന്ഥമെഴുതിയിട്ടുള്ളത്.

### അൽ-തബരി



അബ്ബാസിയ്യ സാമ്രാജ്യത്തിന്റെ കീഴിൽ ഒമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തബരി ചരിത്രകാരൻ ഖുർആൻ വ്യാഖ്യാതാവ്, വൈദ്യശാസ്ത്രജ്ഞൻ തുടങ്ങിയ നിലകളിൽ പ്രശസ്തനാണ്. ചരിത്രകാരനെന്ന നിലയിൽ അദ്ദേഹത്തെ പ്രശസ്തനാക്കുന്നത് താരിഖ്–റുസുൽ–വൽ–മുലുക്ക് എന്ന ഗ്രന്ഥമാണ്. ലോകത്ത് വന്നിട്ടുള്ള പ്രവാചകന്മാരുടെ ചരിത്രം മുതൽ 915 എ.ഡി വരെയുള്ള മധ്യപുർവ്വ പ്രദേശത്തിന്റെ ചരിത്രവും ഇതിൽ പ്രതിപാദിക്കുന്നു.

### ഇബ്നു ഖൽദൂൻ

പതിനാലാം നൂറ്റാണ്ടിൽ തുനീഷ്യയിൽ ജനിക്കുകയും സ്പെയിൻ, വടക്കേ ആഫ്രിക്ക എന്നിവിടങ്ങളിലെ ഭരണകൂടങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്ന മധ്യകാലഘട്ടത്തിലെ ഏറ്റവും പ്രശസ്തനായ അറബി ചരിത്രകാരനും സാമൂഹ്യശാസ്ത്രജ്ഞനുമാണ് ഇബ്നു ഖൽദൂൻ. കിതാബുൽ ഇബ്റ് (ബുക്ക് ഓഫ് ലെസൻസ്) എന്ന അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥം സ്പെയിനിലെയും വടക്കേ ആഫ്രിക്കയിലെ ബർബറുകളുടെയും മധ്യപൗരസ്ത്യദേശത്തിന്റെയും ചരിത്രം വിവരിക്കുന്നു. പ്രസ്തുത ഗ്രന്ഥത്തിന്റെ ആമുഖമായ മുഖദ്ദിമയാണ് അദ്ദേഹത്തെ ഏറ്റവും പ്രശസ്തനാക്കുന്നത്.



### അബുൽഫസൽ

പതിനാറാം നൂറ്റാണ്ടിൽ മുഗൾ ചക്രവർത്തി അക്ബറിന്റെ കൊട്ടാര-ചരിത്രകാരനായിരുന്നു അബുൽഫസൽ. അക്ബറിന്റെ കൊട്ടാരത്തിലെ നവരത്നങ്ങളിൽ ഒരാളായ അദ്ദേഹം 'അക്ബർ നാമ' എന്ന അക്ബറിന്റെ ജീവചരിത്ര ഗ്രന്ഥത്തിലൂടെയാണ് പ്രശസ്തനാകുന്നത്. പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രധാനപ്പെട്ട മൂന്നാം വാള്യമായ 'അയിനി-അക്ബറി,' അക്ബറിന്റെ പടയോട്ടങ്ങളും ഭരണപരിഷ്കാരങ്ങളും വിവരിക്കുന്നു.

### അൽ ബിറൂനി




പത്തും പതിനൊന്നും നൂറ്റാണ്ടുകളിൽ അബ്ബാസിയ്യ ഭരണത്തിൻ കീഴിലെ പ്രശസ്തനായ ചരിത്രകാരനും വാനശാസ്ത്രജ്ഞനുമായിരുന്ന അൽ-ബിറൂനി ഇന്നത്തെ ഉസ്ബെക്കിസ്ഥാനിലാണ് ജനിച്ചത്. കിതാബുൽ ഹിന്ദ് എന്ന ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ചരിത്രഗ്രന്ഥം. മഹ്മൂദ് ഗസ്നിയുടെ സൈനികർക്കൊപ്പം തന്റെ 44–ാമത്തെ വയസ്സിലാണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. ഇന്ത്യ മുഴുവനും സന്ദർശിച്ച അദ്ദേഹം എഴുതിയ യാത്രാവിവരണമാണ് 'കിതാബുൽ ഹിന്ദ് അഥവാ അൽ-ബിറൂനി കണ്ട ഇന്ത്യ' എന്ന ഗ്രന്ഥം. ഇന്ത്യയിലെ ജനങ്ങളുടെ ജീവിതരീതികൾ, വിശ്വാസ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഭരണം, കച്ചവടം, നിയമം, ജാതിവ്യവസ്ഥ തുടങ്ങിയ എല്ലാ വിവരങ്ങളും എൺപത് അധ്യായങ്ങളിലായി അദ്ദേഹം കിതാബുൽ ഹിന്ദിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### ശൈഖ് സൈനുദ്ദീൻ രണ്ടാമൻ

പതിനാറാം നൂറ്റാണ്ടിൽ മലബാറിൽ ജീവിച്ചിരുന്ന പ്രശസ്തനായ മുസ്‌ലീം പണ്ഡിതനാണ് ശൈഖ് സൈനുദ്ദീൻ രണ്ടാമൻ. പോർട്ടുഗീസ് അധിനിവേശത്തിനെതിരെ അദ്ദേഹമെഴുതിയ




സമരസാഹിത്യമാണ് തുഹ്ഫത്തുൽ മുജാഹിദീൻ എന്ന ചരിത്രഗ്രന്ഥം. 1498 മുതൽ 1583 വരെ മലബാറിലെ പോർട്ടുഗീസ് കടന്നുകയറ്റത്തിനെതിരെ കുഞ്ഞാലി മരയ്ക്കാരും മുസ്ലിംങ്ങളും കോഴിക്കോട് സാമൂതിരിയും നടത്തിയ പോരാട്ടങ്ങളുടെ ദൃക്സാക്ഷി വിവരണമാകുന്നു പ്രസ്തുത ഗ്രന്ഥം. സമകാലിക ചരിത്ര വിവരണമായുകൊണ്ട് തന്നെ കേരളചരിത്രത്തെ കുറിച്ചെഴുതിയിട്ടുള്ള ആദ്യത്തെ ആധികാരിക ഗ്രന്ഥമെന്ന സ്ഥാനം തുഹ്ഫത്തുൽ മുജാഹിദീനാണുള്ളത്. നിരവധി യൂറോപ്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ട മലബാറിൽ നിന്നുള്ള പ്രശസ്തമായ അറബി ഗ്രന്ഥം എന്ന സ്ഥാനവും പ്രസ്തുത ഗ്രന്ഥത്തിനുണ്ട്.





















ചിത്രം 1.10

## ഇബ്ൻ ഖൽദൂൻ (1332 - 1406 എ.ഡി)

മധ്യകാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധനായ ചരിത്രകാരനാണ് ഇബ്ൻ ഖൽദൂൻ. അദ്ദേഹം എഴുതിയ ചരിത്രഗ്രന്ഥമാണ് കിതാബുൽ ഇബ്ർ (ബുക്ക് ഓഫ് ലെസൻസ്). ഈ ബൃഹത് ഗ്രന്ഥത്തിന്റെ ആമുഖമായ 'മുഖദ്ദിമ' (ആമുഖം) ആണ് അദ്ദേഹത്തെ ഏറ്റവും പ്രശസ്തനാക്കുന്നത്. മധ്യകാലഘട്ടത്തിലെ സ്പെയിനിന്റെയും വടക്കെ ആഫ്രിക്കയുടെയും പശ്ചിമേഷ്യയിലെ ഭരണകൂടങ്ങളുടെയും ചരിത്രമാണ് അദ്ദേഹത്തിന്റെ കിതാബുൽ ഇബ്ർ എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കം. എന്നാൽ അതിന്റെ ആമുഖമായ മുഖദ്ദിമയിൽ ഇബ്ൻ ഖൽദൂൻ ചരിത്രത്തിന് ചില നിർവചനങ്ങളും സ്വഭാവ സവിശേഷതകളും ഉണ്ടെന്ന് സമർഥിക്കുന്നു. മുഖദ്ദിമയിൽ അദ്ദേഹം മുന്നോട്ട് വയ്ക്കുന്ന സാമൂഹ്യനിയമങ്ങളും സിദ്ധാന്തങ്ങളും അദ്ദേഹത്തെ ആദ്യകാല സോഷ്യോളജിയുടെ പിതാവ് എന്ന വിശേഷണത്തിനു വരെ അർഹനാക്കുന്നുണ്ട്.

എല്ലാ സമൂഹങ്ങളുടെയും ചരിത്രം വളരെ അധികം സമാനതകൾ ഉള്ളതാണെന്ന് മുഖദ്ദിമയിൽ അദ്ദേഹം വ്യക്തമാക്കുന്നു. എല്ലാ സമൂഹങ്ങളുടെയും ഭരണകൂടങ്ങളുടെയും ചരിത്രത്തെ അദ്ദേഹം മനുഷ്യജീവിതവുമായി താരതമ്യപ്പെടുത്തുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിൽ ജനനം, ബാല്യം, കൗമാരം, വാർധക്യം, മരണം എന്നിവ സംഭവിക്കുന്നതുപോലെ ഓരോ സമൂഹത്തിനും ആരംഭവും വളർച്ചയും തകർച്ചയും സംഭവിക്കുന്നു. ഇതാണ് ചരിത്രത്തിന്റെ പ്രധാനപ്പെട്ട സ്വഭാവസവിശേഷത എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ഇബ്നുഖൽദൂൻ മുഖദ്ദിമയിലൂടെ നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യസിദ്ധാന്തമാണ് അസബിയ്യ (ഐക്യബോധം). അസബിയ്യ എന്ന അറബി പദത്തിനർഥം ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ പരസ്പരം തോന്നുന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വൈകാരികബന്ധമാകുന്നു. ഇബ്ൻ ഖൽദൂന്റെ അഭിപ്രായത്തിൽ ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ഈ സാഹോദര്യ ബന്ധം എത്രത്തോളം ശക്തമാകുന്നുവോ അത്രത്തോളം ആ സമൂഹം ശക്തമായി തന്നെ നിലനിൽക്കുന്നു. അസബിയ്യ എന്ന ഈ സാഹോദര്യബന്ധം കുറയാൻ തുടങ്ങുമ്പോൾ ആ സമൂഹം തകരാൻ തുടങ്ങുകയും അസബിയ്യ പൂർണമായും ഇല്ലാതാകുമ്പോൾ ആ സമൂഹം പൂർണ്ണമായും തകരുകയും ചെയ്യുന്നു.




ഇബ്ൻ ഖൽദൂൻ മുന്നോട്ട് വെക്കുന്ന ഈ സാമൂഹ്യസിദ്ധാന്തമാണ് സോഷ്യോളജിസ്റ്റ് എന്ന പദവിയിലേക്ക് അദ്ദേഹത്തെ ഉയർത്തുന്നത്. അദ്ദേഹത്തിന്റെ ഈ സിദ്ധാന്തത്തെ എല്ലാ ആധുനിക ചരിത്രകാരന്മാരും അംഗീകരിക്കുകയും മുഖദ്ദിമയ്ക്ക് പ്രഥമസ്ഥാനം തന്നെ നൽകുകയും ചെയ്യുന്നു. അൽ തബരി, അൽ വഖിദി, അൽ ബലാദുരി, സിയാഉദ്ദീൻ ബറാനി, അഫീഫി, കാലിക്കാൻ, അബുൽ ഫസൽ, ശൈഖ് സൈനുദ്ദീൻ മഖ്ദൂം തുടങ്ങിയവർ പ്രസിദ്ധരായ മറ്റു ഇസ്ലാമിക ചരിത്ര പണ്ഡിതന്മാരിൽ ചിലരാകുന്നു.

പ്രശസ്ത ചരിത്രകാരനായ അർണോൾഡ് ടോയൻബി, മുഖദ്ദിമയെപ്പറ്റി പറയു

ന്നത്, ഒരു കാലഘട്ടത്തിലും ഒരു ദേശത്തും ഇതുവരെ ഒരാളും രേഖപ്പെടുത്തിയിട്ടില്ലാത്ത ചരിത്രത്തിന്റെ തത്ത്വശാസ്ത്രത്തെ വ്യക്തമായി പ്രതിപാദിക്കുന്ന മഹത്തായ ഗ്രന്ഥമെന്നാണ്.

*ബ്രിട്ടീഷ് തത്ത്വശാസ്ത്രജ്ഞനായ റോബർട്ട് ഫ്ളിന്റ് ഇബ്നു ഖൽദൂനെപ്പറ്റി പറയുന്നത്, "ചരിത്രത്തിന്റെ നിർവാചകനെന്ന നിലയിൽ ഒരു കാലഘട്ടത്തിലും ലോകത്തൊരിടത്തും ഇബ്നുഖൽദൂന് പകരം വയ്ക്കാൻ ആരും ഉണ്ടായിട്ടില്ല, അദ്ദേഹത്തിന് ശേഷം മൂന്ന് നൂറ്റാണ്ട് പിന്നിട്ട് വിക്കോ പ്രത്യക്ഷപ്പെടും വരെ. പ്ലാറ്റോ, അരിസ്റ്റോട്ടിൽ, അഗസ്റ്റിൻ എന്നിവർ അദ്ദേഹത്തിന്റെ കാലഘട്ടത്തിലല്ലായിരുന്നു. അവരുടെ കൂടെയെല്ലാം അദ്ദേഹത്തെ പരാമർശിക്കപ്പെടാൻ സാധിക്കുന്നതാണ്".*

## ഇസ്‌ലാം

സെമറ്റിക് മതങ്ങളിൽ ഏറ്റവും അവസാനമായി രൂപപ്പെട്ടതാണ് ഇസ്‌ലാം. അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ഏഴാം നൂറ്റാണ്ടിന്റെ ആദ്യനാളുകളിൽ പ്രവാചകനായ മുഹമ്മദിന്റെ കീഴിൽ പ്രചരിക്കപ്പെട്ടതാണ് ഇസ്‌ലാം മതം. ഇസ്‌ലാം എന്ന അറബി പദത്തിനർഥം സമാധാനം, സമർപ്പണം എന്നാകുന്നു. ഒരു മതമെന്ന നിലയിൽ മനുഷ്യനെ പൂർണ്ണമായി ദൈവത്തിലേക്ക് സമർപ്പിക്കലും അനുസരണവുമാണ് ഇസ്‌ലാം കൊണ്ടർഥമാക്കുന്നത്. അതോടൊപ്പം തന്നെ ഒരു വിശ്വാസിക്ക് മാനസികവും ശാരിരീകവുമായ സമാധാനവും ഈ സമർപ്പണത്തിലൂടെ സാധ്യമാകുന്നു. ഇസ്‌ലാം മതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തത്ത്വങ്ങളാണ് ഏകദൈവ വിശ്വാസവും (തൗഹിദ്) മുഹമ്മദിന്റെ പ്രവാചകത്വവും.

തന്റെ അധ്യാപനങ്ങളിലൂടെ പ്രവാചകൻ മുഹമ്മദ് അറേബ്യയിലെ നാടോടി ഗോത്ര വർഗങ്ങളുടെ ജീവിതരീതിയെ മുഴുവൻ മാറ്റിയെടുത്തു. അവരുടെ മനോഭാവങ്ങളെയും സമീപനങ്ങളെയും പരിവർത്തനത്തിനു വിധേയമാക്കുകയും ചിന്താരീതിയെ സ്വതന്ത്രമാക്കുകയും ചെയ്തു. മത-ഗോത്ര-വർഗ-വംശ-ഭാഷ-വർണ്ണ വിഭാഗീയതകൾ അവസാനിപ്പിച്ചുകൊണ്ട് അവരിൽ ഐക്യവും ലോക സാഹോദര്യവും ഊട്ടിയുറപ്പിക്കുകയുണ്ടായി. മനുഷ്യരെല്ലാം ഒരു മാതാവിന്റെയും പിതാവിന്റെയും മക്കളാണെന്ന ഇസ്‌ലാമിക വിശ്വാസത്തിലേക്ക് അവരെ കൊണ്ടുവന്നു. ഭൗതിക ജീവിതവും ആത്മീയജീവിതവും മനുഷ്യന് ഒരുപോലെ പ്രാധാന്യമുള്ളതാണെന്ന തത്ത്വം വിശ്വാസത്തിന്റെ ഭാഗമാക്കി, വിശ്വാസത്തിനുടമകളാക്കി മാറ്റുകയും ചെയ്തു. ഇതിലൂടെ രാഷ്ട്രത്തലവനെന്ന പദവിയും ആത്മീയ നേതാവെന്ന സ്ഥാനവും അറേബ്യൻ ജനങ്ങൾക്കിടയിൽ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി.

പ്രവാചകൻ മുഹമ്മദിന്റെ കീഴിൽ അറേബ്യൻ ഉപദ്വീപിൽ ഒരു നാഗരികത ആരംഭിക്കുകയും പിന്നീട് അത് ലോകത്താകമാനം വ്യാപിക്കുകയും ചെയ്തു. പ്രവാചകൻ മുഹമ്മദ് അറേബ്യയിൽ ആരംഭിച്ച ക്ഷേമരാഷ്ട്രത്തിന്റെ തുടർച്ചയായി വന്ന ഒരു ഭരണവ്യവസ്ഥയാണ് ഖിലാഫത്ത്. പിന്നീട് ഇത് ഇരുപത്തൊന്നാം

നൂറ്റാണ്ട് വരെ ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് തുടങ്ങിയ ഭൂഖണ്ഡങ്ങളിലായി നിലനിന്നിരുന്ന ഒരു ഭരണവ്യവസ്ഥയും കൂടിയായിരുന്നു. ഈ ഭരണവ്യവസ്ഥയുടെ കീഴിൽ നിലനിന്നിരുന്ന ഭരണകൂടങ്ങളുടെ ചരിത്രമാണ് മധ്യകാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രവിവരണങ്ങൾ.

### തൗഹീദ് (ഏകദൈവ വിശ്വാസം)

പ്രവാചക അധ്യാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തൗഹീദ് (ഏകദൈവ വിശ്വാസം). പ്രാപഞ്ചിക നിയന്താവായി ഒരൊറ്റദൈവം മാത്രമെയുള്ളു എന്നതാണിതിന്റെ പ്രധാന ആശയം. സർവ്വശക്തനും സർവ്വവ്യാപിയുമായ പ്രസ്തുത ശക്തിയാണ് മനുഷ്യനെയും ലോകത്തെയും നിയന്ത്രിക്കുന്നത് എന്നും തൗഹീദ് കൊണ്ടർഥമാക്കുന്നു.

### ഇസ്‌ലാമിക വിശ്വാസ പ്രമാണങ്ങൾ

- ഏകദൈവത്തിൽ ഉള്ള വിശ്വാസം
- ദൈവത്തിന്റെ മാലാഖമാരിൽ ഉള്ള വിശ്വാസം
- ദൈവത്തിൽ നിന്ന് ലഭിച്ച ദിവ്യസന്ദേശങ്ങളിലുള്ള വിശ്വാസം
- ദൈവത്തിന്റെ പ്രവാചകന്മാരിലുള്ള വിശ്വാസം
- അന്ത്യവിധിയിലുള്ള വിശ്വാസം
- ദൈവവിധിയിലുള്ള വിശ്വാസം

### ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങൾ

ഒരു മുസ്‌ലിം വ്യക്തി ജീവിതത്തിൽ നിർബന്ധമായും അനുഷ്ഠിക്കേണ്ട കർമ്മങ്ങളെയാണ് ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങൾ എന്നു പറയുന്നത്.

- വിശ്വാസത്തെ പ്രഖ്യാപിക്കൽ
- അഞ്ചു നേരത്തെ നമസ്കാരം
- സക്കാത്ത്
- റമളാനിലെ വ്രതാനുഷ്ഠാനം
- ഹജ്ജ്

## ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങൾ

ഒരു ഇസ്‌ലാമിക മതവിശ്വാസി നിർബന്ധമായും അനുഷ്ഠിക്കേണ്ട ആരാധാന കർമ്മങ്ങളാണ് ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

**1) വിശ്വാസത്തെ പ്രഖ്യാപിക്കൽ**

ദൈവം ഏകനാണെന്നും വേറൊരു ദൈവമില്ല എന്നും മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനും ദൂതനുമാണെന്നും ഉറക്കെ പ്രഖ്യാപിക്കുന്നതിനെ (ശഹാദത്ത്) യാണ് വിശ്വാസത്തെ പ്രഖ്യാപിക്കൽ എന്നു പറയുന്നത്. ഇത് കറകളഞ്ഞ ഏകദൈവ വിശ്വാസത്തെ സൂചിപ്പിക്കുന്നു. പ്രഖ്യാപനത്തിന്റെ രണ്ടാംഭാഗം പ്രവാചകൻ മുഹമ്മദിന്റെ അന്ത്യപ്രവാചകത്വമാണ് ഉദ്ദേശിക്കുന്നത്.

**2) അഞ്ചു നേരത്തെ നമസ്കാരം**

ഓരോ മുസ്‌ലീമും അഞ്ച് നേരം നിർവഹിക്കുന്ന പ്രാർഥനയാണ് നമസ്കാരം കൊണ്ടുദ്ദേശിക്കുന്നത്. മുസ്‌ലിം പള്ളികളിൽ നിന്ന് അഞ്ചുനേരം ഉയരുന്ന ബാങ്ക് വിളികളോടെ അവയുടെ സമയം ആരംഭിക്കുന്നു. ഒറ്റയ്ക്കോ കൂട്ടമായോ ഈ പ്രാർഥനകൾ നിർവഹിക്കാം. അറബി ഭാഷയിൽ സ്വലാത്ത് എന്നും പേർഷ്യൻ ഭാഷയിൽ നമാസ് എന്നും ഉദ്ദേശിക്കുന്നത് ഈ പ്രാർഥനയാണ്. സൂര്യോദയം, മധ്യാഹ്നം, അസ്തമയാരംഭം, സൂര്യാസ്തമയം, രാത്രി തുടങ്ങിയ സമയങ്ങളിലായാണ് പ്രസ്തുത പ്രാർഥന നിർവഹിക്കുന്നത്. വെള്ളിയാഴ്ച കളിൽ മുസ്‌ലിങ്ങൾ കൂട്ടമായി പള്ളികളിൽ വച്ച് മധ്യാഹ്ന സമയത്ത് നിർവഹിക്കുന്ന പ്രാർഥനയാണ് ജുമുഅ നിസ്കാരം. നമസ്കാരത്തിന് നേതൃത്വം നൽകുന്ന ഇമാം പ്രസ്തുത വേളയിൽ വിശ്വാസികളെ അഭിസംബോധന ചെയ്തുള്ള പ്രസംഗമാണ് ജുമുഅ ഖുത്തുബ എന്നറിയപ്പെടുന്നത്.

**3) സക്കാത്ത്**


ഓരോ മുസ്‌ലിമും തങ്ങളുടെ വരുമാനത്തിൽ നിന്ന് നിർബന്ധിത ദാനമായി നൽകുന്ന വിഹിതമാണ് സക്കാത്ത്. പൊതുവെ വരുമാനത്തിന്റെ രണ്ടര ശതമാനമാണ് ഇപ്രകാരം സക്കാത്തായി നൽകേണ്ടത്. ഇസ്‌ലാമിക ഭരണ കാലഘട്ടങ്ങളിൽ ഓരോ വ്യക്തിയിൽ നിന്നും സക്കാത്ത് വിഹിതം ഭരണകൂടം പിരിച്ചെടുക്കുകയും അവ അർഹരായവർക്ക് നൽകുകയും ചെയ്യുന്ന വ്യവസ്ഥാപിതമായ രീതിയായിരുന്നു സ്വീകരിച്ചിരുന്നത്.

**4) റമദാനിലെ വ്രതം**

ഹിജ്റ കലണ്ടറിലെ ഒമ്പതാം മാസമായ റമദാനിലാണ് മുസ്‌ലിമുകൾ വ്രതമനുഷ്ഠിക്കുന്നത്. പ്രായപൂർത്തിയായ ആരോഗ്യമുള്ള എല്ലാ മുസ്‌ലിമുകളും പ്രഭാതം മുതൽ പ്രദോഷം വരെ ഭക്ഷണവും വെള്ളവും മറ്റ് സുഖലോലുപതകളും വർജിക്കുകയും തിന്മകളിൽ നിന്നു വിട്ടുനിൽക്കുകയും ചെയ്യുന്നതാണ്. ഇസ്ലാമിലെ വ്രതം. വ്രതാനുഷ്ഠാനം ഈദുൽ-ഫിത്വറോടു കൂടിയാണ് അവസാനിക്കുന്നത്.

**5) ഹജ്ജ്**

റമദാനുശേഷം ഹജ്ജ് സമയം ആരംഭിക്കലായി. ശാരീരികവും സാമ്പത്തികവുമായി കഴിവുള്ള എല്ലാ മുസ്‌ലിമുകളും ജീവിതത്തിലൊരിക്കൽ മക്കയിൽ പോയി ഹജ്ജ് കർമ്മം നിർവഹിക്കൽ നിർബന്ധമാണ്. ഹിജ്റ കലണ്ടറിലെ പന്ത്രണ്ടാം മാസമാണ് ഹജ്ജ് നിർവഹിക്കുന്നത്. പ്രസ്തുത മാസമായ ദുൽഹജ്ജിലെ പത്താം ദിവസമാണ് ബലിപെരുന്നാൾ ആഘോഷിക്കുന്നത്.



ചിത്രം 1.12

## ഇസ്‌ലാം ഇന്ത്യയിൽ

ചരിത്രാതീതകാലം മുതൽക്കുതന്നെ കേരളത്തിന്റെ തീരപ്രദേശങ്ങളുമായി അറബികൾക്ക് വ്യാപാര ബന്ധമുണ്ടായിരുന്നു. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ യൂറോപ്യൻ രാജ്യങ്ങളിലേക്ക് എത്തിയിരുന്നത് അറബിക്കച്ചവടക്കാരിലൂടെയായിരുന്നു. പുരാതന കാലത്തെ പട്ടുനൂൽപ്പാത എന്നറിയപ്പെടുന്ന വ്യാപാര പാതയാണ് യൂറോപ്പിനെ അറേബ്യൻ ഉപദ്വീപുമായി ബന്ധപ്പെടുത്തിയിരുന്നത്. നാലും അഞ്ചും നൂറ്റാണ്ടുകളിൽ അറേബ്യയിൽ വാമൊഴിയായി പ്രചരിച്ചിരുന്ന കവിതകളിൽ ഇന്ത്യയുടെ കുരുമുളകിനെക്കുറിച്ച്പരാമർശിക്കുന്നത് കാണാം.

കേരളത്തിലെ വടക്കൻ തീരപ്രദേശങ്ങൾക്ക് മലബാർ എന്ന പേരുനൽകിയതും അറബികളാണ്. കേരളത്തിലെ നാട്ടുരാജാക്കന്മാർ അറബികളായ കച്ചവടക്കാർക്ക് കച്ചവടത്തിനും താമസത്തിനുമുള്ള എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കുകയുണ്ടായി. മാത്രമല്ല, അവർക്ക് മുസ്‌ലിം പള്ളികൾ നിർമിക്കാൻ അനുമതി നൽകുന്ന വിധത്തിൽ സഹിഷ്ണുതാപരമായ നിലപാടായിരുന്നു നാട്ടുരാജാക്കന്മാർ സ്വീകരിച്ചിരുന്നത്. അറബികളുടെയും പ്രാദേശികവാസികളുടെയും ഇടയിൽ നിലനി

ന്നിരുന്ന സൗഹൃദബന്ധം വൈവാഹികബന്ധമായി രൂപപ്പെടുകയുണ്ടായി. ഇതിലൂടെയെല്ലാം സംസ്കാരവും മതവും ആചാരങ്ങളും പരസ്പരം കൈമാറ്റം ചെയ്യപ്പെട്ടു. മറ്റുള്ളവരുടെ സംസ്കാരങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സ്വീകരിക്കാനുള്ള ഇന്ത്യൻ ജനതയുടെ ഉദാരമനസ്കത ഇസ്‌ലാംമതം പ്രചരിക്കാൻ കാരണമായിട്ടുണ്ട്.

ചരിത്രപരമായി എട്ടാം നൂറ്റാണ്ടിൽ മുഹമ്മദ് ഇബ്നു കാസിമിന്റെ ആഗമനത്തോടെയും പന്ത്രണ്ടാം നൂറ്റാണ്ടിൽ അഫ്ഗാൻ ഭരണാധികാരികളായ മഹ്മൂദ് ഗസ്നിയുടെയും മുഹമ്മദ് ഗോറിയുടെയും ഇന്ത്യൻ ആക്രമണങ്ങളിലൂടെയുമായിരുന്നു വടക്കേ ഇന്ത്യയിൽ ഇസ്‌ലാം എത്തുന്നത്. മുഹമ്മദ് ഗോറി പന്ത്രണ്ടാം നൂറ്റാണ്ടിൽ ഡൽഹി കേന്ദ്രീകരിച്ച് സുൽത്താനത്ത് ഭരണകൂടം സ്ഥാപിച്ചു. അതോടൊപ്പം മധ്യേഷ്യയിൽ നിന്നുവന്ന സൂഫികളിലൂടെയും ഇന്ത്യയുടെ വടക്കൻ പ്രദേശങ്ങളിൽ ഇസ്‌ലാം പ്രചരിക്കുകയുണ്ടായി.



ചിത്രം 1.12

## മുസ്‌ലിം ജനസംഖ്യ

ക്രിസ്തുമതം കഴിഞ്ഞാൽ ലോകത്ത് കൂടുതൽ വിശ്വാസികളുള്ളത് ഇസ്‌ലാം മതത്തിലാണ്. യു.എസ്.എ യിലെ മതത്തെയും പൊതുജീവിതത്തെയും പറ്റി പഠനം നടത്തുന്ന പി.ഇ.ഡബ്ല്യൂ. ഗവേഷണ സ്ഥാപനത്തിന്റെ 2012 ഡിസംബറിലെ *ഗ്ലോബൽ റിലീജിയസ് ലാന്റ്സ്കേപ്പ്* റിപ്പോർട്ട് പ്രകാരം ലോകത്ത് 1.6 ബില്ല്യൺ ഇസ്‌ലാം മതവിശ്വാസികളുണ്ടെന്നാണ് സൂചിപ്പിക്കുന്നത്.

മധ്യപൗരസ്ത്യദേശത്തും വടക്കേ ആഫ്രിക്കൻ രാജ്യങ്ങളിലുമാണ് ലോകത്ത് കൂടുതൽ മുസ്‌ലിമുകളുള്ളത്. ഇവിടത്തെ ഏകദേശം 90 ശതമാനം പേരും മുസ്‌ലിമുകളാണ്. ആഫ്രിക്കയുടെ സഹാറപ്രദേശത്ത് 30 ശതമാനവും ഏഷ്യാ-പസഫിക് പ്രദേശത്ത് 24 ശതമാനവും മുസ്‌ലിംകളാണ്. ലോകത്ത് ആകെ മുസ്‌ലിം ഭൂരിപക്ഷ

മുള്ള 49 രാജ്യങ്ങളുണ്ട്. ഏറ്റവും കൂടുതൽ മുസ്‌ലിമുകളുള്ള രാജ്യം ഇന്തോനേഷ്യയാകുന്നു. അവിടെ 87.2 ശതമാനവും മുസ്‌ലിങ്ങളാകുന്നു. ഇന്ത്യയിൽ ജനസംഖ്യയുടെ ഏകദേശം 15 ശതമാനത്തോളം മുസ്‌ലിങ്ങളാകുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1) ചരിത്രമെന്നാൽ വർത്തമാനവും ഭൂതവും തമ്മിലുള്ള നിലയ്ക്കാത്ത സംഭാഷണമാകുന്നു. വിലയിരുത്തുക

2) ചരിത്രത്തിന്റെ ഉറവിടങ്ങളെന്നാൽ എന്ത്? ഉദാഹരണസഹിതം അവയുടെ വ്യത്യസ്ത വിഭജനം വ്യക്തമാക്കുക

3) ഇസ്ലാമിക ചരിത്രം, മുസ്‌ലിങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും വിവരിക്കുന്നു - വിശദമാക്കുക

## തുടർ പ്രവർത്തനങ്ങൾ

നിങ്ങളുടെ സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ലഘുചരിത്രം തയാറാക്കുക.

## സൂചന:

- ജനങ്ങളുടെ തൊഴിൽ
- നഗരവൽക്കരണം
- ആചാരാനുഷ്ഠാനങ്ങൾ
- വിദ്യാഭ്യാസ വികസനം
- മതം, ആരാധനാലയങ്ങൾ
- ആഘോഷങ്ങൾ
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ
- കൃഷി

■ 50 വർഷം മുമ്പ് വരെയുള്ള നിങ്ങളുടെ പ്രദേശത്തിന്റെ വിവരങ്ങൾ വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നുമായി കണ്ടെത്തുക

■ വ്യത്യസ്ത രാജ്യങ്ങളുടെ നാണയങ്ങളും നോട്ടുകളും സമാഹരിക്കുക. കാലഗണനയ്ക്കനുസരിച്ച് പിക്ചർ ആൽബം തയാറാക്കുകയും റിപ്പോർട്ട് എഴുതുകയും ചെയ്യുക.

അധ്യായം - രണ്ട്

# അറേബ്യ: ഇസ്‌ലാമിന്റെ കളിത്തൊട്ടിൽ

G8F2V7

## പഠനനേട്ടങ്ങൾ

2.1 ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ അവസ്ഥകൾ അവിടത്തെ പ്രാദേശികവാസികളുടെ ജീവിതത്തെ ശക്തമായി സ്വാധീനിക്കുന്നുവെന്ന് വിദ്യാർഥികൾ വിലയിരുത്തുന്നു.

2.2. ജീവജാലങ്ങളുടെ പരിതസ്ഥിതികളോട് ഇണങ്ങുവാനുള്ള കഴിവും സസ്യജാലങ്ങളുടെ വളർച്ചയും പ്രദേശത്തിന്റെ ഭൂമി ശാസ്ത്രത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

2.3. ജനസാന്ദ്രത, കുടിയേറ്റം പലായനം തുടങ്ങിയവയെ വിദ്യാർഥികൾ വിലയിരുത്തുന്നു.

2.4. പലായനത്തിന്റെ അടിസ്ഥാന യുക്തി വിദ്യാർഥികൾ മനസ്സിലാക്കുന്നു.

2.5. ഒരു രാഷ്ട്രത്തിന്റെ ശക്തിയും അധികാരവും അവിടത്തെ പൗരന്മാർക്കിടയിലുള്ള ഐക്യത്തിലും സാമൂഹ്യകെട്ടുറപ്പിന്റെയും അടിസ്ഥാനത്തിലാണെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

2.6. ജാഹിലിയ്യാ കാലഘട്ടത്തിലെ ഗോത്ര സംവിധാനത്തിൽ പലതരത്തിലുള്ള ജനാധിപത്യ മൂല്യങ്ങൾ ഉൾച്ചേർന്നിരുന്നതായി വിദ്യാർഥികൾ മനസ്സിലാക്കുന്നു.

2.7. ധാർമികാവബോധമില്ലായ്മ, വ്യവസ്ഥാപിതമായ നിയമാവലികളുടെ കുറവ്, ശരിയായ മാർഗദർശിയുടെ അഭാവം തുടങ്ങിയവ ഒരു സമൂഹത്തിന്റെ തകർച്ചയക്ക് കാരണമാകുന്നുവെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.

2.8. യുദ്ധത്തിന്റെയും കലഹത്തിന്റെയും നിരർഥകത വിദ്യാർഥികൾ തിരിച്ചറിയുന്നു.

2.9. ഒരു സമൂഹത്തെപ്പറ്റി വിവരണാത്മകമായ പരിപ്രേഷ്യമാണ് സാഹിത്യമെന്ന് വിദ്യാർഥികൾ വിലയിരുത്തുന്നു.

2.10. ഹജ്ജ് കർമ്മം ലോകസാഹോദര്യത്തിന്റെ പ്രതീകമായി കണക്കാക്കാമെന്നും മക്ക സൗഹാർദത്തിന്റെയും സുരക്ഷയുടെയും കൂടി ഭൂമിയാണെന്നും വിദ്യാർഥികൾ മനസ്സിലാക്കുന്നു.

ഏഷ്യൻ ഭൂഖണ്ഡത്തിന്റെ തെക്ക് - പടിഞ്ഞാറായി കിടക്കുന്ന ഉപഭൂഖണ്ഡമാണ് അറേബ്യ (ജസീറത്തുൽ അറബ്). മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടതായതു കൊണ്ട് ഇതിനെ ഉപഭൂഖണ്ഡമെന്ന് വിളിക്കുന്നു. കിഴക്ക് പേർഷ്യൻ ഉൾക്കടലും പടിഞ്ഞാറ് ചെങ്കടലും തെക്ക് ഇന്ത്യൻ മഹാസമുദ്രവും വടക്കുഭാഗത്ത് സിറിയൻ മരുഭൂമിയും പാലസ്തീൻ ഇറാൻ, ഇറാഖ്, ജോർദ്ദാൻ തുടങ്ങിയ മെഡിറ്ററേനിയൻ തീരപ്രദേശത്തുള്ള ചന്ദ്രക്കലയുടെ രൂപത്തിലുള്ള ഫലഭൂയിഷ്ഠ പ്രദേശങ്ങളും അറേബ്യയുടെ അതിർത്തി പങ്കിടുന്നു. അറേബ്യയുടെ ഭൂമിശാസ്ത്രപരമായ രൂപീ കരണത്തെപ്പറ്റി ശാസ്ത്രജ്ഞന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായമാണുള്ളത്. ഭൂരിഭാഗം ആളുകളും അറേബ്യയെ ആഫ്രിക്കയിലെ സഹാറാ മരുഭൂമിയുടെയും ചൈനയിലെ ഗോബി മരുഭൂമിയുടെയും പ്രകൃത്യായുള്ള തുടർച്ചയാണെന്നും പിന്നീട് ഭൗമാന്തർഭാഗത്ത് നടന്നിട്ടുള്ള ചലനങ്ങളുടെ ഫലമായി വേർതിരിക്കപ്പെ ട്ടതാണെന്നും അനുമാനിക്കപ്പെടുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലുതും ചൂടേറിയതുമായ ഉപദ്വീപാകുന്നു അറേബ്യ.




ചിത്രം 2.1 അറേബ്യൻ ഉപദ്വീപ്

> പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന കച്ചവട പാതകൾകൊണ്ട് നിറഞ്ഞതാണ് അറേബ്യൻ ഉപദ്വീപ്. അതിൽ രണ്ടെണ്ണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ആദ്യത്തേത് പേർഷ്യൻ ഉൾക്കടലിന്റെ തീരപ്രദേശ ത്തോട് ചേർന്ന് ആരംഭിക്കുകയും തുടർന്ന് ടൈഗ്രീസിന്റെ തീരപ്രദേശത്തോടു കൂടി കടന്ന് സിറിയൻ മരുഭൂമിയിലൂടെ പാലസ്തീൻ പ്രദേശത്ത് ചെന്നെത്തുന്നു. ഇതിനെ കിഴക്കൻ പാത എന്ന് വിളിക്കപ്പെടുന്നു. രണ്ടാമത്തേത് ചെങ്കടൽ തീരത്തോട് ചേർന്ന് കടന്നുപോകുന്ന പടിഞ്ഞാറൻ പാതയാകുന്നു.
>
> *പ്രവാചകന്റെ ജീവിതം, എം.എച്ച്.ഹൈക്കൽ.*




ചിത്രം ഗോബി മരുഭൂമി

"....ഭൗമശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ അറേബ്യൻ ഉപദ്വീപ് സഹാറ മരുഭൂമിയുടെ പ്രകൃത്യായുള്ള തുടർച്ചയാണെന്നും പിന്നീട് നൈൽ നദീതാഴ്‌വരയുടെ വിടവുകൊണ്ടും ചെങ്കടൽ വിള്ളൽകൊണ്ടും ഏഷ്യയിലൂടെ തുടർന്നുപോകുന്ന മധ്യ-പേർഷ്യയിലും ഗോബി മരുഭൂമിയിലുമായി വ്യാപിച്ചുകിടക്കുന്ന മരുഭൂപ്രദേശത്താലും വേർതിരിക്കപ്പെട്ട് അറേബ്യൻ ഉപദ്വീപായി മാറിയതായിരിക്കും".

*അറബികളുടെ ചരിത്രം, ഫിലിപ് കെ. ഹിറ്റി.*

## അറേബ്യയുടെ ഭൂപ്രകൃതി

അറേബ്യൻ ഭൂപ്രദേശം ധാരാളം പർവ്വതങ്ങളും പീഠഭൂമികളും മരുഭൂമികളും, താഴ്‌വരകളും പുൽമേടുകളും ഉൾക്കൊള്ളുന്നതാണ്. അറേബ്യൻ ഉപദ്വീപിന്റെ അതിർത്തികളായ ചെങ്കടലിന്റെയും ഇന്ത്യൻ മഹാസമുദ്രത്തിന്റെയും പേർഷ്യൻ കടലിടുക്കിന്റെയും തീരപ്രദേശത്തെ പർവ്വത നിരകൾ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഇതിലെ ഏറ്റവും ഉയരം കൂടിയ പർവ്വതമേഖലയാണ് മദാഇൻ. കടൽത്തീരങ്ങളോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ധാരാളം പർവ്വത നിരകൾ സ്ഥിതി ചെയ്യുന്നു. ചെങ്കടൽ തീരപ്രദേശങ്ങളെ തിഹാമ എന്നാണ് പറയുന്നത്. വടക്കെ അറേബ്യയുടെ മദ്ധ്യഭാഗത്തായി നജ്ദ് എന്നറിയപ്പെടുന്ന പീഠഭൂമി സ്ഥിതി ചെയ്യുന്നു. നജ്ദിനെ തിഹാമ എന്ന പർവ്വതനിരകളിൽ നിന്ന് വേർതിരിക്കുന്ന പർവ്വതമേഖലയെ ഹിജാസ് എന്ന് വിളിക്കുന്നു. ഹിജാസ് എന്ന പദത്തിനർഥം തടസ്സം എന്നാകുന്നു. അറേബ്യയുടെ അഗ്നിപർവ്വത സ്ഫോടന സാധ്യത പ്രദേശങ്ങളെ മൊത്തത്തിൽ ഹറാത്ത് എന്നു വിളിക്കുന്നു.




ചിത്രം അറേബ്യൻ ഭൂപ്രകൃതി

വിശാലമായ മരുഭൂമികൾക്കും തീരപ്രദേശങ്ങളിലെ പർവ്വതനിരകൾക്കും പുറമെ ജനങ്ങൾ വസിക്കുന്ന സമതല പ്രദേശങ്ങളും താഴ്വരകളും മരുപ്പച്ചകളും അറേബ്യൻ ഉപദ്വീപിന്റെ പ്രത്യേകതയാണ്. ഏഷ്യയുടെ തെക്ക്-പടിഞ്ഞാറായി കിടക്കുന്ന അറേബ്യൻ ഉപദ്വീപിന്റെ തെക്ക് ഭാഗത്ത് മാത്രമായിരുന്നു കൃഷിക്കനുയോജ്യമായ സ്ഥലങ്ങളുള്ളത്. അറേബ്യൻ ഉപദ്വീപിന്റെ തീരപ്രദേശത്തോട് ചേർന്നുള്ള സ്ഥലങ്ങളിലാണ് ജനങ്ങൾ കൂടുതലായും താമസിക്കുന്നത്. അറേബ്യയിലെ പൗരാണിക കാലത്തെ പ്രധാനപ്പെട്ട നഗരങ്ങളായ മക്ക, മദീന (യസ്രിബ്) താഇഫ് തുടങ്ങിയവ നഗരങ്ങളെല്ലാം ചെങ്കടൽ തീരപ്രദേശങ്ങളോട് ചേർന്നാണ് കിടക്കുന്നത്. ഈ പ്രദേശങ്ങളിൽ മരുഭൂപ്രദേശങ്ങളെക്കാൾ ജനസാന്ദ്രത കൂടുതലാകുന്നു.




*ലോകഭൂപടത്തിന്റെ സഹായത്തോടെ അറേബ്യൻ ഉപദ്വീപിൽ ഇന്ന് സ്ഥിതി ചെയ്യുന്ന രാജ്യങ്ങളെ കണ്ടെത്തുക.*

## അറേബ്യൻ മരുഭൂമികൾ

ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകളുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശമാണ് അറേബ്യ. ഭൂരിഭാഗവും മരുഭൂമിയായ അറേബ്യൻ ഉപദ്വീപ് ലോകത്തിലെ തന്നെ ചൂടുകൂടിയതും വരണ്ടതുമായ പ്രദേശമാകുന്നു. അറേബ്യൻ ഉപദ്വീപിലെ മരുപ്രദേശങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കുന്നു.

(1) അൽ-നുഫൂദ് (2) അൽ-ദഹ്ന (3) റുബ്ഉൽ - അൽ - ഖാലി




ചിത്രം അറേബ്യൻ മരുഭൂമികൾ

### അൽ-നുഫൂദ്

വടക്കെ അറേബ്യൻ അതിർത്തിയായ സിറിയൻ മരുഭൂമിയുടെ തുടർച്ചയായിട്ടാണ് നുഫുദ് മരുഭൂമി ആരംഭിക്കുന്നത്. ചുവപ്പും വെള്ളയും കലർന്ന മണലുള്ള ഈ പ്രദേശമാണ് അറേബ്യയുടെ ഏറ്റവും വരണ്ട പ്രദേശം. ഇടയ്ക്കിടെ ലഭിക്കുന്ന മഴയുടെ സാന്നിധ്യത്തിൽ ഈ മേഖലയിൽ മരുപ്പച്ചകളും പുൽമേടുകളും രൂപപ്പെടുന്നു. നുഫുദിന്റെ തെക്കൻ താഴ്‌വരകളെ ഈ മഴ കൂടുതൽ മരുപ്പച്ചകളാക്കി മാറ്റുന്നു. പ്രസ്തുത വേളകളിൽ ഈ മേഖല ആടുകളുടെയും ഒട്ടകങ്ങളുടെയും

പറുദീസയാകുന്നു. മരുപ്പച്ചകൾ അപ്രത്യക്ഷമാകുന്നതോടെ ബദവി അറബികൾ അവിടെ നിന്നും പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടി യാത്രയാകുന്നു. മരുഭൂമിയിൽ കാണപ്പെടുന്ന പ്രസ്തുത മരുപ്പച്ചകളാണ് അറേബ്യൻ ജനതയെ നാടോടികളാക്കി മാറ്റിയത്.

### അൽ-ദഹ്ന

നുഫുദിനെയും മൂന്നാമത്തെ വിഭാഗമായ റുബൂഅ്-അൽ-ഖാലിയെയും ബന്ധിപ്പിച്ചുകൊണ്ട് മധ്യഭാഗത്തായി കമാന രൂപത്തിൽ കിടക്കുന്ന ചുവന്ന മണൽപ്രദേശമാണ് ദഹ്ന. നുഫുദിനെക്കാൾ ജനവാസത്തിന് അനുകൂലമായ പ്രദേശമാണ് ദഹ്ന. കടുത്ത വേനൽക്കാലത്ത് ദഹ്ന മരുഭൂമിയിലെ മണൽകുന്നുകളുടെ ഉപരിതല പ്രകൃതി എപ്പോഴും മാറിക്കൊണ്ടിരിക്കും. ചില പ്രത്യേക സമയങ്ങളിൽ ലഭിക്കുന്ന മഴ മേച്ചിൽ സ്ഥലങ്ങൾ രൂപപ്പെടാൻ സഹായിക്കുന്നതിനാൽ നാടോടികളായ അറബികൾ ഇവിടെക്കാകർഷിക്കപ്പെടുന്നു.

### റുബൂഅ്-അൽ-ഖാലി (ശൂന്യമായ പ്രദേശം)

ദഹ്നയുടെ തുടർച്ചയായും അറേബ്യയുടെ തെക്കുഭാഗത്ത് ഹളറമൗത്ത് വരെ നീണ്ടുകിടക്കുന്ന ദീർഘ വൃത്താകൃതിയിലുള്ള മരുഭൂമിയാണ് റുബ് അൽ ഖാലി. മഴ തീരെ ലഭിക്കാത്തതിനാൽ മറ്റു മരുഭൂപ്രദേശങ്ങളേക്കാൾ ചൂടേറിയതും വരണ്ടതുമായ മേഖലയാണിത്. തീരെ ജനവാസത്തിന് യോജിക്കാത്ത പ്രദേശമാണ് റുബ് അൽ ഖാലി. റുബ് അൽ ഖാലി കേന്ദ്രീകരിച്ചാണ് അറേബ്യൻ ഉപഭൂഖണ്ഡത്തിലെ പെട്രോളിയം ശേഖരം ഏറ്റവും കൂടുതൽ ഉള്ളതെന്നും കണ്ടെത്തിയിട്ടുണ്ട്.

## അറേബ്യൻ കാലാവസ്ഥ

ലോകഭൂപടത്തിൽ ഏറ്റവും വലിയ ഉപഭൂഖണ്ഡമാണ് അറേബ്യ. ഇതിനെ ജസീറത്തുൽ അറബ് (അറേബ്യൻ ഉപദ്വീപ്) എന്നു വിളിക്കുന്നു. ഏറ്റവും ചൂടുകൂടിയതും വരൾച്ചയുള്ളതുമായ രാജ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് അറേബ്യ. കിഴക്ക്, പടിഞ്ഞാറ്, തെക്ക് തുടങ്ങിയ അതിരുകൾ വെള്ളത്താൽ ചുറ്റപ്പെട്ട് കിടന്നിട്ടും അറേബ്യ വളരെ ചൂടേറിയ പ്രദേശമായിത്തന്നെയാണ് നിലകൊള്ളുന്നത്. വളരെ വിരളമായി ലഭിക്കുന്ന മഴയാൽ രൂപപ്പെടുന്ന മരുപ്പച്ചകൾ, പ്രസ്തുതവേളയിൽ മാത്രം അറേബ്യൻ ഒട്ടകങ്ങളുടെയും കന്നുകാലികളുടെയും മേച്ചിൽ സ്ഥലങ്ങളാകുന്നു. മരുപ്പച്ച അപ്രത്യക്ഷമാകുന്നതോടെ കന്നുകാലികളെയും കൊണ്ട് നാടോടി ഗോത്ര സമൂഹങ്ങൾ അടുത്ത മരുപ്പച്ച തേടിയുള്ള യാത്ര തുടരുന്നു. അറേബ്യയിൽ സ്ഥിരമായി അടിച്ചുവീശുന്ന മണൽക്കാറ്റിനെ വിളിക്കുന്ന പേരാണ് ട്യൂൺസ്. വർഷത്തിൽ തുടർച്ചയായി ഒന്നോ രണ്ടോ ദിവസങ്ങളിൽ കോരിച്ചൊരിയുന്ന മഴ അറേബ്യയുടെ പ്രത്യേകതയാണ്. ഈ സമയത്ത് വെള്ളപ്പൊക്കവും അതിനെത്തുടർന്നുള്ള കെടുതികളും സാധാരണമാണ്.




ചിത്രം 2.5 മൺസൂൺ

ഏഷ്യൻ വൻകരയിൽ അടുത്തടുത്തായി സ്ഥിതി ചെയ്യുന്ന രണ്ട് ഉപദ്വീപുകളാണ് ഇന്ത്യയും അറേബ്യയും. എന്നാൽ ഭൂപ്രകൃതിയും കാലാവസ്ഥയും താരതമ്യം ചെയ്യുമ്പോൾ ഇവ രണ്ടും വളരെ വ്യത്യസ്തത പുലർത്തുന്നതായി കാണാം. ഇന്ത്യ നിത്യഹരിതവനങ്ങൾ കൊണ്ടും രണ്ട് മൺസൂൺകാല മഴകൾകൊണ്ടും മണ്ണിന്റെ പ്രത്യേകത കൊണ്ടും നിബിഡവനങ്ങൾ കൊണ്ടും സമ്പൽസമൃദ്ധമാണ്. എന്നാൽ ഇവയൊന്നും തീരെയില്ലാത്ത അറേബ്യ തീർത്തും തരിശായ മരുഭൂമി യാണ്. മൂന്നുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടന്നിട്ടും അറേബ്യ തരിശുഭൂമി യായി മാറിയത് ഭൂരിഭാഗപ്രദേശവും മരുഭൂമിയായതുകൊണ്ടാണ്. ജലസാന്നി ധ്യത്തെ ഏറെ നേരം പിടിച്ചുനിർത്താൻ മരുഭൂമിയിലെ മണലിന് സാധ്യമല്ല. കൂടാതെ ഉത്തരാർധ ഗോളത്തിൽ വച്ചും ഭൂമധ്യപ്രദേശത്ത് വച്ചും തെക്കു- പടി ഞ്ഞാറൻ മൺസൂണിന്റെയും വടക്ക്- കിഴക്കൻ മൺസൂണിന്റെയും ഗതി ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭാഗത്തേക്ക് മാറി വീശുന്നതുകൊണ്ട് മൺസൂൺ മഴ പൂർണ്ണ മായും ഇന്ത്യക്ക് ലഭിക്കുന്നു. ഇന്ത്യ പച്ചപ്പുള്ളതായി മാറുകയും മൺസൂൺ ഗതി മാറി പോകുന്നതിനാൽ മഴ ലഭിക്കാത്ത അറേബ്യ മരുഭൂമിയായി മാറുകയും ചെയ്യു ന്നതായി ഭൂമിശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. പേരിനുപോലും തടാകമോ നദിയോ അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ഇല്ല. തീരപ്രദേശങ്ങളോട് ചേർന്നുകിട ക്കുന്ന താഴ്വരകളിൽ മാത്രമാണ് ജനസാന്ദ്രതയുള്ളത്. പൗരാണിക കാലത്തും മധ്യകാലഘട്ടത്തിലും പ്രധാനപ്പെട്ട കച്ചവടപ്പാതകൾ യൂറോപ്പിനെയും ഏഷ്യയെ യും ബന്ധിപ്പിച്ചിരുന്നത് അറേബ്യയിലൂടെയായിരുന്നു.

## അറേബ്യയിലെ സസ്യജാലങ്ങൾ





ചിത്രം 2.6 കുന്തിരിക്കം

വരണ്ട കാലാവസ്ഥയും മണൽപ്രദേശവും ആയതുകൊണ്ട് വളരെ സമൃദ്ധമായ രീതിയിൽ സസ്യങ്ങളുടെ വളർച്ച അറേബ്യയിൽ സാധ്യമായിരുന്നില്ല. വടക്കേ അറേബ്യയിൽ കൂടുതലായും നാടോടി വർഗങ്ങളായിരുന്നു ജീവിച്ചിരുന്നത്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മേച്ചിൽ സ്ഥലങ്ങൾ തേടി നടന്നിരുന്ന ഇക്കൂട്ടർക്ക് കൃഷിയെപ്പറ്റി യാതൊരറിവും ഉണ്ടായിരുന്നില്ല. കൊള്ളയും പിടിച്ചുപറിയും കന്നുകാലി വളർത്തലുമായിരുന്നു അവരുടെ പ്രധാന തൊഴിൽ. എന്നാൽ തെക്കൻ അറേബ്യയിലെ കാലാവസ്ഥ കൃഷിക്ക് കൂടുതൽ അനുയോജ്യമായിരുന്നു. അതുകൊണ്ട് അവിടത്തെ ജനങ്ങൾ സ്ഥിരതാമസം അനുഷ്ഠിക്കുന്നവരായിരുന്നു. ഇവർ പ്രധാനമായും കാർഷികവൃത്തിയിൽ ഏർപ്പെടുകയും വടക്കേ അറേബ്യയിലെ നാടോടിജനങ്ങൾ അപരിഷ്കൃതമായ ജീവിതരീതി പിൻപറ്റുകയും ചെയ്തിരുന്നു. തെക്കെ അറേബ്യയിലെ യമൻ, സന, ഒമാൻ, ഹളറമൗത്ത് തുടങ്ങിയ പ്രദേശങ്ങളിലായിരുന്നു പ്രധാനമായും കൃഷി ചെയ്തിരുന്നത്. ബാർലിയും ഗോതമ്പും യമനിലും, അരി ഒമാനിലും കൃഷി ചെയ്തിരുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. വ്യത്യസ്ത തരത്തിലുള്ള അക്വേഷ്യാ മരങ്ങൾ അറേബ്യയിൽ കാണാൻ സാധിച്ചിരുന്നു. ത്വാഇഫ് മുന്തിരി കൃഷിക്ക് വളരെ പ്രസിദ്ധമായിരുന്നു. അറേബ്യൻ മരുപ്പച്ചകളിലെ പ്രധാനപ്പെട്ട ഫലങ്ങളായിരുന്നു മാതളം, ആപ്പിൾ, ആപ്രിക്കോട്ട്, ഓറഞ്ച്, കരിമ്പ്, തണ്ണിമത്തൻ, പഴം എന്നിവ.



അറേബ്യൻ സസ്യവർഗങ്ങളിൽ ഏറ്റവും പ്രസിദ്ധമാണ് ഈന്തപ്പന. ''അറേബ്യൻ സസ്യങ്ങളുടെ രാജ്ഞി'' എന്നാണ് ഈന്തപ്പനയെ വിശേഷിപ്പിക്കുന്നത്. വടക്കേ അറേബ്യയിലും തെക്കെ അറേബ്യയിലും ഉൾപ്പെടെ അറേബ്യൻ ഉപദ്വീപിന്റെ മിക്കവാറും പ്രദേശങ്ങളിലും കാണാൻ സാധിക്കുന്ന സസ്യമാണ് ഈന്തപ്പന. അറേബ്യൻ ജനതയ്ക്ക് പ്രധാനപ്പെട്ട ഭക്ഷണപദാർഥമാകുന്നു ഈത്തപ്പഴം. അറേബ്യയുടെ ചൂടും വരണ്ട കാലാവസ്ഥയും ഈന്തപ്പനയുടെ വളർച്ചയ്ക്കും പുഷ്പിക്കലിനും ഏറ്റവുമധികം സഹായകമാകുന്നതുകൊണ്ടാണ് ഈന്തപ്പനകൾ പ്രധാനമായും മരുഭൂമികളിൽ മാത്രം കാണപ്പെടുന്നത്. മരുഭൂമിയിലെ ജനങ്ങളുടെ, പ്രത്യേകിച്ച് ബദവി (നാടോടി) അറബികളുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു 'അറേബ്യയിലെ രണ്ട് കറുത്ത പൊന്ന്' സ്വന്തമാക്കുക എന്നത് (അസ്വദൈൻ). രണ്ട് കറുത്ത പൊന്ന് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'ജലവും ഈന്തപ്പഴവു'മാകുന്നു. അറേബ്യയിൽ വ്യത്യസ്തമായ നൂറിലധികം ഈന്തപ്പന വർഗങ്ങൾ കാണപ്പെടുന്നു.



ചിത്രം 2.7 ഈന്തപ്പന

അറേബ്യയിലെ നാടോടി ജനങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു സസ്യമാകുന്നു ഈന്തപ്പന. ഭക്ഷ്യവസ്തുവായും ഈന്തപ്പനയുടെ ഓല കൂടാരം നിർമിക്കുവാനും മറ്റാവശ്യങ്ങൾക്കും അവർ ഉപയോഗിച്ചിരുന്നു. കേരളത്തിലെ കൽപ്പവൃക്ഷമായ തെങ്ങുമായി അറേബ്യയിലെ ഈന്തപ്പനയെ താരതമ്യം ചെയ്യാം. തെങ്ങിന്റെ എല്ലാ ഭാഗവും ഉപയോഗപ്രദമായതുകൊണ്ട് മറ്റേതൊരു വൃക്ഷത്തെക്കാളും കേരളത്തിലെ ജനങ്ങളുടെ ജീവിതത്തിൽ തെങ്ങ് സ്വാധീനിക്കുന്നു. അതുപോലെത്തന്നെയായിരുന്നു ആദ്യകാല അറബികളുടെ ജീവിതത്തിൽ ഈന്തപ്പന സ്വാധീനം ചെലുത്തിയിരുന്നത്.

*പ്രവാചകൻ മുഹമ്മദ് മുസ്ലിങ്ങളോട് അവരുടെ വ്രതം മുറിക്കുന്നത് ഈന്തപ്പഴവും വെള്ളവും ഉപയോഗിച്ചുകൊണ്ടായിരിക്കണമെന്ന് ഉപദേശിക്കുന്നു. മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു, "ആരുടെയെങ്കിലും ഭവനത്തിൽ കുറച്ചെങ്കിലും ഈന്തപ്പഴമുണ്ടെങ്കിൽ അവൻ ദരിദ്രനാകുന്നില്ല".*

*"..... അറേബ്യൻ സസ്യജാലങ്ങളിൽ ഈന്തപ്പനയാകുന്നു രാജ്ഞി. ഏറ്റവും സാധാരണവും എല്ലാവരും ഉപയോഗിക്കുന്നതും ആദരീണയവുമായ ഒരു ഫലമാകുന്നിത്... ഒരിക്കൽ പ്രവാചകൻ പ്രസ്താവിക്കുകയുണ്ടായി നിങ്ങളുടെ അമ്മായിയെയും ഈന്തപ്പനയെയും ആദരിക്കുക, കാരണം രണ്ടും ആദമിന്റെ വംശത്തിൽപ്പെട്ടവരാകുന്നു".*

**ഫിലിപ്.കെ.ഹിറ്റി**

## അറേബ്യയിലെ ജന്തുജാലങ്ങൾ

നമുക്ക് സുപരിചിതമായിട്ടുള്ള മിക്കവാറും എല്ലാ മൃഗങ്ങളെയും അറേബ്യയിൽ കാണാൻ സാധിക്കുന്നു. പുള്ളിപ്പുലി, കഴുതപ്പുലി, ചെന്നായ, കുറുക്കൻ, ഗൗളി വർഗങ്ങൾ എന്നിവയെല്ലാം അറബികൾക്ക് സുപരിചിതമാണ്. കുരങ്ങുവർഗങ്ങളും കാക്കയും തെക്കൻ അറേബ്യയിൽ കാണപ്പെടുന്നു. തെക്കെ അറേബ്യയിലുടനീളം കാണപ്പെടുന്ന പ്രധാന പക്ഷികളാണ് ഹൂപ് (ഹുദ് ഹുദ്), വാനമ്പാടി, പ്രാവുകൾ എന്നിവ. വളർത്തുമൃഗങ്ങളിൽ പ്രധാനമായും ഒട്ടകം, കുതിര, ചെമ്മരിയാട്, പൂച്ച എന്നിവയാണുള്ളത്. പുരാതനകാലം തുടങ്ങി അറേബ്യയിൽ കുതിര ആഡംബര വസ്തുവായിരുന്നു. അതുകൊണ്ടുതന്നെ പുരാതന അറേബ്യ ഈ മൃഗത്തെ പരിപാലിക്കാൻ വളരെ ബുദ്ധിമുട്ടിയിരുന്നു. സമ്പത്തിന്റെ പ്രതീകമായി കണക്കാക്ക

പ്പെട്ടിരുന്ന കുതിരയെ യുദ്ധസമയങ്ങളിലും മറ്റ് ഗോത്രങ്ങളെ കൊള്ളയടിക്കാനുമാണ് ഉപയോഗിച്ചിരുന്നത്. ഇതോടൊപ്പം കുതിരപന്തയവും, ഓട്ടമത്സരവും, അറബികൾ വർഷന്തോറും സംഘടിപ്പിച്ചിരുന്നു.


നാടോടികളായ അറബികളെ സംബന്ധിച്ചിടത്തോളം ഒട്ടകമായിരുന്നു അവർക്ക് ഏറ്റവുമധികം ഉപയോഗപ്രദമായ മൃഗം. ഒട്ടകങ്ങളെക്കൂടാതെ നാടോടി അറബികൾക്ക് ജീവിക്കാൻ സാധിക്കുമായിരുന്നില്ല. ഒട്ടകം നാടോടികളുടെ ജീവിതത്തെ പരിപോഷിപ്പിക്കുകയും അവരുടെ യാത്രാവാഹനവും സന്ദേശങ്ങൾ കൈമാറാനുള്ള ദൂതനുമായി വർത്തിച്ചിരുന്നു. ഇതിന് പുറമേ വിവാഹസമയത്ത് സ്ത്രീകൾക്കുള്ള സ്വത്തായും ഒട്ടകത്തെ നൽകപ്പെട്ടിരുന്നു. യുദ്ധസമയങ്ങളിലും പരസ്പര തർക്കങ്ങളിലും ആളുകൾ മരണപ്പെട്ടാൽ അവരുടെ കുടുംബങ്ങൾക്ക് മോചന ദ്രവ്യമായും (ഫിദ്‌യ) ഒട്ടകത്തെ നൽകിയിരുന്നു. ഗോത്രനേതാവായ ശൈഖിന്റെ സമ്പത്ത് അളന്നിരുന്നത് അദ്ദേഹത്തിന്റെ കൈവശമുള്ള ഒട്ടകങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

**Camel of Arabia**

'Ship of the desert'

'Foster father of the Arabs'.





'Arabs-the parasite of the camel'.

'Arabs- the people of the camel'.


ചിത്രം 2.8 അറേബ്യൻ ഒട്ടകം

ഒട്ടകങ്ങൾ ബദവി അറബികളുടെ കൂടെ ഉണ്ടായിരുന്ന മൃഗമായിരുന്നു. ബദവികളുടെ ജീവിതത്തിന് ആവശ്യമായ ഒട്ടുമിക്ക സൗകര്യങ്ങളും നൽകാൻ സാധിച്ചിരുന്ന ഒട്ടകത്തെ 'അറബികളുടെ വളർത്തച്ഛൻ' എന്ന് വിശേഷിപ്പിക്കുന്നു. ഒട്ടകത്തിന്റെ പാൽ വെള്ളത്തിന് പകരവും മൂത്രം ഔഷധവുമായി അവർ ഉപയോഗിച്ചിരുന്നതോടൊപ്പം ഒട്ടകത്തിന്റെ മാംസം ഭക്ഷണമായും തോൽ വസ്ത്രത്തിന് പകരവും കൂടാരം നിർമ്മിക്കുവാനും ഉപയോഗിച്ചിരുന്നു. അതോടൊപ്പം അതിന്റെ വിസർജ്യവസ്തു ഇന്ധനമായി ഉപയോഗിച്ചിരുന്നു. പ്രധാന യാത്രാവാഹനമായിരുന്നതുകൊണ്ട് ഒട്ടകം 'മരുഭൂമിയിലെ കപ്പൽ' എന്നാണ് അറിയപ്പെടുന്നത്. ഒരു യാത്രാ സൗകര്യത്തേക്കാൾ കൂടുതൽ അവരുടെ ജീവിതത്തിന്റെ നിലനിൽപ്പിന് അവശ്യവസ്തു ആയതുകൊണ്ടും ദൈവം അവർക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമായി ഒട്ടകത്തെ അവർ കരുതുന്നു. പുരാതന അറബികൾ പൂർണ്ണമായും ഒട്ടകത്തെ ആശ്രയിച്ച് ജീവിച്ചിരുന്നവരായതുകൊണ്ട് ബദവി അറബികളെ ഒട്ടകത്തിന്റെ പരോപജീവി എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. ഒട്ടകത്തിന് അതിന്റെ മുതുകിൽ ധാരാളം ദിവസത്തേക്കുള്ള ജലം ശേഖരിക്കാൻ കഴിവുണ്ട്. വെള്ളമി

ല്ലാതെ നിരവധി ദിവസത്തോളം യാത്ര ചെയ്യാനും മരുഭൂമിയിൽ ജീവിക്കാനും, കച്ചവട വസ്തുക്കൾ വഹിക്കാനും ഒട്ടകത്തിന് സാധിക്കുന്നു. ഒട്ടകങ്ങൾക്ക് അറബി ഭാഷയിൽ ഏകദേശം നൂറോളം പദങ്ങൾ ഉപയോഗിക്കപ്പെടുന്നു. ഇത് ഒട്ടകങ്ങൾക്ക് അറബികൾ നൽകിയിരുന്ന പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്.

ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധസമയങ്ങളിൽ ഒട്ടകങ്ങളെയായിരുന്നു അവർ പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഒട്ടകങ്ങൾ നാടോടി അറബികളുടെ ജീവിതത്തിൽ വളരെ അധികം സ്വാധീനിച്ചിരുന്ന ഘടകമായതുകൊണ്ടാണ് ഖലീഫ ഉമർ ഒട്ടകങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് അറബികൾക്ക് സമ്പൽസമൃദ്ധിയും ഉണ്ടാകുന്നു എന്ന് പറഞ്ഞത്. അറേബ്യൻ ഉപഭൂഖണ്ഡം ഒട്ടകങ്ങളെ പരിപാലിക്കുകയും വാണിജ്യ അടിസ്ഥാനത്തിൽ ഉപയോഗിക്കുകയും ചെയ്യുന്ന രാജ്യങ്ങളിൽ ഏറ്റവും പ്രസിദ്ധമാണ്.

*''അറബികളുടെ സുഭിക്ഷത ഒട്ടകങ്ങൾ സുഭിക്ഷമാകുന്നിടതാണ്''. ഖലീഫ ഉമർ.*



*അറേബ്യൻ ഉപദ്വീപിന്റെ വ്യത്യസ്ത മരുഭൂവിഭാഗങ്ങളെപ്പറ്റി ചർച്ച ചെയ്യുക. ബദവി അറബികളുടെ ജീവിതത്തിനും അറബ് സംസ്കാരത്തിനും ഈന്തപ്പഴും ഒട്ടകവും നൽകുന്ന സംഭാവനകളെപ്പറ്റി സെമിനാർ നടത്തുക.*

## അറേബ്യ - സെമറ്റിക് ജനങ്ങളുടെ കളിത്തൊട്ടിൽ

ബാബിലോണിയൻ, ചാൾഡിയൻ, അറാമിയൻ, അമോറൈറ്റ്, ഫിനീഷ്യൻ, കോപ്റ്റ്, ഹീബ്രൂ, അറബ് എന്നിവരുടെ പൂർവ്വികന്മാരെയാണ് സെമസ്റ്റിക് വംശജർ എന്നു പറയുന്നത്. ജൂതന്മാരുടെ ദൈവിക ഗ്രന്ഥമായ പഴയ നിയമപ്രകാരം നോഹ എന്ന പ്രവാചകന്റെ മകനായ ശാമിന്റെ ലാറ്റിൻ പേരാണ് സെമെറ്റ്. പ്രസ്തുത സെമെറ്റ് എന്ന പദത്തിൽ നിന്നാണ് ശാമിന്റെ പിൻഗാമികൾ എന്ന അർഥത്തിൽ ഈ വിഭാഗങ്ങളെയെല്ലാം സെമൈറ്റുകൾ എന്ന് അറിയപ്പെടുന്നത്. മുമ്പ് സൂചിപ്പിച്ച ഈ വിഭാഗങ്ങളെയെല്ലാം പതിനെട്ട്-പത്തൊമ്പത് നൂറ്റാണ്ടുകളിലായി പഠനവിധേയമാക്കിയപ്പോൾ ഇവരുടെയെല്ലാം ശാരീരിക പ്രകൃതിയിലും സ്വഭാവത്തിലും മതവിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഭാഷയിലും വളരെയധികം സമാനതകൾ പുലർത്തുന്നതായി ചരിത്രക്കാരന്മാരും മറ്റു പണ്ഡിതന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയുണ്ടായി.

പ്രസ്തുത വിഭാഗം ജനങ്ങളുടെയെല്ലാം ഭാഷയും അതിനുപയോഗിച്ച ലിപിയും വ്യാകരണ നിയമങ്ങളും പദപ്രയോഗങ്ങളും തമ്മിൽ വളരെയധികം സാമ്യത പുലർത്തുന്നതായി കാണാം. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ജനങ്ങളെല്ലാം വ്യത്യസ്ത വിഭാഗക്കാരായി വേർതിരിയുന്നതിന് മുമ്പ് ഒന്നിച്ച് ഒരു പ്രദേശത്ത് താമസിച്ചിട്ടുണ്ടായിരിക്കാം എന്ന നിഗമനത്തിൽ ചരിത്രകാരന്മാർ എത്തുന്നു.

സെമറ്റിക് ജനതയുടെ ജന്മഗൃഹത്തെപ്പറ്റി ചരിത്രകാരന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ വച്ചുപുലർത്തുമ്പോഴും വേണ്ടവിധത്തിൽ തെളിവുകൾ സമർഥിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. വടക്കെ ആഫ്രിക്ക, ഇറാക്ക്, അറേബ്യ എന്നിവയാണ് സെമിറ്റിക് ജനതയുടെ ജന്മഗേഹം എന്ന വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അറേബ്യ ആയിരിക്കാം സെമിറ്റിക്സ് ജനതയുടെ വാസസ്ഥലം എന്ന അഭിപ്രായത്തോട് യോജിക്കുന്നു. കാരണം വാസയോഗ്യമല്ലാത്ത അറേബ്യയിൽ നിന്ന് ടൈഗ്രീസ്, യൂഫ്രട്ടീസ് നദീതീരങ്ങളിലേക്കും വടക്കേ ആഫ്രിക്കയിലെ നൈൽ നദിതീരങ്ങളിലേക്കും ജനങ്ങൾ പലായനം ചെയ്യാനാണ് കൂടുതൽ സാധ്യത. ബഹുഭൂരിഭാഗവും മരുഭൂമിയായ അറേബ്യയുടെ തീര പ്രദേശങ്ങളിൽ മാത്രമായിരുന്നു ജനങ്ങൾക്ക് ജീവിക്കാൻ വേണ്ട പരിതസ്ഥിതികളും കാലാവസ്ഥയുമുണ്ടായിരുന്നത്. കാലക്രമേണ ജനസംഖ്യ വർധിക്കാൻ തുടങ്ങിയതോടെ തീരപ്രദേശങ്ങളിൽ ജനസാന്ദ്രത വർധിക്കാനും ജനങ്ങൾ തിങ്ങിപാർക്കാനും തുടങ്ങിയിട്ടുണ്ടാകാം എന്ന് ചരിത്രകാരന്മാർ വിലയിരുത്തുന്നു.



ചിത്രം 2.9 സെമറ്റിക് പലായനം

വർധിച്ചുവരുന്ന ജനസംഖ്യയെ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് അറേബ്യ വിട്ട് ജനങ്ങൾ ജനവാസത്തിന് അനുകൂലമായ സ്ഥലങ്ങൾ അന്വേഷിച്ചു പോകവെ മറ്റുഭാഗങ്ങളിൽ കടലായിരുന്നതുകൊണ്ട് സെമറ്റിക് ജനത വടക്കുഭാഗത്തേക്കായിരിക്കാം ആദ്യം പലായനം ചെയ്തത്. ഈ പലായനത്തിലൂടെ അവർ ഇറാഖിൽ എത്തുകയും അവിടെയുള്ള പ്രദേശവാസികളുമായി കൂടിച്ചേർന്ന് പുതിയ വിഭാഗങ്ങളായി രൂപാന്തരം പ്രാപിക്കുകയും ചെയ്തതുമാകാം. ചരിത്രപരമായ വാദഗതികളുടെ അടിസ്ഥാനത്തിൽ അറബികളാണ് ഏറ്റവും അവസാനമായി രൂപപ്പെട്ട സെമിറ്റിക്സ് വംശത്തിന്റെ ഉപവിഭാഗം. മാത്രമല്ല സെമിറ്റിക് ഭാഷകളിൽ ഏറ്റവും അവസാനം രൂപപ്പെട്ട ഭാഷയും അറബിഭാഷയാകുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് സെമിറ്റിക്സ് ജനതയുടെ ജന്മഗേഹം അറേബ്യയായിരിക്കാമെന്ന നിഗമത്തിൽ ഭൂരിഭാഗം പണ്ഡിതന്മാരും ചരിത്രകാരന്മാരും എത്തിച്ചേരുന്നത്.

## ബദവി അറബികളുടെ സ്വഭാവസവിശേഷതകൾ

അറേബ്യയിലെ ജനങ്ങളെ പ്രധാനമായും വടക്കൻ അറബികളെന്നും തെക്കൻ അറബികളെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു.

*വടക്കൻ അറബികൾ (നാടോടികൾ) (മുദറൈറ്റ് / ഖൈസൈറ്റ്)*

*തെക്കൻ അറബികൾ (സ്ഥിരവാസികൾ) (ഹിംയറൈറ്റ് / യമനൈറ്റ്)*

പുരാതന കാലഘട്ടത്തിൽ വടക്കെ അറേബ്യയിലെ ജനങ്ങൾ പ്രധാനമായും നാടോടി ജീവിതം നയിക്കുന്നവരായിരുന്നു. അറേബ്യൻ മരുഭൂമിയുടെ കാലവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിലായിരുന്നു നാടോടികളുടെ ജീവിതം. വടക്കേ അറേബ്യൻ ജനങ്ങളെ പ്രധാനമായും മുദറൈറ്റ് എന്നും ഖൈസൈറ്റ് എന്നും വിളിക്കപ്പെടുന്നുണ്ട്. അതേപോലെ തന്നെ തെക്കൻ അറബികൾ ഹിംയറൈറ്റ് എന്നും യമനികൾ എന്നും അറിയപ്പെടുന്നു. ബദവി അറബികൾ ശുദ്ധമായ അറബിഭാഷ സംസാരിക്കുന്നവരും രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള പരസ്പര ബന്ധങ്ങളിൽ വിശ്വസിക്കുന്നവരുമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അവരുടെ ഗോത്രത്തോടും ഗോത്ര അംഗങ്ങളോടും മാത്രമായിരുന്നു സ്നേഹവും സഹാനുഭൂതിയും വെച്ചു പുലർത്തേണ്ടതായിരുന്നത്. മറ്റ് ഗോത്രാംഗങ്ങളെ അവർ നാമമാത്രമായേ ഉൾക്കൊണ്ടിരുന്നുള്ളൂ. ഇതരഗോത്രങ്ങൾക്ക് മുന്നിൽ കീഴടങ്ങുന്നതും യുദ്ധത്തിൽ തോൽക്കുന്നതും നാടോടി അറബികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അഭിമാനക്ഷതമായിരുന്നു.



ചിത്രം 2.10



ചിത്രം 2.11 ബദവി

ജലത്തിന്റെ ദൗർലഭ്യതയും ശക്തമായ ചൂടിന്റെ ആധിക്യവും മരുഭൂമിയിലെ ദുർഘടമായ ജീവിത സാഹചര്യങ്ങളും ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യവും ബദവി അറബികളുടെ ശാരീരിക പ്രകൃതിയേയും അവരുടെ മാനസികമായ കെട്ടുറപ്പിനേയും വളരെയധികം സ്വാധീനിച്ച ഘടകങ്ങളായിരുന്നു. ശാരീരികമായി നല്ല ഉയരവും ശക്തമായ മസിലുകളും നാഡീവ്യവസ്ഥയും ഉള്ളവരായിരുന്നു നാടോടി അറബികൾ. മരുഭൂമിയിലെ കാലാവസ്ഥയും ജീവിതരീതിയും അറബികളെ അങ്ങേയറ്റത്തെ ക്ഷമാ ശീലരാക്കുകയും ഏത് ദുർഘടമായ അവസ്ഥയും തരണം ചെയ്യാനുള്ള ശക്തമായ മനസ്സാന്നിധ്യം ഉള്ളവരാക്കുകയും ചെയ്തു. ബദവി അറബികളുടെ സ്വഭാവത്തിലെ പ്രധാനപ്പെട്ട നന്മകളായി ചരിത്രക്കാരന്മാർ രേഖപ്പെടുത്തുന്നത്, അവരുടെ ആതിഥ്യമര്യാദ (ദിഫായ), സ്ഥിരോത്സാഹം (ഹമാസ്), മനുഷ്യത്വം (മുറുഅ) എന്നിവയായിരുന്നു. പ്രധാനമായും ഇവർ ഗോത്രാടിസ്ഥാനത്തിലുള്ള

ജീവിതമാണ് നയിച്ചിരുന്നത്. എല്ലാ അറബികളും ഏതെങ്കിലുമൊരു ഗോത്രത്തിലെ അംഗങ്ങളായിരിക്കും. ഏതെങ്കിലുമൊരു ഗോത്രത്തിലെ അംഗങ്ങളാവാത്ത അറബികൾക്ക് ഒറ്റയ്ക്ക് സ്വതന്ത്ര ജീവിതം നയിക്കാൻ ആവുമായിരുന്നില്ല. കാരണം രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഗോത്രബന്ധം, ബദവി അറബികളുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കുന്നത് അവന്റെ ഗോത്രമാണ്. ഏതെങ്കിലും കാരണത്താൽ ഒരു ഗോത്രത്തിൽ നിന്ന് പുറത്താക്കപ്പെട്ട വ്യക്തി നിർബന്ധമായും മറ്റേതെങ്കിലും ഗോത്രത്തിൽ അംഗമാകേണ്ടതാണ്. അങ്ങനെ മറ്റൊരു ഗോത്രത്തിലേക്ക് മാറുന്ന ബദവിയെ 'മവാലി' എന്നാണ് വിളിച്ചിരുന്നത്. ഗോത്രങ്ങൾ തമ്മിൽ തുടർച്ചയായ യുദ്ധങ്ങൾ അറേബ്യയിൽ സാധാരണമായിരുന്നു. ജലം, കന്നുകാലികൾക്കുള്ള മേച്ചിൽ സ്ഥലങ്ങൾ, കച്ചവട സംഘങ്ങളെ ആക്രമിക്കൽ എന്നീ കാരണങ്ങൾ മൂല മായിരുന്നു പ്രധാനമായും ഗോത്രങ്ങൾ തമ്മിൽ യുദ്ധം നടന്നിരുന്നത്.

അതിഥിസൽക്കാരം ദൈവികമായ കർത്തവ്യമായിട്ടായിരുന്നു അറബികൾ കരുതി യിരുന്നത്. അതിഥി തന്റെ കഠിനശത്രുവാണെങ്കിൽ പോലും മൂന്ന് ദിവസത്തേക്ക് അവനെ വിരുന്നുക്കാരനായി സൽക്കരിക്കുക എന്നതായിരുന്നു അറേബ്യയിലെ ഗോത്രനിയമം. ഓരോ ഗോത്രവും വംശങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. നിരവധി കുടുംബങ്ങൾ ചേർന്നാണ് ഓരോ വംശവും രൂപപ്പെടുന്നത്. കൂടാരം കെട്ടിയാ യിരുന്നു ബദവി അറബികൾ താമസിച്ചിരുന്നത് ഓരോ കൂടാരം (ഹയ്യ്) ഓരോ കുടുംബത്തെ പ്രതിനിധീകരിക്കുന്നു. ഒരു ഗോത്രത്തിലെ അംഗങ്ങളെല്ലാം തന്നെ രക്തബന്ധം പുലർത്തുന്നവരായിരിന്നു. ഗോത്രം നിയന്ത്രിക്കുന്ന വ്യക്തിയെ ശൈഖ് എന്നായിരുന്നു വിളിച്ചിരുന്നത്. ഗോത്രത്തിലെ ഏറ്റവും നിപുണനും കാര്യശേഷി ഉള്ളവനും പ്രാസംഗികനും ഏറ്റവും പ്രായം കൂടിയ വ്യക്തിയുമായി രിക്കും ശൈഖായി തെരഞ്ഞെടുക്കപ്പെടുന്നത്.




*Fig. 2.11: A Bedouin tent*

ചിത്രം 2.12 അറേബ്യൻ ബദവി ടെന്റ്

ഓരോ ഗോത്രത്തിനും പ്രത്യേകം പേരുകൾ ഉണ്ടായിരുന്നു. ഗോത്രത്തിന്റെ പേരിനോട് ബനൂ (അംഗങ്ങൾ) എന്ന് ചേർത്തുകൊണ്ടാണ് ബദവി അറബികൾ അറിയപ്പെട്ടിരുന്നത്. ഉദാഹരണത്തിന് ബനൂഖുറൈശ് എന്നാൽ ഖുറൈശി ഗോത്രത്തിലെ അംഗങ്ങൾ എന്നാണ് ഉദ്ദേശിക്കുന്നത്. ശൈഖ് ആയിരുന്നു ഗോത്രത്തിന്റെ നേതാവെങ്കിലും പ്രധാന തീരുമാനങ്ങൾ അദ്ദേഹം എടുത്തിരുന്നത് ഗോത്രത്തിലെ മറ്റു പ്രധാന വ്യക്തികളുമായി കൂടിയാലോചിച്ചു കൊണ്ടായിരുന്നു.

അറേബ്യയിലെ ജനങ്ങൾ പ്രത്യേകിച്ച് ബദവികളായ ജനങ്ങൾ എല്ലാ കാര്യങ്ങളിലും ജനാധിപത്യ നിലപാടുകൾ സ്വീകരിക്കുന്നവരായിരുന്നു. ഗോത്രത്തിലെ എല്ലാ അംഗങ്ങളെയും തുല്യരായിട്ടാണ് കരുതിയിരുന്നത്. ഗോത്രാംഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയും അവർക്ക് ഇടയിൽ ബന്ധം ശക്തിപ്പെടുത്തുകയും ചെയ്തിരുന്ന അറേബ്യൻ ഗോത്ര മമതയെ 'അസബിയ്യ' എന്നുവിളിക്കുന്നു. തന്റെ ഗോത്രത്തിലെ അംഗങ്ങളോട് ഒരു ബദവി പ്രകടിപ്പിക്കുന്ന അതിരില്ലാത്ത സ്നേഹവും ആത്മബന്ധവുമാണ് അസബിയ്യ കൊണ്ടുദ്ദേശിക്കുന്നത്. താനുൾക്കൊള്ളുന്ന ഗോത്രവും അതിലെ അംഗങ്ങളും മാത്രം അടങ്ങുന്നതാണ് ഒരു ബദവിയെ സംബന്ധിച്ചിടത്തോളം അവന്റെ സമൂഹം. ഗോത്രത്തിലെ മറ്റ് അംഗങ്ങൾക്ക് എന്ത് പ്രയാസം ഉണ്ടായാലും അത് സ്വന്തം പ്രശ്നമായി കരുതി പരിഹരിക്കാനും തന്നെ സ്നേഹിക്കുന്നതുപോലെ തന്റെ ഗോത്രത്തിലെ മറ്റംഗങ്ങളെയും സ്നേഹിക്കാൻ അസബിയ്യ അറബികളെ നിർബന്ധിച്ചിരുന്നു.

കൂടാരം കെട്ടിയായിരുന്നു ബദവി അറബികൾ ജീവിച്ചിരുന്നത്. ജലം, മേച്ചിൽ സ്ഥലം, കൃഷിക്കനുയോജ്യമായ പ്രദേശങ്ങൾ എന്നിവയെല്ലാം ഗോത്രത്തിന്റെ പൊതു സ്വത്തായിട്ടായിരുന്നു കണക്കാക്കിയത്. ഗോത്രത്തിലെ ഒരു അംഗം മറ്റൊരു അംഗത്തെ മർദ്ദിച്ചാൽ അത് ഗോത്രത്തിനിടയിൽ തന്നെ പരിഹരിക്കപ്പെടുന്നു. ഒരു ഗോത്രത്തിലെ അംഗം മറ്റൊരു ഗോത്രത്തിന്റെ അംഗങ്ങളെ മർദ്ദിക്കുകയോ വധിക്കുയോ ചെയ്താൽ, അതിനുപകരമായി വധിച്ചയാളുടെ ഗോത്രം കൊല്ലപ്പെട്ട ആളുടെ ഗോത്രത്തിന് മോചനദ്രവ്യം (ഫിദയ) നൽകേണ്ടതുണ്ട്. അല്ലെങ്കിൽ പകരം എതിർ ഗോത്രത്തിലെ അംഗം വധിക്കപ്പെടേണ്ടതുണ്ട്. ഇതായിരുന്നു അറേബ്യയിലെ ഗോത്രനിയമം. 'രക്തത്തിന് പകരം രക്തം' എന്നതായിരുന്നു അറേബ്യയിലെ ഗോത്രങ്ങൾക്കിടയിൽ നിലനിന്നിരുന്ന ക്രിമിനൽ വ്യവസ്ഥ. കാരണം രക്തബന്ധത്തിലധിഷ്ഠിതമായ ഗോത്ര സാമൂഹ്യ വ്യവസ്ഥയുണ്ടായിരുന്ന ബദവി അറബികൾ ഗോത്രത്തിലെ മറ്റംഗങ്ങളെ തങ്ങളുടെ ശരീരത്തിന്റെ ഓരോ ഭാഗമായിട്ടായിരുന്നു കരുതിയിരുന്നത്.



*ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അവിടത്തെ ജനങ്ങളുടെ സ്വഭാവത്തെയും ജീവിതത്തെയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈ പ്രസ്താവനയെപ്പറ്റി സംവാദം നടത്തുക.*

## ഹിജാസ് ഇസ്‌ലാമിന്റെ ആഗമനത്തിൽ - അജ്ഞതയുടെ കാലഘട്ടം

അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാം ആഗതമാകുന്നതിന് മുമ്പുള്ള കാല ഘട്ടത്തെയാണ് ജാഹിലിയ്യ കാലഘട്ടം അഥവാ അജ്ഞതയുടെ കാലഘട്ടം എന്ന് വിശേഷിപ്പിക്കുന്നത്. പൊതുവെ നാലും അഞ്ചും നൂറ്റാണ്ടുകളിലെ അറേബ്യൻ ഉപദ്വീപിന്റെ ജനജീവിതത്തെ ആയിരുന്നു ജാഹിലിയ്യ കാലഘട്ടമായി കണക്കാക്കുന്നത്. ജാഹിലിയ്യ എന്ന അറബിപദം കൊണ്ട് ഉദ്ദേശിക്കുന്നത് നിരക്ഷരതയുടെ കാലഘട്ടം എന്നല്ല മറിച്ച് സാമൂഹ്യപരമായും രാഷ്ട്രീയപരമായും വളരെ അരക്ഷിതമായിരുന്ന ആ കാലഘട്ടത്തിലെ ജനങ്ങളുടെ ജീവിതരീതിയെയാണ്.

മൂന്ന് കാരണങ്ങൾ കൊണ്ടാണ് പ്രസ്തുത കാലഘട്ടത്തെ അജ്ഞതയുടെ കാല ഘട്ടം എന്ന് പരാമർശിക്കുന്നത്.

1) മുമ്പ് അവതരിപ്പിച്ച ദിവ്യസന്ദേശങ്ങൾ സമൂഹത്തിൽ യഥാർഥ രൂപത്തിൽ ഇല്ലാത്ത അവസ്ഥ

2) നേരായ മാർഗത്തിലേക്ക് ജനങ്ങളെ നയിക്കാനുള്ള ഒരു പ്രവാചകനോ നല്ലൊരു മാർഗദർശിയോ ഇല്ലാത്ത അവസ്ഥ.

3) സന്മാർഗത്തിലൂടെ ജീവിക്കുന്ന ഒരാൾ പോലും സമൂഹത്തിൽ ഇല്ലാതാകുന്ന അവസ്ഥ

## രാഷ്ട്രീയ അവസ്ഥ

ഗോത്രസമൂഹങ്ങളായി ജീവിച്ചിരുന്ന ആദ്യകാല അറേബ്യൻ ജനതയെ സംബന്ധിച്ചിടത്തോളം ഗോത്ര നിയമങ്ങളായിരുന്നു അവരുടെ ഭരണഘടന. ഗോത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികൾ അടങ്ങിയ ഒരു സമിതിയുടെ കീഴിലാണ് ഗോത്രനേതാവായ ശൈഖ് തീരുമാനങ്ങൾ എടുത്തിരുന്നത്. തെരഞ്ഞെടുപ്പിലൂടെയായിരുന്നു ശൈഖിനെ കണ്ടെത്തിയിരുന്നത്. ഓരോ ഗോത്രത്തിനും അവരുടേതായ ഗോത്രനിയമങ്ങൾ ഉണ്ടായിരുന്നു.



ചിത്രം 2.13 അറബികളുടെ ദിനങ്ങൾ

അറേബ്യയിലെ ഗോത്രങ്ങൾ തമ്മിൽ പരസ്പരം യുദ്ധങ്ങൾ പതിവായിരുന്നു. മരുപ്പച്ച കരസ്ഥമാക്കാനും ഗോത്രത്തിന്റെ അഭിമാനം സംരക്ഷിക്കാനും, മറ്റ് നിസാര കാരണങ്ങൾക്കും വേണ്ടി വർഷങ്ങളോളം നീണ്ട ഗോത്രയുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ഗോത്രങ്ങൾ തമ്മിലുള്ള ഇത്തരം യുദ്ധങ്ങൾ അറേബ്യയിൽ പുരാതന കാലത്ത് സ്ഥിരമായതുകൊണ്ട് ചരിത്രകാരന്മാർ അവരുടെ യുദ്ധചരിത്രത്തെ മുഴുവനും അറബികളുടെ ദിനങ്ങൾ (അയ്യാമുൽ അറബ്സ്) എന്നാണ് വിശേഷിപ്പിക്കുന്നത്. ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധം അവസാനിക്കുന്നത് രണ്ടു ഗോത്രങ്ങളുമായി യാതൊരുവിധ ബന്ധവുമില്ലാത്ത നിഷ്പക്ഷമായൊരു ഗോത്ര നേതാവിന്റെ മധ്യസ്ഥതയിൽ ആയിരുന്നു. അറബികളുടെ ദിനങ്ങൾ എന്ന വിഭാഗത്തിൽ പ്രധാനപ്പെട്ട നാല് യുദ്ധങ്ങൾ താഴെ കൊടുക്കുന്നു.

### 1) ബസൂസ് യുദ്ധം

വടക്കൻ അറേബ്യയിലെ രണ്ട് പ്രധാനപ്പെട്ട ക്രിസ്ത്യൻ ഗോത്രങ്ങളായ ബാനു-ബക്കർ ഗോത്രവും ബാനു-തഗ്‌ലിബ് ഗോത്രവും തമ്മിൽ നടന്ന നാൽപത് വർഷം നീണ്ടുനിന്ന യുദ്ധമാണ് ബസൂസ് യുദ്ധം. ബസൂസ് എന്നുപേരായ പെൺ ഒട്ടകത്തിന്റെ പ്രശ്നവുമായി ബന്ധപ്പെട്ടാണ് ഈ യുദ്ധത്തിന് പ്രസ്തുത പേര് നൽകിയത്. ബനൂ-ബക്കർ ഗോത്രത്തിലുള്ള ഒരു വൃദ്ധയുടെ ഉടമസ്ഥതയിലുള്ള ബസൂസ് എന്ന ഒട്ടകത്തെ തഖ്‌ലിബ് ഗോത്രത്തിലെ ഒരു വ്യക്തി ഉപദ്രവിച്ചതാണ് യുദ്ധ കാരണം. തുടർന്ന് രണ്ട് ഗോത്രവും തമ്മിൽ നീണ്ട കാലത്തോളം യുദ്ധത്തിലേർപ്പെട്ടു.

### 2) ദാഹിസ് - ഗബ്റാ യുദ്ധം

വടക്കൻ അറേബ്യയിലെ അബ്സ്, ദുബ്‌യാൻ ഗോത്രങ്ങൾ തമ്മിൽ നടന്ന യുദ്ധമാണ് ദാഹിസ്-ഗബ്ര യുദ്ധം. അബ്സ് ഗോത്രത്തിലെ ദാഹിസ് എന്ന കുതിരയും ദുബിയാൻ ഗോത്രത്തിലെ ഗബ്ര എന്ന കുതിരയുമായി ബന്ധപ്പെട്ടായിരുന്നു ഈ യുദ്ധം നടന്നത്.

### 3) ബുഅ്ആസ് യുദ്ധം

യസ്‌രിബ് കേന്ദ്രീകരിച്ച് നിലനിന്നിരുന്ന ഔസ്, ഖസ്‌റജ് എന്നീ ഗോത്രങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന യുദ്ധങ്ങളും സ്പർദ്ദയുമാണ് ബുഅസ് യുദ്ധമെന്ന പേരിൽ അറിയപ്പെടുന്നത്.

### 4) ഹർബുൻ ഫിജാർ

മക്ക കേന്ദ്രീകരിച്ച് കിനാനാ, ഹവാസിൻ ഗോത്രങ്ങൾ തമ്മിൽ നടന്ന യുദ്ധമാണ് ഫിജാർ യുദ്ധം (പരിധി വിട്ട് ലംഘിച്ച യുദ്ധം). പുരാതനകാലം മുതൽ ഹജ്ജ് ആരാധനകർമ്മം നിർവഹിക്കുന്ന അറേബ്യൻ മാസങ്ങൾ (ദുൽഖഅ്ദ്, ദുൽഹജ്ജ്) പരിശുദ്ധ മാസങ്ങളായി കരുതപ്പെടുന്നതുകൊണ്ട് ആ മാസങ്ങളിൽ പൊതുവെ അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ഗോത്രങ്ങൾ തമ്മിൽ യുദ്ധം, വധശ്രമങ്ങൾ, പിടിച്ചുപറി മറ്റ് ആക്രമണങ്ങൾ എന്നിവ നിരോധിച്ചിരുന്നു. ഈ മാസങ്ങളിലായിരുന്നു പ്രസ്തുത ഗോത്രങ്ങൾ തമ്മിൽ തർക്കങ്ങൾ ഉണ്ടായതും പിന്നീടത് യുദ്ധത്തിലേക്ക് നയിച്ചതും. അതുകൊണ്ടാണ് ഇതിനെ ഫിജർ യുദ്ധം എന്ന് വിളിക്കുന്നത്. പ്രവാചകൻ മുഹമ്മദിന്റെ ഗോത്രമായ ഖുറൈശ് കിനാനാ ഗോത്രവു

മായി യുദ്ധക്കരാറിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ട് കിനാനാ ഗോത്രത്തെ സഹായിക്കാൻ ഖുറൈശ് ഗോത്രവും ഈ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായി. പ്രവാചകൻ മുഹമ്മദ് തന്റെ പതിനഞ്ചാമത്തെ വയസ്സിൽ ഈ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായി. ഈ യുദ്ധമവസാനിക്കുന്നത് ഹിൽഫുൽ ഫുദൂൽ എന്ന സമാധാനസഖ്യം രൂപീകരിച്ചു കൊണ്ടായിരുന്നു. പ്രവാചകൻ മുഹമ്മദും അംഗമായ ഈ സഖ്യത്തിന്റെ പ്രധാന ചുമതല അറേബ്യൻ ഉപ ഭൂഖണ്ഡത്തിൽ ഗോത്രങ്ങൾ തമ്മിൽ ഭാവിയിൽ പരസ്പര യുദ്ധം ഉണ്ടാകാതിരിക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്നതായിരുന്നു.

## സാമ്പത്തിക അവസ്ഥ

പ്രസിദ്ധമായ റോമൻ സാമ്രാജ്യത്തിന്റെയും പേർഷ്യൻ സാമ്രാജ്യത്തിന്റെയും ഏകദേശം മധ്യഭാഗത്തായിട്ടായിരുന്നു അറേബ്യൻ ഉപദ്വീപ് സ്ഥിതി ചെയ്തിരുന്നത്. ഈ രണ്ട് സാമ്രാജ്യങ്ങൾ വളരെ വ്യവസ്ഥാപിതമായ ജീവിതരീതി നയിച്ചപ്പോൾ അതിൽ നിന്ന് വ്യത്യസ്തമായി പ്രാകൃത ജീവിതരീതിയായിരുന്നു അറേബ്യയിലെ ജനങ്ങളുടേത്. വടക്കൻ അറേബ്യയിലെ ജനത പ്രധാനമായും കച്ചവടത്തെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്. എന്നാൽ തെക്കൻ അറേബ്യയിലെ ജനങ്ങൾ പ്രധാനമായും കൃഷിയായിരുന്നു നിത്യജീവിതത്തിനായി ആശ്രയിച്ചിരുന്നത്.

പുരാതനകാലം മുതൽ നിലനിന്നിരുന്ന പ്രധാനപ്പെട്ട രണ്ട് കച്ചവടപാതയായിരുന്നു പട്ടുനൂൽപ്പാതയും സുഗന്ധവ്യഞ്ജനപ്പാതയും. ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നുമുള്ള സുഗന്ധ വ്യഞ്ജനങ്ങളും പട്ടും ഇവയിലൂടെയായിരുന്നു യൂറോപ്പിലേക്ക് എത്തിയിരുന്നത്. കിഴക്കൻ രാജ്യങ്ങളിൽ നിന്നും ആരംഭിച്ചിരുന്ന ഈ വ്യാപാര മാർഗങ്ങൾ പ്രധാനമായും യൂറോപ്പിലേക്കുള്ള വ്യാപാര മാർഗങ്ങളായിരുന്നു. ഈ രണ്ട് കച്ചവടപാതകളിലൂടെയുള്ള കച്ചവടത്തിന്റെ ഇടത്താവളമായിരുന്നു അറേബ്യ. അതുകൊണ്ടുതന്നെ ചെറിയൊരു വരുമാനം ഇതിലൂടെ അറബികൾക്ക് ലഭിച്ചിരുന്നു.

കച്ചവടം കഴിഞ്ഞാൽ അറബികളുടെ പ്രധാന ഉപജീവനമാർഗമായിരുന്നു അടിമ കച്ചവടം. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് വിലയ്ക്ക് വാങ്ങുന്ന അടിമകളെ അറേബ്യയിലും മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കും അറബികൾ വിൽക്കുകയുണ്ടായി. അടിമക്കച്ചവടത്തിനായി പ്രത്യേകം ചന്തകൾ അറേബ്യയിൽ നിലനിന്നിരുന്നു.

വരുമാനമാർഗത്തിനായി അറബികൾ ആശ്രയിച്ചിരുന്ന മറ്റൊരു രീതിയായിരുന്നു കൊള്ളപ്പലിശ. ഇതിലൂടെ സമൂഹത്തിലെ താഴെക്കിടയിലുള്ള ജനങ്ങളെയും ദരിദ്രരെയും പ്രഭുവർഗം വളരെയധികം ചൂഷണം ചെയ്തിരുന്നു.




ചിത്രം 2.14 സാർത്ഥവാഹകസംഘം

## സാമൂഹിക അവസ്ഥ

ജഹാലിയ്യ കാലഘട്ടത്തിലെ അറബികളുടെ സാമൂഹ്യ അവസ്ഥ വളരെ പരിതാപകരമായിരുന്നു. രാഷ്ട്രീയ വ്യവസ്ഥയെ ഏകോപിപ്പിക്കുന്ന ഒരു പൊതുനിയമം അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ സാമൂഹ്യ അരക്ഷിതാവസ്ഥയെ നിയന്ത്രിക്കാൻ സംവിധാനങ്ങളും ഉണ്ടായിരുന്നില്ല. അറബികളുടെ സാമൂഹ്യ വ്യവസ്ഥയെ വിശകലനം ചെയ്യുമ്പോഴാണ് ജഹാലിയ്യ കാലഘട്ടം അവർക്ക് ഏറ്റവും നല്ല വിശേഷണമായി മാറുന്നത്.

സാമൂഹിക ജീവിതത്തിൽ ജനങ്ങൾക്കിടയിൽ വലിയ തോതിൽ വിഭാഗീയത നിലനിന്നിരുന്നു. അടിമക്കച്ചവടവും അടിമത്തവും സർവസാധാരണയായിരുന്നു. ദരിദ്രരും ധനികരും തമ്മിൽ വളരെയധികം സാമൂഹ്യമായ അന്തരം ഉണ്ടായിരുന്നു. ജനതയുടെ സാമൂഹിക അധാർമികതയെ ചരിത്രകാരന്മാർ മൊത്തത്തിൽ ഒരൊറ്റ വാക്യത്തിൽ വിവരിക്കുന്നതിങ്ങനെയാണ്; പുരാതന അറബികൾ 3Ws-ന്റെ പിന്നാലെ പോകുന്നവർ എന്നാണ് ആ വിശേഷണം. 3Ws എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'വാർ, വൈൻ, വുമൺ' (യുദ്ധം, മദ്യം, സ്ത്രീ) എന്നാണ്. ഗോത്രങ്ങൾ തമ്മിലുള്ള പരസ്പരയുദ്ധവും മദ്യപാനവും വ്യഭിചാരവും അവരുടെ പ്രധാന വിനോദങ്ങളായിരുന്നു. ബഹുഭാര്യാത്ത്വവും ഇതോടൊപ്പം ബഹുഭർതൃത്ത്വവും സർവ്വസാധാരണമായിരുന്നു.





ജഹാലിയ്യ കാലഘട്ടത്തിലെ സ്ത്രീകളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. സമൂഹത്തിൽ യാതൊരുവിധ പദവിയോ സ്ഥാനമോ സ്ത്രീകൾക്ക് നൽകപ്പെട്ടിരുന്നില്ല. പെൺകുട്ടികൾ ജനിക്കുന്നത് തന്നെ ദുശ്ശകുനമായി കരുതിയിരുന്ന അറബികൾ അവരെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. സ്ത്രീകൾക്ക് മാതാപിതാക്കളുടെ അനന്തരാവകാശ സ്വത്തിൽ അവകാശമുണ്ടായിരുന്നില്ല.

അറേബ്യയിൽ എഴുത്തും വായനയും അറിയുന്നവർ വളരെ ചുരുക്കം പേരെ ഉണ്ടായിരുന്നുള്ളൂ. വിദ്യാഭാസപരമായ യാതൊരു സംവിധാനമോ വ്യവസ്ഥയോ ഗോത്രവർഗ സമൂഹങ്ങൾക്കിടയിൽ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും അവർ ശുദ്ധമായ അറബിഭാഷ സംസാരിക്കുന്നവരായിരുന്നു.



ചിത്രം 2.14 ഗോത്ര നേതാവ്




*പുരാതന അറേബ്യയിലെ സ്ത്രീകളുടെ സാമൂഹ്യാവസ്ഥയും സ്ഥാനവും ആധുനിക കാലഘട്ടത്തിന്റെ സ്ത്രീകളുടെ ജീവിതവുമായി താരതമ്യം ചെയ്യുക.*

## മതപരമായ അവസ്ഥ

സെമറ്റിക് മതവിശ്വാസത്തിന്റെ ഒട്ടുമിക്ക ആരാധനാരീതികളും ബദവി അറബികൾ പിന്തുടർന്നിരുന്നു. സെമറ്റിക് മതവിശ്വാസത്തിന്റെ പ്രധാന തത്ത്വമായ ഏകദൈവ വിശ്വാസം അറബികൾ അംഗീകരിച്ചിരുന്നു. കാലക്രമേണ അറേബ്യൻ ഉപഭൂഖണ്ഡത്തിലും വിഗ്രഹാരാധനയും അന്ധവിശ്വാസങ്ങളും വ്യാപിക്കാൻ തുടങ്ങി. മെസപ്പൊട്ടോമിയയിൽ നിന്ന് 'അമർ ഇബ്ൻ ലുഹയ്യ്', 'ഹുബുൾ' എന്ന വിഗ്രഹത്തെ അറേബ്യയിലേക്ക് കൊണ്ടു വന്നതോടെയാണ് അവിടെ വിഗ്രഹാരാധനയ്ക്ക് തുടക്കം കുറിക്കുന്നത്. തുടർന്നങ്ങോട്ട് സിറിയ - പേർഷ്യൻ സ്വാധീനമായിരുന്നു അറബികളുടെ ആരാധനാ രീതികളിൽ പ്രതിഫലിച്ചത്.



ഓരോ ഗോത്രവും തങ്ങളുടേതായ ആരാധനാമൂർത്തികളെ സൃഷ്ടിക്കുകയും അവയെ പ്രത്യേകം സ്ഥലങ്ങളിൽ പ്രതിഷ്ഠ നടത്തുകയും ചെയ്തിരുന്നു. മരുഭൂമിയിലെ ദുരിതങ്ങൾ നിറഞ്ഞ ജീവിതത്തെ പ്രതിരോധിക്കാനും ഗോത്രങ്ങളുടെ നിലനിൽപ്പിനെ സഹായിക്കുവാനും വേണ്ടി അവർ കണ്ടെത്തിയ ആശ്രയമാണ് ഗോത്രത്തിന്റെ ആരാധനാമൂർത്തികൾ. ജീവിതം പ്രയാസകരമായിരുന്ന അറേബ്യയുടെ ഭൂപ്രകൃതി കാരണം, അവരുടെ ജീവിതത്തെ സ്വാധീനിക്കുന്ന എല്ലാ വസ്തുക്കളെയും അനുഗ്രഹമായി കരുതുകയും കാലക്രമേണ അവ ആരാധ്യ വസ്തുക്കളായി മാറുകയും ചെയ്തു. പ്രകൃതിയിലുള്ള എല്ലാ വസ്തുക്കളെയും അവർ ആരാധിച്ചിരുന്നു. വടക്കെ അറേബ്യയിലെ നാടോടികൾ ചന്ദ്രനെയും തെക്കെ അറേബ്യയിലെ ജനങ്ങൾ സൂര്യനെയും ആരാധിച്ചിരുന്നു. പ്രാകൃതരായ അറബികളുടെ പ്രധാനപ്പെട്ട ദേവതകളായിരുന്നു ലാത്ത-ഉസ്സ-മനാത്ത. ഈ ദേവതകളെ ദൈവത്തിന്റെ പുത്രിമാരായിട്ടായിരുന്നു അവർ സങ്കൽപ്പിച്ചിരുന്നത്.



പ്രവാചകൻ ആഗതനാകുന്ന കാലഘട്ടത്തിൽ ഹിജാസിലെ സാമൂഹ്യവും മതപരവുമായ അവസ്ഥകളെ സെമിനാറിലൂടെ അവതരിപ്പിക്കുക.

## ഇസ്‌ലാമിന് മുമ്പുള്ള കവിതകൾ - ബദവി അറബികളുടെ സ്ഥിതിവിവരണപ്പട്ടിക

ബദവി അറബികളുടെ സാഹിത്യാഭിരുചി പ്രകടമാക്കിയിരുന്ന ഒരേയൊരു മാധ്യമമായിരുന്നു കവിത. ശുദ്ധവും സ്ഫുടതയോടുകൂടിയതുമായ അറബിഭാഷ കൈകാര്യം ചെയ്യുന്നവരായിരുന്നു പഴയകാല അറബികൾ. മാത്രമല്ല, ശുദ്ധമായ അറബിഭാഷയിൽ പ്രസംഗിക്കാനുള്ള അറബികളുടെ കഴിവ് പ്രാചീന കാലഘട്ടത്തിലും മധ്യകാലഘട്ടത്തിലും പ്രശസ്തമായിരുന്നു.

ഒരു കവിയായിത്തീരുക എന്നുള്ളത് ഓരോ ബദവി അറബിയുടെയും വലിയ ആഗ്രഹമായിരുന്നു. അറബി ഭാഷയിൽ 'ഷായിർ' എന്ന പദമാണ് 'കവി' എന്ന അർഥത്തിൽ ഉപയോഗിക്കുന്നത്. സാധാരണ മനുഷ്യന് ലഭ്യമല്ലാത്ത തരത്തിലുള്ള അഭൗമികജ്ഞാനം കരസ്ഥമാക്കിയവർ എന്നാണ് ഷായിർ എന്ന പദത്തിന്റെ ഭാഷാർഥം. കവികളെ ഒരു ഗോത്രത്തിന്റെ പ്രധാന സമ്പത്തായിട്ടാണ് കണക്കാക്കിയിരുന്നത്. തങ്ങളുടെ ഗോത്രത്തിൽ ഒരാൾക്ക് കവിത രചിക്കാനുള്ള കഴിവുണ്ടെന്ന് മനസ്സിലാക്കിയാൽ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ അതിനുവേണ്ടി അറബികൾ സംഘടിപ്പിക്കുമായിരുന്നു. വാമൊഴിയായി രൂപപ്പെടുന്ന കവിതകൾ വാമൊഴിയായിട്ട് തന്നെയായിരുന്നു അറേബ്യയിൽ ഉടനീളം പ്രചരിച്ചിരുന്നത്. പൊതുവെ കൂടുതൽ ഓർമശക്തി ഉണ്ടായിരുന്നതിനാൽ കവിത ഹൃദിസ്ഥമാക്കാൻ അറബികൾക്ക് എളുപ്പമായിരുന്നു.

ഒരു ഗോത്രത്തിലെ കവികൾക്ക് നിരവധി ചുമതലകൾ നിർവഹിക്കാനുണ്ടായിരുന്നു. കവികളുടെ പ്രധാന ധർമം യുദ്ധവേളകളിൽ യോദ്ധാക്കൾക്ക് തന്റെ കവിതകളിലൂടെ ഉന്മേഷവും ഉത്സാഹവും നൽകുക എന്നതായിരുന്നു. യുദ്ധവേളകളിൽ കവി നിമിഷകവിതകളിലൂടെ തന്റെ ഗോത്രത്തിലെ യോദ്ധാക്കളുടെ ധീര

തയും അവരുടെ വിജയങ്ങളും നിരന്തരം പാടി പുകഴ്ത്തിക്കൊണ്ടിരിക്കും. ഇത് കേൾക്കുമ്പോൾ യോദ്ധാക്കൾ കൂടുതൽ യുദ്ധസജ്ജരായി മാറുന്നു. ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്കിടയിൽ വിജയത്തിന്റെ ഗതി തീരുമാനിക്കുന്നത് ആ ഗോത്രത്തിലെ കവികളുടെ കവിതകളായിരുന്നു. ഓരോ യുദ്ധം തീരുമ്പോഴും അറബിഭാഷയിൽ നിരവധി കവിതകൾ സംഭാവനയായി സൃഷ്ടിക്കപ്പെടുന്നു.

ഒരു ഗോത്രത്തെ സംബന്ധിച്ചിടത്തോളം അതിന്റെ വംശപരമ്പര മുഴുവനും ഹൃദിസ്ഥമാക്കേണ്ട ഉത്തരവാദിത്ത്വവും കവികൾക്കായിരുന്നു. ഗോത്രത്തിന്റെ ചരിത്രകാരനും ലേഖകനും ആയിരുന്നു കവികൾ. ഒരു ഗോത്രത്തിന്റെ പ്രധാന സംഭവങ്ങൾ അറേബ്യയിലെ മറ്റ് ഗോത്രങ്ങൾ അറിയുന്നത് അവരുടെ കവിയുടെ നാവിലൂടെയായിരുന്നു. ഗോത്രത്തിന്റെ പ്രധാന മാർഗദർശിയും കൂടിയായിരുന്നു കവി. സമൂഹത്തിൽ ഒരു ഗോത്രത്തിന്റെ പദവി നിർണയിച്ചിരുന്ന ഘടകങ്ങൾ ആ ഗോത്രത്തിന്റെ സൈനികശക്തി, ഗോത്രാംഗങ്ങളുടെ എണ്ണം, ഗോത്രത്തിലെ കവികളുടെ ബുദ്ധിശക്തി എന്നിവയായിരുന്നു. യുദ്ധവേളകളിൽ തന്റെ യോദ്ധാക്കൾക്ക് ശക്തി പകരുന്നത് പോലെ തന്നെ ആക്ഷേപകാവ്യങ്ങൾ രചിച്ചുകൊണ്ട് എതിർഗോത്രത്തെ ചൊടിപ്പിക്കുകയും ചെയ്തിരുന്നു കവികൾ.

ഗോത്രങ്ങൾ തമ്മിൽ തർക്കമുണ്ടാകുമ്പോൾ പ്രശ്നം പരിഹരിക്കാനും അതിനു വേണ്ടി മധ്യസ്ഥം വഹിക്കാനും ചുമതലപ്പെടുത്തുന്നത് കവികളെയായിരുന്നു. ഗോത്രത്തിന് സംഭവിക്കാൻ പോകുന്ന അപകടങ്ങളെയും മറ്റും മുൻകൂട്ടി പ്രവചിക്കാൻ കഴിയുന്ന ആളായിട്ടായിരുന്നു കവികളെ കരുതിയിരുന്നത്.

ജഹാലിയ്യ കാലഘട്ടത്തിലെ കവിതകളെ 'റജിസ്റ്റർ ഓഫ് ദി അറബ്സ്' എന്നാണ് പൊതുവെ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. ജഹാലിയ്യ കാലഘട്ടത്തിലെ കവിതകളുടെ പ്രധാന ഇതിവൃത്തങ്ങൾ അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു. മാത്രമല്ല സമകാലിക വിവരങ്ങളായിരുന്നു അവർ കവിതകളായി രേഖപ്പെടുത്തിയിരുന്നത്. പുരാതന അറേബ്യയിലെ മുഴുവൻ ചരിത്ര വിവരങ്ങളും നൽകുന്നത് അവരുടെ കവിതകളായിരുന്നു. ഇത്തരത്തിൽ ആദ്യകാല അറബികളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും നൽകുന്ന റെക്കോർഡായതുകൊണ്ടാണ് അവരുടെ കവിതകളെ മൊത്തത്തിൽ 'റജിസ്റ്റർ ഓഫ് ദി അറബ്സ്' എന്ന് വിളിക്കുന്നത്.

*ഇലിയഡും ഒസീസ്സിയും പോലെ മഹത്തായതാണ് ഈ ഖണ്ഡകാവ്യങ്ങളും അവ തികച്ചും സമ്പൂർണ്ണമായ കലാരൂപങ്ങളാണ്. കാവ്യകല വ്യവസ്ഥാപിതമായി പരിശീലിക്കപ്പെടും വരെ ഇത്തരത്തിലൊരു കാവ്യരൂപം ഉണ്ടായിട്ടില്ല...*

***അറബികളുടെ സാഹിത്യചരിത്രം. ആർ. എം. നിക്കോൾസൺ***

## ഖണ്ഡകാവ്യം (ഖസീദ)

ജഹാലിയ്യ കവിതകളുടെ പ്രധാനപ്പെട്ട ഒരു രചനാരീതിയാണ് ഖസീദ. ഖസീദകളുടെയെല്ലാം പ്രതിപാദ്യ വിഷയം ഏകദേശം സാമ്യമുള്ളതായിരിക്കും. ഒരു വിഷയത്തെ ആസ്പദമാക്കി രചിക്കുന്ന ഖണ്ഡകാവ്യ രൂപത്തിലുള്ള കവിതകളാണ് ഖസീദ. ഖസീദകളിൽ പ്രധാനമായും അറുപത് മുതൽ നൂറ്റി ഇരുപത് വരെ വരികൾ

ഉണ്ടായിരിക്കും. ഒരു വരി, രണ്ട് തുല്യഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. യുദ്ധ വിജയങ്ങളും പ്രണയവും വിലാപവുമായിരുന്നു ഖസീദകളുടെ പ്രതിപാദ്യ വിഷയങ്ങൾ. ഖസീദ വിഭാഗത്തിലെ കവിതകളുടെ എല്ലാ വരിയും അവസാനി ക്കുന്നത് മിക്കവാറും ഒരേ അക്ഷരങ്ങളുള്ള പദങ്ങൾ വെച്ചുകൊണ്ടായിരിക്കും.

**മുഅല്ലക്ക വിഭാഗത്തിൽപ്പെടുന്ന കവിതാ രചയിതാക്കളുടെ പേര് താഴെ കൊടുക്കുന്നു.**

- ♦ *ഇമ്റുൽ ഖൈസ് (കവികളുടെ രാജകുമാരൻ)*
- ♦ *തറഫ*
- ♦ *സുഹൈർ*
- ♦ *ലബിദ്*
- ♦ *അന്തറ*
- ♦ *അംറ് ഇബ്നു കുൽസൂം*
- ♦ *ഹാരിസ് ഇബ്നു ഹില്ലിസ*



കവിതകൾ പുരാതന അറബികളുടെ സ്ഥിതിവിവര കണക്കുകൾ നൽകുന്ന പട്ടികയാണ് - ചർച്ച ചെയ്യുക.

## മുഅല്ലഖ അസ്സബ്അ (ഏഴ് കെട്ടിത്തൂക്കിയിട്ട കവിതകൾ)

ജഹാലിയ്യ കാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധമായ ഖസീദകളാണ് (മുഅല്ലഖ അസ്സബഅ) ഏഴ് കെട്ടിത്തൂക്കിയിട്ട കവിതകൾ. ഇന്നും അറബി ഭാഷയിലെ ക്ലാസി ക്കൽ കവിതകളായി എണ്ണപ്പെടുന്നതും പ്രസ്തുത കവിതകളെയാണ്. പുരാതന കാലഘട്ടത്തിൽ മക്കയിലുള്ള ഉകാസ് എന്ന സ്ഥലം കേന്ദ്രീകരിച്ച് വലിയ വ്യാപാ രമേള നടക്കാറുണ്ടായിരുന്നു. പ്രസ്തുത മേള നടന്നിരുന്നത് ഹജ്ജ് വേളയിലാ യിരുന്നു. ഇവിടെ നടന്നിരുന്ന പ്രധാനപ്പെട്ട സാഹിത്യ മത്സരമായിരുന്നു കവിയ രങ്ങ്. അറേബ്യയിലെ നാനാഭാഗത്ത് നിന്നുമുള്ള കവികൾ ഇവിടെ എത്തുകയും കവിതാമത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇതിൽ നിന്നും തിരഞ്ഞെ ടുക്കപ്പെട്ട ഏഴ് കവിതകൾ ചുവന്ന പട്ടിൽ സുവർണ ലിപിയിൽ എഴുതുകയും കഅ്ബയുടെ ചുവരിൽ കെട്ടിതൂക്കുകയും ചെയ്തിരുന്നു.

അറേബ്യയിൽ യുദ്ധം നിരോധിക്കപ്പെട്ട മാസങ്ങളിലായിരുന്നു ഉകാസ് ഫെസ്റ്റി വൽ നടന്നിരുന്നത്. മുഅല്ലക്ക വിഭാഗത്തിൽപ്പെടുന്ന കവിതകൾക്കും അതിന്റെ രചിതാക്കൾക്കും വളരെയധികം സ്ഥാനം സമൂഹത്തിൽ നൽകിയിരുന്നു.

## മക്കയും കഅ്ബയും

അറേബ്യൻ ഉപദ്വീപിൽ ഹിജാസിലുള്ള ഏറ്റവും പ്രധാനപ്പെട്ട നഗരമാണ് മക്ക. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 277 മീറ്റർ ഉയരത്തിലാണിത് സ്ഥിതി ചെയ്യു ന്നത്. മക്കയുടെ പഴയ പേര് ബക്ക എന്നാകുന്നു. മസ്ജിദുൽ ഹറമിന്റെ ഏകദേശം

മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു. ചതുരാകൃതിയിലുള്ള നിർമിതിയാണ് കഅ്ബ്. പ്രസ്തുത കഅ്ബയ്ക്ക് അഭിമുഖമായി നിന്നുകൊണ്ടാണ് മുസ്ലിങ്ങൾ അഞ്ച് നേരത്തെ പ്രാർഥനകൾ നിർവഹിക്കുന്നത്.



കഅ്ബ ആദ്യകാല ചിത്രം

## വിലയിരുത്തൽ ചോദ്യങ്ങൾ

1. എങ്ങനെയാണ് ബദവികൾ അറബിഭാഷയുടെ ശുദ്ധതയും രക്തബന്ധത്തിന്റെ ശുദ്ധതയും കാത്തുസൂക്ഷിച്ചിരുന്നത്.
2. അറേബ്യൻ ഉപദ്വീപിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും അവിടത്തെ ജന ജീവിതത്തെ സ്വാധീനിക്കുന്നു - വിവരിക്കുക.

## തുടർപ്രവർത്തനങ്ങൾ

അറേബ്യൻ ഉപദ്വീപിലെ മരുഭൂമികളുടെയും തീരപ്രദേശങ്ങളുടെയും പീഠഭൂമികളുടെയും താഴ്വരകളുടെയും അഗ്നിപർവ്വത സാധ്യതാ പ്രദേശങ്ങളുടെയും പർവ്വത ശൃംഖലകളുടെയും സസ്യജന്തുജാലങ്ങളുടെയും ചിത്രങ്ങൾ ശേഖരിക്കുകയും കുറിപ്പ് തയാറാക്കുകയും ചെയ്യുക.

A6G9U7

അധ്യായം - മൂന്ന്

# പ്രവാചക കാലഘട്ടം : മക്ക

## പഠനനേട്ടങ്ങൾ

3.1 വിദ്യാർഥികൾ മഹാന്മാരുടെ കുലീനഗുണങ്ങളെ പ്രശംസിക്കുന്നു.

3.2 സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനുള്ള കഴിവുകൾ വളർത്തിയെടുക്കുന്നു.

3.3 മനുഷ്യന്റെ വികാസത്തിനും അറിവിന്റെ വിസ്ഫോടനത്തിനും വായനയ്ക്കുള്ള പ്രാധാന്യം കുട്ടി തിരിച്ചറിയുന്നു.

3.4 ഭയരഹിതമായി തന്റെ അഭിപ്രായങ്ങൾ പ്രഖ്യാപിക്കാനും പ്രചരിപ്പിക്കാനും പ്രാപ്തരാകുന്നു.

3.5 മഹത്തായ കാര്യങ്ങൾക്കായി സ്വന്തം താൽപ്പര്യങ്ങൾ ബലികഴിക്കാനുള്ള കഴിവ് നേടുന്നു.

3.6 ഒരാളുടെ വിശ്വാസം മറ്റെന്തിനേക്കാളും മഹത്തരമാണെന്ന് അനുമാനിക്കുന്നു.

3.7 പ്രതിജ്ഞകൾ ലംഘിക്കാൻ പാടില്ല എന്ന് മനസ്സിലാക്കുന്നു.

3.8 നേതൃത്വത്തെ അനുസരിക്കൽ ഒരു പ്രസ്ഥാനത്തിന്റെ വിജയം അരിവാര്യമാണെന്ന് കുട്ടി തിരിച്ചറിയുന്നു.

## വംശാവലി

ഇബ്രാഹിം → ഇസ്മായിൽ → അദ്നാൻ → മഅദ് → നദർ →മുദർ → ഇല്യാസ്

→ മുദരിക്ക് → ഖുസൈമ → കിനാന → അൽ-നദർ

→മാലിക് → ഫിഹ്റ് → ഗാലിബ് → ലുഅയ് → കഅബ് → മുർറഹ് കിലാബ്

↓

ഹകീം

↓

ഖുസയ്യ്        സുഹ്റ

↓

അബ്ദുൾ മനാഫ്

↓

ഹാഷിം

↓

അബ്ദുൽ മുത്തലിബ്(ഷായ്ബ)        വഹാബ്

↓        ↓

അബ്ദുള്ള(പിതാവ്)        ആമിന(മാതാവ്)

↓

മുഹമ്മദ്

ചിത്രം 3.1

### മുഹമ്മദ് – ജനനവും കുട്ടിക്കാലവും


എ.ഡി.570–ൽ അറേബ്യൻ ഉപഭൂഖണ്ഡത്തിലെ പ്രധാനനഗരമായ മക്കയിൽ, ഖുറൈഷ് എന്ന മുഖ്യ ഗോത്രത്തിലെ ഹാഷിം വംശത്തിലായിരുന്നു പ്രവാചകൻ മുഹമ്മദ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അബ്ദുള്ളയും മാതാവ് ആമിനയും ആയിരുന്നു. മുഹമ്മദ് ജനിക്കുന്നതിനുമുൻപുതന്നെ പിതാവും അദ്ദേഹത്തിന്റെ ആറാമത്തെ വയസിൽ മാതാവും മരണപ്പെട്ടു. തുടർന്ന് അദ്ദേഹത്തിന്റെ സംരക്ഷ ണചുമതല പിതാമഹനും ഖുറൈശ് ഗോത്രത്തിന്റെ നേതൃസ്ഥാനിയുമായിരുന്ന അബ്ദുൽ മുത്തലിബിന്റെ കീഴിലായിരുന്നു. എന്നാൽ എട്ടാമത്തെ വയസിൽ പിതാമഹന്റെ മരണത്തെ തുടർന്ന് മുഹമ്മദിന്റെ സംരക്ഷണ ചുമതല പിതൃവ്യനും ഖുറൈശ് ഗോത്രത്തിന്റെ അടുത്ത തലവനുമായ അബൂതാലിബിന്റെ കൈകളിലാ യി.

അബൂതാലിബ് മക്കയിലെ പ്രധാനപ്പെട്ട ഒരു വ്യാപാരിയായിരുന്നു. സിറിയയിലേ ക്കായിരുന്നു പ്രധാനമായും അദ്ദേഹം കച്ചവടയാത്രകൾ നടത്തിയിരുന്നത്.

ഒരിക്കൽ സിറിയയിലേക്കുള്ള സാർത്ഥവാഹകസംഘത്തോടൊപ്പം അബൂതാലിബ് പ്രവാചകൻ മുഹമ്മദിനെയും കൂടെക്കൊണ്ടുപോയി. സിറിയയിൽ വച്ച് മുഹമ്മദിനെ കാണാനിടയായ ബഹീറ എന്ന ക്രിസ്ത്യൻ പുരോഹിതൻ മുഹമ്മദിൽ ഭാവിയിൽ പ്രവാചകത്ത്വത്തിന്റെ ലക്ഷണം ദർശിക്കുന്നതായി അബൂതാലിബിനോട് അഭിപ്രായപ്പെടുകയുണ്ടായി. പ്രവാചകൻ മുഹമ്മദിന്റെ പന്ത്രണ്ടാമത്തെ വയസിലായിരുന്നു ഈ സംഭവം.

അറേബ്യൻ ഉപഭൂഖണ്ഡം അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും കയത്തിലായിരുന്ന ജാഹിലിയ കാലഘട്ടത്തിലായിരുന്നു മുഹമ്മദിന്റെ ജനനം. മുഹമ്മദ് നിരക്ഷരൻ ആയിരുന്നെങ്കിലും ഉൽക്കർഷത്തോടുകൂടിയ ശുദ്ധമായ അറബി ഭാഷയിൽ നല്ലപോലെ സംസാരിക്കാനും പ്രസംഗിക്കാനുമുള്ള അവഗാഹം ഉണ്ടായിരുന്നു. ഇത് അദ്ദേഹത്തിന് ലഭിച്ചത് വളർത്തമ്മയായ ഹലീമയുടെ സംരക്ഷയിലൂടെയായിരുന്നു. അറേബ്യൻ ഉപഭൂഖണ്ഡത്തിലെ ഒരു പ്രധാന രീതിയായിരുന്നു കുലീന ഗോത്രത്തിലെ കുട്ടികളെ ജനിച്ചയുടനെ തന്നെ ശുദ്ധമായ അറബി ഭാഷ അഭ്യസിക്കുന്നതിന് നാടോടി ഗോത്രങ്ങളിലെ സ്ത്രീകളുടെ കൈയ്യിൽ വളർത്താൻ ഏൽപ്പിക്കുകയെന്നത്. ഇതനുസരിച്ച് പ്രവാചകൻ മുഹമ്മദിനെ ഏൽപ്പിച്ച ഗോത്രമായിരുന്നു ബനൂ സഅദ്. അഞ്ച് വർഷത്തോളം അദ്ദേഹം ഈ ഗോത്രത്തിന്റെ കീഴിൽ ആയിരുന്നു വളർന്നിരുന്നത്.

**ഹലീമ** : ബനു സഅദ് ഗോത്രത്തിൽപ്പെട്ട ഒരു ബദവി വനിതയാണ് ഹലീമ. അറേബ്യയിൽ നിലനിന്നിരുന്ന ആചാരത്തിന്റെ ഭാഗമായി ബാലനായ മുഹമ്മദിനെ മുലയൂട്ടിയതും ചെറുപ്പത്തിൽ നോക്കി വളർത്തിയതും ഇവരായിരുന്നു.




*അനാഥത്വം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ മറികടക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.*

മുഹമ്മദിന്റെ പതിനഞ്ചാമത്തെ വയസ്സിലാണ് അയ്യാമുൽഅറബ് എന്ന് അറബികൾ വിശേഷിപ്പിക്കുന്ന ഗണത്തിൽപ്പെട്ട ഹർബുൽഫിജാർ എന്ന യുദ്ധം നടക്കുന്നത്. ഖുറൈശ് ഗോത്രം ഇതിൽ പങ്കെടുത്തതിനാൽ മുഹമ്മദും ഇതിൽ പങ്കാളിയാവുകയും ചെയ്തു. യുദ്ധാനന്തരം രൂപപ്പെട്ട 'ഹിൽഫുൽ ഫുളുൽ' എന്ന സമാധാനസന്ധിയിൽ ഖുറൈശ് ഗോത്രത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് പതിനഞ്ച് വയസ് മാത്രമുണ്ടായിരുന്ന പ്രവാകചൻ മുഹമ്മദിനെയായിരുന്നു. ജാഹിലിയ കാലഘട്ടത്തിൽ തന്നെയാണ് ബാല്യകാലം ചിലവിട്ടതെങ്കിലും അദ്ദേഹം മറ്റുള്ളവരിൽ നിന്നുംതികച്ചും വ്യത്യസ്ഥമായ സ്വഭാവ സവിശേഷതകൾക്കുടമയായിരുന്നു. സത്യസന്ധനും സൽസ്വഭാവിയുമായ അദ്ദേഹത്തിന് അറബികൾ നൽകിയിരുന്ന നാമം അൽ അമീൻ (സത്യസന്ധൻ) എന്നായിരുന്നു.

***ഹിൽഫുൽ ഫുദൂൽ*** *: മക്കയിലെ ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്ര ശത്രുതയും സംഘർഷങ്ങളും ഒഴിവാക്കി സമാധാനവും സഹവർത്തിത്തവും നിലനിർത്താൻ വേണ്ടി പ്രവർത്തിക്കുന്ന ഒരു കമ്മറ്റിയാണിത്. ഹിൽഫുൽ ഫുസുലിലെ ഒരംഗം എന്ന നിലയിൽ തന്റെ സേവനപ്രവർത്തനങ്ങളിലൂടെ മുഹമ്മദ് ഒരു സാമൂഹിക പരിഷ്ക്കർത്താവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ കഴിവ് തെളിയിച്ചു.*


*പ്രവാചകൻ മുഹമ്മദ് ആദ്യ വിവാഹം കഴിക്കുന്നത് മക്കയിലെ ധനികയും പ്രധാന വ്യാപാരിയുമായ ഖദീജയെ ആയിരുന്നു. പ്രവാചകൻ മുഹമ്മദിന്റെ സ്വഭാവ സവിശേഷതകളിലും അനിതരസാധാരണമായ വ്യക്തിവൈഭവത്തിലും ആകൃഷ്ടയായ ഖദീജ തന്റെ അമ്മാവനായ ഉമർ - ഇബ്നു അസദിന്റെ അനുവാദത്തോടെയാണ് മുഹമ്മദിനെ വിവാഹം കഴിക്കുന്നത്. വിവാഹ സമയത്ത് മുഹമ്മദിന് 25 ഉം ഖദീജക്ക് 40 വയസ്സു പ്രായമായിരുന്നു. ഈ വിവാഹത്തിൽ ഇവർക്ക് ആറു മക്കൾ ജനിച്ചതിൽ സൈനബ്, റുക്കിയ, ഉമ്മുകുൽത്തൂം, ഫാത്തിമ അടക്കം നാല് പെൺകുട്ടികളാണ് അതിജീവിച്ചത്. ഫാത്തിമ ഒഴികെ മറ്റ് മൂന്നു പെൺമക്കളും പ്രവാചകന്റെ ജീവിതകാലഘട്ടത്തിൽ തന്നെ മരണപ്പെടുകയുണ്ടായി. ഫാത്തിമയെ അബുതാലിബിന്റെ മകൻ അലിയാണ് വിവാഹം കഴിച്ചത്.*

എ.ഡി 605-ൽ മക്കയിലുണ്ടായ വെള്ളപ്പൊക്കത്തിൽ കഅബയുടെ ചുമരുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും കഅബയുടെ സംരക്ഷണ ചുമതലയുള്ള ഖുറൈഷ് ഗോത്രം അതിന്റെ പുനർനിർമാണം ആരംഭിക്കുകയും ചെയ്തു. എന്നാൽ കഅബയുടെ ചുവരിൽ ഘടിപ്പിച്ചിരുന്ന ഹജറുൽ അസ് വദ് (കറുത്ത കല്ല്) വീണ്ടും ചുവരിൽ വെക്കുന്നതിനെ ചൊല്ലി ഖുറൈശ് ഗോത്രത്തിലെ വ്യത്യസ്ത വംശങ്ങൾ ഉന്നയിച്ച അവകാശവാദം ക്രമേണ ഒരു യുദ്ധത്തിലേക്ക് എത്തുമെന്ന അവസ്ഥ സംജാതമായി. തുടർന്ന് ഗോത്രപ്രമാണിമാർ ഒരു തീരുമാനമെടുത്തു. അതനുസരിച്ച് കഅബയുടെ പരിസരത്തേക്ക് ആരാണോ ഇനിയാദ്യം കടന്നുവരുന്നത് അയാൾ ഏത് ഗോത്രത്തിൽപ്പെട്ട ആളായാലും ഈ പ്രശ്നത്തിന്റെ പരിഹാരം നിർദേശിക്കാനുള്ള മധ്യസ്ഥനായി അദ്ദേഹത്തെ നിയോ



ചിത്രം 3.2 ഹജുറൽ അസ്വദ്

ഗിക്കാമെന്ന് തീരുമാനിച്ചു. തികച്ചും ആകസ്മികമായി അങ്ങോട്ട് കടന്ന് വന്നത് പ്രവാചകൻ മുഹമ്മദ് ആയിരുന്നു. തന്റെ സമൂഹം നേരിടുന്ന പ്രതിസന്ധി മനസി ലാക്കി അദ്ദേഹം വളരെ ഉചിതമായ ഒരു തീരുമാനമെടുത്തു. ഹിൽഫുൽ ഫുസുൽ എന്ന സമാധാന സംഘത്തിലെ പ്രവർത്തന പരിചയം വളരെപെട്ടെന്നു തന്നെ ഒരു അനുയോജ്യ തീരുമാനമെടുക്കുന്നതിന് അദ്ദേഹത്തിന് സഹായകമായി. ഇതി നായി അദ്ദേഹം ഒരു ചെറിയ തുണിയിൽ കറുത്തകല്ല് എടുത്ത് വയ്ക്കുകയും ഖുറൈശ് ഗോത്രത്തിലെ ഓരോവംശത്തിന്റെയും ഒരോ പ്രതിനിധി വീതം ആ തുണിയിൽ പിടിച്ചുകൊണ്ട് ഒരുമിച്ച് അത് വയ്ക്കേണ്ട ചുമരിന്റെ ഭാഗത്തേക്ക് വരാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പ്രവാചകൻ മുഹമ്മദ് തന്റെ കൈ കൊണ്ടുതന്നെ അത് യഥാസ്ഥാനത്തെടുത്തു വച്ചു. യുദ്ധമുഖത്ത് എത്തിനിന്ന ഖുറൈശികളുടെ ഈ പ്രശ്നം വളരെ നയതന്ത്രപരമായി കൈകാര്യം ചെയ്ത അദ്ദേഹത്തെ സ്വന്തം ഗോത്രം മാത്രമല്ല അറേബ്യയിലെ മുഴുവൻ ഗോത്രങ്ങളും ബഹുമാനത്തോടെ അംഗീകരിച്ച ഒരു സംഭവമായിരുന്നു ഇത്.



ബന്ധപ്പെട്ട ചരിത്ര സ്രോതസുകളിൽ നിന്നും ദത്തങ്ങൾ ശേഖരിച്ചുകൊണ്ട്, തന്റെ ബാല്യകാലഘട്ടത്തിൽ മുഹ മ്മദ്നബി പങ്കെടുത്തിരുന്ന സാമൂഹ്യപ്രവർത്തനങ്ങളെ ക്കുറിച്ച് ഒരുചർച്ച സംഘടിപ്പിച്ച് കുറിപ്പ് തയാറാക്കുക.

## മുഹമ്മദ് പ്രവാചകത്വത്തിലേക്ക്

ഖദീജയുമായുള്ള വിവാഹത്തിന് ശേഷം പ്രവാചകൻ മുഹമ്മദിനെ സംബന്ധിച്ചിട ത്തോളം ദൂരസ്ഥലങ്ങളിലേക്ക് കച്ചവട സംഘത്തോടൊപ്പം അധികനാൾ യാത്ര പോകേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം തന്റെ സമയം കൂടു തലും ചിലവഴിച്ചത് അന്ധവിശ്വാസ ത്തിലും അധാർമികതയിലും മുങ്ങിപ്പോ യിരുന്ന ജാഹിലിയ ജനതയുടെ മോചന സാധ്യതകളെപ്പറ്റി ചിന്തിക്കുന്നതിലായി രുന്നു. ജീവിതാനുഭവങ്ങളിൽ നിന്നും അദ്ദേഹം ആർജിച്ച അറിവും നിശ്ചയ ദാർഢ്യവും കൊണ്ട് അതിനുള്ള ഉത്തരം ആരാഞ്ഞ് അദ്ദേഹം പലപ്പോഴും മക്ക യിലെ നൂർ മലനിരകളിലെ ഹിറ എന്ന ഗുഹയിൽ ധ്യാനനിമഗ്നനായിരി ക്കുക പതിവായിരുന്നു.




ചിത്രം 3.3 ഹിറാ ഗുഹ

ഇസ്ലാംമത വിശ്വാസ പ്രകാരം ഇത്തരം ഒരു ധ്യാനവേളയിൽ അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് ദിവ്യസന്ദേശം ലഭിക്കുകയുണ്ടായി എന്ന് കരുതപ്പെടുന്നു. എ.ഡി 610–ൽ അദ്ദേഹത്തിന്റെ 40–ാമത്തെ വയസിലാണ് ഇത്തരത്തിലുള്ള ദിവ്യവെളിപാട് ലഭിച്ചതായി വിശ്വസിക്കപ്പെടുന്നത്. മറ്റ് രണ്ട് സെമിറ്റിക് മതങ്ങളിലും പരാമർശിക്കപ്പെടുന്ന ജിബ്രീൽ എന്ന മാലാഖ മുഖേനയാണ് അദ്ദേഹത്തിന് ദിവ്യ സന്ദേശം ലഭിച്ചിരുന്നത്. അദ്ദേഹത്തിന് ആദ്യമായി ലഭിച്ച ദിവ്യസന്ദേശം ഖുറാനിലെ 96–ാമത്തെ അധ്യായത്തിലെ 1 മുതൽ 6 വരെയുള്ള സൂക്തങ്ങൾ ആയിരുന്നു എന്നും കരുതപ്പെടുന്നു. ഈ ദിവ്യസന്ദേശത്തോട് കൂടിയാണ് അദ്ദേഹം പ്രവാചകനായി മാറുന്നത്.

## ആദ്യ വെളിപാട്

*610 എ.ഡി യിൽ റമദാനിൽ ഒരു ദിവസം ഹിറാ ഗുഹയിൽ ധ്യാനത്തിലിരിക്കുമ്പോൾ ദൈവ സന്ദേശം അദ്ദേഹത്തിനനുഭവപ്പെടുകയുണ്ടായി. ഗബ്രിയേൽ എന്ന മാലാഖ മുഹമ്മദിന്റെ മുൻപിൽ പ്രത്യക്ഷപ്പെടുകയും ഇങ്ങനെ ആവശ്യപ്പെടുകയും ചെയ്തു."വായിക്കുക", ആശ്ചര്യഭരിതനായി മുഹമ്മദ് മറുപടി നൽകി "എനിക്കു വായിക്കാനറിയില്ല" രണ്ടാം തവണയും ഇതേ കാര്യം ആവശ്യപ്പെട്ടപ്പോൾ മുഹമ്മദ് അതേ ഉത്തരം തന്നെ നൽകി. മൂന്നാം തവണ ഗബ്രിയേൽ അദ്ദേഹത്തെ തന്നോട് ചേർത്ത് പിടിച്ച ശേഷം പെട്ടെന്ന് മോചിപ്പിച്ചുകൊണ്ട് വീണ്ടും അതേ ചോദ്യം ആവർത്തിച്ചു. അപ്പോൾ മുഹമ്മദ് ചോദിച്ചു "എന്താണ് ഞാൻ വായിക്കേണ്ടത്?" മാലാഖ മറുപടി നൽകി "വായിക്കുക, വായിക്കുക നിന്റെ നാഥന്റെ നാമത്തിൽ, നിന്നെ സൃഷ്ടിച്ച, ഒരിന്ദ്രിയ തുള്ളിയിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ച, പരമകാരുണികനായ നിന്റെ ദൈവത്തിന്റെ നാമത്തിൽ പേനകൊണ്ട് എഴുതാൻ പഠിപ്പിച്ച നിന്റെ നാഥന്റെ നാമത്തിൽ" (ഖുർആൻ 96:1-5). ഈ സംഭവത്തെയാണ് ആദ്യ വെളിപാട് എന്നു വിളിക്കുന്നത്. അതിനുശേഷമാണ് മുഹമ്മദ് ഒരു പ്രവാചകനായി മാറുന്നത്. 40-ാം മത്തെ വയസ്സിലാണ് മുഹമ്മദിന് ഈ അനുഭവം ഉണ്ടാകുന്നത് തുടർന്നുള്ള 23 വർഷക്കാലം ഇത്തരം അനുഭവങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.*

ഹിറ ഗുഹയിൽ നിന്ന് ലഭിച്ച ആദ്യ ദിവ്യസന്ദേശത്തെത്തുടർന്ന് അദ്ദേഹം ഭയവിഹ്വലനാവുകയും തന്റെ ഭാര്യയായ ഖദീജയോട് ഈ അനുഭവം വിവരിക്കുകയും ചെയ്തു. തുടർന്ന് ഖദീജ അന്ന് മക്കയിലുണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട ക്രിസ്തീയ പുരോഹിതനായിട്ടുള്ള വറഖത്ത് - ഇബ്ൻ നൗഫലിനെ സമീപിക്കുകയും തന്റെ ഭാർത്താവിനുണ്ടായ അനുഭവം വിശദീകരിക്കുകയും ചെയ്തു. അദ്ദേഹമാണ് മുഹമ്മദിന് പ്രവാചകത്ത്വം ലഭിച്ചുവെന്ന പ്രഖ്യാപനം നടത്തുന്നത്. മാനവിക ചരിത്രത്തിലെ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ച ഈ സംഭവം മനുഷ്യജനതയെ അജ്ഞതയിൽ നിന്നും വെളിച്ചത്തിലേക്ക് നയിച്ചു. ഈ പറയപ്പെടുന്ന വെളിപാട് പ്രവാചകന് തുടർച്ചയായി 23 വർഷം ലഭിച്ചുകൊണ്ടിരുന്നു. ഈ വെളിപാടുകളുടെ ക്രോഡീകരണമാണ് ഖുർ ആൻ.



*മുഹമ്മദിന്റെ പ്രവാചകത്ത്വത്തെക്കുറിച്ച് ചർച്ച തയാറാക്കുക.*

മുഹമ്മദിന്റെ പ്രവാചകത്വം ആദ്യമായി അംഗീകരിക്കപ്പെടുകയും സ്വീകരിക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ പത്നി ഖദീജ ആയിരുന്നു. കൂടാതെ അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നും അലി ഇബ്നു അബുതാലിബ്, പ്രവാചകന്റെ വളർത്തു പുത്രനായ സെയ്ദു ഇബ്നു ഹാരിസ് എന്നിവരും ഇതിൽപ്പെടുന്നു. പ്രവാചകന്റെ കുടുംബത്തിൽ നിന്നല്ലാതെ ആദ്യമായിട്ട് അദ്ദേഹത്തിന്റെ പ്രവാചകത്വം അംഗീകരിക്കുന്ന വ്യക്തി ഒന്നാം ഖലീഫ അബൂബക്കർ ആയിരുന്നു.

എ.ഡി 610 മുതൽ 613 വരെ പ്രവാചകൻ മുഹമ്മദ് വളരെ രഹസ്യമായിട്ടായിരുന്നു മക്കയിലെ ജനങ്ങൾക്കിടയിൽ തനിക്ക് ലഭിച്ച ദിവ്യ സന്ദേശങ്ങൾ പ്രബോധനം ചെയ്തിരുന്നത്. ഈ മൂന്ന് വർഷത്തെ പ്രബോധനമാണ് രഹസ്യപ്രബോധന കാലഘട്ടം എന്നറിയപ്പെടുന്നത്. ഈ കാലഘട്ടത്തിൽ വളരെ കുറച്ചുപേർ മാത്രമാണ് അദ്ദേഹത്തിന്റെ പ്രബോധനം ശ്രവിക്കുകയും ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തത്. മൂന്ന് വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന് പരസ്യപ്രബോധനത്തിനുള്ള ദിവ്യസന്ദേശം ലഭിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. അതിനുശേഷം അദ്ദേഹം പരസ്യമായി ഇസ്ലാമിനെ പരിചയപ്പെടുത്താൻ തുടങ്ങിയതോടെ അദ്ദേഹത്തിനെതിരെ മക്കയിലെ മുഴുവൻ ഗോത്രവിഭാഗങ്ങളും എതിർപ്പ് പ്രകടിപ്പിക്കാൻ തുടങ്ങി.

### സഫപർവ്വതത്തിലെ പ്രവാചകന്റെ പ്രബോധനം

*''അല്ലയോ ഖുറൈഷികളെ ഈ കുന്നിന്റെ മറുഭാഗത്ത് ഞാനൊരു കുതിരപ്പട്ടാളത്തെ കണ്ടു എന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ജനങ്ങൾ ഉത്തരം നൽകി, തീർച്ചയായും വിശ്വസിക്കാം. കാരണം അങ്ങ് ഒരിക്കലും ഒരു കളവ് പറഞ്ഞതായി ഞങ്ങൾക്കറിയില്ല. ശേഷം മുഹമ്മദ് പറഞ്ഞു. അറിയുക. ഞാൻ ഒരു മുന്നറിയിപ്പുമായി വന്നതാണ്. ഒരു കഠിന ശിക്ഷയെക്കുറിച്ച് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. അല്ലയോ ബനു അബ്ദുൽ മുത്തലിബ്!അല്ലയോ ബനൂ മനാഫ്!, അല്ലയോ ബനൂ സുഹ്റ!, അല്ലയോ ബനു താഇം!, അല്ലയോ ബനൂ മഖ്സൂം!, അല്ലയോ ബനൂ അസദ! എന്റെ ഏറ്റവും അടുത്ത ബന്ധുക്കളായ നിങ്ങൾക്ക് ഒരു മുന്നറിയിപ്പ് നൽകാൻ ദൈവം എന്നോട് ആജ്ഞാപിച്ചിരിക്കുന്നു. ഈ ഭൂമിയിലും സ്വർഗ്ഗത്തിലും അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നതിൽ ഞാൻ ഉറപ്പിച്ചു പറയുന്നു. കോപംകൊണ്ട് വിറച്ച് അബൂലഹബ് ചാടി എഴുന്നേറ്റു ചോദിച്ചു. ഇത് പറയാനാണോ നീ ഞങ്ങളെ വിളിച്ച് ചേർത്തത്. (മുഹമ്മദിന്റെ ജീവിതം (എം.എച്ച്.ഹൈക്കൽ)''*

## ഖുറൈഷികളുടെ എതിർപ്പ്

പ്രവാചകൻ മുഹമ്മദിന് ഏറ്റവും കടുത്ത എതിർപ്പുകളും ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നത് അദ്ദേഹത്തിന്റെ തന്നെ ഗോത്രത്തിൽ നിന്നായിരുന്നു. ആദ്യം അദ്ദേഹത്തിന്റെ ഉപദേശങ്ങളെയും പ്രബോധനങ്ങളെയും ഖുറൈഷികളും മക്കയിലെ മറ്റു ഗോത്രങ്ങളും മുഖവിലയ്ക്ക് എടുത്തില്ല. എന്നാൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ കൂടുതൽ പേർ ആകൃഷ്ടരാകാനും ജനങ്ങൾ കൂടുതലായി ഇസ്ലാം മതം സ്വീകരിക്കാനും തുടങ്ങിയതോടെ അവർ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾക്കെതിരെ എതിർപ്പ് പ്രകടിപ്പിക്കാൻ തുടങ്ങി. കാരണം പ്രവാചകന്റെ അധ്യാപനങ്ങൾ അറേബ്യയിലെ ജനങ്ങൾക്കിടയിലെ വിശ്വാസ ആചാരപ്രമാണങ്ങളേയും ജീവിതരീതിയേയും സാമൂഹിക ഘടനയേയും ചോദ്യം ചെയ്യുന്നവയായിരുന്നു. അദ്ദേഹം മുന്നോട്ടുവച്ച പുതിയ മതത്തെക്കാൾ അവർക്ക് എതിർപ്പുണ്ടായത് പ്രവാചകന്റെ ആശയങ്ങളായ സമത്വം, സാഹോദര്യം തുടങ്ങിയ ആശയങ്ങളോടായിരുന്നു. ഇത് നിലവിലെ അവരുടെ സാമൂഹിക ഘടനയെ വളരെ ശക്തമായി ആഘാതമേൽപ്പിക്കുന്നവയായിരുന്നു. അദ്ദേഹം ജനങ്ങൾക്കിടയിൽ ഇസ്ലാം പ്രചരിപ്പിക്കുമ്പോൾ പ്രാധാന്യം നൽകിയിരുന്നത് ഏകദൈവ വിശ്വാസവും സമത്വവും സാമൂഹിക നീതിയുമായിരുന്നു.

പ്രവാചകൻ മുന്നോട്ടു വച്ച സാമൂഹിക നിയമങ്ങൾ മക്കയിലെ ഗോത്രങ്ങളുടെ പല പദവിയും സ്ഥാനവും ക്രമേണ ഇല്ലാതാക്കുമെന്ന് അവർ ഭയപ്പെട്ടു. കാരണം, ഉള്ളവനും ഇല്ലാത്തവനും അടിമയും ഉടമയും തുടങ്ങിയ ധാരാളം അസമത്വങ്ങൾ അവിടെ നിലനിന്നിരുന്നു. കൂടുതൽ ജനങ്ങൾ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ സ്വീകരിച്ചാൽ ഇത്തരത്തിലുള്ള സാമൂഹിക ഘടന ഇല്ലാതായി മാറും എന്ന് മനസ്സിലാക്കിക്കൊണ്ടായിരുന്നു അറേബ്യയിലെ ഗോത്രങ്ങൾ അദ്ദേഹത്തിനെതിരായി അണിനിരന്നത്.

കഅബയുടെ സംരക്ഷകർ എന്ന നിലയിൽ ഖുറൈശ് ഗോത്രത്തിനായിരുന്നു സാമൂഹത്തിൽ ഏറ്റവും ഉന്നത സ്ഥാനമുണ്ടായിരുന്നത്. പ്രവാചകൻ മുന്നോട്ട് വയ്ക്കുന്ന സാമൂഹിക സമത്വം നിലവിൽ വന്നാൽ ഖുറൈശികളുടെ ഈ പദവി ഇല്ലാതാവുകയോ അതിന്റെ പ്രൗഢി നഷ്ടപ്പെടുകയോ ചെയ്യുമെന്ന് അവർ ഭയപ്പെട്ടു. അതുകൊണ്ട് പ്രവാചകന്റെ അധ്യാപനങ്ങൾക്കും അത് അംഗീകരിക്കുന്നവർക്കും എതിരെ അവർ കർശന നിലപാടുകൾ സ്വീകരിക്കാൻ തുടങ്ങി.

തുടക്കത്തിൽ പലവിധ ഉപദേശങ്ങളിലൂടെയും ഭീഷണിയിലൂടെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ ശ്രമങ്ങൾ നടത്തി. പിന്നീട് പ്രവാചകനും അദ്ദേഹത്തിൽ വിശ്വസിച്ച മുസ്ലിങ്ങൾക്കുമെതിരെ അവർ സാമൂഹിക വിലക്കേർപ്പെടുത്തി. ഇത് ഫലം കാണാതെ വന്നപ്പോൾ പുതിയ മർദനമുറകളും ശാരീരിക - മാനസിക പീഡനങ്ങളും മുസ്ലിങ്ങൾക്ക് നേരെ പരീക്ഷിക്കാൻ തുടങ്ങി. ആയതിനാൽ മക്കയിലെ മുസ്ലിങ്ങൾ സമാധാനജീവിതത്തിനായി മറ്റു സ്ഥലങ്ങളിലേക്ക് പാലായനം ചെയ്യാൻ പ്രേരിതരായി.

# അബിസീനിയയിലേക്കുള്ള (എത്യോപ്യ)പലായനം

**ക്ഷമയുടെ-പ്രതീകം**

*ഒരു ദിവസം പ്രവാചകൻ മക്കയിൽ തന്റെ അനുയായികൾക്കൊപ്പമുള്ള ഒരു യാത്രയിൽ, സഞ്ചാര വഴിയിൽ മുള്ളുകളോട് കൂടിയ ധാരാളം മരങ്ങൾ ഉള്ള താഴ്വരയിൽ എത്തി. ദൈവദൂതൻ അവിടെ ഇറങ്ങി തന്റെ വാൾ ഒരു മരത്തിൽ തൂക്കിയിട്ട് മരത്തണലിൽ വിശ്രമിച്ചു. ഞങ്ങളും അതുപോലെ ചെയ്തു. പ്രവാചകൻ ഞങ്ങളെ വിളിപ്പിച്ചു. അദ്ദേഹം ഒരു ബദവിയുടെ കൂടെ ഇരിക്കുന്നതാണ് ഞങ്ങൾ കണ്ടത്. ശേഷം പ്രവാചകൻ പറഞ്ഞു. ഞാൻ ഉറങ്ങുമ്പോൾ ഈ ബദവി എന്റെ വാൾ എടുക്കുകയും ഉറയിൽ നിന്നൂരി എന്റെ തലക്കുമീതെ പിടിച്ച് നിൽക്കുന്നതുമാണ് ഞാൻ ഉണർന്നപ്പോൾ കണ്ടത്. എന്നിട്ടദ്ദേഹം ചോദിച്ചു. ഇപ്പോൾ എന്നിൽ നിന്നും ആരാണ് നിങ്ങളെ രക്ഷിക്കുക? അദ്ദേഹം പറഞ്ഞു ദൈവം, ശാന്തനായാണ് പ്രവാചകൻ ഇത് പറഞ്ഞത്. ആ മനുഷ്യൻ അതിന് ശേഷം വാൾ ഉറയിലേക്കിട്ടുകൊണ്ട് പ്രവാചകന്റെ സമീപത്തിരുന്നു. പ്രവാചകൻ അദ്ദേഹത്തെ ശിക്ഷിച്ചില്ല.*

*സഹീഹുഇൽ ബുഖാരി ബുക്ക് 5, വോള്യം 59 ഹദീസ് 458*

പ്രവാചകൻ മുഹമ്മദിന്റെ അധ്യാപനങ്ങളിൽ ജനങ്ങൾ ആകൃഷ്ടരാവാൻ തുടങ്ങിയതോടെ തങ്ങളുടെ സ്ഥാനവും പദവിയും നഷ്ടമാകുമെന്ന് ഖുറൈഷികൾ ഭയപ്പെട്ടു. ഇസ്ലാം സ്വീകരിച്ച ജനങ്ങൾക്ക് നേരെ അവർ ശാരീരിക പീഡനങ്ങൾ നടത്തിയപ്പോൾ അവർക്ക് സമാധാനപൂർണമായ ജീവിതത്തിന് അവസരം ഒരുക്കാൻ പ്രവാചകൻ തീരുമാനിച്ചു. ഇതിനായി അദ്ദേഹം മുസ്ലിമുകളോട് ആഫ്രിക്കയിലെ അബിസീനിയയി (എത്യോപ്യ)ലേക്ക് പാലായനം ചെയ്യാൻ ആവശ്യപ്പെട്ടു. തദ്വാര എ.ഡി 615-ൽ മുസ്ലീങ്ങൾ രണ്ട് ഗ്രൂപ്പായിട്ട് അബിസീനിയയിലേക്ക് ഹിജ്റ പോയി. ആദ്യത്തെ ഗ്രൂപ്പിൽ 15 ആളുകളും രണ്ടാമത്തെ ഗ്രൂപ്പിൽ നൂറ് ആളുകളുമുണ്ടായിരുന്നു. ഇതാണ് അബിസീനിയൻ പാലായനം (ഹിജ്റ) എന്നറിയപ്പെടുന്നത്.

ആ കാലഘട്ടത്തിൽ അബിസീനിയ ഭരിച്ചിരുന്നത് അക്സൂം എന്ന ക്രിസ്ത്യൻ രാജവംശത്തിലെ നജ്ജാഷി എന്ന രാജാവായിരുന്നു. അഭയാർഥികളായി വന്ന മുസ്ലീങ്ങളെ നജ്ജാഷി ഹാർദമായി സ്വീകരിച്ചു. എന്നാൽ ഈ രഹസ്യ പാലായനം ഖുറൈഷികൾ അറിയുകയും അവരെ പിൻതുടരുകയും നജ്ജാഷിയുടെ കൊട്ടാരത്തിൽ എത്തുകയും ചെയ്തു. മക്കയിലെ ആചാരങ്ങളെ നിഷേധിക്കുന്ന ഇവർക്ക് അഭയം നൽകരുതെന്ന് ഖുറൈഷികൾ നജ്ജാഷിയോട് ആവശ്യപ്പെട്ടു. തുടർന്ന് മുസ്ലിമുകളുടെ പുതിയ വിശ്വാസത്തെ പറ്റി പരാമർശിക്കാൻ നജ്ജാഷി അവരോട് പറഞ്ഞു. മുസ്ലിമുകളുടെ ഭാഗത്ത് നിന്നും ഇസ്ലാമിനെ പറ്റി സംസാരിച്ചത്

ജാഫർ ഇബ്നു അബൂത്വാലിബ് ആയിരുന്നു. ജാഫറിന്റെ വിവരണത്തിൽ ആകൃഷ്ടനായ നജ്ജാഷി ക്രിസ്ത്യൻ മതവിശ്വാസത്തിന്റെ പല ആശയങ്ങളുമായി ഇസ്ലാംമതം യോജിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും മുസ്ലിങ്ങൾ ആഗ്രഹിക്കുന്ന കാലം വരെ അബിസീനിയയിൽ താമസിക്കാൻ അനുവാദം നൽകുകയും ചെയ്തു. തങ്ങളുടെ ശ്രമം പരാജയപ്പെട്ടു എന്നു മനസ്സിലായ ഖുറൈഷികൾ മുസ്ലീങ്ങളോട് ഇരട്ടി ശത്രുതയുമായാണ് തിരിച്ചു മക്കയിലെത്തിയത്.

## നജ്ജാഷിയുടെ കൊട്ടാരത്തിൽ ജാഫറിന്റെ പ്രസംഗം

അല്ലയോ രാജാവെ, ഞങ്ങൾ അജ്ഞരും അപരിഷ്കൃതരുമായി ജീവിച്ചു. ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുകയും ഭ്രഷ്ട് കൽപ്പിക്കപ്പെട്ടവരായി ജീവിക്കുകയും ചെയ്തു. ശവങ്ങൾ ഭക്ഷിക്കുകയും വെറുപ്പുളവാക്കുന്ന രീതിയിൽ സംസാരിക്കുകയും ചെയ്തു. ഞങ്ങൾ മനുഷ്യ വികാരത്തെയും ആഥിത്യമര്യാദയെയും അയൽപക്കക്കാരെയും അവഗണിച്ചവരായിരുന്നു. ഒരു നിയമത്തെകുറിച്ചും അറിവില്ലാതിരുന്ന ഞങ്ങളിൽ നിന്നും ഒരാൾ ഉയർന്നുവന്നു. നല്ല മനുഷ്യരായി ജീവിക്കാനും അതോടൊപ്പം അയൽവാസികളുടെ ആവശ്യങ്ങളെ മാനിക്കാനും അദ്ദേഹം കൽപ്പിച്ചു. സ്ത്രീകളെക്കുറിച്ച് അപവാദം പറയുന്നതിൽ നിന്നും അനാഥരുടെ സ്വത്ത് കൈക്കലാക്കുന്നതിൽ നിന്നും അദ്ദേഹം ഞങ്ങളെ വിലക്കി. തിന്മയിൽ നിന്ന് വിട്ട് നിൽക്കുവാനും പ്രാർഥനക്ക് ഭംഗം വരുത്താതിരിക്കാനും സക്കാത്ത് നൽകാനും വ്രതമനുഷ്ഠിക്കാനും അദ്ദേഹം ഞങ്ങളെ ഉപദേശിച്ചു. ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിച്ചു, അദ്ദേഹത്തിന്റെ പ്രബോധനങ്ങളെയും ആരാധനക്ക് മറ്റൊരു ആളെയും പങ്കാളിയാക്കരുതെന്ന നിരോധന ഉത്തരവിനെയും ഞങ്ങൾ സ്വീകരിച്ചു. ഇക്കാരണത്താൽ തന്നെ ഞങ്ങളിൽ ഉള്ളവർ ഞങ്ങൾക്കെതിരെ തിരിയുകയും ദൈവവിശ്വാസം വെടിഞ്ഞ് വിഗ്രഹങ്ങൾ, കല്ല്, മരങ്ങൾ അതുപോലെ വിദ്വേഷം ജനിപ്പിക്കുന്ന മറ്റു വസ്തുക്കൾ എന്നിവയെ ആരാധിക്കാൻ വേണ്ടി അവർ ഞങ്ങളെ ക്രൂരമായി ഉപദ്രവിക്കുകയും ചെയ്തു. അവർ തങ്ങളെ പീഡിപ്പിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്തു. അവരിൽ നിന്നും രക്ഷ നേടാൻ പറ്റില്ലെന്ന അവസ്ഥ വന്നപ്പോൾ ഞങ്ങൾ നിങ്ങളുടെ രാജ്യത്തേക്ക് വന്നു. അവരുടെ എല്ലാ അടിച്ചമർത്തലുകളിൽ നിന്നും നിങ്ങൾ ഞങ്ങളെ രക്ഷിച്ചു

*സീറത്തു - നബ'വിയ്യ - 219 - 220*
*ഇബ്നു ഹിഷാം*

## അബിസീനിയൻ പലായനം മുതൽ ഹിജ്റ വരെയുള്ള കാലഘട്ടം


അബിസീനിയയിൽ നിന്ന് മുസ്ലീങ്ങളോട് കൂടുതൽ ശത്രുതയുമായിട്ടാണ് ഖുറൈശികൾ മക്കയിൽ തിരിച്ചെത്തിയത്. അറേബ്യൻ ഉപദ്വീപിന് പുറത്തുള്ള ഇസ്ലാമിന്റെ വളർച്ചയെ അവർ വളരെയധികം ഭയപ്പെട്ടു. തുടർന്ന് പ്രവാചകന് സംരക്ഷണം നൽകുന്ന അബൂത്വാലിബിനെ സമീപിച്ച് ഏത് വിധേനയും പ്രവാചകൻ മുഹമ്മദിന്റെ ഇസ്ലാംമതപ്രചരണം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ തന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ ഖുറൈശികൾ മുന്നോട്ടുവച്ച ഒരു ഭീഷണിയോടും വാഗ്ദാനങ്ങളോടും വഴങ്ങാൻ പ്രവാചകൻ മുഹമ്മദ് തയാറായില്ല. മാത്രമല്ല തന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവാൻ അദ്ദേഹം തീരുമാനിക്കുകയും ചെയ്തു.

പ്രവാചകൻ മുഹമ്മദിന് പ്രവാചകത്വം കിട്ടിയ ആറാമത്തെ വർഷം ഖുറൈശി പ്രമാണികൾക്കിടയിലെ ഏറ്റവും പ്രസിദ്ധരായ യോദ്ധാക്കളായ ഹംസ, ഉമർ എന്നിവരുടെ ഇസ്ലാം മതത്തിലേക്കുള്ള കടന്നുവരവ് പ്രവാചകന്റെ അനുയായികൾക്ക് വലിയ ആശ്വാസമായി മാറി. ഇതോടെ കൂടുതൽ പേർ ഇസ്ലാം സ്വീകരിക്കാൻ തുടങ്ങി. സമാന്തരമായി ഖുറൈഷികളുടെ ശത്രുതയും വർധിച്ചു. ഇതോടു കൂടി പ്രവാചകനോടും അദ്ദേഹത്തിന്റെ അനുയായികളായി മാറിയ മുസ്ലിമുകളോടും ഖുറൈശി ഗോത്രത്തിൽ അദ്ദേഹത്തിന് സഹായം നൽകുന്ന മറ്റ് അംഗങ്ങളോടും കടുത്ത ശത്രുതയിലായ ഖുറൈശികൾ ഇവർക്കെതിരെ ശക്തമായ സാമൂഹ്യ വിലക്ക് ഏർപ്പെടുത്തി. എ.ഡി 616 മുതൽ 619 വരെയായിരുന്നു ഈ സാമൂഹികവിലക്ക്. പലപ്പോഴും ഭക്ഷണം പോലും ലഭിക്കാത്ത തരത്തിൽ ക്രൂരമായിരുന്നു ഇത്തരത്തിലുണ്ടായ ബഹിഷ്ക്കരണം. എന്നാൽ ഇതൊന്നും തന്നെ ഇവരുടെ വിശ്വാസത്തെ തകർക്കാൻ പോന്നതല്ല എന്ന് മനസ്സിലാക്കിയ ഖുറൈശികൾ സ്വയം തന്നെ മൂന്ന് വർഷങ്ങൾക്ക് ശേഷം ഈ വിലക്ക് ഒഴിവാക്കി.

ഖുറൈശി ഗോത്രത്തിന്റെ തലവനായിരുന്ന അബൂതാലിബിന്റെ സംരക്ഷണം ഉണ്ടായിരുന്നതിനാൽ ഖുറൈഷികൾക്ക് പ്രവാചകൻ മുഹമ്മദിനെതിരെ കർശന നടപടികളെടുക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ സാമൂഹിക വിലക്ക് പിൻവലിച്ചതിന് പിന്നാലെ എ.ഡി 619-ൽ അബൂത്വാലിബ് മരണപ്പെട്ടു. ഇത് പ്രവാചകന്റെ ജീവിതത്തെ വളരെ ദോഷകരമായി ബാധിച്ചു. മാത്രവുമല്ല അദ്ദേഹത്തിന് ഏറ്റവുമധികം സഹായങ്ങൾ നൽകിയിരുന്ന അദ്ദേഹത്തിന്റെ പ്രിയ പത്നി ഖദീജയും അതേ വർഷം മരണപ്പെട്ടു. ഇതോടെ പൂർണ്ണമായും നിരാലംബനായി മാറിയ പ്രവാചകൻ മുഹമ്മദ് കടുത്ത മാനസിക വിഷമത്തിലേക്ക് എടുത്തെറിയപ്പെട്ടു. അതിനാൽ ഇസ്ലാമിക ചരിത്രത്തിൽ എ.ഡി 619 നെ ദുഃഖ വർഷം (ആമുൽ ഹുസ്ന്) എന്നാണ് അറിയപ്പെടുന്നത്.

അബൂത്വാലിബിന് ശേഷം ഖുറൈശി ഗോത്രത്തിന്റെ തലവനായി വന്നത് മറ്റൊരു പ്രമുഖനായ അബൂലഹബ് ആയിരുന്നു. അദ്ദേഹം പ്രവാചകന് സംരക്ഷണം നൽകാൻ തയാറായില്ല എന്ന് മാത്രമല്ല ഇസ്ലാമിന്റെ ഏറ്റവും വലിയ ശത്രുവും കൂടിയായിരുന്നു. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ ഗോത്ര നിയമമനുസരിച്ച് ഏതെങ്കിലും ഒരു ഗോത്രത്തിന്റെ സംരക്ഷണം ഇല്ലാതെ ആർക്കും നിലനിൽക്കാൻ

സാധിക്കുകയില്ല. മാത്രമല്ല മക്കയിലെ മുഴുവൻ ഗോത്രങ്ങളും പ്രവാചകന് സംരക്ഷണം നൽകുന്നതിൽ നിന്ന് വിട്ട് നിന്നു. തുടർന്ന് മക്കയുടെ തൊട്ടടുത്ത പ്രദേശമായ ത്വാഇഫിലെ ഗോത്രങ്ങളോട് സംരക്ഷണം ആവശ്യപ്പെട്ടു. എന്നാൽ അവർ പ്രവാചകന്റെ ആവശ്യം നിരാകരിക്കുക മാത്രമല്ല അദ്ദേഹത്തെ ശാരീരികമായി ഉപദ്രവിക്കുകയും ചെയ്തു. തുടർന്നാണ് അദ്ദേഹം മറ്റേതെങ്കിലും പ്രദേശത്തെ ഗോത്രങ്ങളിൽ നിന്ന് തനിക്കും മുസ്ലീങ്ങൾക്കും സംരക്ഷണം ലഭിക്കുമോയെന്ന് അന്വേഷിക്കാൻ തുടങ്ങിയത്.



*വീഡിയോ പ്രദർശനം: ദ മെസേജ്- മുസ്തഫ അക്കാട് 'മക്കയിലെ സാമൂഹിക വിലക്കിന്റെ കാലഘട്ടത്തിൽ പ്രവാചകൻ മുഹമ്മദിന്റെയും അനുയായികളുടെയും ജീവിതം' എന്ന വിഷയത്തെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.*

## പ്രതിജ്ഞയും മദീനയിലേക്കുള്ള പലായനവും

ത്വാഇഫിൽ നിന്ന് തിരിച്ചെത്തിയ പ്രവാചകൻ മക്കയിലെ ഒരു ഗോത്രവും തനിക്ക് സംരക്ഷണം നൽകാൻ ഇനി സാധ്യതയില്ലെന്ന് മനസ്സിലാക്കി. തുടർന്ന് മക്കയുടെ പുറത്ത് നിന്നുള്ള ഏതെങ്കിലും ഗോത്രങ്ങളോട് സംരക്ഷണം ആവശ്യപ്പെടാൻ തീരുമാനിച്ചു. ഹജ്ജ് കർമ്മത്തിനായി മക്കയിലെത്തുന്ന ഗോത്രങ്ങളെയാണ് അദ്ദേഹം ഇതിനായി തെരഞ്ഞെടുത്തത്. യസ്രിബിൽ നിന്ന് വന്ന രണ്ട് പ്രധാനപ്പെട്ട ഗോത്രങ്ങളായ ഔസും ഖസ്രജുമാണ് പ്രവാചകർക്ക് സംരക്ഷണം നൽകാമെന്ന് സമ്മതിച്ചത്. ആദ്യം ഖസ്രജ് ഗോത്രത്തിലെ കുറച്ച് ആളുകളാണ് പ്രവാചകന്റെ പ്രബോധനത്തിൽ ആകൃഷ്ടരായത്. യസ്രിബിൽ ചെന്ന് അവർ പ്രവാചകന്റെ സന്ദേശത്തെ പരിചയപ്പെടുത്തുകയും ചെയ്തു. അടുത്ത വർഷം (എ.ഡി 621) അവർ ഹജ്ജ് കർമ്മത്തിനായി വരികയും അവർ ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു.

മൊത്തം പന്ത്രണ്ട് പേരിൽ പത്ത് പേർ ഖസ്രജ് ഗോത്രത്തിൽ നിന്നും രണ്ട് പേർ ഔസ് ഗോത്രത്തിൽ നിന്നും ഉള്ളവരായിരുന്നു. ഇസ്ലാം സ്വീകരിച്ച ഉടനെ തന്നെ വിശ്വാസപരമായ ചില നിബന്ധനകളിൽ പ്രവാചകന് ഉറപ്പു നൽകി. ഏകദൈവ വിശ്വാസം നിലനിർത്താമെന്നും കളളവും ചതിയും വഞ്ചനയും ഉപേക്ഷിക്കാമെന്നും ബഹുദൈവാരാധന പിൻതുടരുകയില്ലെന്നും ദുരഭിമാനം കൊണ്ട് പെൺകുട്ടികളെ വധിക്കുകയില്ലെന്നും പ്രവാചകന്റെ ഏത് നിർദ്ദേശത്തെയും അനുസരിക്കാമെന്നും പ്രവാചകനോടവർ സമ്മതിച്ചു. അവർ നൽകിയ ഈ ഉറപ്പിനെയാണ് ഒന്നാം അഖ്ബ ഉടമ്പടി എന്നു വിളിക്കുന്നത് (621). മക്കയിലെ കഅബയുടെ തൊട്ടടുത്തുള്ള അഖബ എന്നുപേരുള്ള സ്ഥലത്ത് വച്ചായിരുന്നു പ്രവാചകനും യസരിബിലെ ജനങ്ങളും തമ്മിൽ പ്രസ്തുത കരാറിൽ ഏർപ്പെട്ടത്.

ഒന്നാം അഖ്ബ ഉടമ്പടിക്ക് ശേഷം യസരിബിലെ ജനങ്ങളുടെ ആവശ്യത്തെത്തുടർന്ന് പ്രവാചകൻ മുസബ് ഇബനു ഉമ്മറിനെ അവരുടെ കൂടെ അയയ്ക്കു

കയും യസ്‌രിബിലെ മറ്റു ജനങ്ങൾക്കിടയിൽ ഇസ്ലാമിനെ പരിചയപ്പെടുത്താൻ തുടങ്ങുകയും ചെയ്തു.



ചിത്രം 3.5 അഖബ പള്ളി

അടുത്ത വർഷം (എ.ഡി 622) എഴുപത്തി മൂന്നുപേർ അടങ്ങുന്ന വലിയ സംഘമായിരുന്നു യസ്‌രിബിൽ നിന്ന് പ്രവാചകനെ കാണാൻ ഹജ്ജ് വേളയിൽ എത്തിയത്. അഖ്ബ എന്ന സ്ഥലത്ത് വച്ച് തന്നെ പ്രവാചകനുമായി അവർ ചർച്ചയിൽ ഏർപ്പെടുകയും തുടർന്ന് അദ്ദേഹത്തിനും അദ്ദേഹത്തിൽ വിശ്വസിച്ച മുഴുവൻ മുസ്ലീങ്ങൾക്കും യസ്‌രിബിൽ സംരക്ഷണം നൽകാമെന്നും സമാധാനപൂർവ്വമായ ജീവിതം ഉറപ്പു നൽകാമെന്നും ഇസ്ലാം പ്രചരിപ്പിക്കാനുള്ള എല്ലാ അവസരവും നൽകാമെന്നും അവരുടെ ജീവനും സ്വത്തും അഭിമാനവും മറ്റുഗോത്രങ്ങളിൽ നിന്നും സംരക്ഷിക്കാമെന്നും പ്രവാചകന് ഉറപ്പുനൽകി. ഈ ഉറപ്പ് രണ്ടാം അഖ്ബ ഉടമ്പടി(622) എന്ന് അറിയപ്പെടുന്നു.

## മക്കയിൽ നിന്നും മദീനയിലേക്കുള്ള പലായനം ഹിജ്റ (എ.ഡി 622)

രണ്ടാം അഖ്ബ ഉടമ്പടിയെത്തുടർന്ന് പ്രവാചകൻ മുഹമ്മദും അനുയായികളും മക്കയിൽ നിന്ന് യസ്‌രിബിലേക്ക് പോകാൻ തീരുമാനിച്ചു. തുടർന്ന് പ്രവാചകൻ ഖുറൈശികളുടെയും മക്കയിലെ മറ്റു ഗോത്രങ്ങളുടെയും കണ്ണിൽപ്പെടാതെ ചെറിയ സംഘങ്ങളായി (കച്ചവട സംഘമാണ് എന്ന് തോന്നുന്ന വിധത്തിൽ) രഹസ്യമായി മക്കയിൽ നിന്നും യസ്‌രിബിലേക്ക് പലായനം ചെയ്യുവാൻ അനുയായികളോട് ആവശ്യപ്പെട്ടു.



ചിത്രം 3.6 സൗർഗുഹ

അവസാനത്തെ സംഘത്തിൽ പ്രവാചകൻ മുഹമ്മദും അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സുഹൃത്തായ അബൂബക്കറും അബൂത്വാലിബിന്റെ മകനായ അലിയും അടങ്ങുന്ന ചെറിയൊരു വിഭാഗമാണ് പോകാൻ തീരുമാനിച്ചത്. എന്നാൽ ഭൂരിഭാഗം മുസ്ലീങ്ങളും

മക്കയിൽ നിന്ന് രക്ഷപ്പെട്ട് യസ്രിബിൻ അഭയം തേടിയ വിവരം ഖുറൈശികൾ അറിയുകയും അവസാനത്തെ സംഘത്തിലുള്ള ആരെയും മക്കയുടെ പുറത്ത് പോകാൻ അനുവദിക്കരുതെന്ന് തീരുമാനിക്കുകയും ചെയ്തു. ഇതിനായി മുഴുവൻ ഗോത്രങ്ങളും ഒന്നിച്ച് തീരുമാനമെടുത്തുകൊണ്ട് വേണ്ടിവന്നാൽ പ്രവാചകനെ വധിക്കാമെന്നു വരെ പ്രഖ്യാപിച്ചു. ഇതിനായി പ്രവാചകന്റെ വസതിക്ക് മുന്നിൽ അവരെത്തുകയും പ്രവാചകനെ വധിക്കുക എന്ന ഉദ്ദേശ്യത്തിൽ അറേബ്യയിലെ എല്ലാ ഗോത്രങ്ങളും പങ്കുവഹിച്ചു എന്ന് അഭിമാനിക്കാൻ ഓരോ ഗോത്രത്തിൽ നിന്നും ഓരോ അംഗങ്ങളെ തിരഞ്ഞെടുക്കുകയും അവരൊന്നിച്ച് വധിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.



എന്നാൽ ശത്രുഗോത്രങ്ങളുടെ ഈ തീരുമാനം രഹസ്യമായി മനസ്സിലാക്കിയ പ്രവാചകൻ തന്നെ വധിക്കാൻ നിൽക്കുന്നവരുടെ കണ്ണിൽപ്പെടാതെ രാത്രിത്തന്നെ രക്ഷപ്പെടാൻ തീരുമാനിച്ചു. തന്റെ സാന്നിധ്യം വീട്ടിലുണ്ടെന്ന് ഖുറൈഷികളെ ബോധ്യപ്പെടുത്താൻ തനിക്ക് പകരം അലിയെ അവിടെ നിർത്തിക്കൊണ്ട് പ്രിയ സുഹൃത്തായ അബൂബക്കറുമായി വാസസ്ഥലത്ത് നിന്നും രക്ഷപ്പെട്ടു. എന്നാൽ പ്രവാചകൻ രക്ഷപ്പെട്ടതറിഞ്ഞ് ശത്രുക്കൾ മക്കയിലും അതിർത്തികളിലും ആളുകളെ അയച്ചുകൊണ്ട് പ്രവാചകനെ തിരയുവാൻ തുടങ്ങി. ഈ സമയത്ത് ഖുറൈശികളുടെ കണ്ണിൽ പെടാതിരിക്കാൻ പ്രവാചകൻ മുഹമ്മദും അബൂബക്കറും സൗർ എന്ന ഗുഹയിൽ ആയിരുന്നു അഭയം തേടിയിരുന്നത്. മൂന്ന് ദിവസത്തെ താമസത്തിന് ശേഷം പ്രവാചകൻ മുഹമ്മദും അബൂബക്കറും ദിവസങ്ങളോളം യാത്ര ചെയ്ത് എ.ഡി.622 സെപ്തംബർ 22-ാംതീയതി യസ്രിബിൽ എത്തിച്ചേർന്നു. എ.ഡി.622-ലെ മക്കയിൽ നിന്നും യസ്രിബിലേക്കുള്ള ഈ യാത്രയെയാണ് ഇസ്ലാമിക ചരിത്രത്തിൽ പ്രസിദ്ധമായ ഹിജ്റ എന്നറിയപ്പെടുന്നത്. ഹിജ്റ ഇസ്ലാമിന്റെ വളർച്ചയിൽ ദൂരവ്യാപകമായ പങ്കുവഹിച്ച ഒരു സംഭവം മാത്രമല്ല, ഇസ്ലാമിക ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവ് കൂടിയാണ്.

## വിലയിരുത്തൽ ചോദ്യങ്ങൾ

- പ്രവാചകൻ മുഹമ്മദ് 'അൽഅമീൻ' എന്ന് വിളിക്കപ്പെട്ടു എന്തുകൊണ്ട്?
- പ്രവാചകൻ മുഹമ്മദിന്റെ ആദ്യ വെളിപാടുമായി ബന്ധപ്പെട്ട അനുഭവങ്ങൾ വിശദീകരിക്കുക.
- "ഖുറൈഷികൾ പ്രവാചകന്റെ അധ്യാപനങ്ങളെ നഖശിഖാന്തം എതിർത്തു". പ്രവാചകന്റെ കാലഘട്ടത്തിലെ അറേബ്യയിലെ സാമൂഹിക രാഷ്ട്രീയ അവസ്ഥകൾ പരിഗണിച്ചുകൊണ്ട്, ഈ പ്രസ്താവനയെ വിലയിരുത്തുക.

## തുടർ പ്രവർത്തനങ്ങൾ

1. ഖുറൈഷികളുടെ കൊടിയ പീഡനം അനുഭവിച്ച ആദ്യകാല വിശ്വാസികളുടെ ഒരു പട്ടിക തയാറാക്കുക.
2. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിച്ചിരുന്ന പ്രവാചകൻമാരെകുറിച്ചും തത്ത്വജ്ഞാനികളെക്കുറിച്ചുമുള്ള ദത്തങ്ങൾ ശേഖരിക്കുക.
3. തങ്ങളുടെ അധ്യാപനങ്ങളുടെ പേരിൽ പീഡിപ്പിക്കപ്പെട്ട മഹാൻമാരായ ചരിത്രപുരുഷൻമാരുടെ ഒരു പട്ടിക തയാറാക്കുക.

A8T8A1

അധ്യായം നാല്

# പ്രവാചക കാലഘട്ടം : മദീന

## പഠനനേട്ടങ്ങൾ

4.1. പ്രവാചകൻ മദീനയിലേക്ക് വരുമ്പോൾ ലഭിക്കുന്ന പിന്തുണയും സ്നേഹവും വിദ്യാർഥി വിശദീകരിക്കുന്നു.

4.2. പൊതു ലക്ഷ്യം നേടിയെടുക്കുന്നതിനായി വ്യക്തിതാൽപ്പര്യങ്ങൾ ത്യജിക്കുന്നതിന്റെ പ്രാധാന്യം വിദ്യാർഥി മനസ്സിലാക്കുന്നു.

4.3. ഒരു രാഷ്ട്ര നിർമാണത്തിൽ എല്ലാ വിഭാഗങ്ങളുടേയും സഹവർത്തിത്തത്തിലൂന്നിയ പ്രവർത്തനം അനിവാര്യമാണെന്ന് വിദ്യാർഥി വിലയിരുത്തുന്നു.

4.4. നയതന്ത്രജ്ഞത ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണെന്ന് വിദ്യാർഥി തിരിച്ചറിയുന്നു.

4.5. എല്ലാ പൗരന്മാരും തന്റെ രാഷ്ട്രത്തോട് സമർപ്പണവും കൂറും ഉള്ളവരായിരിക്കണമെന്ന് വിദ്യാർഥി മനസ്സിലാക്കുന്നു.

4.6 മഹാന്മാരായ രാഷ്ട്രതന്ത്രജ്ഞർ വിജയം മുൻകൂട്ടി കാണാൻ കഴിവുള്ളവരായിരിക്കുമെന്ന് കുട്ടി മനസ്സിലാക്കുന്നു.

4.7 സ്നേഹത്തോടെയല്ലാതെ, വാളുകൊണ്ട് ലോകം കീഴടക്കാൻ കഴിയില്ല എന്ന സത്യം വിദ്യാർഥി മനസ്സിലാക്കുന്നു.

4.8 മനുഷ്യാവകാശങ്ങളെ ബഹുമാനിക്കാൻ വിദ്യാർഥി പ്രാപ്തനാകുന്നു.

4.9. മനുഷ്യാവകാശ പ്രവർത്തകരെ അംഗീകരിക്കാൻ വിദ്യാർഥി സന്നദ്ധമാവുന്നു.

4.10 പ്രവാചകന്റെ ദൗത്യത്തിൽ വിദ്യാർഥിക്ക് മതിപ്പ് ഉണ്ടാകുന്നു.

എ.ഡി 622-ൽ പ്രവാചകൻ മുഹമ്മദും അനുയായികളും മക്കയിൽ നിന്ന് യസ്‌രിബിലേക്ക് പലായനം ചെയ്തതിനെയാണ് ഹിജ്റ എന്നറിയപ്പെടുന്നത്. മക്കയിൽ നിന്ന് അവസാനത്തെ ഗ്രൂപ്പിലായി യാത്രചെയ്ത പ്രവാചകൻ ആദ്യമെത്തുന്നത് യസ്‌രിബിന്റെ അതിർത്തിയിലുള്ള ഖുബ എന്ന സ്ഥലത്തായിരുന്നു.



ചിത്രം 4.1 ഖുബ പള്ളി


**ഖുബയുടെ പ്രാധാന്യം**

*പ്രവാചകൻ നിർമിച്ച ആദ്യത്തെ പള്ളിയാണിത്. ഇതിന്റെ ആദ്യ ശിലാസ്ഥാപനം നടത്തുന്നത് പ്രവാചകൻ അദ്ദേഹത്തിന്റെ മദീനയിലേക്കുള്ള പാലായനത്തിലാണ്. ഈ പള്ളിയുടെ പണി പൂർത്തിയാക്കിയത് നബിയുടെ സഹയാത്രികരാണ്.*

നാലു ദിവസം അവിടെ താമസിക്കുകയും തനിക്ക് പകരം തന്റെ വീട്ടിൽ നിർത്തിയിരുന്ന അലി വരാൻ കാത്തുനിൽക്കുകയും അദ്ദേഹം വന്ന ശേഷം പിന്നീട് ഖുബയിൽ നിന്ന് യസ്‌രിബിലെ നഗര പ്രദേശത്തേക്ക് യാത്രപോവുകയും ചെയ്തു. അനന്തരം യസ്‌രിബ് നിവാസികൾക്കിടയിലും മുസ്ലീങ്ങൾക്കിടയിലും നിരവധി സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

### 1. യസ്‌രിബ് എന്ന പേര് മദീന എന്നാക്കി മാറ്റി

പ്രവാചകനോടുള്ള ബഹുമാനാർഥം യസ്‌രിബിൽ ഉണ്ടായിരുന്ന ജനങ്ങൾ യസ്‌രിബിന്റെ പേര് മദീനത്തുൽ നബവി എന്നാക്കി മാറ്റി. ഹിജ്റാക്ക് ശേഷം പ്രവാചകന്റെ മക്കയിലുള്ള ജീവിതം അവസാനിക്കുകയും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ രണ്ടാം ഘട്ടമായ മദീന കാലഘട്ടം ആരംഭിക്കുകയും ചെയ്തു. മദീനത്തു നബവി ലോപിച്ചാണ് ഇന്നത്തെ മദീന എന്ന പേരായത്. പിന്നീട് മദീനയിൽ അദ്ദേഹം ഒരു പള്ളി നിർമിക്കുകയും ചെയ്തു.



ചിത്രം 4.1 മദീന പള്ളി

### 2. ഔസും ഖസ്രജും തമ്മിലുള്ള അനുരഞ്ജനം

മദീനയിലുണ്ടായിരുന്ന ഔസ്, ഖസ്രജ് എന്നീ രണ്ട് ഗോത്രങ്ങൾ കാലങ്ങളായി ബദ്ധവൈരികളായിരുന്നു. പ്രവാചകന്റെ തന്ത്രപരമായ ഇടപെടലിലൂടെ ഈ രണ്ട് ഗോത്രങ്ങൾക്കിടയിലുള്ള ശത്രുത അവസാനിപ്പിക്കാൻ കഴിഞ്ഞു. തുടർന്ന് അവരോട് സാഹോദര്യത്തോടെ ജീവിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. അവർ പ്രവാചകന്റെ തീരുമാനം അംഗീകരിക്കുകയും പരസ്പരശത്രുത അവസാനിപ്പിക്കുകയും ചെയ്തു.

### 3. അൻസാരികളും മുഹാജിറുകളും തമ്മിലുള്ള അനുരഞ്ജനം

മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ ചെയ്തവർ എന്ന അർഥത്തിൽ മക്കയിൽ നിന്ന് വന്ന മുസ്ലീങ്ങളെ മുഹാജിറുകൾ(ഹിജ്റ ചെയ്തവർ) എന്നുവിളിക്കപ്പെട്ടു. പ്രവാചകനും മക്കയിൽ നിന്ന് വന്നിട്ടുള്ള മുസ്ലീങ്ങൾക്കും അഭയവും സംരക്ഷണവും സർവ്വവിധ സഹായങ്ങളും നൽകിയ മദീനാവാസികളെ അൻസാരികൾ (സഹായികൾ) എന്നും വിളിക്കപ്പെട്ടു. വിശ്വാസത്തിന് വേണ്ടി എല്ലാം ഉപേക്ഷിച്ച് മക്കയിൽ നിന്നും മദീനയിലെത്തിയ മുഹാജിറുകൾക്ക് തങ്ങളുടെ എല്ലാ സ്വത്തുവകകളിൽ നിന്നും പകുതി നൽകാൻ ഓരോ അൻസാരിയും തയാറായി. സ്വഭാവത്തിലും ജീവിതരീതിയിലും പുരാതനകാലം തുടങ്ങി വ്യത്യസ്തത പുലർത്തിയിരുന്നവരായിരുന്നു മക്കയിലേയും മദീനയിലേയും ജനങ്ങൾ. അതുകൊണ്ട് മദീന കേന്ദ്രീകരിച്ച് സ്ഥാപിക്കുന്ന ക്ഷേമരാഷ്ട്രത്തിൽ മുഹാജിറുകളുടെയും അൻസാരികളുടെയും സൗഹൃദബന്ധം അത്യാവശ്യമാണെന്ന് മനസ്സിലാക്കി പ്രവാചകൻ ആഹ്വാനം ചെയ്ത കാര്യങ്ങൾ അവർ അംഗീകരിക്കുകയും ചെയ്തു.

### 4. സാർവ്വദേശീയ സാഹോദര്യ പ്രഖ്യാപനം

ഔസും ഖസ്രജും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കുകയും മുഹാജിറുകളും അൻസാരികളും തമ്മിലുള്ള സൗഹൃദബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്ത ശേഷം പ്രവാചകൻ മുഹമ്മദ് മദീന നിവാസികൾക്കിടയിലും മുഴുവൻ ലോക സാഹോദര്യത്തിന് ആഹ്വാനം നൽകി. ഒരു ക്ഷേമരാഷ്ട്രത്തിന്റെ നിലനിൽപ്പ് അതിന്റെ പൗരൻമാർക്കിടയിലെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് പ്രവാചകൻ മദീനാ നിവാസികളോട് ഉപദേശിച്ചു. എല്ലാവരെയും തന്റെ സഹോദരൻമാരായി കാണും വിധത്തിൽ വിശാലമനസ്സുള്ളവരായി തീരുവാൻ അദ്ദേഹം അഭ്യർഥിച്ചു. ലോക സാഹോദര്യമെന്ന ക്ഷേമരാഷ്ട്രത്തിന്റെ ആപ്തവാക്യം അറേബ്യയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയ ആശയമായിരുന്നു.

### 5. മദീനയിലെ ഇസ്ലാമിക ക്ഷേമ രാഷ്ട്രത്തിന്റെ രൂപീകരണം

മദീനയിലെ ജനങ്ങൾക്കിടയിൽ സൗഹൃദവും സാഹോദര്യവും പുന:സ്ഥാപിച്ച ശേഷം മദീന കേന്ദ്രമാക്കിക്കൊണ്ട് ഒരു ക്ഷേമ രാഷ്ട്രത്തിന് അദ്ദേഹം രൂപം നൽകി. പ്രവാചകനായിരുന്നു ഈ ക്ഷേമ രാഷ്ട്രത്തിന്റെ സാരഥി. ഇസ്ലാമിക

നിയമങ്ങൾക്ക് അനുസൃതമായിട്ടുള്ള ഭരണകൂടമായിരുന്നു മദീനയിൽ സ്ഥാപിച്ചത്. ഔസ്, ഖസ്രജ്, മുഹാജിറുകൾ, അൻസാരികൾ, ജൂതർ, ക്രിസ്ത്യൻ വിഭാഗങ്ങൾ തുടങ്ങി മദീനയിലെ മുഴുവൻ ജനങ്ങളേയും ഒരൊറ്റ സമൂഹമെന്ന നിലയിൽ പ്രവാചകൻ അഭിസംബോധന ചെയ്തിരുന്ന പേരാണ് അൽ-ഉമ്മത്ത്.

### 6. ജൂത-ക്രിസ്തീയവിഭാഗങ്ങളുമായുള്ള കരാർ

ഹിജ്റയെ തുടർന്ന് മദീനയിലെ ഭൂരിഭാഗം ആളുകളും ഇസ്ലാം സ്വീകരിച്ചിരുന്നുവെങ്കിലും ചില ക്രിസ്ത്യൻ ഗോത്രങ്ങളും ജൂതഗോത്രങ്ങളും ഇസ്ലാമിൽ നിന്ന് വിട്ട് നിന്നിരുന്നു. എന്നാൽ പ്രവാചകൻ ഇസ്ലാം മതം സ്വീകരിക്കാനോ മറ്റു മതപരിവർത്തനങ്ങൾക്കോ ഇവരെ നിർബന്ധിച്ചില്ല. പകരം ക്ഷേമരാഷ്ട്രത്തിന്റെ സമാധാനപൂർണമായ നിലനിൽപ്പിനായി പരസ്പരം ചില നിബന്ധനകൾ ഇസ്ലാമിക രാഷ്ട്രത്തിന്റെ സാരഥി എന്ന നിലയിൽ പ്രവാചകനും ഈ ജൂത ക്രിസ്തീയ ഗോത്രങ്ങൾ തമ്മിലും ഒപ്പുവയ്ക്കുകയുണ്ടായി.

### 7. സമത്വം


പുതിയതായി രൂപീകരിക്കപ്പെട്ട ക്ഷേമരാഷ്ട്രത്തിലെ അംഗങ്ങൾക്കിടയിൽ സമത്വം ഉറപ്പു വരുത്തുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പൗരാണിക കാലംമുതൽ അറേബ്യയിലെ ജനങ്ങൾക്കിടയിൽ നിലനിന്നിരുന്ന ഗോത്രത്തിന്റെയും വംശത്തിന്റെയും പേരിലുണ്ടായിരുന്ന വിഭാഗീയതകൾ പൂർണ്ണമായും നിർത്തലാക്കിക്കൊണ്ട് ഇസ്ലാമിക ഭരണത്തിൻകീഴിൽ ഏവരും തുല്യരാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

### 8. ഹിജ്റ വർഷത്തിന്റെ ആരംഭം

പ്രവാചകന്റെ ഹിജ്റയുടെ സ്മരാണാർഥമാണ് ഹിജ്റ കലണ്ടർ ആരംഭിച്ചത്. എന്നാൽ പ്രവാചകന്റെ ജീവിതകാലത്തിലൊരിക്കലും ഈ കലണ്ടർ സംവിധാനം ഏർപ്പെടുത്തിയിരുന്നില്ല. പ്രവാചകന്റെ മരണത്തിന് ശേഷം നിലവിൽ വന്ന പുതിയ ഖിലാഫത്ത് ഭരണ വ്യവസ്ഥയിലെ രണ്ടാം ഖലീഫയായിരുന്ന ഉമറിന്റെ കാലഘട്ടത്തിലായിരുന്നു ഹിജ്റ കലണ്ടർ നടപ്പിലാക്കിയത്. സൗരകലണ്ടർ പ്രകാരം എ.ഡി 622-ലാണ് ഹിജ്റ കലണ്ടറിന്റെ ആരംഭം. ചന്ദ്രന്റെ വൃദ്ധിക്ഷയത്തെ അടിസ്ഥാനമാക്കിയാണ് ഹിജ്റ കലണ്ടർ തയാറാക്കിയത്.

### 9. ക്ഷേമരാഷ്ട്രത്തിനൊരു പുതിയ നിയമാവലി - മദീനചാർട്ടർ (സഹീഫത്തുൽ മദീന)

മദീന കേന്ദ്രീകരിച്ച് സ്ഥാപിതമായ ക്ഷേമരാഷ്ട്രത്തിന്റെ പുതിയ ഒരു നിയമാവലി പ്രവാചകൻ പ്രഖ്യാപിച്ചു. ഇസ്ലാമിക ഭരണകൂടത്തിന്റെ ആദ്യത്തെ നിയസംഹിത എന്നറിയപ്പെടുന്ന പ്രസ്തുത നിയമാവലി അറബി ഭാഷയിൽ 'സ്വഹിഫത്തുൽ മദീന' എന്നാണ് അറിയപ്പെടുന്നത്. പുതിയ നിയമ സംഹിതയെ അംഗീകരിക്കാത്തവർക്കും ഒരേപോലെ അവകാശങ്ങളും ചുമതലകളും ഇതുവഴി നൽകപ്പെട്ടു.





ചിത്രം 4.2 മദീന

## മദീനചാർട്ടർ - പ്രധാന വ്യവസ്ഥകൾ

1. യസ്രിബ് നിവാസികളായ മുസ്ലീങ്ങളും(അൻസാർ, മുഹാജിർ) മറ്റു മദീന നിവാസികളും യസരിബിലെ മൂന്ന് ജൂതഗോത്രങ്ങളും തമ്മിൽ പ്രവാചകൻ മുഹമ്മദിന്റെ നേതൃത്വത്തിൽ തയാറാക്കിയ ഒരു ധാരണാപത്രം ആണ് മദീന ചാർട്ടർ എന്ന പേരിലറിയപ്പെടുന്നത്. ഇതുപ്രകാരം യസ്രിബ് നിവാസികൾ മുഴുവനും ഒറ്റ സമൂഹം (ഉമ്മത്ത്) എന്നറിയപ്പെട്ടു.
2. ഒരു യുദ്ധമുണ്ടായാൽ യുദ്ധതടവുകാരോട് ദയയോടെ പെരുമാറുകയും വിശ്വാസികൾക്കിടയിൽ നീതി(പ്രവാചക കാലഘട്ടത്തിന് മുൻപുള്ള ധനികരേയും ദരിദ്രരേയും വേർതിരിച്ച് കാണുന്ന രീതിക്ക് വിപരീതമായി) നടപ്പാക്കുകയും ചെയ്യും.
3. ഒരോഗോത്രത്തിനും അവർക്കിടയിൽ നിലവിലുള്ള രീതിയനുസരിച്ച് മോചനദ്രവ്യം (യുദ്ധത്തിൽ കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾക്ക് നഷ്ടപരിഹാരമായി നൽകുന്ന പണം) തീരുമാനിക്കാവുന്നതാണ്.

4. ഒരു വിശ്വാസി, മറ്റൊരു വിശ്വാസി സ്വതന്ത്രനാക്കപ്പെട്ട ആളുമായി ചേർന്ന് വേറെ ഒരു വിശ്വാസിക്കെതിരെ സഖ്യമുണ്ടാക്കരുത്.
5. അല്ലാഹുവിനെ ഭയപ്പെടുന്ന ഒരു സത്യവിശ്വാസി അക്രമം, അനീതി, പാപം, ശത്രുത, അഴിമതി തുടങ്ങിയവയിൽ നിന്നും വിട്ടുനിൽക്കുകയും ഇത് പ്രോത്സാഹിപ്പിക്കുന്ന വിശ്വാസികളെ എതിർക്കുകയും ചെയ്യുക.
6. ദൈവത്തിന്റെ പേരിൽ നൽകുന്ന സംരക്ഷണം തുല്യമായിരിക്കണം. ഏറ്റവും അശക്തനും അത് ലഭിച്ചിരിക്കണം. അത് എല്ലാ വിശ്വാസികളെയും ഒന്നിപ്പിക്കാൻ ഉതകുന്നതുമാകണം.
7. സത്യവിശ്വാസികളെ പിന്തുടരുന്ന ജൂതവിഭാഗങ്ങളെ സഹായിക്കുകയും അവരെ സമന്മാരായി പരിഗണിക്കുകയും ചെയ്യും. (സാമൂഹികവും, നിയമപരവും സാമ്പത്തികവുമായ സമത്വം ഇത്തരം പൗരന്മാർക്കും ഉറപ്പു നൽകും).
8. ഒരു ജൂതനെ ഒരിക്കലും അയാൾ ഒരു ജൂതനായത് കൊണ്ട് മാത്രം തെറ്റിദ്ധരിക്കരുത്.
9. നമ്മെ പിൻതുടരുന്ന ഒരു ജൂതന്റെ ശത്രുവിനെ ഒരിക്കലും സഹായിക്കരുത്.
10. മദീനയിലെ വിശ്വാസികൾക്കിടയിൽ സമാധാനം വിഭജിക്കപ്പെടരുത്. യുദ്ധത്തിന്റെയോ സമാധാനത്തിന്റെയോ പേരിൽ പൗരന്മാർക്കിടയിൽ വിഭജനം അരുത്.
11. ഒരു യുദ്ധയാത്രക്കൊരുങ്ങുമ്പോൾ അശ്വാരൂഢനായിരിക്കുന്ന ആൾ സൈന്യത്തിലെ സഹയാത്രികരുമായി സവാരി പങ്കുവെക്കുണം.
12. ഈ പറഞ്ഞ പ്രമാണങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിങ്ങൾക്ക് വിയോജിപ്പ് ഉണ്ടെങ്കിൽ അത് ദൈവത്തിലേക്കും പ്രവാചകനിലേക്കും വിടുക.
13. സത്യവിശ്വാസികൾക്കൊപ്പം നിന്ന് യുദ്ധം ചെയ്യുമ്പോൾ ജൂതന്മാരും യുദ്ധത്തിന്റെ ചിലവിലേക്ക് സംഭാവന ചെയ്യണം.
14. ബനൂ ഔസ് വിഭാഗത്തിൽപ്പെട്ട ജൂതന്മാരെ വിശ്വാസികൾക്കൊപ്പം ഒരേ സമുദായമായി കണക്കാക്കും. ജൂതർക്ക് അവരുടേതായ മതമുണ്ട്. ഇത് അവർ സ്വതന്ത്രരാക്കപ്പെട്ടവർക്കും ബാധകമാണ്. അനീതിയും പാപവും ചെയ്യുന്നവന് ഇത് ബാധകമല്ല. ഇത്തരത്തിൽ അവനെയും അവന്റെ കുടുംബത്തെയും തെറ്റായി നയിക്കപ്പെടുകയാണ് ചെയ്യുന്നത്.
15. വിശ്വസ്തനെ അഥവാ കൂറുകാണിക്കുന്നവനെ വിശ്വാസവഞ്ചനയിൽ നിന്നും രക്ഷിക്കും.വിശ്വാസവഞ്ചനയിൽ നിന്നും സുഹൃത്തുക്കൾ വിശ്വസ്തനെ രക്ഷിക്കും. ഒരാൾ രാഷ്ട്രത്തോട് എത്രകാലം കൂറ് കാണിക്കുന്നുവോ അത്രയും കാലം അയാൾ വിശ്വാസവഞ്ചനയ്ക്ക് വഴിപ്പെടില്ല. തന്റെ പരിമിതികൾക്കുള്ളിലും അയാൾ സ്വയം സംരക്ഷിക്കപ്പെടും.
16. ജൂതന്മാരുമായി സഖ്യത്തിലുള്ളവർക്കും ജൂതൻമാർക്ക് നൽകുന്ന അതേ പരിഗണന നൽകുന്നതായിരിക്കും.
17. പ്രവാചകന്റെ അനുവാദമില്ലാതെ ഒരാളും യുദ്ധത്തിന് പുറപ്പെടരുത്. അങ്ങനെ ഏതെങ്കിലും വ്യക്തിക്കൊ ഗ്രൂപ്പിനൊ എന്തെങ്കിലും രീതിയിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചാൽ തീർച്ചയായും പ്രതികാര നടപടികൾക്ക് വിധേയരാകും.

18. ഒരാളും അയാളുടെ സഖ്യത്തിലേർപ്പെട്ടവരെ ദുഷ്പ്രവൃത്തിയിലേക്ക് നയിക്കരുത്.
19. ഈ ഉടമ്പടി അംഗീകരിക്കുന്ന വ്യക്തികൾ യസ്രിബിനെതിരെ വരുന്ന എല്ലാ ആക്രമണങ്ങളേയും നേരിടുന്നതിനായി പരസ്പരം സഹായിക്കാൻ ബാധ്യസ്ഥരാണ്.
20. ഈ ഉടമ്പടിയിൽപ്പെട്ട മുഴുവൻ പേർക്കും യസ്രിബ് ഒരു അഭയസ്ഥാനമായിരിക്കും.
21. ഈ സന്ധിയിൽ ഉൾപ്പെട്ട ഒരാൾ അപരിചിതന് സംരക്ഷണം നൽകുകയാണെങ്കിൽ അയാൾ തെറ്റുകുറ്റങ്ങൾ ഒന്നും ചെയ്യാത്തിടത്തോളം അയാളെ അതിഥിയായി കണക്കാക്കും. എന്നാൽ അയാൾ രാഷ്ട്രവിരുദ്ധ പ്രവൃത്തിയിൽ മുഴുകിയാൽ തീർച്ചയായും ശിക്ഷിക്കപ്പെടുന്നതായിരിക്കും.
22. സ്ത്രീകൾക്ക് അവരുടെ രക്ഷിതാവിന്റെ സമ്മതപ്രകാരം മാത്രമെ സംരക്ഷണം നൽകുകയുള്ളൂ.(ഗോത്രങ്ങൾക്കിടയിൽ ഉണ്ടായേക്കാവുന്ന ഏറ്റുമുട്ടൽ ഒഴിവാക്കാൻ വേണ്ടിയാണിത്).
23. ഈ നിയമപ്രകാരം ഒരിക്കലും അനീതിയെയോ അതിലേർപ്പെടുന്നവരെയോ സംരക്ഷിക്കപ്പെടുന്നതല്ല.



മദീന ചാർട്ടർ ഭരണഘടനയുടെ ഒരു പ്രാഥമിക രൂപമായിരുന്നു ചർച്ച ചെയ്യുക.

സഹായികൾ എന്ന അർഥത്തിൽ മദീന നിവാസികളെ അൻസാരികൾ എന്നാണ് വിളിച്ചിരുന്നത്. ചർച്ചചെയ്യുക.

പ്രവാചകൻ നടത്തിയ യുദ്ധങ്ങൾ പ്രതിരോധനാത്മകമായിരുന്നു. ക്ലാസ്റൂം സംവാദം സംഘടിപ്പിക്കുക.


## ബദർ യുദ്ധം

പ്രവാചകൻ മുഹമ്മദും അനുയായികളും ഖുറൈശികളുമായി ആദ്യമായി ഏറ്റുമുട്ടുന്ന യുദ്ധമാണ് ബദർ യുദ്ധം. എ.ഡി 624-ൽ (ഹിജ്റ രണ്ടാം വർഷം) ആണ് ബദർ യുദ്ധം നടക്കുന്നത്. ഇസ്ലാമിക ഭരണകൂടത്തിന്റെ ഗതി നിർണയിക്കുന്നതിൽ നിർണായക പങ്കു വഹിച്ച യുദ്ധമായിരുന്നു ഇത്.

മക്കയിലുണ്ടായിരുന്ന ഖുറൈശികൾ അടക്കമുള്ള ഗോത്രവിഭാഗങ്ങൾക്ക് ഇസ്ലാമിന്റെ വളർച്ചയോടുള്ള ശത്രുതയായിരുന്നു ബദർ യുദ്ധത്തിലേക്കെത്തിച്ചത്. മദീനയിലുള്ള ഇസ്ലാമിക ഭരണകൂടത്തെ ആക്രമിക്കുന്നതിനുള്ള അവസരം പ്രതീക്ഷിച്ചിരുന്ന മക്കയിലെ ശത്രുക്കൾക്ക് സിറിയയിൽ നിന്ന് തിരിച്ചു വരുന്ന കച്ചവട സംഘത്തിലൂടത് ലഭിച്ചു. മക്കയിലെ ഗോത്രങ്ങൾ പ്രധാനമായും കച്ചവടാവശ്യാർഥം പോയിരുന്നത് സിറിയയിലേക്കായിരുന്നു. മക്കയിൽ നിന്ന് വലിയൊരു സാർഥവാഹക സംഘം ഖുറൈഷി പ്രമാണിമാരുടേതടക്കം കച്ചവട ചരക്കുകൾ വഹിച്ചുകൊണ്ട് സിറിയയിലേക്ക് പോയിരുന്നു. ദീർഘനാളുകൾക്ക് ശേഷം വലിയ ലാഭവുമായി അവർ മക്കയിലേക്ക് മടക്കയാത്രപുറപ്പെട്ടു. മദീനയിൽ പുതുതായി പ്രവാചകൻ മുഹമ്മദിന്റെ കീഴിൽ രൂപീകരിച്ച ഇസ്ലാമിക ഭരണകൂടത്തിന്റെ അതിർത്തിയിലൂടെയായിരുന്നു മക്കയിലേക്കുള്ള കച്ചവടപ്പാത തിരിച്ചുവരവ്.

സിറിയയിൽ നിന്ന് മടക്കയാത്രപുറപ്പെട്ട കച്ചവടസംഘം മദീനയുടെ അതിർത്തിയിലെത്തിയപ്പോൾ അതിർത്തിയിൽ ചില മുസ്ലീം സൈനികരെ കാണാനിടയായി.

തങ്ങളുടെ കച്ചവടമുതലുകൾ പിടിച്ചടക്കാനായ് നിയോഗിച്ച സൈനികരാണിവരെന്ന് കച്ചവടസംഘം തെറ്റിദ്ധരിക്കുകയും ആ സന്ദേശം മക്കയിലെ ഖുറൈശികളെ അറിയിക്കുകയും ചെയ്തു. എന്നാൽ മക്കയുടെയും മദീനയുടെയും അതിർത്തിയിലുള്ള മദീന വാസികൾക്ക് മക്കയുടെ ശത്രുക്കളിൽ നിന്ന് സംരക്ഷണം നൽകാൻ വേണ്ടി പ്രവാചകൻ നിയോഗിച്ച സൈനികരായിരുന്നു അവർ. പക്ഷെ, തങ്ങളുടെ കച്ചവട വിഹിതവുമായി തിരിച്ചുവരുന്ന ആളുകളെ ആക്രമിക്കാൻ നിൽക്കുന്ന സൈനികരായി അവരെ ഖുറൈശികൾ തെറ്റിദ്ധരിക്കുകയും യുദ്ധത്തിന് തയാറെടുക്കുകയും ചെയ്തു. ആയിരം പേരടങ്ങുന്ന സൈന്യവുമായി അബൂജഹലിന്റെ കീഴിൽ വലിയൊരു ഖുറൈശി സൈന്യം മക്കയുടെയും മദീനയുടെയും അതിർത്തിയിലുള്ള ബദർ എന്ന സ്ഥലത്ത് തമ്പടിച്ചു.



ചിത്രം 4.3 ബദർ യുദ്ധഭൂമി

യുദ്ധസന്നാഹവുമായി മക്കയുടെ അതിർത്തിയിൽ ഖുറൈശികൾ എത്തിയ വിവരം വളരെ വൈകിയാണ് പ്രവാചകൻ അറിഞ്ഞത്. മുസ്‌ലിമുകളുടെ അതിർത്തി സംരക്ഷണ സേനയാണെന്ന് മനസ്സിലാക്കിയിട്ടു കൂടി തിരിച്ചുപോകാതെ യുദ്ധത്തിന് തയാറെടുത്ത് നിൽക്കുന്ന ഖുറൈഷികൾക്കെതിരെ പ്രത്യാക്രമണം നടത്തേണ്ടത് ഇസ്‌ലാമിക ഭരണകൂടത്തിന്റെ സംരക്ഷണത്തിന് ആവശ്യമാണെന്ന ദ്ദേഹം മനസ്സിലാക്കി. 313 പേരടങ്ങുന്ന മുസ്‌ലീം സൈന്യവുമായി മദീനയിൽ നിന്ന് 80 മൈൽ അകലെയുള്ള ബദറിലേക്ക് പ്രവാചകൻ പുറപ്പെട്ടു. തങ്ങളെക്കാൾ മൂന്നിരട്ടി ആൾബലവും സൈനികശക്തിയുമുള്ള ഖുറൈഷികളുമായി മുസ്‌ലീം സേന ഏറ്റുമുട്ടുകയും ഖുറൈശികളെ പരാജയപ്പെടുത്തുകയും ചെയ്തു.

ഖുറൈശികളുടെ ഭാഗത്തു നിന്നും 70 ഉം മുസ്ലീങ്ങളുടെ ഭാഗത്ത് നിന്നും 14 ഉം പേർ ഈ യുദ്ധത്തിൽ മരണം വരിച്ചു. യുദ്ധാനന്തരം കീഴടങ്ങിയ ഖുറൈഷിയോദ്ധാക്കളോട് വളരെ നല്ല രീതിയിലായിരുന്നു ഇസ്ലാമിക ഭരണകൂടം പെരുമാറിയത്. പിടിക്കപ്പെട്ടവരിൽ എഴുത്തും വായനയും അറിയുന്നവർ മദീന വാസികൾക്ക് വിദ്യ അഭ്യസിപ്പിക്കുന്നതിന് നിയമിതരായി, കാലക്രമേണ ഇവരെ സ്വതന്ത്രരാക്കാമെന്നും പ്രവാചകൻ ഉറപ്പു നൽകി.

## ബദർ യുദ്ധത്തിന്റെ അനന്തരഫലങ്ങൾ


ഇസ്ലാമിക ചരിത്രത്തിൽ വളരെ നിർണ്ണായകമായ ഒരു യുദ്ധമായിരുന്നു ബദർ യുദ്ധം.

- ബദർ യുദ്ധം മുസ്ലീങ്ങൾക്കും ഇസ്ലാമിക ഭരണകൂടത്തിനും മാനസികവും ശാരീരികവുമായ ശക്തിയും ആത്മവിശ്വാസവും നൽകുകയുണ്ടായി.
- ഖുറൈശികളെ സംബന്ധിച്ചിടത്തോളം സമൂഹത്തിൽ അവർക്ക് കിട്ടിയിരുന്ന സ്ഥാനവും പദവിയും കുറയാനിടയായി.
- മദീനയിലെ ഇസ്ലാമിക ഭരണകൂടത്തോട് പ്രത്യക്ഷത്തിൽ യുദ്ധത്തിൽ ഏർപ്പെടാനോ ശത്രുതാനിലപാട് സ്വീകരിക്കാനോ അറേബ്യയിലെ മറ്റു ഗോത്രങ്ങൾ ഭയപ്പെട്ടു.
- ബദർ യുദ്ധത്തിൽ തങ്ങളെക്കാൾ മൂന്ന് ഇരട്ടിയുള്ള സൈന്യത്തെയാണ് യുദ്ധ പരിചയം തീരെ കുറഞ്ഞ മുസ്ലീങ്ങൾ പരാജയപ്പെടുത്തിയത്. ഉറച്ച ലക്ഷ്യ ബോധവും ആത്മവിശ്വാസവും ഉണ്ടെങ്കിൽ ഏത് പ്രതിസന്ധിയെയും മറികടക്കാമെന്ന് ഇതിലൂടെ അവർ തെളിയിച്ചു.
- നിലനിൽപ്പിനും പ്രതിരോധത്തിനും വേണ്ടിയുള്ള യുദ്ധമായിരുന്നു, മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ബദർ യുദ്ധം. ഈ യുദ്ധത്തിൽ വിജയിക്കേണ്ടത് അവർക്ക് അനിവാര്യമായിരുന്നു. മുസ്ലീങ്ങൾ ഈ യുദ്ധത്തിൽ പരാജയപ്പെട്ടിരുന്നെങ്കിൽ ഇസ്ലാം ഈ ലോകത്ത് നിന്നുതന്നെ ഒരു പക്ഷെ എന്നെന്നേക്കുമായി ഇല്ലാതാകുമായിരുന്നു.
- യുദ്ധാനന്തരം ഒരു രാജ്യത്തിന്റെ ഭരണാധികാരി എന്ന നിലയിൽ പ്രവാചകൻ മുഹമ്മദിന്റെ പ്രശസ്തി വർധിച്ചു.




ചിത്രം 4.4 ബദർ യുദ്ധഗതി

## ഉഹ്ദ് യുദ്ധം (625 എ.ഡി)




ചിത്രം 4.5 ഉഹ്ദ് യുദ്ധഭൂമി

മുസ്ലീങ്ങൾ ഖുറൈഷികളുമായി നടത്തിയ രണ്ടാമത്തെ യുദ്ധമാണ് ഉഹദ് യുദ്ധം. എ.ഡി 625-ൽ മക്കയുടെയും മദീനയുടെയും അതിർത്തിയിലുള്ള ഉഹദ് മല നിരകളുടെ താഴ്വരയിൽ വച്ചാണ് ഈ യുദ്ധം നടക്കുന്നത്. ഉഹദ് യുദ്ധത്തിന്റെ പ്രധാന കാരണം ബദറിൽ ഖുറൈഷികൾക്ക് സംഭവിച്ച പരാജയമായിരുന്നു. അഭിമാനക്ഷതം സംഭവിച്ച ഖുറൈഷികൾ അബൂസുഫിയാന്റെ നേതൃത്വത്തിൽ മൂവായിരംപേരടങ്ങുന്ന സൈന്യവുമായി അടുത്ത വർഷം തന്നെ മദീനയുടെ അതിർത്തിയിലെത്തി.

ഇതറിഞ്ഞ് ഖുറൈഷി സൈന്യത്തിൽ നിന്നും മദീനയെ പ്രതിരോധിക്കാൻ വേണ്ടി ആയിരം പേരടങ്ങുന്ന സൈന്യവുമായി പ്രവാചകനും അതിർത്തിയിലെത്തി. എന്നാൽ വഴി മധ്യേ അബ്ദുല്ല ഇബ്നു ഉബയ്യിന്റെ കീഴിൽ മുന്നൂറു പേർ മുസ്ലീം സൈന്യത്തിൽ നിന്ന് പിൻവാങ്ങി മദീനയിലേക്ക് തിരിച്ചുപോയി. ബാക്കി ഉണ്ടായിരുന്ന എഴുന്നൂറ് പേരിൽ നിന്നും അമ്പത് പേരെ അബ്ദുല്ല ഇബ്നു ജാബിറിന്റെ കീഴിൽ ഉഹ്ദ് മലമുകളിൽ നിൽക്കാനാവശ്യപ്പെട്ടു. ഉഹദ് മലനിരകളുടെ നാല് വശവും വീക്ഷിക്കാനും പിന്നിൽ നിന്ന് സൈനിക ആക്രമണം തടയുന്നതിനും വേണ്ടിയായിരുന്നു ഇവരെ നിർത്തിയത്.

യുദ്ധത്തിൽ ആദ്യം വിജയത്തോടടുത്തത് മുസ്ലീങ്ങളായിരുന്നു. ഇത് മനസ്സിലാക്കിയ ഖുറൈശി സൈന്യം യുദ്ധഭൂമിയിൽ നിന്ന് ഓടി രക്ഷപ്പെടാൻ തുടങ്ങി. വിജയത്തോടടുത്ത മുസ്ലീം സൈന്യം ഖുറൈഷികളുടെ ക്യാമ്പിൽ അവശേഷിച്ചിട്ടുള്ള യുദ്ധമുതലുകൾ കൈക്കലാക്കാനുള്ള തിക്കിലും തിരക്കിലും ഏർപ്പെട്ടു. ഉഹ്ദ് മലയുടെ മുകളിൽ നിർത്തിയിരുന്ന അമ്പത് പേരടങ്ങുന്ന സൈന്യം ഇത് കാണുകയും താഴെ ഇറങ്ങി അതിൽ പങ്കുചേർന്നില്ലെങ്കിൽ തങ്ങൾക്ക് വിഹിതം നഷ്ടമാകുമോ എന്ന് ഭയന്ന് യുദ്ധനേതാവായ പ്രവാചകന്റെ അനുവാദം കാത്തു നിൽക്കാതെ തന്നെ താഴേക്കിറങ്ങി ഖുറൈശി ക്യാമ്പുകളിലെത്തുകയും ചെയ്തു. ഇവരെ മുകളിൽ നിർത്തിയ സമയത്ത് ഏതൊരവസ്ഥയിലും താഴെ എന്തുതന്നെ നടന്നാലും എന്റെ അനുവാദം കിട്ടാതെ നിങ്ങൾ താഴേക്ക് വരരുതെന്ന് പ്രവാചകൻ കർശനമായി നിർദ്ദേശിച്ചിരുന്നു.

സേനാനായകനെന്ന നിലയിൽ പ്രവാചകൻ മുഹമ്മദിന്റെ നിർദ്ദേശത്തിന് വിരുദ്ധമായിട്ടായിരുന്നു അവർ താഴേക്ക് വന്നത്. യുദ്ധമുഖത്ത് നിന്നും പിന്തിരിഞ്ഞോടിയ ഖുറൈശി സൈന്യം മലമുകളിലെ മുസ്ലീം സൈന്യം താഴേക്കിറങ്ങി വരുന്നത് വീക്ഷിക്കുകയും ഈ സന്ദർഭം മുസ്ലീങ്ങൾക്കെതിരെ തിരിച്ചടിക്കാൻ അനുയോജ്യമാണ് എന്ന് മനസ്സിലാക്കി ഖാലിദ് ഇബ്നു വലീദിന്റെ നേതൃത്വത്തിൽ സൈന്യത്തെ സജ്ജമാക്കുകയും തുടർന്ന് ശക്തമായ ആക്രമണം ഖുറൈശികൾ നടത്തുകയും ചെയ്തു. അപ്രതീക്ഷിതമായ ഈ ആക്രമണം തടയാൻ മുസ്ലീം സൈന്യത്തിനായില്ല. മസ്ലീം സൈന്യം പെട്ടെന്ന് തന്നെ ശിഥിലമാവുകയും വളരെ അപ്രതീക്ഷതമായ ഈ ആക്രമണത്തിൽ പ്രവാചകന് മുറിവേൽക്കുകയും ചെയ്തു.

മുസ്ലീം സൈന്യത്തിന് നേരെ ക്രൂരമായ അക്രമണമായിരുന്നു ഖുറൈശികൾ നടത്തിയത്. പ്രവാചകന്റെ പിതൃവ്യനായ ഹംസയെ അബൂസഫിയാന്റെ പത്നിയായിരുന്ന ഹിന്ദ് ഈ യുദ്ധത്തിൽ വധിക്കുകയും ചെയ്തു.

## ഉഹ്ദ് യുദ്ധത്തിന്റെ അനന്തരഫലങ്ങൾ

- ഉഹ്ദ് യുദ്ധത്തിൽ മുസ്‌ലിമുകൾക്കോ ഖുറൈശികൾക്കോ വിജയമുണ്ടായില്ല.
- രണ്ടുഭാഗത്തും നിരവധി നാശനഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി.
- യുദ്ധത്തിൽ ആദ്യവിജയം മുസ്ലീങ്ങൾക്ക് അനുകൂലമായിരുന്നെങ്കിലും പൂർണ്ണമായും വിജയം കൈവരിക്കുന്നതിന് മുൻപ് മുസ്‌ലിം സൈന്യത്തിന്റെ ഇടയിൽ ധനമോഹമുണ്ടായത് പരാജയത്തിന് കാരണമായി.
- യുദ്ധമുണ്ടാകുന്ന വേളയിൽ യുദ്ധം തീരുന്നതുവരെ എന്തുതന്നെ സംഭവിച്ചാലും സേനാനായകന്റെ കൽപ്പനകൾക്ക് വിരുദ്ധമായി ഒന്നും പ്രവർത്തിക്കരുതെന്ന പാഠം ഈ യുദ്ധത്തോടെ മുസ്‌ലിമുകൾക്ക് മനസ്സിലാക്കാൻ സാധിച്ചു.
- ശത്രുസൈന്യം പൂർണ്ണമായും പരാജയപ്പെട്ടതിന് ശേഷമല്ലാതെ വിജയം ഉറപ്പാക്കരുതെന്ന പാഠവും ഇതിലൂടെ ലഭിക്കുകയുണ്ടായി.

### ജിഹാദ് (സമരം)

ദൈവമാർഗത്തിൽ നടത്തുന്ന പോരാട്ടം എന്നതാണ് ജിഹാദ് എന്ന പദംകൊണ്ട് അർഥമാക്കുന്നത്. ദൈവത്തിന്റെ വഴിയിൽ പ്രയത്നിക്കുക അല്ലെങ്കിൽ പോരാടുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ജിഹാദിനെ ജഹാദുൽ അക്ബർ (വലിയ പോരാട്ടങ്ങൾ), ജിഹാദുൽ അസ്ഗർ (ചെറിയ പോരാട്ടങ്ങൾ) എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ജിഹാദുൽ അക്ബർ വ്യക്തിയെ സ്വയം എല്ലാ തിന്മകളിൽ നിന്നും ശുദ്ധീകരിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ജിഹാദുൽ അസ്ഗർ എന്നത് വ്യക്തിപരമായോ കൂട്ടമായോ ഇസ്ലാമിനെ പ്രതിരോധിക്കാൻ വേണ്ടിയുള്ളതാണ്. അത് തീവ്രവാദമോ ആക്രമണസ്വഭാവമുള്ള യുദ്ധമോ അല്ല.

## ജൂതന്മാരും പ്രവാചകന്മാരും

യസ്‌രിബ് കേന്ദ്രീകരിച്ച് നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ ജീവിച്ചിരുന്നവരാണ് ജൂതന്മാർ. പിന്നീടാണ് ഔസ്, ഖസ്‌റിജ് ഗോത്രങ്ങൾ യസ്‌രിബിൽ സ്ഥിരവാസികളാകുന്നത്. യസ്‌രിബ് നിവാസികൾക്കിടയിൽ സാമ്പത്തികമായും സാമൂഹികമായും മുൻപന്തിയിൽ നിൽക്കുന്നവരായിരുന്നു ജൂതന്മാർ. ഔസ്, ഖസ്‌രജ് ഗോത്രങ്ങളുടെ പിന്തുണയോടെ പ്രവാചകൻ ഹിജ്റാനന്തരം മദീനയിൽ ഒരു ഇസ്ലാമിക ഭരണകൂടം സ്ഥാപിച്ചു.


ഒരു ക്ഷേമരാഷ്ട്രസംസ്ഥാപനത്തിന്റെ ഭാഗമായി പ്രവാചകൻ മദീനയിലെ മുഴുവൻ ജനങ്ങളേയും സമൻമാരായി കാണുകയും വിശിഷ്യാ ജൂതർമാരേയും ക്രിസ്ത്യാനികളേയും ഉൾപ്പെടുത്തികൊണ്ട് നയതന്ത്ര കരാറുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. യസ്രിബിലെ പ്രമുഖ ജൂതഗോത്രമായ ബനു-ഖൈനുക്കയും നേതാവായ അബ്ദുള്ള ഇബ്ന് ഉബയ്യ് മദീനയുടെ അധികാരിയാകാൻ ആഗ്രഹിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ആഗ്രഹത്തിനും തീരുമാനത്തിനും വിരുദ്ധമായിട്ടായിരുന്നു പ്രവാചകന്റെ കീഴിലുള്ള ഇസ്‌ലാമിക ഭരണകൂടം സ്ഥാപിതമായത്. തികച്ചും ഇസ്ലാമിക ഭരണകൂടത്തിനെതിരായിരുന്നുവെങ്കിലും ജൂതന്മാർ തങ്ങളുടെ നിലനിൽപിനുവേണ്ടി മാത്രമാണ് പ്രവാചകനുമായി കരാറിലേർപ്പെട്ടത്. ഇവർ പ്രവാചകന്റെയും മുസ്ലീങ്ങളുടെയും മുൻപാകെ ഇസ്‌ലാമിൽ വിശ്വസിക്കുന്നവരായി നടിക്കുകയും എന്നാൽ യഥാർഥത്തിൽ അതിന് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഇത്തരം വിശ്വാസികളെ മുഖ്യധാര ഇസ്‌ലാമിക സമൂഹം മുനാഫിക്കുകൾ എന്നു വിളിച്ചു. മദീനയിലെ പ്രധാനപ്പെട്ട ജൂതഗോത്രങ്ങളായിരുന്നു ബനൂഖൈനുഖാക്ക്, ബനൂ നാദിർ, ബനൂ ഖുറൈദ തുടങ്ങിയവ. ബദർ യുദ്ധത്തിൽ മുസ്ലീങ്ങൾ വിജയിച്ചതോടെ ജൂതവിഭാഗത്തിന്റെ ശത്രുത വർധിച്ചു. പ്രവാചകനും മുസ്ലീങ്ങളും അറിയാതെ അവർ സഖ്യത്തിലായി. ഖുറൈശികളെ സഹായിക്കാൻ വേണ്ടിയായിരുന്നു ഉഹ്ദ് യുദ്ധത്തിൽ നിന്ന് അബ്ദുള്ള ഇബ്നു ഉബയ്യും മുന്നൂറ് ജൂതന്മാരും പിൻവാങ്ങിയത്. ഉഹ്ദ് യുദ്ധാനന്തരം അബ്ദുള്ള ഇബ്നു ഉബയ്യിനെതിരെ ശിക്ഷാനടപടികളെടുക്കാൻ പ്രവാചകൻ മുഹമ്മദ് തീരുമാനിച്ചു. കാരണം പ്രവാചകനുമായി ഏർപ്പെട്ട കരാർ ലംഘിച്ചുകൊണ്ടായിരുന്നു അവർ പരോക്ഷമായി ഖുറൈശികളെ സഹായിച്ചത്. തുടർന്ന് ഉബയ്യിനെയും അദ്ദേഹത്തിന്റെ ബനൂ ഖൈനൂക ഗോത്രത്തെയും മദീനയുടെ അതിർത്തിയിലുള്ള ഖൈബർ എന്ന സ്ഥലത്തേക്ക് നാടുകടത്തി. പിന്നീട് ബനൂ നാദിർ ഗോത്രവും ഉബയ്യിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഖൈബറിലേക്ക് പോയി. ഖൈബർ കേന്ദ്രീകരിച്ച് ഖുറൈഷികളുടെ സഹായത്തോടെ ഇസ്‌ലാമിക ഭരണകൂടത്തിനെതിരെ അവർ പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

## ഖന്തക്ക് യുദ്ധം/അഹ്സാബ്. എ.ഡി 627

ഖൈബർ കേന്ദ്രീകരിച്ച് ബനൂ നാദിർ, ബനു ഖൈനുഖാ ഗോത്രങ്ങൾ ഖുറൈഷികളുടെ സഹായത്തോടെ മുസ്‌ലിമുകൾക്കെതിരെ യുദ്ധസന്നാഹങ്ങളൊരുക്കി. അബൂസുഫിയാന്റെ കീഴിൽ അയ്യായിരം പേരടങ്ങുന്ന ജൂത-ഖുറൈശി സംയുക്ത സേന തയാറായി. ഇവരെ നേരിടാൻ മൂവായിരം പേരടങ്ങുന്ന സൈന്യത്തെ പ്രവാചകനും തയാറാക്കി. ശത്രുസേനയെ നേരിടുന്നതിന് പകരം മദീനയ്ക്ക് ചുറ്റും കിടങ്ങ് കുഴിച്ചുകൊണ്ട് ശത്രുക്കൾ മദീനയിൽ പ്രവേശിക്കാത്ത വിധത്തിൽ ഉപരോധമേർപ്പെടുത്താൻ പേർഷ്യൻ വംശജനായ സൈനികൻ സൽമാനുൽ ഫാരിസി പ്രവാചകനോട് അഭിപ്രായപ്പെട്ടു.

സൽമാനുൽ ഫാരിസിയുടെ അഭിപ്രായം മാനിച്ചുകൊണ്ട് മദീനയ്ക്ക് ചുറ്റും വലിയൊരു കിടങ്ങ് മുസ്ലീങ്ങൾ നിർമിക്കുകയുണ്ടായി. മദീനയിൽ പ്രവേശിക്കാൻ കഴിയാതെ ഒരു മാസം അതിനു ചുറ്റും തമ്പടിച്ച് ഖുറൈശികൾ പിന്നീട് തിരിച്ചുപോയി.

ഖന്തക്ക് യുദ്ധവേളയിൽ മുസ്ലീം സേനയോടൊപ്പം ചേരാത്ത മദീനയിലുണ്ടായിരുന്ന ബനൂ ഖുറൈദ ജൂതഗോത്രം യുദ്ധത്തിൽ പങ്കെടുക്കാതെ വിട്ടുനിന്നുകൊണ്ട് പരോക്ഷമായി ശത്രുക്കളെ സഹായിക്കുകയുമുണ്ടായി. യുദ്ധാനന്തരം ഇവർക്കെതിരെയും പ്രവാചകൻ സൈനിക നടപടികൾ സ്വീകരിക്കുകയും അവരെ കീഴടക്കുകയും ചെയ്തു.




ചിത്രം 4.6 അഹ്സാബ് യുദ്ധഭൂമി



പ്രവാചകൻ നടത്തിയ യുദ്ധങ്ങൾ പ്രതിരോധനാത്മകമായിരുന്നു. ക്ലാസ് റൂം സംവാദം സംഘടിപ്പിക്കുക

## ഹുദൈബിയ സന്ധി (എ.ഡി.628)

എ.ഡി.628-ൽ മക്കയിലെ ഖുറൈശികളും പ്രവാചൻ മുഹമ്മദും തമ്മിൽ ഏർപ്പെട്ട ഒരു പ്രധാന നയതന്ത്ര കരാറാണ് ഹുദൈബിയ സന്ധി. മക്കയുടെയും മദീനയുടെയും അതിർത്തിയിലുള്ള ഹുദൈബിയ എന്ന സ്ഥലത്ത് വച്ച് ഈ സന്ധിയിലേർപ്പെട്ടതിനാലാണ് പ്രസ്തുത സന്ധിക്ക് ഈ പേരുവന്നത്. പ്രത്യക്ഷത്തിൽ ഈ കരാറിലെ നിബന്ധനകളെല്ലാംതന്നെ മുസ്ലീങ്ങൾക്കെതിരായി തോന്നാമെ

ങ്കിലും പിൻക്കാലത്ത് ഇസ്ലാമിന്റെ വളർച്ചയേയും വികാസത്തെയും വളരെയധികം സ്വാധീനിച്ച ഒന്നായി ഈ ഉടമ്പടി മാറി.



ചിത്രം 4.7 ഹുദൈബിയ

ഖന്തക്ക് യുദ്ധാനന്തരം മുസ്ലീങ്ങൾ മക്കയിൽ പോയി ഹജ്ജ് നിർവഹിക്കാനുള്ള ആഗ്രഹം ഭരണാധികാരിയായ പ്രവാചകനെ അറിയിച്ചു. തന്റെ അനുയായികളുടെ ആഗ്രഹം സഫലീകരിക്കാൻ തീരുമാനിച്ചുകൊണ്ട് ആയിരത്തിനാനൂറോളം പേരടങ്ങുന്ന തീർത്ഥാടകരുമായി പ്രവാചകൻ മദീനയിൽ നിന്നും മക്കയിലേക്ക് പുറപ്പെട്ടു. എന്നാൽ ഈ തീർത്ഥാടകസംഘത്തെ യുദ്ധം ചെയ്യാൻ വരുന്നവരായി ഖുറൈശികൾ തെറ്റിദ്ധരിക്കുകയും അവരെ തടയുകയും ചെയ്തു. ഹജ്ജ് നിർവഹിക്കുക മാത്രമാണ് തങ്ങളുടെ ഉദ്ദേശമെന്നറിയിച്ചിട്ടുകൂടി അവർ വിമുഖത കാണിക്കുകയും യുദ്ധസന്നാഹമൊരുക്കുകയും ചെയ്തു. തുടർന്ന് ഖുറൈശികളും മുസ്ലിമുകളും തമ്മിലുള്ള തർക്കം അവസാനിപ്പിക്കാൻ ചർച്ചകളാരംഭിച്ചു.

നിരവധി പേർ രണ്ടു ഭാഗത്തു നിന്നും പ്രതിനിധാനം ചെയ്തു സംസാരിക്കുകയുണ്ടായി. മുസ്ലീങ്ങളുടെ ഭാഗത്തുനിന്നും ചർച്ചയ്ക്ക് പോയ ഉസ്മാൻ (മൂന്നാമത്തെ ഖലീഫ) തിരിച്ച് വരാൻ കൂടുതൽ സമയമെടുത്തത് അദ്ദേഹം ഖുറൈശികളുടെ കൈകളാൽ വധിക്കപ്പെട്ടിട്ടുണ്ടാകുമെന്ന ചിന്തയിലേക്ക് മുസ്ലിമുകളെ നയിച്ചു. ഉസ്മാൻ വധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും പകരം ചോദിക്കുമെന്ന് മുസ്ലീങ്ങൾ തീരുമാനമെടുത്തു. മുസ്ലിമുകൾ തമ്പടിച്ചിരുന്ന ക്യാമ്പിൽ ഹുദൈബിയായിലെ റിദ്‌വാൻ എന്ന മരത്തിന്റെ ചുവട്ടിൽ വെച്ചായിരുന്നു ഈ തീരുമാനമെടുത്തത്. പിന്നീട് ഈ തീരുമാനം ചരിത്രത്തിൽ 'ബയ്അത്തു റിദ്‌വാൻ' എന്നറിയപ്പെടുന്നു.

എന്നാൽ ഖുറൈശികൾ മുന്നോട്ടുവച്ച നിബന്ധനകളുമായിട്ടായിരുന്നു ഉസ്മാൻ തിരികെ വന്നത്. പ്രധാനപ്പെട്ട നിബന്ധനകൾ താഴെ കൊടുക്കുന്നു.

- ഈ വർഷം മുസ്ലിമുകൾ ഹജ്ജ് നിർവഹിക്കാതെ തിരിച്ച് മദീനയിലേക്ക് തന്നെ മടങ്ങണം.
- അടുത്ത വർഷം മുസ്ലിമുകൾക്ക് ഹജ്ജിനായി മക്കയിലേക്ക് വരാം, എന്നാൽ മൂന്ന് ദിവസത്തിൽ കൂടുതൽ മക്കയിൽ ചിലവിടാൻ പാടില്ല. വരുമ്പോൾ ആയുധങ്ങളോ യുദ്ധസാമഗ്രികളോ ഒന്നും തന്നെ ഉണ്ടാകാൻ പാടി

ല്ല.

- ഹിജ്റക്ക് ശേഷമോ ഹുദൈബിയ സന്ധിക്ക് ശേഷമോ മക്കയിൽ നിന്ന് ആരെങ്കിലും ഇസ്ലാം സ്വീകരിക്കുകയും അവർ മദീനയിലേക്ക് വരാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്താൽ മദീനയിൽ അവർക്ക് അഭയം നൽകരുത്. എന്നാൽ പ്രവാചകനോടൊപ്പമുള്ള മുസ്ലീങ്ങളിൽ ആരെങ്കിലും ഇസ്ലാം വെടിഞ്ഞുകൊണ്ട് മക്കയിലേക്ക് വരാൻ ആഗ്രഹിച്ചാൽ അവരെ തടയരുത്.
- മക്കയിലെ ആരെങ്കിലും തന്നെ മദീനയിലെത്തിയാൽ അവരെ തിരിച്ചയക്കണം. എന്നാൽ മുസ്ലീങ്ങൾ ആരെങ്കിലും തന്നെ മക്കയിലെത്തിയാൽ അവരെ തിരിച്ചയക്കുകയില്ല.
- അറേബ്യയിലെ ഏത് ഗോത്രത്തിനും ഏത് ഭരണത്തോടും ഗോത്രങ്ങളോടും സഖ്യത്തിലേർപ്പെടാം. എല്ലാവരും പൂർണ്ണസ്വതന്ത്രരായിരിക്കും.
- അടുത്ത പത്ത് വർഷത്തേക്ക് ഇരു വിഭാഗത്തിനിടയിലും യുദ്ധമുണ്ടാവുകയില്ല. പൂർണ്ണ സമാധാനത്തോടെ അറേബ്യയിൽ ജീവിക്കാം.

## ഹുദൈബിയ സന്ധിയുടെ അനന്തരഫലങ്ങൾ

ഹുദൈബിയ കരാർ പ്രത്യക്ഷത്തിൽ പൂർണ്ണമായും മുസ്ലീങ്ങൾക്കെതിരായി തോന്നാമെങ്കിലും. പിന്നീട് ഖുറൈശികൾക്ക് വിശ്വസിക്കാനാവാത്ത വിധം അതിലെ നിബന്ധനകൾ മുസ്ലീങ്ങൾക്കനുകൂലമായി മാറി.

- പ്രവാചകൻ ഒരു ദീർഘവീക്ഷണമുള്ള ഭരണാധികാരിയാണെന്നും രാഷ്ട്രീയ നയതന്ത്രജ്ഞനുമാണെന്ന് ഈ കരാർ തെളിയിച്ചു.
- മുസ്ലീങ്ങളിൽ ഭൂരിഭാഗം പേരും ഈ കരാറിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുവെങ്കിലും പ്രവാചകന്റെ തീരുമാനത്തെ അംഗീകരിച്ചുകൊണ്ട് കരാറിനെ സ്വീകരിച്ചു.
- കരാറിനെ തുടർന്ന് മക്കയിലെ ഖുറൈശികളും മദീനയിലെ മുസ്ലീങ്ങളും തമ്മിൽ കച്ചവടബന്ധത്തിലേർപ്പെടുകയും അങ്ങോട്ടുമിങ്ങോട്ടും സന്ദർശിക്കുകയുമുണ്ടായി. ഇതോടെ ഖുറൈശികളിൽ ഭൂരിഭാഗം പേരും ഇസ്ലാം മതത്തിലേക്ക് ആകൃഷ്ടരാവാൻ തുടങ്ങി.
- ഖുറൈശികൾക്കിടയിലുണ്ടായിരുന്ന പ്രധാനപ്പെട്ട യുദ്ധനേതാക്കളായ അമർ ഇബ്നു ആസ്, ഖാലിദ് ഇബ്നു വലീദ് എന്നിവർ ഹുദൈബിയ സന്ധിക്ക് ശേഷം ഇസ്ലാം സ്വീകരിക്കുകയുണ്ടായി.
- പത്ത് വർഷം അറേബ്യയിൽ യുദ്ധമുണ്ടാവുകയില്ല എന്ന നിബന്ധന മറ്റു ഗോത്രങ്ങൾക്ക് മദീനയിലെ പുതിയ ഭരണകൂടത്തോടടുക്കാൻ സഹായകമായി.

- അറേബ്യയിലെ ഗോത്രങ്ങൾ പലതും കൂട്ടത്തോടെ നിർഭയമായി ഇസ്ലാം മതം സ്വീകരിക്കാൻ തുടങ്ങി. കാരണം ഏത് വിഭാഗത്തിനും മറ്റു ഗോത്രങ്ങളോട് സംഖ്യത്തിലേർപ്പെടാനുള്ള പൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു.
- ഹുദൈബിയ കരാറിനെ തുടർന്നായിരുന്നു പ്രവാചകൻ അറേബ്യൻ ഉപദ്വീപിന് പുറത്തുള്ള ഭരണാധികാരികളുടെ അടുത്തേക്ക് ഇസ്ലാമിനെ പരിചയപ്പെടുത്തികൊണ്ട് തന്റെ ദൂതന്മാരെ അയക്കാൻ തുടങ്ങിയത്. എ.ഡി.629 ഇസ്ലാമിക ചരിത്രത്തിൽ 'സനത്തുൽ വുഫൂദ്' എന്നറിയപ്പെടുന്നു.
- എ.ഡി 630-ൽ മക്ക കീഴടക്കാൻ ഹുദൈബിയ കരാർ മുസ്ലീങ്ങൾക്ക് സഹായകമായി.

## മക്കാ ഫത്ത്ഹ് (വിജയം) എ.ഡി.630

എ.ഡി.630-ലാണ് മക്ക മുസ്ലീങ്ങൾ കീഴടക്കുന്നത്. യുദ്ധമോ രക്തചൊരിച്ചിലോ കൂടാതെ ഖുറൈശികളും മക്കയും പൂർണ്ണമായും മുസ്ലീങ്ങൾക്ക് മുന്നിൽ കീഴടങ്ങിയതിനെയാണ് ചരിത്രത്തിൽ മക്കാ ഫത്ത്ഹ് അഥവാ മക്കാ വിജയമായി കണക്കാക്കുന്നത്. ഇംഗ്ലണ്ടിലെ രക്തരഹിത വിപ്ലവത്തോടാണ് ചരിത്രകാരന്മാർ മക്ക വിജയത്തെ ഉപമിക്കുന്നത്.

ഹുദൈബിയ കരാറിലെ ഏറ്റവും പ്രധാനപ്പെട്ട നിബന്ധനയായിരുന്നു പത്ത് വർഷത്തോളം അറേബ്യയിൽ യുദ്ധമുണ്ടാവുകയില്ല എന്നത്. ഹുദൈബിയ കരാറിന് ശേഷം മദീനയിലെ ഇസ്ലാമിക ഭരണകൂടം സൗത്ത് അറേബ്യയിലെ ബനൂഖുസ്സ ഗോത്രവുമായി കരാറിലേർപ്പെട്ടിരുന്നു. ഈ സമയത്ത് തന്നെ ഖുറൈശികൾ ബനൂ ബക്കർ ഗോത്രവുമായും സഖ്യത്തിലേർപ്പെട്ടിരുന്നു. എന്നാൽ യാതൊരു പ്രകോപനവുമില്ലാതെ ബനൂ ബക്കർ ഗോത്രം മുസ്ലീങ്ങളുടെ സഖ്യകക്ഷിയായ ഖുസാ ഗോത്രത്തെ ആക്രമിച്ചുകൊണ്ട് ഹുദൈബിയ കരാർ ലംഘിച്ചു. ഇസ്ലാമിക ഭരണകൂടം ഖുറൈശികളോട് ഈ പ്രശ്നം അവതരിപ്പിക്കുകയും ബനൂ ബക്കർ ഗോത്രത്തിന് ശിക്ഷാനടപടികൾ നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. കാരണം തങ്ങളുടെ സഖ്യമായതുകൊണ്ടു തന്നെ ഖുസാ ഗോത്രത്തെ സഹായിക്കേണ്ട ഉത്തരവാദിത്തം പ്രവാചകനുണ്ടായിരുന്നു. തെറ്റ് ഖുറൈശികളുടെ ഭാഗത്തു നിന്നായതു കൊണ്ട് പ്രവാചകൻ മൂന്ന് കാര്യങ്ങൾ മുന്നോട്ടുവച്ചു.

1. ബനൂഖുസാഅ ഗോത്രത്തിൽ നിന്ന് വധിക്കപ്പെട്ടവർക്ക് പകരമായി മോചനദ്രവ്യം ബനൂബകർ ഗോത്രം നൽകുക.
2. ബനൂ ബക്കർ ഗോത്രവുമായി ഖുറൈശികൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ നിന്ന് പിന്മാറുക.
3. ഹുദൈബിയ സന്ധി നിർത്തലാക്കിയതായി ഖുറൈശികൾ പ്രഖ്യാപിക്കുക.

ഖുറൈശികൾ മൂന്നാമത്തെ നിബന്ധന സ്വീകരിക്കാനാണ് തയാറായത്. തുടർന്ന് പ്രവാചകൻ ഹുദൈബിയ കരാർ ലംഘിച്ചതിന് ഖുറൈശികൾക്കും ബനൂ ബക്കർ ഗോത്രത്തിനുമെതിരെ സൈനിക നീക്കം നടത്താൻ തീരുമാനിച്ചു. പതിനായിരം പേരടങ്ങുന്ന സൈന്യവുമായി അദ്ദേഹം മക്ക ലക്ഷ്യമാക്കി നീങ്ങുകയും അതിർത്തിയിൽ സൈന്യത്തെ വിന്യസിക്കുകയും ചെയ്തു. അബൂസുഫിയാന്റെ നേതൃത്വത്തിൽ ഖുറൈശികളുടെ വലിയൊരു സൈന്യവും തയാറായി.

മുസ്ലീങ്ങളുടെ സൈനികശക്തി കണ്ട് ഖുറൈശി സൈന്യം കീഴടങ്ങുന്നതാണ് വധിക്കപ്പെടുന്നതിനെക്കാൾ ഉചിതമെന്ന് മനസ്സിലാക്കി പൂർണ്ണമായും കീഴടങ്ങുന്നതായി പ്രഖ്യാപിച്ചു. തുടർന്ന് പ്രവാചകനും മുസ്ലീങ്ങളും മക്കയിൽ പ്രവേശിക്കുകയും മുഴുവൻ ഖുറൈശികൾക്കും ശത്രുക്കൾക്കും പൊതുമാപ്പ് നൽകിയതായി പ്രഖ്യാപിക്കുകയും ചെയ്തു. മക്കയിലെ മുഴുവൻ ഖുറൈശികളും ജനങ്ങളും ഇസ്ലാം മതം സ്വീകരിച്ചതായി പ്രഖ്യാപിച്ചു.

*മദീനയിൽ നിന്നും മക്കയിലേക്കുള്ള യാത്രാമദ്ധ്യേ ഒരു നായ തന്റെ അടുത്തിടെ പ്രസവിച്ച കുഞ്ഞുങ്ങൾക്ക് പാലൂട്ടുന്നത് നബി കണ്ടു. തന്റെ അനുയായികളിൽ ആരെങ്കിലും അതിനെ ഉപദ്രവിക്കാൻ ഇടവരുമോ എന്ന് ഭയന്ന് പ്രവാചകൻ തന്റെ അനുയായികളിൽ ഒരുവനെ അവിടെ നിർത്തുകയും അവസാനത്തെ ആളും പോകുന്നത് വരെ അതിന് സംരക്ഷണം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു.*

**മാർട്ടിൻ ലിംഗ്സ്**

## പ്രവാചകന്റെ വിടവാങ്ങൽ പ്രസംഗം (അറഫ പ്രസംഗം)

പ്രവാചകൻ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു പ്രാവശ്യം മാത്രമെ ഹജ്ജ് നിർവഹിച്ചിട്ടുള്ളൂ. എ.ഡി. 632-ലായിരുന്നു അദ്ദേഹം ഹജ്ജ് നിർവഹിച്ചത്. ഹജ്ജ് നിർവ്വഹണത്തിന് ശേഷം മാസങ്ങൾക്കുള്ളിൽ തന്നെ അദ്ദേഹം മരണപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് ഈ ഹജ്ജ് 'വിടവാങ്ങൽ ഹജ്ജ്' എന്ന് അറിയപ്പെടുന്നത്. ഹജ്ജ് വേളയിൽ അദ്ദേഹം മുസ്ലീങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് മക്കയിലെ അറഫ എന്ന സ്ഥലത്ത് വച്ച് പ്രസംഗിക്കുകയുണ്ടായി. അറഫയിൽ അദ്ദേഹം നടത്തിയ പ്രസംഗം വലിയൊരു മനുഷ്യാവകാശ പ്രഖ്യാപനമായിട്ടായിരുന്നു ചരിത്രത്തിൽ ഇടം നേടിയത്. അതായിരുന്നു അദ്ദേഹത്തിന്റെ വിടവാങ്ങൽ ഹജ്ജിന്റെ പ്രാധാന്യം. ഇതിൽ അദ്ദേഹം പ്രധാനമായും പരാമർശിച്ചത് മൗലികമായ മനുഷ്യാവകാശ പ്രശ്നങ്ങളായിരന്നു.

*തീർത്ഥാടനത്തിലെ പ്രധാന ശ്രദ്ധാകേന്ദ്രം കഅബയാണ്. ക്യൂബ് ആകൃതിയിലുള്ള ഇതിന്റെ ഒരു ചുവരിലാണ് ഹജറുൽ അസ്വദ് എന്ന വിശുദ്ധകല്ല് വച്ചിരിക്കുന്നത്. മുഹമ്മദിന് മുൻപുള്ള പ്രവാചകനായിരുന്ന ഇബ്രാഹിമും മകൻ ഇസ്മായിലും ചേർന്നാണ് ആ കല്ല് സ്ഥാപിച്ചത്.*

## അറഫാ സന്ദേശം

### പ്രവാചകന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം ഇതായിരുന്നു.

- ഈവർഷത്തിന് ശേഷം ഞാൻ നിങ്ങളുടെ ഇടയിൽ ഉണ്ടാകുമോ എന്നുറപ്പില്ല. ഇത്രയും നാൾ ഞാൻ നിങ്ങളോടൊപ്പമുണ്ടായിരുന്നു. എന്റെ വാക്കു

കൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും ഇവിടെ സന്നിഹിതരായവർ അല്ലാത്തവർക്കത് എത്തിച്ച് കൊടുക്കുകയും ചെയ്യുക.

- ഈ സമയം മുതൽ ഈ പ്രദേശം പരിശുദ്ധമായി മാറുകയും ഇവിടെയുള്ള എല്ലാ ജനങ്ങളുടെയും ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കപ്പെടുകയും ചെയ്യും.
- നിങ്ങളെ ആരെങ്കിലും വിശ്വസിച്ചേൽപ്പിച്ച വസ്തുക്കൾ അതിന്റെ യഥാർഥ ഉടമകൾക്ക് നൽകുകയും സത്യസന്ധരായിരിക്കുകയും ചെയ്യുക.
- നിങ്ങൾ ആരെയും ഉപദ്രവിക്കരുത്. അങ്ങനെയെങ്കിൽ ആരും തന്നെ നിങ്ങളെയും ഉപദ്രവിക്കില്ല.
- പലിശ സമ്പ്രദായം നിങ്ങൾക്കിടയിൽ കർശനമായി നിരോധിച്ചിരിക്കുന്നു.
- നിങ്ങളുടെ സ്ത്രീകൾക്ക് നിങ്ങളിൽ നിന്ന് ധാരാളം അവകാശങ്ങൾ ലഭിക്കുവാനുണ്ട്.അതുപോലെ തന്നെ തിരിച്ച് അവരിൽ നിന്ന് നിങ്ങൾക്കും അവകാശങ്ങൾ കിട്ടേണ്ടതുണ്ട്.
- മനുഷ്യരെല്ലാവരും തന്നെ ഒരേ മാതാവിന്റെയും പിതാവിന്റെയും സന്തതികളാണ്. അറബികൾക്ക് അറബികളല്ലാത്തവരുടെ മേൽ യാതൊരു അവകാശവുമില്ല. തിരിച്ച് അനറബികൾക്ക് അറബികളുടെ മേലും യാതൊരു അധികാരവുമില്ല. വെളുത്തവർക്ക് കറുത്തവരുടെ മേലോ കറുത്തവർക്ക് വെളുത്തവരുടെ മേലോ അധികാരമില്ല. ഒരാൾക്കും മറ്റൊരാളുടെ മേൽ അധികാരമോ പദവികളോ ഇല്ല. പദവി നൽകപ്പെടുന്നത് അവന്റെ നന്മയുടെയും പ്രവൃത്തിയുടെയും സത്യസന്ധതയുടെയും അടിസ്ഥാനത്തിലായിരിക്കും.
- നിങ്ങളുടേത് പോലെത്തന്നെ മറ്റുള്ളവരുടെയും ജീവനും സ്വത്തും അഭിമാനവും പരിശുദ്ധമായി കരുതുക. അവ അപഹരിക്കാൻ പാടില്ല.
- നിങ്ങൾ ചെയ്യുന്ന ഓരോ പ്രവർത്തനങ്ങൾക്കും ദൈവത്തിന്റെ അടുത്ത് കണക്കുപറയേണ്ടതാണ്.
- സ്ത്രീകളോട് നല്ലരീതിയിൽ പെരുമാറുക.
- നിങ്ങളുടെ കീഴിലുള്ള തൊഴിലാളികളോട് ഏറ്റവും നല്ല രീതിയിൽ പെരുമാറുക. എത്രത്തോളമെന്നാൽ നിങ്ങൾ കഴിക്കുന്ന അതേ ഭക്ഷണം അവർക്കും നൽകുക. നിങ്ങളുടേതുപോലെയുള്ള വസ്ത്രം അവർക്കും നൽകുക.
- നിങ്ങളുടെ തൊഴിലാളികൾക്ക് അവരുടെ വിയർപ്പ് ശരീരത്തിൽ നിന്ന് വീഴുന്നതിന് മുൻപ് വേതനം നൽകുക.
- എന്റെ സന്ദേശങ്ങൽ വരും തലമുറക്ക് എത്തിക്കേണ്ട ചുമതല നിങ്ങൾക്കാണ്.
- ഇസ്‌ലാമിക ഭരണത്തിന് കീഴിലും ദൈവത്തിന്റെ മുന്നിലും എല്ലാവരും തുല്യരായിരിക്കും.

അറഫയിലെ പ്രസംഗത്തിന് ശേഷം അദ്ദേഹം മാസങ്ങൾക്കുള്ളിൽത്തന്നെ രോഗബാധിതനാവുകയും എ.ഡി.632-ൽ ദിവംഗതനാവുകയും ചെയ്തു.

## പ്രവാചകനും അദ്ദേഹത്തിന്റെ പ്രതിരോധയുദ്ധങ്ങളും

മദീനയിൽ ക്ഷേമരാഷ്ട്രം സ്ഥാപിച്ച ശേഷം ഖുറൈശികളുമായും മറ്റു ശത്രുക്കളുമായും പ്രവാചകൻ നിരവധി യുദ്ധങ്ങളിലേർപ്പെട്ടിരുന്നു. മിക്കവാറും യുദ്ധങ്ങളിൽ അദ്ദേഹം തന്നെയായിരുന്നു സേനാനായകൻ. മുഴുവൻ യുദ്ധങ്ങളും വിശകലനം ചെയ്യുമ്പോൾ അതെല്ലാം പൂർണ്ണമായും പ്രതിരോധത്തിന് വേണ്ടിയുള്ള യുദ്ധമായിരുന്നെന്ന് മനസ്സിലാക്കാം. ശത്രുക്കൾ യുദ്ധസന്നാഹം ഒരുക്കിയ ശേഷമല്ലാതെ ഒരിക്കലും പ്രവാചകൻ മുസ്ലീം സൈന്യത്തെ തയാറാക്കിയിട്ടില്ല. ബദ്റ ഉഹ്ദ് യുദ്ധങ്ങൾ ഇതിനുദാഹരണങ്ങളാണ്.

ചില സന്ദർഭങ്ങളിൽ കരാർ ലംഘിച്ചവർക്കെതിരെയും അദ്ദേഹം സൈനിക



ചിത്രം 4.8 അറഫ പർവ്വതം

നീക്കം നടത്തിയിട്ടുണ്ട്. ഖന്തക്ക് യുദ്ധം ഇതിനുദാഹരണമാണ്(ജൂതന്മാർക്കെതിരെ). ചില സന്ദർഭങ്ങളിൽ ഇസ്ലാമിക ഭരണകൂടവുമായി സഖ്യത്തിലേർപ്പെട്ട ഗോത്രത്തിന്റെ അഭിമാനം സംരക്ഷിക്കാൻ വേണ്ടി ശത്രുക്കൾക്കെതിരെ യുദ്ധത്തിനൊരുങ്ങിയിട്ടുണ്ട്. മക്ക കീഴടക്കുന്നത് അങ്ങനെയൊരു സന്ദർഭത്തിലായിരുന്നു.

മദീനയുടെ അതിർത്തി സംരക്ഷിക്കാൻ വേണ്ടിയും അദ്ദേഹം ഉപദ്രവകാരികൾക്കെതിരെ സൈനിക നീക്കം നടത്തിയിട്ടുണ്ട്. ഖൈബറിൽ വച്ച് സസാനിഡ് ക്രിസ്ത്യൻ ഭരണാധികാരികൾക്കെതിരെ നടത്തിയ യുദ്ധം ഇതിനുദാഹരണമാണ്. തന്റെ പ്രതിനിധികളോട് മോശമായി പെരുമാറിയ ഭരണകർത്താക്കൾക്കെതിരെയും അദ്ദേഹം സൈനിക നീക്കത്തിനാഹ്വാനം ചെയ്തു. മുഅത്ത യുദ്ധം ഇതിനുദാഹരണമാണ്.

യുദ്ധസമയങ്ങളിൽത്തന്നെ, നിരവധി ധാർമിക നിയമങ്ങൾ കർശനമായി പാലിക്കണമെന്ന് പ്രവാചകൻ നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് പ്രതി

രോധത്തിന് വേണ്ടിയല്ലാതെ രാജ്യ വിസ്തൃതി വ്യാപിപ്പിക്കാനോ പിടിച്ചടക്കലിനോ വേണ്ടി മുസ്ലീങ്ങൾ മറ്റുള്ളവരെ അക്രമിക്കാൻ പാടില്ലായെന്നത്. യുദ്ധമുണ്ടാകുന്ന സമയത്ത് എതിർഭാഗത്തുള്ള സ്ത്രീകളെയോ കുട്ടികളെയോ വൃദ്ധജനങ്ങളെയോ ഒരു കാരണവശാലും ഉപദ്രവിക്കാൻ പാടില്ല. ശത്രുസൈന്യത്തിന്റെ വീടുകളോ കൃഷിസ്ഥലങ്ങളോ മറ്റ് വസ്തുക്കളോ നശിപ്പിക്കാൻ പാടില്ല. യുദ്ധഭൂമിയിൽ മരണപ്പെട്ടു കിടക്കുന്ന ശത്രുസേനയുടെ മൃതദേഹങ്ങൾ അംഗവിഛേദം നടത്താൻ പാടില്ല. കീഴടങ്ങുന്ന ശത്രു സൈന്യത്തെ വീണ്ടും ഉപദ്രവിക്കരുത്. യുദ്ധാനന്തരം മുസ്ലീം സൈന്യത്തിന് കീഴടങ്ങുന്ന ശത്രു സൈന്യത്തിലെ അംഗങ്ങളോട് മാന്യമായി പെരുമാറണം. ചതിപ്രയോഗത്തിലൂടെ യുദ്ധവിജയം ആഗ്രഹിക്കരുത്.

യുദ്ധമുണ്ടാകുമ്പോൾ പോലും സാമൂഹികമായ പരിഗണനയും മാനുഷിക സ്നേഹവും പ്രകടമാക്കുന്ന തരത്തിലുള്ള യുദ്ധനിയമങ്ങളാണ് ഇസ്ലാമിന്റേത്.

## പ്രവാചകൻ മുഹമ്മദ് - ഒരു രാഷ്ട്രതന്ത്രജ്ഞൻ

നിരവധി കർത്തവ്യങ്ങൾ ജീവിതത്തിൽ നിർവ്വഹിച്ച വ്യക്തിയായിരുന്നു പ്രവാചകൻ മുഹമ്മദ്. ഇസ്ലാം മതപ്രവാചകൻ എന്ന നിലയിലും മതനേതാവെന്ന നിലയിലും സാമൂഹിക പരിഷ്ക്കർത്താവായും ഒരു ഭരണാധികാരികൂടിയെന്ന നിലയിലും പ്രവാചകൻ മുഹമ്മദ് പ്രസിദ്ധനാണ്. മദീനയിലെ ജൂതന്മാരുമായി നടത്തിയ കരാർ ഒരു രാഷ്ട്രതന്ത്രജ്ഞനെന്ന നിലയിൽ പ്രവാചകന്റെ കഴിവ് വ്യക്തമാക്കുന്നു. ഹുദൈബിയ സന്ധി ഒരു ഭരണാധികാരിയുടെ ദീർഘ വീക്ഷണത്തിന് ചരിത്രം ഉദാഹരണമായെടുക്കുന്നു.

## മുഹമ്മദ് നബി-ഒരു സാമൂഹിക പ്രവർത്തകൻ എന്ന നിലയിൽ

ലോകം കണ്ട നല്ലൊരു പരിഷ്ക്കർത്താവായാണ് പ്രവാചകൻ മുഹമ്മദ് അറിയപ്പെടുന്നത്. ഇസ്ലാം മതം പ്രചരിപ്പിച്ചതും വ്യാപിച്ചതും പ്രവാചകൻ മുഹമ്മദിന്റെ കീഴിലായിരുന്നു. ഇസ്ലാം എന്ന പുതിയ ജീവിതാശയത്തിലൂടെ അറേബ്യൻ ഉപദ്വീപിലെ അധാർമികതകൾ കൊണ്ട് നാശോന്മുഖമായിരുന്ന ജനതയെ അദ്ദേഹം പരിഷ്കരിക്കുകയുണ്ടായി.

ഏകദൈവ വിശ്വാസം എന്ന പ്രധാനതത്ത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് അന്ധവിശ്വാസങ്ങളിൽ നിന്നും ബഹുദൈവാരാധനയിൽ നിന്നും വിഗ്രഹാരാധനയിൽ നിന്നും അദ്ദേഹം അവരെ മുക്തമാക്കി. അതിലൂടെ സെമിറ്റിക് വിശ്വാസത്തിന്റെ പ്രധാന തത്ത്വത്തിലേക്ക് അവരെ തിരിച്ചുകൊണ്ടുപോയി.


അറേബ്യൻ ജനതയുടെ സാമൂഹ്യജീവിതത്തിലായിരുന്നു വിപ്ലവകരമായ മാറ്റം പ്രവാചകൻ നടത്തിയത്. പൂർണ്ണമായും അധാർമ്മികതയിൽ മുങ്ങിത്താണിരുന്ന ജനതയെ തന്റെ പ്രബോധനങ്ങളിലൂടെ ഏറ്റവും നല്ല ജനതയായി അദ്ദേഹം മാറ്റിയെടുത്തു. ജാഹിലിയ്യ കാലഘട്ടത്തിലെ എല്ലാ തിന്മകളിൽ നിന്നും അദ്ദേഹം അവരെ മോചിതരാക്കി. അടിമത്തം നിർത്തലാക്കികൊണ്ട് എല്ലാവർക്കും സമത്വവും സ്വാതന്ത്ര്യവും അദ്ദേഹം പ്രഖ്യാപിച്ചു. സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളും മറ്റു വിഭാഗീയതകളും അദ്ദേഹം നിർത്തലാക്കി. കൊള്ളപ്പലിശ നിരോധിക്കുകയും മറ്റ് അധാർമിക മാർഗങ്ങളിലൂടെയുള്ള (കൊള്ള, പിടിച്ചുപറി) ഉപജീവനമാർഗങ്ങളെ കർശനമായി വിലക്കുകയും ചെയ്തു.

വ്യത്യസ്ത ഗോത്രവിഭാഗമായി ജീവിച്ചിരുന്ന അറേബ്യൻ ജനതയെ ഒരൊറ്റ സമൂഹമാക്കി അദ്ദേഹം മാറ്റി. പരസ്പരം സ്നേഹവും സൗഹൃദവും സാഹോദര്യവും അവരുടെ ഇടയിൽ വളർത്തുകയും ഒരു സാമൂഹ്യജീവിയായി അവരെ മാറ്റിയെടുക്കുകയും ചെയ്തു.

അടിമത്തം നിരോധിക്കുകയും അടിമകൾക്ക് നൽകേണ്ട അവകാശങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. പ്രവാചകനിലൂടെ മാത്രമായിരുന്നു അറേബ്യയിലെ സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങൾ സാധ്യമായത്. ബഹുഭാര്യാത്ത്വത്തിന് പരിധി നിർണ്ണയിക്കുകയും ബഹുഭർതൃത്ത്വം അവസാനിപ്പിക്കുകയും ചെയ്തു. ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾക്ക് അനന്തരാവകാശ സ്വത്തിൽ അവകാശം നൽകിയത് ഇസ്ലാം മതത്തിന്റെ കീഴിലായിരുന്നു.

മദീന കേന്ദ്രീകരിച്ച് രൂപീകരിച്ച ക്ഷേമ രാഷ്ട്രത്തിന്റെ കീഴിൽ അതിനെ അംഗീകരിക്കുന്ന എല്ലാ വിഭാഗക്കാർക്കും സമത്വവും നീതിയും പ്രവാചകൻ നൽകി. പൂർണ്ണ മതസ്വാതന്ത്ര്യം അവർക്ക് നൽകിയ അദ്ദേഹം സഹിഷ്ണുതാപരമായ നിലപാടായിരുന്നു സ്വീകരിച്ചത്.

*പ്രവാചകന്റെ മലയാള ഭാഷയിലുള്ള ജീവചരിത്രങ്ങളും അവയുടെ രചയിതാക്കളുടെ പേരും ചേർത്ത് ഒരു ചാർട്ട് തയാറാക്കുക.*



*പി.കുഞ്ഞിരാമൻ നായർ, ടി.ഉബൈദ്, യൂഫലി കേച്ചേരി, സുകുമാർ കക്കാട്, പി.ടി.അബ്ദുറഹ്മാൻ എന്നിവരുടെ മുഹമ്മദ് നബിയെ കുറിച്ചുള്ള കവിതകൾ ക്ലാസിൽ പാരായണം ചെയ്യുക.*

## വിലയിരുത്തൽ ചോദ്യങ്ങൾ

1. "ബദർയുദ്ധം ഇസ്ലാമിക് ചരിത്രത്തിലെ ഒരു വഴിത്തിരിവാണ്" ഈ പ്രസ്താവന പരിശോധിക്കുക.
2. ഇസ്ലാമിന്റെ ജൈത്രയാത്രയിൽ ഹിജ്റയുടെ പ്രാധാന്യം പരിശോധിക്കുക.
3. പ്രവാചകൻ ഒരു തികഞ്ഞ രാഷ്ട്ര തന്ത്രജ്ഞനാണ് എന്നതിന് ഉത്തമ ഉദാഹരണമാണ് മദീനാ ചാർട്ടർ, ഇസ്ലാമിക ഭരണഘടനയുടെ ആദ്യരൂപം എന്ന നിലയിൽ മദീനാ ചാർട്ടർ ക്ലാസ് മുറിയിൽ ചർച്ചയ്ക്ക് വിധേയമാക്കുക.
4. ബദർയുദ്ധം, ഉഹ്ദ് യുദ്ധം, ഖന്തക്ക് യുദ്ധം എന്നിവ പ്രവാചകന്റെ പ്രതിരോധ യുദ്ധങ്ങളായിരുന്നു. നിങ്ങളിതിനോട് യോജിക്കുന്നുവോ? ചർച്ച സംഘടിപ്പിക്കുക
5. ഹുദൈബിയാ സന്ധി മുസ്ലിങ്ങളുടെ വിജയത്തെയാണോ പരാജയത്തെയാണോ സുചിപ്പിക്കുന്നത് - ഒരു സംവാദം സംഘടിപ്പിക്കു.

H2F8R9

അധ്യായം അഞ്ച്

# ഖിലാഫത്ത് (632-661 എ.ഡി)

## പഠനനേട്ടങ്ങൾ

5.1 രാജഭരണ വ്യവസ്ഥയെക്കാൾ ഖിലാഫത്തിനുണ്ടായിരുന്ന മേന്മകളെ വിദ്യാർഥികൾ വിലയിരുത്തുന്നു.

5.2. നേതൃസ്ഥാനം വഹിക്കാനുള്ള അഭിരുചി വിദ്യാർഥികളിൽ വികസിപ്പിക്കുന്നു.

5.3 ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ബന്ധം ബൈഅത്തിലൂടെ ശക്തിപ്പെടുന്നുവെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.

5.4 ജനാധിപത്യ മൂല്യങ്ങളുടെ ഔന്നത്യം വിദ്യാർഥികൾ മനസ്സിലാക്കുന്നു.

5.5 വ്യക്തി താൽപ്പര്യത്തെക്കാളും സംഘടിത താൽപ്പര്യത്തെക്കാളും പ്രധാനപ്പെട്ടതാണ് ഭരണകൂടത്തിന്റെ ഐക്യവും ഉദ്ഗ്രഥനവുമെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

5.6 ഐക്യമാണ് ഏറ്റവും വലിയ ശക്തിയെന്നും മദീനയിലെ ജനങ്ങളുടെ ഐക്യമാണ് പല യുദ്ധങ്ങളിലും അവരെ വിജയിപ്പിച്ചതെന്നും വിദ്യാർഥികൾ മനസ്സിലാക്കുന്നു.

5.7. യുദ്ധത്തിനും രക്തച്ചൊരിച്ചിലിനുമെതിരെ വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുന്നു.

5.8. ഭരണാധികാരി എപ്പോഴും ദീർഘ വീക്ഷണമുള്ളയാളാവണമെന്ന വിദ്യാർഥികൾ ഗ്രഹിക്കുന്നു.

5.9. തന്റെ നയങ്ങളിലൂടെയാണ് ഒരു ഭരണാധികാരി ഉന്നതനും സമ്മതനും ആകുന്നതെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.

5.10. വൈദേശികാക്രമണങ്ങളിൽ നിന്നും എല്ലാവരും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുവെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

5.11 അജ്ഞരെയും വിദ്യാരഹിതരെയും പെട്ടെന്ന് വഴി തെറ്റിക്കാൻ സാധിക്കുമെന്ന് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

5.12. ആഭ്യന്തര യുദ്ധം ഭരണകൂടത്തെത്തന്നെ ഇല്ലാതാക്കുമെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.

5.13 ഭരണ സംവിധാനത്തിന്റെയും പ്രജകളുടെയും ഉത്തരവാദിത്തം ഭരണാധികാരിയിലാണെന്ന് വിദ്യാർഥികൾ തിരിച്ചറിയുന്നു.

## ഖലീഫ

ഖലീഫ എന്ന പദം ഖുർആനിൽ രണ്ടർഥത്തിൽ ഉപയോഗിച്ചിരിക്കുന്നു - പ്രതിനിധി, പകരക്കാരൻ. **ഖുർആൻ 2:30**

പ്രവാചകൻ മുഹമ്മദിന്റെ വിയോഗത്തിന് ശേഷം മദീനയിൽ രൂപീകൃതമായ പുതിയ ഭരണ വ്യവസ്ഥയാണ് ഖിലാഫത്ത്. പ്രസ്തുത ഭരണസംവിധാനത്തിൽ ഭരണാധികാരി ഖലീഫ എന്ന സ്ഥാനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ഖലീഫ എന്ന അറബി പദത്തിന്റെ അർഥം 'പ്രതിനിധി' എന്നാകുന്നു. പ്രവാചകൻ മുഹമ്മദിന്റെ വിയോഗാനന്തരം ഇസ്ലാമിക ഭരണകൂടത്തിന്റെ സാരഥ്യം ഏറ്റെടുത്തപ്പോൾ പ്രസ്തുത ഭരണ നേതൃസ്ഥാനത്തിന് അബൂബക്കർ നൽകിയ ഔദ്യോഗികപദമാണ് ഖലീഫ. പ്രസ്തുത പദത്തിന്റെ വിശാലമായ അർഥം പ്രവാചകൻ മുഹമ്മദ് സ്ഥാപിച്ച ക്ഷേമരാഷ്ട്രത്തിൽ അദ്ദേഹം നടപ്പാക്കിയ ഭരണം തുടർന്നുകൊണ്ടുപോകുന്ന അദ്ദേഹത്തിന്റെ പ്രതിനിധി അല്ലെങ്കിൽ അദ്ദേഹത്തിന്റെ പകരക്കാരൻ എന്നാകുന്നു. ഗോത്രരാഷ്ട്രീയ വ്യവസ്ഥയിൽ ശൈഖിനെ തെരഞ്ഞെടുത്തിരുന്ന രീതിയിലൂടെ തന്നെയായിരുന്നു മിക്കവാറും ഖലീഫയെയും തിരഞ്ഞെടുത്തിരുന്നത്. പ്രായം, സത്യസന്ധത, ഗോത്രാംഗങ്ങളെ നിയന്ത്രിക്കുവാനുള്ള കഴിവ് എന്നിവ ശൈഖിനെ തെരഞ്ഞെടുക്കുവാനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങളായിരുന്നു. ആദ്യം ഓരോ കുടുംബത്തിലെയും മുതിർന്ന വ്യക്തി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിയെ ശൈഖായി അംഗീകരിക്കുന്നുവെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഒന്നിലധികം പേർ ഉണ്ടെങ്കിൽ, ഭൂരിഭാഗം പേരും അംഗീകരിക്കുന്ന വ്യക്തിയെ ശൈഖായി തെരഞ്ഞെടുക്കുന്നു. തുടർന്ന് ഗോത്രാംഗങ്ങൾ എല്ലാവരും പ്രസ്തുത വ്യക്തിയെ ശൈഖായി പ്രതിജ്ഞ ചെയ്യുന്നു. എ.ഡി. 632 മുതൽ 661 വരെ നാല് ഖലീഫമാർ മദീന കേന്ദ്രീകരിച്ച് ഭരണം നടത്തിയിരുന്നു. ഖിലാഫത്ത് ഭരണവ്യവസ്ഥയിലൂടെ എല്ലാ മൂല്യങ്ങളും തത്ത്വങ്ങളും ഉൾക്കൊണ്ടായിരുന്നു അവർ ഭരണം നടത്തിയിരുന്നത്. അതുകൊണ്ട് ഇവരുടെ ഭരണം ചരിത്രത്തിൽ സച്ചരിതരായ നാല് ഖലീഫമാരുടെ ഭരണം എന്നാണ് അറിയപ്പെടുന്നത്.

| | |
|---|---|
| അബൂബക്കർ | 632 634 എ.ഡി. |
| ഉമർ | 634 644 എ.ഡി. |
| ഉസ്മാൻ | 644 656 എ.ഡി. |
| അലി | 656 661 എ.ഡി. |

ഖലീഫയെ തെരഞ്ഞെടുക്കുവാനുള്ള ആദ്യനടപടി, പ്രമുഖരായ ഒരു കൂട്ടം ആളുകളുടെ സമിതിയോ അതല്ലെങ്കിൽ വ്യത്യസ്ത ഗോത്രങ്ങളുടെ ഇടയിൽ നിന്നോ ഒരാളുടെ പേർ നിർദ്ദേശിക്കുന്നു. പിന്നീട് എല്ലാവരും അദ്ദേഹത്തെ ഭരണാധികാരിയാക്കാൻ തീരുമാനിക്കുകയാണെങ്കിൽ മുഴുവൻ പേരും ഒന്നിച്ച് ഒരു സ്ഥലത്ത് വച്ച് അദ്ദേഹത്തെ ഖലീഫയായി അംഗീകരിക്കുന്നതായി പ്രഖ്യാ

പിക്കുന്നു. ഈ പ്രഖ്യാപനം അറബി ഭാഷയിൽ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) എന്നാണ് അറിയപ്പെടുന്നത്. ബഹുഭൂരിഭാഗം ആളുകളും നിർദ്ദേശിക്കപ്പെട്ട വ്യക്തിക്ക് ബൈഅത്ത് ചെയ്താൽ, അദ്ദേഹത്തെ അംഗീകരിക്കാത്ത വിഭാഗവും പൊതുനന്മയ്ക്കുവേണ്ടി അയാളുടെ ഖലീഫസ്ഥാനം അംഗീകരിക്കുന്നു. ബൈഅത്ത് ഇല്ലാതെ ഒരാൾക്ക് ഖലീഫയാകാൻ സാധിക്കുകയില്ല. ഭരണാധികാരിയെ ഇത്തരത്തിൽ തെരഞ്ഞെടുക്കുന്നതുകൊണ്ടാണ് ഖിലാഫത്ത് ഭരണം ഒരു പരിധി വരെ ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളുന്നതായി കണക്കാക്കുന്നത്.


## അബൂബക്കർ (632-634 എ.ഡി)

എ.ഡി. 632 ൽ പ്രവാചകൻ മരണപ്പെട്ടതിനെത്തുടർന്ന് ഇസ്ലാമിക ക്ഷേമ രാഷ്ട്രത്തിൽ അടുത്ത ഭരണാധികാരി ആരായിരിക്കും എന്നതിന്റെ പേരിൽ അരക്ഷിതാവസ്ഥ സംജാതമായി. അൻസാറുകളുടെയും മുഹാജിറുകളുടെയും ഇടയിലായിരുന്നു ഭരണാധികാരിയെച്ചൊല്ലി തർക്കമുണ്ടായത്. അൻസാറുകൾ സഖീഫ-ബനി-സഅ്ദ് (മദീനയിലെ കൂടിയാലോചന വേദിയിൽ) എന്ന സ്ഥലത്ത് ഒരുമിച്ച് കൂടുകയും അടുത്ത ഭരണാധികാരി തങ്ങളിൽ നിന്ന് ആകണമെന്ന് ചർച്ച നടത്തുകയും ചെയ്തു. കാരണം അൻസാറുകളാണ് ഹിജ്റ വേളയിൽ പ്രവാചകനും മുസ്ലിമുകൾക്കും അഭയവും എല്ലാ സഹായവും നൽകിയത്. അതുകൊണ്ട് തങ്ങളാണ് ഈ സ്ഥാനത്തിന് അർഹരെന്ന് അൻസാറുകൾ വാദമുന്നയിച്ചു. അവർ സഅദ് ബിൻ ഉബൈദയെ ഇസ്ലാമിക രാഷ്ട്രത്തിന്റെ നേതൃസ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

അൻസാറുകളുടെ ഈ ചർച്ചയെപ്പറ്റി അറിഞ്ഞ മുഹാജിറുകളിൽപ്പെട്ട അബൂബക്കർ ഉമർ ഉബൈദ എന്നിവർ ഉടൻതന്നെ ഈ ചർച്ചാവേദിയിൽ എത്തുകയും അവരുടെ അവകാശവാദത്തെ എതിർക്കുകയും മുഹാജിറുകളുടെ അവകാശമാണ് അടുത്ത ഭരണാധികാരിയെന്ന ന്യായീകരണമുന്നയിക്കുകയും ചെയ്തു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ അബൂബക്കർ ഈ ചർച്ച അവസാനിപ്പിച്ചില്ലെങ്കിൽ പ്രവാചകൻ സ്ഥാപിച്ചെടുത്ത തങ്ങളുടെ ഐക്യം ഇല്ലാതാകുമെന്ന് മനസ്സിലാക്കി. ഉടൻതന്നെ അദ്ദേഹം മുന്നോട്ട് വന്ന്, ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഐക്യം നിലനിർത്തേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തുന്ന പ്രസംഗം നടത്തി. പ്രസംഗം അവസാനിപ്പിച്ചത് നിങ്ങൾ ഉമറിനെയോ അബൂഉബൈദയെയോ ഭരണാധികാരിയായി അംഗീകരിക്കുക എന്ന് പറഞ്ഞു കൊണ്ടായിരുന്നു. ഇതുകേട്ട ഉമർ മുന്നോട്ട് വരികയും അബൂബക്കറിന്റെ കൈപിടിച്ചുകൊണ്ട് ഇദ്ദേഹത്തെ ഞാൻ ഖലീഫയായി അംഗീകരിക്കുന്നു എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് മുഹാജിറുകളും പിന്നീട് അൻസാറുകളും അബൂബക്കറിനെ ഖലീഫയായി ബൈഅത്ത് ചെയ്തു. ഇങ്ങനെയാണ് അബൂബക്കർ ഇസ്ലാമിക രാഷ്ട്രത്തിന്റെ ആദ്യത്തെ ഖലീഫയാകുന്നത്.

ഖലീഫ ആയതിനുശേഷം ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അബൂബക്കർ ഒരു പ്രസംഗം നടത്തുകയുണ്ടായി. അതിന്റെ ചുരുക്കം ഇതായിരുന്നു. ഭരണത്തിന്റെ ഉത്തരവാദിത്വം നിങ്ങൾ എന്നിൽ ഏൽപ്പിച്ചിരിക്കുന്നു, നിങ്ങളിൽ ഏറ്റവും കഴിവുള്ള ആൾ ഞാനല്ല, നിങ്ങളുടെ ഉപദേശവും സഹായവും എനിക്ക് എപ്പോഴും ആവശ്യമുണ്ട്. ഞാൻ നന്മ ചെയ്യുമ്പോൾ നിങ്ങൾ എന്നെ

അനുസരിക്കുക, എനിക്ക് എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ അത് ചൂണ്ടിക്കാണിക്കുകയും എന്നെ തിരുത്തുകയും ചെയ്യുക. നിങ്ങളിൽ ഏറ്റവും അശക്തർ എന്റെ കയ്യിൽ എന്നും സംരക്ഷിക്കപ്പെടും. ഞാൻ പ്രവാചകന്റെയും ദൈവത്തിന്റെയും നിയമങ്ങൾ അനുസരിക്കുവോളം നിങ്ങൾ എന്നെയും അനുസരിക്കുക. പ്രവാചകനെയും പ്രവാചകന്റെയും ദൈവത്തിന്റെയും നിയമങ്ങൾ ഞാൻ നിരാകരിക്കുകയാണെങ്കിൽ നിങ്ങൾ എന്നെ അനുസരിക്കേണ്ടതില്ല.



അബൂബക്കറിന്റെ തെരഞ്ഞെടുപ്പ് ജനാധിപത്യരീതികൾ പാലിച്ചുകൊണ്ടായിരുന്നു-സംവദിക്കുക.

### അബൂബക്കർ നേരിട്ട ആഭ്യന്തര പ്രശ്നങ്ങൾ

1. സക്കാത്ത് നിഷേധം
2. കള്ള പ്രവാചകത്വവാദവും റിദ്ദ യുദ്ധവും
3. സിറിയയിലേക്കുള്ള സൈനികപര്യടനം


### സക്കാത്ത് നിഷേധം

മദീനയുടെ അതിർത്തിയിലുള്ള രണ്ട് പ്രധാനപ്പെട്ട ഗോത്രങ്ങളായിരുന്ന അബ്സ്, ദുബ്യാൻ എന്നിവ പ്രവാചകൻ മരണപ്പെട്ടതിനെത്തുടർന്ന് മുസ്‌ലിമുകൾ നിർബന്ധമായും കൊടുക്കേണ്ട സക്കാത്ത് നികുതി നൽകുന്നതിൽ നിന്നും ഇവർ വിട്ടുനിന്നു. തങ്ങളുടെ ഈ തീരുമാനം അവർ ഖലീഫ അബൂബക്കറിനെ അറിയിക്കുകയും ചെയ്തു. ഖലീഫയുടെ ഉപദേശകസമിതിയിലെ അംഗങ്ങൾ ഇവർക്കെതിരെ പെട്ടെന്ന് സൈനികനീക്കം നടത്തരുതെന്ന് ഖലീഫയോട് ആവശ്യപ്പെട്ടു. എന്നാൽ പ്രവാചകൻ തുടങ്ങിവച്ച സക്കാത്ത് നിഷേധിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ തീർച്ചയായും സ്വീകരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

അബൂബക്കർ പറഞ്ഞു: സക്കാത്ത് മുസ്‌ലിമുകൾ നൽകേണ്ട നിർബന്ധിത നികുതിയാണ്, പ്രവാചകൻ ആവിഷ്കരിച്ച നിയമം തെറ്റിക്കാനുള്ള അവകാശം എനിക്കില്ല, ഒട്ടകത്തിന്റെ കടിഞ്ഞാണാണ് നിങ്ങളിൽ നിന്നും സക്കാത്തായി പിരിച്ചെടുക്കേണ്ടതെങ്കിൽ, അത് നിങ്ങൾ നൽകുന്നതു വരെ നിങ്ങളോട് ഞാൻ യുദ്ധം ചെയ്യും. സക്കാത്ത് നിഷേധികൾ മദീനയെ ആക്രമിക്കാൻ തയാറെടുത്തത് മുൻകൂട്ടി അറിഞ്ഞ അബൂബക്കർ ശക്തമായ സൈനിക നീക്കത്തിലൂടെ മദീനയെ പ്രതിരോധിക്കുകയും സക്കാത്ത് നിഷേധികളെ കീഴടക്കുകയും സക്കാത്ത് അവരിൽ നിന്നും പിടിച്ചെടുക്കുകയും ചെയ്തു.

## കള്ളപ്രവാചകത്വവാദവും റിദ്ദ യുദ്ധവും

പ്രവാചകന്റെ മരണത്തെത്തുടർന്ന് മദീനയിൽ രൂപപ്പെട്ട മറ്റൊരു പ്രവണതയായിരുന്നു, കള്ളപ്രവാചകത്വവാദം. അബൂബക്കർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയും ഈ കള്ള പ്രവാചകന്മാരായിരുന്നു. പ്രവാചകൻ മരണപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തിന് ലഭിച്ചിരുന്ന സ്വാധീനം സമൂഹത്തിൽ നിന്ന് കിട്ടുന്നതിന് വേണ്ടി ചില വ്യക്തികൾ സ്വയം പ്രവാചകന്മാരായി പ്രഖ്യാപിച്ചു. ഇതിനെയാണ് കള്ള പ്രവാചകത്വവാദം എന്നുപറയുന്നത്.




ചിത്രം 5.1 റിദ യുദ്ധഭൂമി

പ്രവാചകന്റെ അവസാന നാളുകളിൽ യമൻ കേന്ദ്രീകരിച്ച് കള്ള പ്രവാചകത്ത വാദത്തിന് തുടക്കമിട്ട ഗോത്രനേതാവാണ് അസ്വദുൽ അൻസി. ഇസ്ലാം ഒരു തത്വ സംഹിതയാണ്. മുഹമ്മദ് അന്ത്യ പ്രവാചകനാണ്, അദ്ദേഹത്തിന് ശേഷം ലോകത്തിൽ ഇനിയൊരു പ്രവാചകൻ അവതരിക്കുകയില്ല എന്നത് ഇസ്ലാമിന്റെ അടിസ്ഥാന തത്വവുമാണ്. അതുകൊണ്ട് അസ്വദുൽ അൻസിക്കെതിരെ പ്രവാചകൻ സൈന്യത്തെ യമനിലേക്ക് അയയ്ക്കുകയും അസ്വദുൽ അൻസിയെ വധിക്കുകയും ചെയ്തു. എന്നാൽ അസ്വദിന്റെ മരണവാർത്ത മദീനയിൽ എത്തുന്നത് പ്രവാചകന്റെ വിയോഗത്തെ തുടർന്ന് അബൂബക്കർ ഖലീഫ ആയതിന് ശേഷമായിരുന്നു. നജ്ദ് കേന്ദ്രീകരിച്ച് കള്ള പ്രവാചകത്വം ഉയർത്തിയ ഗോത്രനേതാവാണ് തുലൈഹ. ഖാലിദ് ഇബ്നു വലീദിന്റെ കീഴിൽ വലിയൊരു സൈന്യത്തെ അയച്ചുകൊണ്ട് തുലൈഹയുടെ പ്രചരണത്തെ അബൂബക്കർ ഇല്ലാതാക്കി. മധ്യ-അറേബ്യ കേന്ദ്രീകരിച്ച് പ്രവാചകത്ത വാദമുന്നയിച്ച ബനു തഗ്‌ലിബ് ഗോത്രത്തിലെ ക്രിസ്തീയ വനിതയാണ് സജ്ജാഹ്. തന്റെ വാക്ചാതുര്യത്തിലൂടെ ജനങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റാൻ പ്രത്യേകം കഴിവുണ്ടായിരുന്ന സജ്ജാഹിന് ധാരാളം അനുയായികളെ പെട്ടെന്ന് സമ്പാദിക്കാനായി. സജ്ജാഹ് കള്ള പ്രവാചകത്വവാദവുമായി

വന്ന മുസൈലിമയുമായി ചേർന്നുകൊണ്ട് കൂടുതൽ ശക്തയായി. എന്നാൽ യമാമ യുദ്ധത്തിൽ അവർ വധിക്കപ്പെടുകയുണ്ടായി.

യമാമയിലെ ബനൂ ഹനീഫ ഗോത്രത്തിലെ നേതാവായ മുസൈലിമയായിരുന്നു കള്ള പ്രവാചകത്ത്വവാദവുമായി വന്നവരിൽ ഏറ്റവുമധികം കുപ്രസിദ്ധി നേടിയത്. തന്റെ പ്രസംഗങ്ങളിലൂടെ ജനങ്ങളെ പെട്ടെന്ന് ആകർഷിക്കാനുള്ള കഴിവ് മുസൈലിമയ്ക്ക് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ മധ്യ-അറേബ്യയിലെ നിരവധി ജനങ്ങൾ ഇദ്ദേഹത്തെ പ്രവാചകനായി അംഗീകരിക്കുകയും അനുയായികളായി മാറുകയും ചെയ്തു. ഇതോടൊപ്പം തന്റെ അംഗബലം കൂട്ടുവാനായി മുസൈലിമ സജ്ജാഹിനെ വിവാഹം കഴിക്കുകയും ചെയ്തു. ഇവരെ നേരിടാൻ ഖാലിദ് ഇബ്നു വലീദിന്റെ നേതൃത്വത്തിൽ വലിയൊരു സൈന്യത്തെ ഖലീഫ അബൂബക്കർ അയയ്ക്കുകയും യമാമയിൽ വച്ച് മുസൈലിമയുമായി യുദ്ധത്തിലേർപ്പെടുകയും ചെയ്തു. യമാമ യുദ്ധമായിരുന്നു കള്ള പ്രവാചകത്വത്തിനെതിരെയുള്ള ഏറ്റവും വലിയ യുദ്ധം. ഈ യുദ്ധത്തിൽ ഏകദേശം 1100 ഓളം മുസ്‌ലിമുകൾ മരണപ്പെട്ടു. അതിൽ തന്നെ 70 പേർ ഖുർആൻ പൂർണ്ണമായും മനപ്പാഠമാക്കിയവരായിരുന്നു (ഹാഫിള്).

ഇസ്‌ലാമിന്റെ മത നിയമമനുസരിച്ച് കള്ള പ്രവാചകത്വവാദവുമായി വന്നവർ അതിലൂടെ ഇസ്‌ലാം മതത്തിന്റെ പരിധിയിൽ നിന്ന് പുറത്തുപോയവരാണ്. ഇസ്‌ലാം മതത്തിൽ നിന്ന് പുറത്തു പോയവർ എന്നർഥത്തിലാണ് അവർക്കെതിരെയുള്ള ഈ യുദ്ധങ്ങളെ റിദ്ദ യുദ്ധങ്ങൾ എന്നുപറയുന്നത്.



ചിത്രം 5.2 യമാമ

### സിറിയയിലേക്കുള്ള സൈനികപര്യടനം

പ്രവാചകൻ മരണാസന്നനായി കിടക്കുന്ന വേളയിൽ അദ്ദേഹം തീരുമാനിച്ചതായിരുന്നു സിറിയയിലേക്കുള്ള മുസ്‌ലിം സൈനികപര്യടനം. സിറിയയിലേക്ക്





ചിത്രം 5.3 അബൂബക്കറിന്റെ ഖിലാഫത്ത് ഭരണവിസ്തൃതി

പ്രവാചകൻ അയച്ച ദൂതനെ സിറിയയിലെ ക്രിസ്തീയഭരണകൂടം വധിക്കുകയുണ്ടായി. അതിനുപകരം ചോദിക്കാനായിരുന്നു ഏറ്റവും പ്രായം കുറഞ്ഞ ഉസാമായുടെ നേതൃത്ത്വത്തിൽ സിറിയയിലേക്ക് ഒരു സൈന്യത്തെ നിയോഗിച്ചത്. പ്രവാചകന്റെ മരണത്തെ ത്തുടർന്ന് അബൂബക്കർ ഖലീഫയായപ്പോൾ ആഭ്യന്തര പ്രശ്നങ്ങൾ കാരണം ഈ പര്യടനം നിർത്തി വയ്ക്കാനും പിന്നീട് ആലോചിച്ച് ഉചിത തീരുമാനമെടുക്കാമെന്നും ഉപദേശകസമിതി അഭിപ്രായപ്പെട്ടു. എന്നാൽ പ്രവാചകന്റെ ആജ്ഞ ലംഘിക്കാൻ എനിക്ക് അവകാശമില്ല എന്നു പറഞ്ഞതുകൊണ്ട് പ്രസ്തുത സൈന്യത്തെ തന്നെ അദ്ദേഹം സിറിയയിലേക്ക് അയയ്ക്കുകയും യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു.

### ഖുർആൻ ക്രോഡീകരണം

അബൂബക്കർ ഖലീഫയായിരുന്ന കാലഘട്ടത്തിൽ യമാമ യുദ്ധത്തിന് ശേഷമായിരുന്നു ഖുർആൻ ക്രോഡീകരിക്കേണ്ടതിന്റെ ആവശ്യകത മുസ്ലിം സമൂഹം മനസ്സിലാക്കുന്നത്. യമാമ യുദ്ധത്തിൽ ഖുർആൻ മനപ്പാഠമാക്കിയിരുന്ന 70-ഓളം പ്രവാചക അനുയായികൾ മരണപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ ഭാവിതലമുറയ്ക്ക് വേണ്ടി ഖുർആൻ എഴുതി സൂക്ഷിക്കുവാൻ ഉപദേശക സമിതിയുടെ അംഗീകാരത്തോടെ ഒരു സംഘം പണ്ഡിതന്മാരെ ഏൽപ്പിച്ചു. പ്രസ്തുത കൗൺസിലിന് നേതൃസ്ഥാനം വഹിച്ചത് സൈദ് ഇബ്നു സാബിത്തായിരുന്നു. അദ്ദേഹത്തിന് കീഴിൽ ഖുർആൻ ക്രോഡീകരിച്ച ശേഷം ആ കൈയെഴുത്ത് പ്രതി പ്രവാചകന്റെ ഭാര്യയായിരുന്ന ഹഫ്സയുടെ കൈയിലായിരുന്നു അബൂബക്കർ സൂക്ഷിക്കാൻ ഏൽപ്പിച്ചത്.

***യമാമ യുദ്ധം:*** *ഇതിന് മുമ്പ് ഇത്രയും ബുദ്ധിമുട്ടുള്ള ഒരു യുദ്ധത്തിൽ മുസ്ലിമുകൾ ഏർപ്പെട്ടിരുന്നില്ല. പതിനായിരക്കണക്കിന് കപടവിശ്വാസികൾ ഇതിൽ കൊല്ലപ്പെടുകയുണ്ടായി. അതുകൊണ്ട് യമാമ താഴ്‌വര മരണത്തിന്റെ പൂങ്കാവനം എന്നറിയപ്പെട്ടു. തബരി.*



*ഏതെല്ലാം രീതിയിലാണ് അബൂബക്കർ തന്റെ പ്രാരംഭ പ്രസംഗത്തിലെ വാക്കുകൾ അർഥവത്താക്കിയത്? ചർച്ച ചെയ്യുക.*

## ഉമർ ഇബ്നു ഖത്താബ് (634-644 എ.ഡി)

ഒന്നാം ഖലീഫ അബൂബക്കർ മരണക്കിടക്കയിൽ വച്ച് അടുത്ത ഖലീഫയായി ഉമർ ഇബ്നു ഖത്താബിനെ നാമനിർദ്ദേശം ചെയ്തു. അബൂബക്കറിന്റെ മരണത്തിന് ശേഷം അടുത്ത ഖലീഫയായി ഉമറിനെ ഉപദേശകസമിതി ബൈഅത്ത് ചെയ്തു.

അതോടെ മുഴുവൻ ജനങ്ങളും ഉമറിനെ ഖലീഫയായി അംഗീകരിക്കുന്നുവെന്ന് ഉറക്കെ പ്രഖ്യാപിക്കുകയുണ്ടായി. ജാഹിലിയ്യാ കാലഘട്ടത്തിൽ ഖുറൈശികൾക്കിടയിൽ സ്ഥാനവും പദവിയും ഉണ്ടായിരുന്ന യോദ്ധാവായിരുന്നു ഉമർ. മാത്രമല്ല അക്ഷരാഭ്യാസമുള്ള ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു ധനികനായ ഉമർ.

## ഉമറിന്റെ കാലഘട്ടത്തിലുണ്ടായ ഇസ്‌ലാമിക ഭരണകൂടത്തിന്റെ വിസ്തൃതി

ഉമറിന്റെ കാലഘട്ടത്തിലായിരുന്നു ജറുസലേം ഉൾപ്പെടെ സിറിയയും ഇറാൻ, ഇറാഖ് ഉൾപ്പെടെ പേർഷ്യയും ആഫ്രിക്കയിലെ ഈജിപ്തും കീഴടക്കിക്കൊണ്ട് ഇസ്‌ലാമിക ഭരണകൂടത്തിന്റെ വിസ്തൃതി വർധിപ്പിച്ചത്. പിടിച്ചടക്കലിന് വേണ്ടിയുള്ള യുദ്ധത്തിലൂടെ ആയിരുന്നില്ല. മറിച്ച്, അതിർത്തി സംരക്ഷണാർഥവും പ്രതിരോധത്തിനും വേണ്ടിയുള്ള യുദ്ധങ്ങളിലൂടെയായിരുന്നു ഇവയെല്ലാം





ചിത്രം 5.4 പേർഷ്യൻ ബൈസന്റയൻ സാമ്രാജ്യങ്ങൾ

പിടിച്ചടക്കിയത്. അബൂബക്കറിന്റെ കാലം മുതൽ തന്നെ പേർഷ്യൻ സാമ്രാജ്യവും റോമൻ സാമ്രാജ്യവും ഇസ്‌ലാമിക ഭരണകൂടത്തോട് ശത്രുത നിലപാടായിരുന്നു സ്വീകരിച്ചിരുന്നത്. ഇരുസാമ്രാജ്യങ്ങളും അതിർത്തിയിലുള്ള മുസ്‌ലിമുകളുടെ താമസ പ്രദേശങ്ങളിൽ നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഇതില്ലാതാക്കാൻ അബൂബക്കറിനെപ്പോലെ ഉമറും അതിർത്തിയിൽ പ്രശ്നമുണ്ടാക്കുന്നവർക്കെതിരെ സൈനിക നീക്കം നടത്തി. ആദ്യമായി അദ്ദേഹം നേരിടുന്നത് പേർഷ്യൻ സാമ്രാജ്യത്തെ ആയിരുന്നു. പേർഷ്യൻ സൈന്യവുമായി ആദ്യം ഹാഫിർ എന്ന സ്ഥലത്ത് വച്ച് നടത്തിയ യുദ്ധത്തിൽ മുസ്‌ലിം സൈന്യമാണ് പരാജയപ്പെട്ടത്. എന്നാൽ പിന്നീട് പേർഷ്യൻ സൈന്യവും മുസ്‌ലിം സൈന്യവും തമ്മിൽ ധാരാളം യുദ്ധങ്ങൾ നടക്കുകയുണ്ടായി. മുസ്‌ലിമുകൾക്ക് നല്ല രീതിയിലുള്ള ഒരു വിജയം ലഭിക്കുന്നത് നമാരക് എന്ന സ്ഥലത്ത് വെച്ച് നടന്ന യുദ്ധത്തി

ലായിരുന്നു. തുടർന്നു നടന്ന ജസർ എന്ന യുദ്ധത്തിൽ പേർഷ്യൻ സൈന്യം മുസ്‌ലിങ്ങളെ പരാജയപ്പെടുത്തി. എന്നാൽ ബുവൈച്ച് യുദ്ധത്തിൽ മുസ്‌ലിം സൈന്യം പേർഷ്യക്കാരെ പരാജയപ്പെടുത്തുകയും അവരുടെ ശക്തി ക്ഷയിപ്പിക്കുകയും ചെയ്തു.

മുസ്‌ലിം സൈന്യത്തെ പൂർണ്ണമായും കീഴടക്കാൻ വേണ്ടി അന്നത്തെ പേർഷ്യൻ ഭരണാധികാരി ആയിരുന്ന യസ്ദഗിർദ് വലിയൊരു സൈന്യത്തെ തയാറാക്കി. പേർഷ്യയിലുള്ള ഖാദിസിയ്യ എന്ന സ്ഥലത്തുവച്ച് ഇരുസൈന്യവും ഏറ്റുമുട്ടി. മുസ്‌ലിം സൈന്യത്തിന്റെ സൈന്യാധിപൻ സഅ്ദ് ഇബ്നു അബീ വഖാസ് ആയിരുന്നു. ഇദ്ദേഹത്തെ സഹായിക്കാൻ പിന്നീട് ഖാലിദ് ഇബ്നു വലീദിന്റെ നേതൃത്വത്തിൽ മദീനയിൽ നിന്ന് വലിയൊരു സൈന്യം ഖാദിസിയ്യയിൽ എത്തുകയുണ്ടായി. എ.ഡി. 634 ൽ നടന്ന ഈ യുദ്ധത്തിൽ പേർഷ്യൻ ഭരണാധികാരിയെ പരാജയപ്പെടുത്തുകയും പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ മാദായിൻ പിടിച്ചെടുക്കുകയും പേർഷ്യൻ സാമ്രാജ്യം ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമാവുകയും ചെയ്തു.





ചിത്രം 5.5 പേർഷ്യൻ സാമ്രാജ്യം ഖിലാഫത്ത് ഭരണത്തിൻ കീഴിൽ

## സിറിയയും ജറുസലേമും കീഴടക്കൽ

പേർഷ്യൻ സാമ്രാജ്യത്തെപ്പോലെ തന്നെ റോമാസാമ്രാജ്യവും ഇസ്‌ലാമിക ഭരണകൂടത്തിനെതിരെ നിരന്തരം പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. പേർഷ്യൻ സാമ്രാജ്യം മുഴുവൻ ഖാദിസിയ്യ യുദ്ധത്തിൽ കീഴടക്കിയതോടെ മുസ്‌ലിമുകൾ കൂടുതൽ ശക്തരായി മാറിയത് റോമാഭരണകൂടത്തെ ചൊടിപ്പിക്കാനിടയായി. റോമാ സാമ്രാജ്യത്തിന്റെ കിഴക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന പ്രവിശ്യയായ സിറിയയിലെ ക്രിസ്ത്യൻ ഭരണാധികാരിയായിരുന്നു മുസ്‌ലിമുകൾക്കെതിരെ ഏറ്റവുമധികം ശത്രുതാനിലപാട് വച്ചു പുലർത്തിയത്.


പേർഷ്യയിലെ വിജയത്തിന് ശേഷം ഖാലിദ് ഇബ്നു വലിദിനോട് നേരെ സിറിയയിലേക്ക് മറ്റൊരു സൈനികനീക്കം നടത്താൻ ഉമർ ആവശ്യപ്പെട്ടു. മുസ്‌ലിം സൈന്യം സിറിയയിലെ ക്രിസ്ത്യൻ ഭരണകൂടവുമായി ഏറ്റുമുട്ടുകയും സിറിയയിലെ പഴയ പട്ടണമായ ഡമസ്കസ് പിടിച്ചടക്കുകയും ചെയ്തു. തുടർന്ന് റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ മേഖലയിലെ ബൈസാന്റൈൻ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായ ഹെർക്കുലിയസ് വലിയൊരു സൈന്യവുമായി സിറിയയിലേക്കെത്തുകയും യർമൂക്ക് എന്ന സ്ഥലത്തുവച്ച് മുസ്‌ലിമുകളെ നേരിടുകയും ചെയ്തു (635–636 എ.ഡി). പ്രസ്തുത യുദ്ധത്തിൽ മുസ്‌ലിം സേനയുടെ നായകൻ അബൂ ഉബൈദയായിരുന്നു. ഈ യുദ്ധത്തിൽ മുസ്‌ലിം സൈന്യം വിജയിക്കുകയം സിറിയമുഴുവനും കീഴടക്കുകയും ചെയ്തു. ഇസ്‌ലാമിക ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും മുസ്‌ലിമുകളുടെയും പുണ്യസ്ഥലമായി അറിയപ്പെടുന്ന ജെറുസലേം നഗരം മുസ്‌ലിമുകൾ അബു ഉബൈദയുടെ നേതൃത്ത്വത്തിൽ യുദ്ധമൊന്നും കൂടാതെതന്നെ പിടിച്ചടക്കുകയുണ്ടായി.





ചിത്രം 5.6 സിറിയ കീഴടക്കുന്നു.

## ഈജിപ്ത് കീഴടക്കൽ

യർമൂക്ക് യുദ്ധത്തിന് ശേഷം സിറിയ പൂർണമായും കീഴടങ്ങുകയും പടിഞ്ഞാറൻ അതിർത്തി സംരക്ഷിക്കപ്പെടുകയും ക്രിസ്ത്യൻ ഭരണാധികാരികളിൽ നിന്നുള്ള ഉപദ്രവം അവസാനിക്കുകയും ചെയ്തു. യർമൂക്ക് യുദ്ധവേളയിൽ മുസ്‌ലീം സൈന്യത്തിനുണ്ടായിരുന്ന ഒരു പ്രധാനപ്പെട്ട സൈനിക നേതാവായിരുന്നു അംറ് ഇബ്നുൽ ആസ്സ്. ഇദ്ദേഹമായിരുന്നു ഈജിപ്ത് പിടിച്ചടക്കാനുള്ള ആഗ്രഹം ഉമറിനോട് പ്രകടിപ്പിക്കുന്നതും ഖലീഫയുടെ അനുവാദം ചോദിക്കുന്നതും. ഉമറിൽ നിന്ന് തന്ത്രപരമായി അതിനുള്ള അനുവാദം അദ്ദേഹം നേടിയെടുക്കുകയും ചെയ്തു. തുടർന്ന് സീനായി മരുഭൂമി കടന്ന് മുസ്‌ലീം സൈന്യം ഈജിപ്ത്തിലെത്തുകയും അവിടെ ഉണ്ടായിരുന്ന റോമൻ ഗവർണറെ പരാജയപ്പെടുത്തിക്കൊണ്ട് പൗരാണിക നഗരമായ അലക്സാണ്ട്രിയ പിടിച്ചെടുക്കുകയും ചെയ്തു. എ.ഡി 642 -ഓടെ ഈജിപ്ത് മുഴുവൻ പിടിച്ചടക്കുകയും ഫുസ്താത്ത് എന്ന നഗരം സ്ഥാപിച്ചുകൊണ്ട് അത് കേന്ദ്രമായി മുസ്‌ലിം ഭരണം ആരംഭിക്കുകയും ചെയ്തു.




**ചിത്രം 5.7 ഈജിപ്ത മുസ്‌ലിമുകൾ കീഴടക്കുന്നു.**



*ഭൂപടങ്ങൾ വീക്ഷിക്കുകയും ഖിലാഫത്ത് കാലഘട്ടത്തിലെ ഇസ്‌ലാമിക ഭരണകൂടത്തിന്റെ വിസ്തൃതിയെപ്പറ്റി കുറിപ്പ് തയാറാക്കുകയും ചെയ്യുക.*

## ഉമറിന്റെ ഭരണപരിഷ്കാരങ്ങൾ

പേർഷ്യയും റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായ സിറിയയും ഈജിപ്തും കീഴടക്കിക്കൊണ്ട് ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിച്ചത് ഉമർ ആയിരുന്നു. പിടിച്ചടക്കിയ സ്ഥലങ്ങൾ മുഴുവനും ഏകീകരിച്ചുകൊണ്ട് വ്യവസ്ഥാപിതമായ ഒരു മാതൃകാ ഭരണം കാഴ്ചവയ്ക്കാൻ ഉമറിന് കഴിഞ്ഞു. ലോകത്ത് സ്ഥാപിതമായ മുഴുവൻ ഇസ്‌ലാമിക ഭരണകൂടങ്ങളേയും താദാത്മ്യം ചെയ്യുമ്പോൾ ഭരണപരിഷ്കാരങ്ങളിൽ ഏറ്റവും ഉന്നതസ്ഥാനമുള്ളത് രണ്ടാം ഖലീഫയായ ഉമറിനാണ്. നീതിമാനായ ഭരണാധികാരിയായതുകൊണ്ടും നീതി നടപ്പാക്കുന്നതിൽ അദ്ദേഹം കർശന നിലപാടുകൾ സ്വീകരിച്ചതുകൊണ്ടും അദ്ദേഹത്തിന് നൽകപ്പെട്ട അപരനാമമായിരുന്നു ഉമർ-അൽ ഫാറൂഖ് (സത്യവും അസത്യവും വേർതിരിക്കുന്ന വ്യക്തി). ജനാധിപത്യരീതികൾ ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ ഭരണകൂടത്തിൻ കീഴിൽ ജനങ്ങൾക്ക് സ്വാതന്ത്ര്യവും സാമൂഹ്യനീതിയും ഉറപ്പാക്കിയതോടൊപ്പം ഔദ്യോഗിക ഭരണ നിർവഹണത്തിന് ജനങ്ങളെയും അദ്ദേഹം പങ്കാളികളാക്കിയിരുന്നു. അദ്ദേഹത്തിന്റെ എല്ലാ ഭരണപരിഷ്കാരങ്ങളും ജനനന്മ ലക്ഷ്യം വച്ചുള്ളതായിരുന്നു. ശരിയത്ത് നിയമങ്ങളിൽ മാറ്റങ്ങൾ വരുത്താതെയായിരുന്നു അദ്ദേഹത്തിന്റെ ഭരണ പരിഷ്കാരങ്ങൾ മുഴുവനും നടപ്പാക്കിയത്.

*മദീനയിൽ തന്റെ നിത്യേനയുള്ള രാത്രി പരിശോധനയ്ക്കിടയിൽ ഒരു ദിവസം രാത്രി ദയനീയമായൊരു സംഭവത്തിന് ഉമർ ദൃക്സാക്ഷിയായി. ഒരു വീട്ടിൽ മാതാവ് അടുപ്പത്ത് എന്തോ ഭക്ഷണം പാകം ചെയ്തുകൊണ്ടിരിക്കുന്നതും അവരുടെ കുട്ടികൾ കരയുന്നതായും കണ്ടു. അവരോട് ദയ തോന്നി ഉമർ ചോദിച്ചു, എന്തിനാണ് കുട്ടികൾ ഇത്തരത്തിൽ കരയുന്നത്? വളരെ ദു:ഖത്തോടെ ആ മാതാവ് പറഞ്ഞു, ഈ വീട്ടിൽ ഭക്ഷ്യവസ്തുവായി യാതൊന്നും ഇല്ല. ഈ അടുപ്പത്തിരിക്കുന്ന പാത്രത്തിൽ വെള്ളം മാത്രമേ ഉള്ളൂ. യാതൊരു ഭക്ഷ്യവസ്തുവും ഞാനിതിൽ പാകം ചെയ്യുന്നില്ല. കുട്ടികൾ ഉറങ്ങുന്നതുവരെ പാകം ചെയ്യുന്നതായി ഞാൻ അഭിനയിക്കുകയാണ്. ആ മാതാവിന്റെ ഉത്തരം കേട്ട് ഉമർ ആകെ വ്യാകുലനായി. ഖലീഫയായ താനാണീ കുടുംബത്തിന്റെ ദാരിദ്ര്യാവസ്ഥയ്ക്ക് കാരണമെന്നും അദ്ദേഹം സ്വയം വിലയിരുത്തി.*

*ഉടനെ ഉമർ മദീന ഭരണകൂടത്തിന്റെ പൊതുധാന്യപ്പുരയിൽ നിന്നും ആ കുടുംബത്തിനുവേണ്ട ധാന്യവും മറ്റ് ഭക്ഷ്യവസ്തുക്കളും വസ്ത്രവും പണവും ശേഖരിച്ച് ആ വീട്ടിൽ എത്തിക്കുകയുണ്ടായി. തന്റെ ഭൃത്യന്മാരെ ആ ചുമതല ഏൽപ്പിക്കുന്നതിന് പകരം അദ്ദേഹം സ്വന്തമായി ചുമന്ന് കൊണ്ടാണവ പ്രസ്തുത ഭവനത്തിലെത്തിച്ചത്. ഇതിനെപ്പറ്റി ചോദിച്ച ഭൃത്യനോട് ഉമർ പറഞ്ഞു: ജനങ്ങളുടെ ക്ഷേമം എന്റെ ഉത്തരവാദിത്തമാണ്. അന്ത്യനാളിൽ എന്റെ പാപങ്ങൾ ചുമക്കാൻ ഒരു ഭൃത്യനും ഉണ്ടാകില്ല. ഉമർ ആ വീട്ടിൽ എത്തുകയും സ്വയം പാചകം ചെയ്ത് ആ കുട്ടികൾക്ക് ഭക്ഷണം നൽകുകയും ചെയ്തു. അവർ ഭക്ഷണം കഴിച്ച ശേഷം ഉമർ അവരെ ചിരിപ്പിക്കാനും സന്തോഷിപ്പിക്കാനുമായി അവരുമായി കളികളിലേർപ്പെടുകയുണ്ടായി. എന്നിട്ടദ്ദേഹം പറഞ്ഞു, ഞാൻ ഇവരെ കരയുന്നവരായാണ് കണ്ടത്, ഇവരെ ചിരിക്കുന്നവരായിട്ടല്ലാതെ ഉപേക്ഷിക്കുന്നത് ഞാൻ വെറുക്കുന്നു. ഇതുകേട്ട് മാതാവ് പറഞ്ഞു, ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ. നിങ്ങൾ ഉമർ ഇബ്നു ഖത്താബിനെക്കാൾ മികച്ചവനല്ല.*

*അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു, നിങ്ങൾക്കെങ്ങനെ ഉമറിനെ അറിയാം?*

*അപ്പോൾ മാതാവ് പറഞ്ഞു, അദ്ദേഹം ഞങ്ങളുടെ നന്മ സ്വന്തം ഉത്തരവാദിത്തമായി തന്റെ പിരടിയിൽ ചുമക്കുന്നു. (അദ്ദേഹം ഖലീഫയാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് അവർ സംസാരിച്ചത്) പിന്നെ എങ്ങനെ ഞങ്ങളദ്ദേഹത്തെ മറക്കും?*

*ഇതുകേട്ട് ഉമർ കരയാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു, എല്ലാ ജനങ്ങളും ഉമറിനെക്കാൾ കൂടുതൽ അദ്ദേഹത്തെ അറിയുന്നു.*

*ഉറവിടം: പ്രവാചക സഹചാരികളുടെയും പിന്തുടർച്ചക്കാരുടെയും ജീവചരിത്ര ശകലങ്ങളിൽ നിന്ന്, ഉമർ ഇബ്നു ഖത്താബ്. ഡോ.എം.ജിലാനി തൈ്വബ പ്രസാധകർ, 2003.*

## ഉപദേശകസമിതി (മജ്ലിസു ശൂറ)

ജനാധിപത്യ രീതിയിൽ നടപ്പാക്കിയ ഖിലാഫത്ത് വ്യവസ്ഥയുടെ പ്രധാന പ്രത്യേകതയാണ് ഉപദേശകസമിതി (മജ്ലിസു ശൂറ) ഒന്നാം ഖലീഫ അബൂബക്കർ ആണ് ഈ സമിതിക്ക് തുടക്കമിടുന്നത്. ഭരണപരമായ എല്ലാ തീരുമാനങ്ങളും ഖലീഫ എടുത്തിരുന്നത് പ്രസ്തുത സമിതിയുടെ അഭിപ്രായം ചോദിച്ചുകൊണ്ടായിരുന്നു. ആധുനിക ഭരണ വ്യവസ്ഥകളിലെ ക്യാബിനറ്റിനോട് വേണമെങ്കിൽ ഈ ഉപദേശക സമിതിയെ താരതമ്യം ചെയ്യാം. കൂടിയാലോചനയില്ലാതെ ഖിലാഫത്ത് ഭരണത്തിന് നിലനിൽപ്പില്ല എന്ന ഉമറിന്റെ പ്രശസ്തമായ വാക്യത്തിലൂടെ ഖിലാഫത്ത് ഭരണവ്യവസ്ഥയിൽ ഉപദേശകസമിതിക്കുള്ള പ്രാധാന്യം വ്യക്തമാകുന്നു. ഖലീഫയുടെ തീരുമാനങ്ങൾ ഏകാധിപത്യ തീരുമാനങ്ങളല്ലയെന്ന് വ്യക്തമാക്കുന്നതാണ് ഉപദേശക സമിതിക്ക് ഖിലാഫത്ത് വ്യവസ്ഥയിലെ സ്ഥാനം. രാഷ്ട്രീയ ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യാൻ അറിയുന്നവരും വിദ്യാസമ്പന്നരുമായ വ്യക്തികളെ ആയിരുന്നു ഉപദേശകസമിതിയിലേക്കെടുത്തിരുന്നത്. അലി, അബു ഉബൈദ, ഉസ്മാൻ, ത്വൽഹ, ഇബ്നു സുബൈർ, അബ്ദു റഹ്മാൻ ഇബ്നു ഔഫ് എന്നിവരായിരുന്നു ഉമറിന്റെ ഭരണകാലത്തെ ഉപദേശകസമിതി അംഗങ്ങൾ.

> **"ഉമർ പറയുന്നു കൂടിയാലോചനയില്ലാതെ ഖിലാഫത്തില്ല".**

## പ്രവിശ്യാഭരണം

ഭരണസൗകര്യത്തിനായി വികേന്ദ്രീകൃത ഭരണസംവിധാനമാണ് ഖലീഫമാർ നടപ്പിലാക്കിയത്. മദീന തലസ്ഥാനമാക്കിക്കൊണ്ട് കേന്ദ്രഗവൺമെന്റും സാമ്രാജ്യത്തിലെ പ്രദേശങ്ങളെയെല്ലാം വ്യത്യസ്ത പ്രവിശ്യകളാക്കി വിഭജിച്ചുകൊണ്ടുള്ള പ്രവിശ്യാഗവൺമെന്റും എന്ന തരത്തിലായിരുന്നു ഇത്. വികേന്ദ്രീകൃതഭരണ സംവിധാനം ആദ്യമായി ഇസ്ലാമികലോകത്ത് നടപ്പിലാക്കിയത് ഉമറാണ്. മക്ക, മദീന, ബസ്റ, കൂഫ, പലസ്തീൻ, ഈജിപ്ത് എന്നിവയായിരുന്നു ഉമറിന്റെ കാലഘട്ടത്തിലെ പ്രധാനപ്രവിശ്യകൾ. 'വാലി' അല്ലെങ്കിൽ അമീർ എന്നാണ് പ്രവിശ്യ ഗവർണറെ അറിയപ്പെട്ടിരുന്നത്. പ്രവിശ്യയിലെ മുഴുവൻ കാര്യങ്ങളും നിയന്ത്രിച്ചിരുന്നത് അദ്ദേഹമായിരുന്നു. പ്രവിശ്യാഗവർണറെ ഖലീഫയായിരുന്നു നിയമിച്ചിരുന്നത്. ഭരണ സൗകര്യത്തിനായി പ്രവിശ്യകളെ വീണ്ടും ജില്ലകളായി വിഭജിച്ചിരുന്നു. ജില്ലകളുടെ നിയന്ത്രണം ആമിൽ എന്ന ഉദ്യോഗസ്ഥന്റെ കീഴിലായിരുന്നു.

### യഥാർഥ ഭരണാധികാരി

ഒരിക്കൽ ഒരു റോമൻ പ്രതിനിധി വളരെ മർമപ്രധാനമായൊരു കാര്യം ഉമറിനോട് സംസാരിക്കാൻ മദീനയിലെത്തി. അദ്ദേഹം ഏറെനേരം ഉമറിനെ തിരഞ്ഞുനടന്നു. അങ്ങനെ അംഗരക്ഷകരോ, ആയുധങ്ങളോ, മറ്റ് സുരക്ഷയോ ഒന്നും ഇല്ലാതെ തന്നെ ഒരു മരച്ചുവട്ടിൽ ഉറങ്ങുന്ന ഒരാളെയാണ് ഉമറാണെന്ന് പറഞ്ഞ് അദ്ദേഹത്തിന് ചൂണ്ടിക്കാണിച്ചത്. ആ കാഴ്ച റോമൻ ദൂതനെ അത്ഭുതപ്പെടുത്തി! ഒരു സംരക്ഷണവുമില്ലാതെ എത്ര സമാധാനത്തോടെയാണ് ഇസ്ലാമിക സാമ്രാജ്യത്തിന്റെ അധിപൻ പൊതുനിരത്തിൽ ഉറങ്ങുന്നത്. അദ്ദേഹം ഉമറിനോട് ആദരവോടെ പറഞ്ഞു. അല്ലയോ ഉമർ! താങ്കൾ ഭരിക്കുന്നത് വളരെ നീതിമാനായിത്തന്നെ, അതുകൊണ്ട് താങ്കൾ എല്ലായിടത്തും സുരക്ഷിതനാണ്, താങ്കൾക്ക് എവിടെയും കിടന്നുറങ്ങാം.

## റവന്യൂഭരണം

സാമ്പത്തികരംഗത്ത് നിരവധി ഭരണമാറ്റങ്ങൾക്ക് ഉമർ തുടക്കം കുറിച്ചു. ആദ്യമായി സാമ്പത്തിക രംഗം കൈകാര്യം ചെയ്യാൻ പുതിയൊരു വിഭാഗം ദിവാൻ എന്ന പേരിൽ ആരംഭിച്ചു. പ്രവിശ്യകളിൽ നിന്ന് കിട്ടുന്ന മൊത്തം വരുമാനം നിയന്ത്രിച്ചിരുന്നതും അവ വ്യത്യസ്ത ആവശ്യങ്ങൾക്കായി വിതരണം ചെയ്തിരുന്നതും ഈ വിഭാഗത്തിന്റെ കീഴിലായിരുന്നു. പൊതുഖജനാവിലേക്ക് പ്രധാനമായും വരുമാനങ്ങൾ എത്തിയിരുന്നത് സക്കാത്ത്, ജിസിയ, ഖറാജ്, ഗനീമ തുടങ്ങിയ മാർഗങ്ങളിലൂടെയായിരുന്നു. മണ്ണിന്റെ പ്രത്യേകതയുടേയും ജലലഭ്യതയുടേയും അടിസ്ഥാനത്തിൽ ഭൂനികുതി പല പ്രദേശങ്ങൾക്കും വ്യത്യസ്തമായിരുന്നു.

ഇസ്‌ലാമിക ഭരണക്കൂടത്തിന് കീഴിലെ അമുസ്‌ലിം പൗരന്മാർ ഇസ്ലാമിക ഭരണകൂടത്തിന് നൽകേണ്ട നിർബന്ധ നികുതിയാണ് ജിസിയ. ഇവരുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കുന്നത് ഇസ്‌ലാമിക ഭരണകൂടമായിരുന്നു. ഇവർ യുദ്ധമുണ്ടാകുന്ന സന്ദർഭങ്ങളിൽ ഇസ്‌ലാമിക ഭരണകൂടത്തെ സഹായിക്കാൻ യുദ്ധത്തിലേർപ്പെട്ടാൽ ഇവരെ ജിസിയയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിമുകളെ മൊത്തത്തിൽ 'ദിമ്മികൾ' എന്നാണ് വിളിച്ചിരുന്നത്. കാർഷിക വിളകളിൽ നിന്നുള്ള വരുമാനത്തിന്റെ പത്തിലൊന്ന് എന്ന തോതിൽ ഏർപ്പെടുത്തിയിരുന്ന നികുതിയാണ് 'ഉഷർ'

ഖജനാവിലെ പണം ചിലവഴിക്കാനും വ്യവസ്ഥാപിതമായ രീതികൾ ഉമർ നടപ്പിലാക്കിയിരുന്നു. പൊതുക്ഷേമ പ്രവർത്തനങ്ങൾക്കായിട്ടായിരുന്നു മുഴുവൻ വരുമാനവും ചെലവഴിച്ചിരുന്നത്. കൃഷിവികസിപ്പിക്കാനായി ഒരു വിഹിതം അദ്ദേഹം മാറ്റിവച്ചിരുന്നു കനാലുകൾ നിർമിച്ചുകൊണ്ട് ജലസേചനസൗകര്യം ഏർപ്പെടുത്തി. ഇസ്‌ലാമിക ഭരണകൂടത്തിൽ കീഴിലെ മുഴുവൻ സ്ഥലങ്ങളുടെയും സർവെ ആദ്യമായി നടക്കുന്നത് ഉമറിന്റെ കാലഘട്ടത്തിലാണ്.

## ഹിജ്റ കലണ്ടർ

ഹിജ്റ കലണ്ടർ എന്ന പേരിൽ ഒരു മുസ്‌ലിം കലണ്ടർ സംവിധാനം ഏർപ്പെടുത്തുന്നതും ഉമർ ആയിരുന്നു. എ.ഡി. 634 ലാണ് അദ്ദേഹം ഹിജ്റ കലണ്ടർ നടപ്പിലാക്കിയത്. പ്രവാചകന്റെ ഹിജ്റയെ ഓർമിപ്പിച്ചുകൊണ്ട് തുടങ്ങിയ ഈ കലണ്ടറിന്റെ ഒന്നാമത്തെ വർഷം ആയി കണക്കാക്കുന്നത് തന്നെ എ.ഡി. 622 ആണ്.

**ഹിജ്റ കലണ്ടർ ആരംഭിച്ചത് ഉമറാണ്.**

## സൈനികഭരണം

സൈനികരംഗത്തും ഉമർ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കി. സ്ഥിരം സൈന്യമെന്നും താൽക്കാലിക സൈന്യമെന്നും മൊത്തം സൈന്യത്തെ രണ്ടായി വിഭജിച്ചു. സ്ഥിരം സൈന്യം വ്യവസ്ഥാപിതമായ നിയമാവലികളുള്ള ഔദ്യോഗിക സൈനിക വിഭാഗമായിരുന്നു. എന്നാൽ രണ്ടാമത്തെ വിഭാഗം യുദ്ധമുണ്ടാകുന്ന അവസ്ഥയിൽ

സ്വമേധയാ യുദ്ധത്തിന് തയാറായി വരുന്നവരായിരുന്നു. സൈന്യത്തിന്റെ ഇടയിലെ മറ്റൊരു വിഭജനമായിരുന്നു കാലാൾപ്പട, കുതിരപ്പട തുടങ്ങിയവ. ഔദ്യോഗിക സൈന്യത്തിന് ബൈത്തുൽ മാലിൽ നിന്നും നേരിട്ടായിരുന്നു ശമ്പളം നൽകിയിരുന്നത്. സൈനികത്തലവന്മാരെ ഖലീഫ നേരിട്ടാണ്നിയമിച്ചിരുന്നത്.

## നീതിന്യായവകുപ്പ്

നീതിമാനായ ഭരണാധികാരി എന്ന നിലയിലാണ് ഖലീഫ ഉമർ ഏറ്റവുമധികം പ്രസിദ്ധി നേടിയത്. നീതി കൃത്യമായി നടപ്പിലാക്കിയ ഭരണാധികാരി എന്ന നിലയിലാണ് അദ്ദേഹത്തിന് അൽ-ഫാറൂഖ് എന്ന അപരനാമം ലഭിച്ചത്. അദ്ദേഹം കോടതിയെയും നിയമത്തെയും ഭരണനിർവഹണത്തിന്റെ നിയന്ത്രണത്തിൽ നിന്ന് സ്വതന്ത്രമാക്കി. മദീനയിലെ കേന്ദ്ര ഭരണത്തിന്റെ കീഴിൽ ചീഫ് ജഡ്ജിയെയും പ്രവശ്യകളിൽ പ്രവിശ്യാജഡ്ജികളെയും നിയമിച്ചു. പ്രവിശ്യാക്കോടതിയിലെ വിധിക്കെതിരെ കേന്ദ്രകോടതിയിൽ അപ്പീൽ പോകാൻ ജനങ്ങൾക്ക് അവകാശമുണ്ടായിരുന്നു.

ഇതിന് പുറമെ നിരവധി ക്ഷേമപ്രവർത്തനങ്ങൾ ഉമർ നടത്തുകയുണ്ടായി. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിവരിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ സംവിധാനവും അംഗവൈകല്യം ഉള്ളവർക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും ഉമർ നടപ്പിലാക്കി. അവശ്യവസ്തുക്കളും ധാന്യങ്ങളും റേഷൻ വ്യവസ്ഥയിൽ ജനങ്ങൾക്ക് ലഭ്യമാക്കി. രാത്രികാലങ്ങളിൽ പ്രത്യേക പോലീസ് സേനയെ ഉപയോഗിച്ചുകൊണ്ട് നിരത്തുകളിൽ പരിശോധന നടത്തുന്ന സംവിധാനം ഏർപ്പെടുത്തി. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പള്ളികളോട് ചേർന്ന് ഉമറിന്റെ കാലഘട്ടത്തിൽ സ്ഥാപിക്കുകയുണ്ടായി. ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും ഖലീഫയെവരെ ചോദ്യം ചെയ്യുവാനുള്ള അവകാശങ്ങളും നൽകിയിരുന്നു.

## ഉമറിന്റെ വധം

എ.ഡി. 644 ലാണ് ഉമർ മരണപ്പെടുന്നത്. പേർഷ്യൻ അടിമയായ അബു ലുഅ്ലുഅ് എന്ന പേരിൽ അറിയപ്പെടുന്ന ഫൈറൂസാണ് തെറ്റിദ്ധാരണയുടെ പേരിൽ ഖലീഫ ഉമറിനെ പ്രഭാത പ്രാർത്ഥനയ്ക്കിടെ വധിക്കാൻ ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ പരാതിക്ക് ഉടനടി ഉമർ പരിഹാരം നിർദ്ദേശിച്ചില്ല എന്ന കാരണം കൊണ്ടായിരുന്നു ഇപ്രകാരം ചെയ്തത്. മുറിവേറ്റ ഉമർ ദിവസങ്ങൾക്കുള്ളിൽ തന്നെ മരണപ്പെടുകയും ചെയ്തു.

## ഉസ്മാൻ (644-656 എ.ഡി)

മരണക്കിടക്കയിൽ വച്ച് ഉമർ അടുത്ത ഖലീഫയായി തെരഞ്ഞെടുക്കാൻ ആറ് വ്യക്തികളുടെ പേര് നിർദ്ദേശിക്കുകയും ഇവരിലാരെയെങ്കിലും അടുത്ത ഖലീഫയായി തെഞ്ഞെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അബ്ദുറഹ്മാൻ ഇബ്നു ഔഫ്, സഅ്ദ്, സുബൈർ, ഉസ്മാൻ, അലി, ത്വൽഹ എന്നിവരായിരുന്നു പ്രസ്തുത വ്യക്തികൾ. ഇതിൽ ആദ്യത്തെ മൂന്നുപേരിൽ നിന്ന് ഉസ്മാനെ ഖലീഫയായി ഉപോദശകസമിതി തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ജനങ്ങൾ മുഴുവനും ഉസ്മാനെ എ.ഡി. 644 ൽ ഖലീഫയായി ബൈഅത്ത് ചെയ്യുകയുണ്ടായി. ഉസ്മാന്റ് ഖിലാഫത്ത് പന്ത്രണ്ട് വർഷക്കാലമായിരുന്നു. ആദ്യത്തെ ആറു വർഷം ഇസ്ലാമിക സാമ്രാജ്യം വികസിപ്പിക്കുകയും സമാധാനം നിലനിൽക്കുകയും ചെയ്തു.

എ.ഡി. 654- ൽ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വിസ്തൃതി കൂടുതൽ വ്യാപിച്ചു.

## ഉസ്മാനെതിരെയുള്ള ആരോപണങ്ങൾ

ഉസ്മാന്റെ ഭരണത്തിന്റെ ആദ്യത്തെ ആറ് വർഷങ്ങളിൽ സമാധാനപൂർവ്വമായ അന്തരീക്ഷമായിരുന്നു ഇസ്‌ലാമിക സാമ്രാജ്യത്തിൽ ഉണ്ടായിരുന്നത്. അതിനു ശേഷം നിരവധി ആഭ്യന്തര പ്രശ്നങ്ങളും ആരോപണങ്ങളും അദ്ദേഹത്തിനെതിരെ ഉയർന്നു വരികയും പിന്നീടത് അദ്ദേഹത്തിന്റെ വധത്തിലേക്കെത്തുകയും ചെയ്തു. അദ്ദേഹത്തിനെതിരെയുള്ള ആദ്യത്തെ ആരോപണം ഉമറിന്റെ കാലഘട്ടത്തിൽ നിയമിച്ചിരുന്ന പല ഗവർണ്ണർമാരേയും സ്ഥലം മാറ്റുകയും പകരം അശക്തരായ ഗവർണ്ണർമാരെ നിയമിക്കുകയും ചെയ്തു എന്നതായിരുന്നു. ഈജിപ്തിലെ ഗവർണറായിരുന്ന അംറ് ഇബനു ആസ്സിനെ മാറ്റികൊണ്ട് തൽസ്ഥാനത്ത് ഉസ്മാന്റെ തന്നെ ഗോത്രത്തിൽപ്പെട്ട അബീ സറബിനെ നിയമിച്ചു. അതേപോലെ കൂഫയിലെ ഗവർണറായിരുന്ന സഅദ് ഇബ്നു അബി വഖാസിനെ മാറ്റിക്കൊണ്ട് വലീദ് ഇബ്നു അഖ്ബയെ നിയമിച്ചു. ഇദ്ദേഹവും ഉസ്മാന്റെ ഗോത്രത്തിൽപ്പെട്ട ആളായിരുന്നു.

ഇത്തരം നടപടികൾ അദ്ദേഹത്തെ സ്വജനപക്ഷപാതിത്ത്വം സ്വീകരിക്കുന്ന ഖലീഫയെന്ന ആരോപണത്തിന് അർഹനാക്കി. ഉസ്മാന്റെ വംശമായ ഉമയ്യ കുടുംബത്തിലെ വ്യക്തികളെയാണ് അദ്ദേഹം പുതിയ ഗവർണർമാരും ഭരണ ഉദ്യോഗസ്ഥരുമായി നിയമിച്ചതെന്ന ആരോപണമാണ് അദ്ദേഹത്തിൽ ഏറ്റവുമധികം ആരോപിക്കപ്പെട്ടത്. സിറിയയിലേക്ക് നിയമിച്ച പുതിയ ഗവർണറായ മുആവിയ്യയുടെ നിയമനത്തോടെയായിരുന്നു ഈ ആരോപണം ശക്തമായത്.

ഉസ്മാനെതിരെയുള്ള അടുത്ത ആരോപണമായിരുന്നു ബൈത്തുൽമാലിലെ ധനം തെറ്റായ രീതിയിലും സ്വന്തം ആവശ്യങ്ങൾക്കും കുടുംബക്കാർക്കും വേണ്ടി ചില വഴിച്ചുവെന്നത്. പരമ്പരാഗതമായിതന്നെ ധനികരായിരുന്ന ഉമയ്യ വംശത്തിലെ അംഗങ്ങൾ സ്വന്തം പണം കൊണ്ട് അവർ നടത്തിയ വ്യവഹാരങ്ങളെല്ലാം ജനങ്ങൾ പൊതുഖജനാവ് ധൂർത്തടിക്കുകയാണെന്ന് തെറ്റിദ്ധരിച്ചു.



ചിത്രം 5.8

ഉസ്മാനെതിരെയുള്ള മൂന്നാമത്തെ ആരോപണമായിരുന്നു ഖുർആൻ കത്തിച്ച ഭരണാധികാരിയെന്നത്. അബൂബക്കറിന്റെ കാലഘട്ടത്തിൽ ക്രോഡീകരിച്ച ഖുർആന്റെ പ്രതികളായിരുന്നു വ്യത്യസ്ത പ്രവിശ്യകളിൽ പാരായണത്തിനായി ഉപയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ വ്യത്യസ്ത പ്രവിശ്യകളിൽ അറബിഭാഷ അറിയാത്തവർ ഖുർആൻ തെറ്റായരീതിയിൽ പാരായണം ചെയ്യാനും, അവരുടേതായ ഭാഷയിൽ പുതിയ ഖുർആൻ പ്രതികൾ നിർമിക്കുവാനും തുടങ്ങി. ഇത് മനസ്സിലാക്കിയ ഉസ്മാൻ ഖുർആൻ പാരായണത്തിന് ഒരു ഏകീകൃത പാരായണരീതി ഉണ്ടാക്കുകയും ഹഫ്സയുടെ കൈയിൽ നിന്നും യഥാർഥ കോപ്പിയുടെ കൈയെഴുത്തു പ്രതികൾ വീണ്ടും സൈദ് ഇബ്നു സാബിത്തിനെ നിയോഗിച്ചു കൊണ്ട് ക്രോഡീകരിക്കുകയും ഇവ പിന്നീട് പ്രവിശ്യകളിലേക്ക് അയച്ചുകൊടുക്കുകയും അവർ തത്സമയം ഉപയോഗിച്ച് കൊണ്ടിരിക്കുന്നവ മദീനയിലേക്ക് തിരിച്ചയയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

ഈ തെറ്റിദ്ധാരണകളുടെ യാഥാർഥ്യം മുഖ്യധാര മുസ്‌ലിമുകൾ പിന്നെ മനസ്സിലാക്കിയത് ഈ കുപ്രചാരണങ്ങൾക്ക് നേതൃത്വം കൊടുത്തത് അബ്ദുള്ള ഇസ്ഹു സബയായിരുന്നു. എന്നാൽ ഈജിപ്ത് കേന്ദ്രീകരിച്ച് കുപ്രചരണങ്ങൾക്ക് തുടക്കമിട്ടവർ പ്രസ്തുത പ്രചരണത്തിൽ നിന്ന് പിന്മാറാതെ ഉസ്മാനെ വധിക്കാനുള്ള തീരുമാനത്തിലേക്കെത്തി ഈ തീരുമാനമെടുക്കുന്നത് കൂഫ കേന്ദ്രീകരിച്ചായിരുന്നു. മുൻ ഖലീഫ അബൂബക്കറിന്റെ മകനായ മുഹമ്മദും കൂഫയിൽ ഈ ഗൂഢാലോചനയിൽ പങ്കെടുത്തു. കൂഫ, ബസറ എന്നിവിടങ്ങളിൽ നിന്നും യുദ്ധസന്നാഹവുമായി അവർ മദീനയിലേക്ക് പുറപ്പെട്ടു. ഇവർ ഉസ്മാന്റെ വീട് വളയുകയും അവരൊന്നിച്ച് അദ്ദേഹത്തെ വധിക്കുകയും ചെയ്തു.

## അലി (656 - 661 എ.ഡി)

ഖലീഫ ഉസ്മാന്റെ വധത്തിന് ശേഷം പ്രവാചകന്റെ കുടുംബത്തിൽപ്പെട്ട അലിയാണ് അടുത്ത ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടത്. ഭരണമേറ്റെടുത്ത ഉടനെ നിരവധി പ്രതിസന്ധികളും പ്രശ്നങ്ങളും നാലാം ഖലീഫയ്ക്ക് നേരിടേണ്ടി വന്നു.

### ആഭ്യന്തരയുദ്ധങ്ങൾ

തുടക്കത്തിൽ അലി നേരിട്ട പ്രശ്നങ്ങൾ പ്രധാനമായും തന്നെ ഉസ്മാന്റെ വധവുമായി ബന്ധപ്പെട്ടതായിരുന്നു. ഉസ്മാന്റെ ഘാതകർക്കെതിരെ നടപടിയെടുക്കേണ്ട ഉത്തരവാദിത്തം ഖലീഫ എന്ന നിലയിൽ അലിയുടെ ചുമതലയായിരുന്നു. ഒരൊറ്റ വ്യക്തിയായിരുന്നില്ല ഉസ്മാന്റെ വധത്തിന്റെയും ഗൂഢാലോചനയുടെയും പിന്നിൽ പ്രവർത്തിച്ചത്. അതുകൊണ്ട് ഘാതകരെ കണ്ടെത്തുക എളുപ്പമായിരുന്നില്ല. ഇതിന്റെ പിന്നിൽ പ്രവർത്തി




ചിത്രം 5.9 ബസറ

ച്ചവരെ മുഴുവൻ കണ്ടെത്തുകയും ഓരോരുത്തരുടെയും പങ്കിനനുസരിച്ച് അർഹ മായ ശിക്ഷ കൊടുക്കുകയും ചെയ്യുക എന്നത് കാലതാമസം നേരിടുന്ന ഒരു പ്രക്രിയ ആയിരുന്നു. എന്നാൽ ഇത് മനസ്സിലാക്കാതെ ഒരു വിഭാഗം യാഥാ സ്ഥിതിക വിശ്വാസികളും ഉമയ്യ കുടുംബക്കാരും അലിക്കെതിരെ പ്രക്ഷോഭ ങ്ങളുമായി രംഗത്തുവന്നു.

## ജമൽ യുദ്ധം 565 എ.ഡി

ഉസ്മാന്റെ ഘാതകർക്കെതിരെയുള്ള ശിക്ഷ താമസിക്കാൻ ഇടയായ അലിയുടെ തീരുമാനം പ്രവാചകന്റെ പ്രധാന അനുയായികളിൽപ്പെട്ട ത്വൽഹയും സുബൈറും അംഗീകരിച്ചില്ല. അതുകൊണ്ട് അവർ അലിക്ക് നൽകിയ ബൈഅത്ത് തിരിച്ചു വാങ്ങി. തുടർന്ന് ഉസ്മാന്റെ രക്തത്തിന് പകരം ചോദിക്കാത്ത ഖലീഫ അലിക്കെതിരെ സൈനികനീക്കം നടത്താൻ അവർ തീരുമാനിക്കുകയുണ്ടായി. ഈ അവസരത്തിൽ മദീനയിൽ ജനപിന്തുണ കുറയുന്നത് മനസ്സിലാക്കിയ അലി കൂഫയിലേക്ക് ജനങ്ങളുടെ പിന്തുണ തേടി. വിയോജിപ്പ് പ്രകടിപ്പിച്ച നേതാ ക്കളായ വൻപിച്ച സുബൈദ മദീനയിൽ നിന്ന് ബസറയിലേക്ക് നീങ്ങുകയും അലി ക്കെതിരെ യുദ്ധം ചെയ്യാൻ തയ്യാറെടുക്കുകയും ചെയ്തു. മക്കയിൽ ഹജ്ജ് ചെയ്യാൻ പോയ പ്രവാചക പത്നിയായ ആയിശ തിരിച്ചുവരുന്ന വേളയി ലായിരുന്നു മദീനയിലെ ഈ സ്ഥിതി വിശേഷങ്ങൾ അറിയുന്നത്. ഈ പ്രശ്ന ത്തിൽ അലിയുടെ പക്ഷത്ത് ചേരാതെ എതിർഭാഗത്ത് ചേർന്ന് ഉസ്മാന്റെ രക്ത ത്തിന് വേണ്ടി യുദ്ധത്തിലേർപ്പെടാൻ അവരും തീരുമാനിച്ചു.

തനിക്കെതിരെയുള്ള സൈനിക നീക്കം നേരിടാൻ അലിയും കൂഫയിലെ സൈന്യവും യുദ്ധ സജ്ജരായി. രഞ്ജിപ്പിനായി അലി പലതവണ ശ്രമിച്ചെങ്കിലും എതിർപക്ഷം യുദ്ധത്തിനായി തയ്യാറെടുത്തു. തുടർന്ന് ഇരുസൈന്യവും ബസറ യുടെ സമീപത്തു വച്ച് യുദ്ധത്തിലേർപ്പെട്ടു. ത്വൽഹയും സുബൈറും യുദ്ധത്തിൽ പരാജയപ്പെടുകയും മരണപ്പെടുകയും ചെയ്തതിനെ തുടർന്ന് മറ്റുള്ള മുസ്ലി മുകളെല്ലാം അലിയുടെ തീരുമാനത്തെ അംഗീകരിച്ചു. ആയിശയെ പിന്നീട് എല്ലാ വിധ ബഹുമതികളോടും കൂടെ മദീനയിലേക്ക് തിരിച്ചയച്ചു. താൻ സഞ്ചരിച്ച ഒട്ടക പ്പുറത്തിരുന്നു കൊണ്ടായിരുന്നു ആയിശ ഈ യുദ്ധത്തിൽ പങ്കെടുത്തത്. അതുകൊണ്ടാണ് ഈ യുദ്ധത്തിന് ജമൽ യുദ്ധം (ഒട്ടക യുദ്ധം) എന്ന പേരുവന്നത്. ഈ യുദ്ധാനന്തരമാണ് മദീനയിൽ നിന്നും കൂഫയിലേക്ക് പൂർണ്ണ മായും ഇസ്ലാമിക ഭരണകൂടത്തിന്റെ തലസ്ഥാനം അലി മാറ്റുന്നത്.

## സിഫ്ഫീൻ യുദ്ധം (657. എ.ഡി.)

ഉസ്മാന്റെ കാലഘട്ടത്തിലായിരുന്നു സിറിയയിലെ ഗവർണറായി മുആവിയ്യ ഇബ്നു അബു സുഫ്യാനെ നിയമിക്കുന്നത്. അധികാരമോഹിയായ അദ്ദേഹം ഉസ്മാന്റെ അവസാന കാലഘട്ടത്തിൽ ഒരു സ്വതന്ത്ര ഭരണാധികാരിയെ പ്പോലെയാണ് പ്രവർത്തിച്ചത്. ഉസ്മാന്റെ വധം തന്റെ രാഷ്ട്രീയ ഉയർച്ചയ്ക്കുള്ള ഇന്ധനമായി മാറ്റുകയും ഉസ്മാന്റെ ഘാതകർക്കെതിരെ ഉടനടി ശിക്ഷയ്ക്ക് വിധേയമാക്കാതെ താമസിപ്പിക്കുന്നത് ഏറ്റവും വലിയ കുറ്റമാണെന്ന് സിറിയ യിലെ ജനങ്ങൾക്കിടയിൽ അദ്ദേഹം പ്രചരിപ്പിക്കുകയും ചെയ്തു. സിറിയയിൽ ഭൂരിഭാഗം ജനങ്ങളും ഉമയ്യ വംശത്തിൽ പെട്ടവരായിരുന്നു. മുആവിയ്യയുടെ ഈ

അഭിപ്രായം സ്വീകരിച്ച സിറിയയിലെ ജനങ്ങൾ അലിക്കെതിരെ പ്രക്ഷോഭവുമായി രംഗത്തു വന്നു. ജമൽ യുദ്ധത്തിന് ശേഷം സിറിയയിൽ മുആവിയ്യ കൂടുതൽ ശക്തനാവുകയും അലിക്കെതിരെ സൈന്യത്തെ തയാറാക്കുകയും ചെയ്തു. യൂഫ്രട്ടീസ് നദിയുടെ തീരത്ത് സിഫ്ഫീൻ എന്ന സ്ഥലത്തു വച്ച് അലിയുടെ സൈന്യവും മുആവിയ്യയുടെ സൈന്യവും തമ്മിൽ ഏറ്റുമുട്ടുകയും അലിയുടെ പക്ഷം വിജയത്തോടടുക്കുകയും ചെയ്തു.




ചിത്രം 5.10

പരാജയം മുന്നിൽകണ്ട് മുആവിയ്യ തന്ത്രപരമായി വിജയം തനിക്കനുകൂലമാക്കി മാറ്റാൻ തീരുമാനിച്ചു. യുദ്ധഭൂമിയിൽ വച്ച് അദ്ദേഹവും അദ്ദേഹത്തിന്റെ സൈന്യവും തങ്ങളുടെ കുന്തത്തിൽ ഖുർആൻ ഉയർത്തിപ്പിടിക്കുകയും നമ്മുടെ ഇടയിലുള്ള പ്രശ്നം ഇത് തീരുമാനിക്കട്ടെ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സമാധാനപ്രിയനായ അലി യുദ്ധം അവസാനിപ്പിക്കാൻ തീരുമാനിക്കുകയും മുആവിയ്യ ആവശ്യപ്പെട്ട പ്രകാരം മധ്യസ്ഥത വച്ചുകൊണ്ട് പ്രശ്നം അവസാനിപ്പിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനം അംഗീകരിക്കാത്ത ഒരു വിഭാഗം മുസ്‌ലിമുകൾ അലിയുടെ സൈന്യത്തിൽ നിന്ന് സ്വമേധയാ വിട്ടുനിൽക്കാൻ തീരുമാനിച്ചു. അവരാണ് പിൽകാലത്ത് 'ഖവാരിജുകൾ' എന്നപേരിൽ അറിയപ്പെട്ടത്. മുആവിയ്യയുടെ ഭാഗത്ത് നിന്ന് അംറ് ഇബ്നു ആസ്സിനെയും അലിയുടെ ഭാഗത്ത് നിന്ന് അബു മൂസഅൻ അശ്അരിയേയും മധ്യസ്ഥത വഹി

ക്കാൻ തിരഞ്ഞെടുത്തു. അശ്അരിയേക്കാൾ ബുദ്ധിമാനായിരുന്ന അംറു ഇബ്നു ആസ്സ്, ഇവരുടെ സംവാദം തുടങ്ങുന്നതിന് മുമ്പ് മുആവിയ്യ തന്റെ സിറിയയിലെ ഗവർണർ സ്ഥാനം രാജിവച്ചതായി പ്രഖ്യാപിച്ചു. അബു മൂസൽഅൻ അശ്അരി ഖലീഫ സ്ഥാനത്തുനിന്നും അലിയെ നീക്കിയതായി പ്രഖ്യാപിച്ചു. തൊട്ടുടനെ അംറു ഇബ്നുൽ ആസ്സ് മുആവിയ്യയുടെ കൈപിടിച്ചുയർത്തിക്കൊണ്ട് ഒഴിഞ്ഞുകിടക്കുന്ന ഖലീഫ സ്ഥാനത്തേക്ക് മുആവിയ്യയെ ഞാൻ നിർദ്ദേശി ക്കുന്നതായി പ്രഖ്യാപിച്ചു. തുടർന്ന് സംവാദം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ അശ്അരി നിശ്ശബ്ദനായി. ബഹുഭൂരിഭാഗം ജനങ്ങളും മുആവിയ്യയുടെ ഖിലാഫത്ത് അംഗീകരിച്ചില്ല. തുടർന്ന് അലി തന്നെ ഖലീഫയായി തുടർന്നു. ഇത്തരത്തിൽ യുദ്ധം കീഴടങ്ങാതെ തന്നെ മുആവിയ്യ തനിക്കനുകൂലമാക്കി മാറ്റി. സിഫ്ഫിൻയുദ്ധാനന്തരം ഇസ്ലാമിക ലോകത്ത് രണ്ടു പേർ ഭരണാധികാരി യാവുന്ന അവസ്ഥയുണ്ടായി. കൂഫ കേന്ദ്രീകരിച്ച് അലിയുടെ ഭരണവും സിറിയ കേന്ദ്രീകരിച്ച് മുആവിയ്യയുടെ ഭരണവും.

## ഖവാരിജുകൾ

സിഫ്ഫീൻ യുദ്ധാനന്തരം ഉയർന്നുവന്ന ഇസ്ലാമിലെ ആദ്യത്തെ വിഭാഗീയ പ്രസ്ഥാനമാണ് ഖവാരിജുകൾ. സിഫ്ഫീൻ യുദ്ധം അവസാനിപ്പിക്കാനായി തെര ഞ്ഞെടുത്ത മധ്യസ്ഥ ചർച്ചയെന്ന തീരുമാനത്തെ എതിർത്തുകൊണ്ട് അലിയുടെ സൈന്യത്തിൽ നിന്നും വിട്ടുനിന്നവരാണ് ഖവാരിജുകൾ. മുഖ്യധാരയിൽ നിന്നും പുറത്തു പോയവർ എന്നാണ് ഖവാരിജുകൾ എന്ന വാക്കിനർഥം. വിധി നിർണ യിക്കാനുള്ള അധികാരം ദൈവത്തിനല്ലാതെ മറ്റാർക്കും ഇല്ല എന്ന ആപ്തവാക്യം ഉയർത്തി പിടിച്ചായിരുന്നു ഖവാരിജുകൾ പ്രചരണം നടത്തിയത്.



ചിത്രം 5.11 അലിയുടെ ഭരണകാലഘട്ടം

ഈ തീരുമാനത്തിലൂടെ വലിയ പാതകമാണ് അലിയും മുആമവിയ്യയും അംറ് ഇബ്നു ആസ്സും ചെയ്തിരിക്കുന്നതെന്ന് ഖവാരിജുകൾ അഭിപ്രായപ്പെട്ടു. തീവ്ര നിലപാടുകാരായ ഖവാരിജുകൾ ഇവരെ മൂന്നുപേരെയും വധിക്കാൻ തീരുമാനിച്ചു. ഖവാരിജുകളുടെ പ്രക്ഷോഭം അവസാനിപ്പിക്കാൻ അലി നഹർവ്വാനിൽ വച്ച് അവരെ യുദ്ധത്തിലൂടെ പരാജയപ്പെടുത്തി. എങ്കിലും മൂന്ന് പേരെയും വധിക്കാൻ ഖവാരിജുകൾ തയാറെടുത്തു. അംറ് ഇബ്നു ആസ്സും മുആമിയ്യയും ഖവാരിജുകളുടെ വധശ്രമത്തിൽ നിന്ന് രക്ഷപ്പെട്ടെങ്കിലും, അബ്ദുറഹ്മാൻ ഇബ്നു മുൽജിം എന്ന ഖവാരിജിന്റെ കയ്യാൽ എ.ഡി. 661-ൽ ഖലീഫ അലി വധിക്കപ്പെട്ടു.

## ഖിലാഫത്ത് ഭരണവ്യവസ്ഥയുടെ പ്രധാനപ്പെട്ട സവിശേഷതകൾ

അറേബ്യൻ ഉപദ്വീപിലാണ് ഖിലാഫത്ത് എന്ന പുതിയ ഭരണരീതിക്ക് തുടക്കമിടുന്നത്. സമകാലികവും ആധുനികവുമായ പല ഭരണവ്യവസ്ഥകളിൽ നിന്നും അതിനെ വ്യത്യസ്തമാക്കുന്ന ചില പ്രധാനപ്പെട്ട സവിശേഷതകളുണ്ട്.

### 1) ഖലീഫയുടെ തിരഞ്ഞെടുപ്പ്

ഖിലാഫത്ത് ഭരണവ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയാണ് അതിന്റെ ഭരണാധികാരിയായ ഖലീഫയെ തിരഞ്ഞെടുക്കുന്ന രീതി. ഏകപക്ഷീയമായല്ല ഖലീഫയെ തിരഞ്ഞെടുക്കുന്നത്. പാരമ്പര്യമായി കിട്ടുന്ന ഒരു സ്ഥാനവുമായിരുന്നില്ല ഖലീഫ എന്ന അധികാരം. മറിച്ച് നാമനിർദ്ദേശത്തിലൂടെയോ തിരഞ്ഞെടുപ്പിലൂടെയോ പരിഗണിക്കപ്പെടുന്ന വ്യക്തിയെ ജനങ്ങൾ മുഴുവനും ഖലീഫയായി അംഗീകരിക്കുന്നതായി ബൈഅത്ത് പ്രഖ്യാപിക്കണം. ഈ തിരഞ്ഞെടുപ്പുരീതി ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു.




ചിത്രം 5.12 ഖിലാഫത്ത് ഭരണം

തിരഞ്ഞെടുക്കപ്പെടുന്ന ഖലീഫ ജനങ്ങളെ ഭരിക്കുന്നവനായിരുന്നില്ല. മറിച്ച് പ്രവാചകൻ നടപ്പാക്കിയ നിയമങ്ങളും ദൈവത്തിന്റെ നിയമങ്ങളും നടപ്പാക്കുന്ന പ്രതിനിധി മാത്രമായിരുന്നു. ഭരണകൂടത്തിലെ ഏറ്റവും ഉയർന്ന സ്ഥാനം ഖലീഫ ക്കായിരുന്നു. അദ്ദേഹമായിരുന്നു ജനങ്ങളുടെ നേതാവും ഭരണാധികാരിയും മതനേതാവും.

### 2) ഉപദേശകസമിതി - ശൂറാ സമിതി

ഖിലാഫത്ത് ഭരണവ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയായിരുന്നു ഖലീഫയെ ഉപദേശിക്കാൻ നിയമിച്ചിട്ടുള്ള ഉപദേശക സമിതി. ഈ സമിതിയുടെ അംഗീകാരമോ അനുമതിയോ ഇല്ലാതെ ഖലീഫയ്ക്ക് തീരുമാനങ്ങൾ എടുക്കാൻ സാധിച്ചിരുന്നില്ല. ഒന്നാം ഖലീഫ അബൂബക്കറിന്റെ കാലഘട്ടത്തിൽ രൂപം കൊണ്ട പ്രസ്തുത സമിതിക്ക് വ്യവസ്ഥാപിതമായ ഒരു രൂപമുണ്ടായത് ഉമറിന്റെ കാലഘട്ടത്തിലാണ്. യഥാർഥത്തിൽ ഈ ഉപദേശകസമിതിയുടെ സാന്നിധ്യ മായിരുന്നു ഖിലാഫത്ത് വ്യവസ്ഥയെ ജനാധിപത്യ രീതിയുമായി താരതമ്യം ചെയ്യുന്ന പ്രധാന ഘടകം. സമൂഹത്തിലെ വിദ്യാസമ്പന്നരും രാഷ്ട്രീയ കാര്യങ്ങളിൽ പരിചയമുള്ളവരും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നവരുമായിരുന്നു ഉപദേശകസമിതിയിലെ അംഗങ്ങൾ.

### 3) വികേന്ദ്രീകൃതഭരണം

തലസ്ഥാനനഗരിയായ മദീനയിൽ കേന്ദ്രഭരണ സംവിധാനവും കേന്ദ്രത്തിന്റെ കീഴിലുള്ള പ്രദേശങ്ങളെ പ്രവിശ്യകളായി തിരിച്ചുകൊണ്ടുള്ള പ്രവിശ്യാഭരണ സംവിധാനവുമായിരുന്നു നടപ്പാക്കിയിരുന്നത്. ഭരണ സൗകര്യത്തിനായുള്ള ഈ വിഭജനമാണ് വികേന്ദ്രീകൃത ഭരണസംവിധാനം എന്നറിയപ്പെടുന്നത്. ഖലീഫ ഉമ റിന്റെ കാലഘട്ടത്തിൽ വ്യത്യസ്ത പ്രദേശങ്ങൾ ഇസ്ലാമിക ഭരണത്തിന് കീഴി ലാക്കിക്കൊണ്ട് വലിയ സാമ്രാജ്യമായി മാറി. പിടിച്ചടക്കിയ പ്രദേശങ്ങളെയെല്ലാം പ്രവിശ്യകളായി വിഭജിച്ചുകൊണ്ടാണ് പ്രസ്തുത ഭരണസംവിധാനം നടപ്പാ ക്കിയത്. ഖലീഫയ്ക്ക് പകരമായി പ്രവിശ്യകളിലെ ഭരണം നിയന്ത്രിച്ചിരുന്ന പ്രവിശ്യാഗവർണറായിരുന്നു 'വാലി.' പ്രവിശ്യകളെ വീണ്ടും ജില്ലകളായി തിരി ച്ചിരുന്നു. ഈ സംവിധാനത്തിലൂടെ മദീനയിൽ നിന്നുകൊണ്ടുതന്നെ ഏത് പ്രവിശ്യകളിലെ ഏത് പ്രദേശത്തെയും കാര്യങ്ങൾ നിയന്ത്രിക്കാൻ ഖലീഫക്ക് സാധിച്ചിരുന്നു.


### 4) ബൈത്തുൽ മാൽ (പൊതുഖജനാവ്)

പ്രവാചക കാലഘട്ടത്തിലാണ് ബൈത്തുൽമാൽ എന്ന രൂപത്തിലുള്ള പണ സമാഹരണരീതി ആരംഭിച്ചത്. അബൂബക്കർ ഇതുതന്നെ തുടർന്ന് പോന്നെങ്കിലും ഉമറിന്റെ കാലഘട്ടത്തിലാണ് വ്യവസ്ഥാപിതമായൊരു ഭരണവിഭാഗമായി ബൈത്തുൽ മാൽ മാറുന്നത്. 636 എ.ഡി യിലാണ് ദിവാൻ എന്ന പേരിൽ ഔദ്യോ ഗികമായി ബൈത്തുൽ മാൽ രൂപീകരിച്ചത്. അന്ന് പ്രസ്തുത വിഭാഗത്തിന്റെ ചുമ തല അബ്ദുള്ള ഇബ്നു അർഖമിനാണ് നൽകിയത്. വ്യത്യസ്ത മേഖലകളിൽ നിന്നും വ്യത്യസ്ത വിഭാഗക്കാരിൽ നിന്നും അവരുടെ വരുമാനത്തിന്റെ തോതനു സരിച്ച് നികുതിയായും കൂടാതെ മറ്റ് മാർഗങ്ങളിലൂടെയും പൊതുഖജനാവിലേ

ക്കുള്ള പണം സമാഹരിച്ചിരുന്നു. സമാഹരിക്കുന്ന ധനം വ്യത്യസ്ത മേഖല കളിലേക്ക് ജനക്ഷേമ പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്തിരുന്നു. തന്റെ ഇഷ്ടത്തിനനുസരിച്ച് ഖജനാവിലെ പണം ഉപയോഗിക്കാൻ ഖലീഫയ്ക്ക് യാതൊരു അവകാശവും ഉണ്ടായിരുന്നില്ല.

### 5) അഭിപ്രായസ്വാതന്ത്ര്യവും സമത്വവും

ഖിലാഫത്ത് ഭരണവ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ആശയമായിരുന്നു അഭിപ്രായ സ്വാതന്ത്ര്യവും സമത്വവും. ഖലീഫ ഒരിക്കലും ജനങ്ങളെ ഭരിക്കുന്ന വ്യക്തിയായിരുന്നില്ല. മറിച്ച്, അവരെ നിയന്ത്രിക്കുന്ന നേതൃസ്ഥാനം മാത്രമേ ഖലീഫയ്ക്ക് നൽകപ്പെട്ടിരുന്നുള്ളൂ. ഖിലാഫത്ത് ഭരണവ്യവസ്ഥയിലെ മുഴുവൻ ജനങ്ങൾക്കും മുസ്‌ലിമായാലും അമുസ്‌ലിമായാലും പൂർണ്ണ സ്വാതന്ത്ര്യവും സമത്വവും നൽകിയിരുന്നു. അതവർക്ക് നൽകപ്പെട്ടിരുന്ന അവകാശമായിരുന്നു. ഖലീഫയുടെയും ഉപദേശക സമിതിയുടെയും തീരുമാനത്തെ ചോദ്യം ചെയ്യാൻ ജനങ്ങൾക്ക് പൂർണസ്വാതന്ത്ര്യം ഉണ്ടായിരുന്നു. ജനങ്ങളുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ഖലീഫയ്ക്കായിരുന്നു. ഇത്തര ത്തിലുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടുള്ളതുകൊണ്ടാണ് ഖിലാഫത്ത് ഭരണ വ്യവസ്ഥ ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലായിരുന്നുവെന്ന് പറയുന്നത്. ജനാധിപത്യ രീതിയിൽ നിന്നും അതിനെ വ്യത്യസ്തമാക്കുന്നത് നിയമനിർമാണം ശരീഅത്തിന്റെയും നിയമത്തിന്റെയും ഖുർആന്റെയും പ്രവാച കന്റെ രീതിയേയും അടിസ്ഥാനപ്പെടുത്തിയായിരുന്നുവെന്നതാണ്.



*അന്ത്യോക്യയിലുണ്ടായിരുന്ന ഗോത്രവർഗരാഷ്ട്രീയ വ്യവസ്ഥ യെയും ഖിലാഫത്ത് ഭരണത്തെയും താരതമ്യം ചെയ്യുക.*

#### ഖലീഫയുടെ തിരഞ്ഞെടുപ്പ്

*ഏറെക്കുറെ ജനാധിപത്യ രീതിയിലായിരുന്നു ഖലീഫയെ തിരഞ്ഞെടുത്തിരുന്നത്. സാഹചര്യ ങ്ങളുടെ ആവശ്യകത അനുസരിച്ചായിരുന്നു നാല് ഖലിഫമാരുടെയും തിരഞ്ഞെടുപ്പ്. ഖലീഫ തിരഞ്ഞെടുപ്പിന്റെ രണ്ട് പ്രധാനഘട്ടങ്ങളാണ്.*

*(1) ഖലീഫയുടെ തിരഞ്ഞെടുപ്പ്*

*(2) ബൈഅത്ത് പ്രഖ്യാപനം. (ജനങ്ങൾ ഖലീഫയെ അംഗീകരിക്കുന്നതായി പ്രഖ്യാപിക്കൽ.) ബൈഅത്ത് കൊണ്ടുദ്ദേശിക്കുന്നത്. ഭരണാധികാരിയും പ്രജകളും തമ്മിലുള്ള പരസ്പര ബന്ധമാണ്.*

### ഇസ്‌ലാമിലെ പതാക

*പൊതുവെ ഇസ്‌ലാമിന് പതാകയൊന്നുമില്ല, എന്നിരുന്നാലും പ്രവാചകൻ വെള്ളയോ കറുപ്പോ ബാനറിനായിരുന്നു യുദ്ധവേളയിൽ മുൻതൂക്കം നൽകിയിരുന്നത്. വെള്ള പരിശുദ്ധിയുടെ പ്രതികമാകുന്നു. കറുപ്പ് ദൈവീക നീതിയുടെ പ്രതീകവും. ചന്ദ്രക്കലയും നക്ഷത്രവും റോമൻ സാമ്രാജ്യത്തിന്റെ പ്രതീകങ്ങളായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ തുർക്കികൾ അനത്തോളിയ പിടിച്ചടക്കിയതോടെ ഇവരണ്ടും ഇസ്‌ലാമിന്റെ അടയാളമായി അവർ ഉപയോഗിക്കാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ട് വരെ ഒട്ടോമൻ സാമ്രാജ്യത്തിന്റെ അടയാളമിതായിരുന്നു. പിന്നീട് പല മുസ്‌ലിം രാഷ്ട്രങ്ങളും തങ്ങളുടെ ഔദ്യോഗിക മുദ്രയായി ഇവ ഉപയോഗിക്കാൻ തുടങ്ങി.*

## വിലയിരുത്തൽ ചോദ്യങ്ങൾ

1. താഴെ തന്നിട്ടുള്ള സംഭവങ്ങളെ വർഷങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കുക.

   സിഫ്ഫിൻ യുദ്ധം, യമാമ യുദ്ധം, ജമൽ യുദ്ധം, യർമൂക്ക് യുദ്ധം

2. ഉമറിനെ മാതൃക ഭരണാധികാരിയായി ചരിത്രം വിലയിരുത്തുന്നു. നിങ്ങൾ ഈ അഭിപ്രായത്തെ അംഗീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുക.
3. ഉസ്മാനെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ വിശദീകരിക്കുക.
4. ഖവാരിജുകളെപ്പറ്റി ഒരു കുറിപ്പ് തയാറാക്കുക.

| എ | ബി | സി |
|---|---|---|
| അബൂബക്കർ | ഖുർആൻ ക്രോഡീകരണം | പേർഷ്യ |
| ഉമർ | നഹർവാൻ | സൈദ് ഇബ്നു സാബിത്ത് |
| ഉസ്മാൻ | റിദ്ദയുദ്ധം | ഖവാരിജുകൾ |
| അലി | ഖാസിയ്യ യുദ്ധം | മുസൈലിമ |

## തുടർ പഠനം

മദീനയിലുണ്ടായിരുന്ന ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭരണപ്രവർത്തനങ്ങളും നയങ്ങളും പ്രധാനമായും ജനനന്മ ലക്ഷ്യം വച്ചുള്ളതായിരുന്നു. - ചർച്ച നടത്തുക.

അധ്യായം ആറ്

# ഉമവിയ്യാക്കൾ

B3L2B1

## പഠനനേട്ടങ്ങൾ

6.1 ഉന്നത രാഷ്ട്രീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നയതന്ത്രബന്ധങ്ങളുടെ സ്വാധീനം നിർണായകമാണെന്ന വസ്തുത മനസ്സിലാക്കുന്നു.

6.2 ഏകീകരണവും ഉദ്ഗ്രഥനവും ഒരു രാഷ്ട്രത്തിന്റെ സ്ഥിരതക്ക് അത്യന്താപേക്ഷിത ഘടകങ്ങൾ ആണെന്ന് അവബോധം സൃഷ്ടിക്കുന്നു.

6.3 ജനാധിപത്യ തത്ത്വങ്ങളോട് അനുകൂല സമീപനം വളർത്തിയെടുക്കുന്നു.

6.4 നിസ്സഹായരായ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമണത്തെ അപലപിക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കുന്നു.

6.5 ചരിത്രസംഭവങ്ങൾ കാലങ്ങളോളം വിദ്യാർഥികൾ സ്മരിക്കുന്നു.

6.6 വിദ്യാർഥികളിൽ സ്മാരകങ്ങളുടെ വാസ്തുവിദ്യ ആസ്വദിക്കാനുള്ള സൗന്ദര്യബോധം വികസിപ്പിക്കുന്നു.

6.7 പിടിച്ചടക്കലും വിട്ടുപോകലും ചരിത്രത്തിന്റെ ഭാഗമാണ് എന്ന് മനസ്സിലാകുന്നു.

6.8 സാമൂഹ്യരാഷ്ട്രീയ അവസ്ഥകളാണ് ഒരു ജനതയുടെ ഭാവി നിർണയിക്കുന്നത് എന്ന വസ്തുത ഹൃദിസ്ഥമാകുന്നു.

6.9 സാമൂഹിക രാഷ്ട്രീയ മേഖലയുടെ തകർച്ച വിദേശ ആക്രമണങ്ങൾക്ക് വഴി വയ്ക്കുന്നുവെന്ന തിരിച്ചറിവ് വികസിപ്പിക്കുന്നു.

6.10 ദൃഢവിശ്വാസത്തെ തകർക്കാൻ ബാഹ്യശക്തികൾക്കാവില്ലായെന്ന് തിരിച്ചറിയുന്നു.

6.11 പാരമ്പര്യം ചുറ്റുപാടുകൾ തുടങ്ങിയവയ്ക്ക് ഒരു വ്യക്തിയുടെ സ്വഭാവം നിർണയിക്കുന്നതിൽ പ്രഥമസ്ഥാനമുണ്ട് എന്ന വസ്തുത മനസ്സിലാക്കുന്നു.

6.12 നല്ല പ്രവർത്തനങ്ങൾ ചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടുന്നു എന്ന് വിദ്യാർഥി തിരിച്ചറിയുന്നു.


6.13 ലാളിത്യവും ഭക്തിയും വിജയത്തിലേക്ക് നയിക്കും എന്ന് മനസ്സിലാക്കുന്നു.

6.14 ഭരണസംവിധാനത്തിന്റെ വളർച്ച സമൂഹത്തിന്റെ വികസനത്തിനനുസൃതമായിരിക്കുമെന്ന് തിരിച്ചറിയുന്നു.

6.15 ഒരു സംവിധാനത്തിന്റെ തകർച്ചയ്ക്ക് ആഴത്തിലുള്ള കാരണങ്ങൾ ഉണ്ടായിരിക്കുമെന്ന തിരിച്ചറിവ് ലഭിക്കുന്നു.

6.16 സമാധാനവും സമൃദ്ധിയും ഒരു ജനതയുടെ സാംസ്കാരിക പുരോഗതിയിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളാണെന്ന അവബോധം സൃഷ്ടിക്കുന്നു.

6.17 കല, വാസ്തുശിൽപ്പകല, സംഭാവനകൾ തുടങ്ങിയവയുടെ പ്രാധാന്യത്തെ വിലയിരുത്തുവാനുള്ള കഴിവ് വിദ്യാർഥികളിൽ വികസിപ്പിക്കുന്നു.


`Abd Manaf ibn Qusai
Abd Shams
Hashim ibn 'Abd Manaf
Umayya
Abdul Mutallib
Abu'l-As
Harb
`Abd Allah
Abu Talib
`Abbas (Abbasids)
Safiya
Affan
Hakam
Abu Sufyan
Muhammad
Ali
`Abd Allah ibn `Abbas
Zubayr ibn al-Awam
Uthman ibn Affan
Marwan I
Yazid ibn Abi Sufyan
Muawiyah I
Hasan ibn Ali
Hussein ibn Ali
Abd Allah ibn al-Zubayr also Abu Bakr's grandson
Yazid I (Yazid ibn Muawiyah)

ചിത്രം 6.1

## മുആവിയ (സി ഇ 661 - 680)

അബുസുഫ്യാന്റെ മകനായ മുആവിയയാണ് ഉമവിയ്യാരാജവംശത്തിന്റെ സ്ഥാപകൻ. അലിയുടെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായ മകൻ ഹസനെ തന്ത്രപൂർവ്വം സ്ഥാനത്യാഗം ചെയ്യിപ്പിച്ചുകൊണ്ട് എ.ഡി 661-ൽ മുആവിയ ഭരണാധികാരിയായി അധികാരത്തിലേറി. അദ്ദേഹം ഉൽകൃഷ്ടനായ ഒരു ഭരണാധികാരിയും സമർഥനായ ഒരു രാഷ്ടതന്ത്രജ്ഞനും ആയിരുന്നു.

മുആവിയയുടെ പിതാവായ അബൂസുഫ്യാൻ ഖുറൈശികളുടെ നേതാവായിരുന്നു. മക്ക ആക്രമണ സമയത്ത് അബുസുഫ്യാനും അദ്ദേഹത്തിന്റെ കുടുംബവും ഇസ്ലാം മതം സ്വീകരിക്കുകയും ശേഷം മുആവിയ പ്രവാചകൻ മുഹമ്മദിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ഖലീഫ ഉമറിന്റെ ഭരണകാലത്ത്, ഫലസ്തീനിലെ ഗവർണ്ണറായിരുന്ന സഹോദരൻ യസീദിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു. യർമൂക്ക് യുദ്ധത്തിൽ യസീദ് കൊല്ലപ്പെട്ടപ്പോൾ മുആവിയയെ ഫലസ്തീനിലെ ഗവർണ്ണറായി നിയമിച്ചു. മൂന്നാമത്തെ ഖലീഫയായ ഉസ്മാന്റെ കാലഘട്ടത്തിലും അതേ പദവിയിൽ അദ്ദേഹം തുടർന്നു ഉസ്മാന്റെ ജാമാതാവ് കൂടി ആയിരുന്നു മുആവിയ. ഉസ്മാൻ കൊല ചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഘാതകരെ ശിക്ഷിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് മുആവിയ അലിയുടെ ഖിലാഫത്തിനെ നിരസിക്കുകയും ഡമാസ്കസിൽ സമാന്തര ഖലീഫയായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. ഇത് എ.ഡി 657 ലെ സിഫീൻ യുദ്ധം എന്നറിയപ്പെടുന്ന ഇസ്ലാമിലെ രണ്ടാമത്തെ ആഭ്യന്തരയുദ്ധത്തിലേക്ക് നയിച്ചു. ഉഭയകക്ഷി സമ്മതപ്രകാരമുള്ള ഒത്തു തീർപ്പ് വ്യവസ്ഥയിൽ ഏറെക്കുറെ തന്ത്രശാലിയായ മുആവിയ യുദ്ധം അവസാനിപ്പിച്ചു. ഒത്തുതീർപ്പിന് ശേഷം അദ്ദേഹം സിറിയയിലെ ഗവർണ്ണറായി തുടർന്നു. മുആവിയയ്ക്കെതിരെ സിറിയയിലേക്ക് മുന്നേറാനുള്ള ഒരുക്കങ്ങൾ അലി നടത്തുന്നതിനിടെ എ.ഡി 658 ൽ നഹർവനിലെ മറ്റൊരു ശത്രു വിഭാഗമായ ഖവാരിജുകൾക്കെതിരെ എ.ഡി. 658-ൽ നഹ്റുവാനിലേക്കു ഒരു സൈനിക നീക്കം നടത്തുകയുണ്ടായി. ഈ സാഹചര്യം ചൂഷണം ചെയ്തുകൊണ്ട് അംറ്-ഇബ്നു- ആൽ-ആസിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ മആവിയ ഈജിപ്റ്റിലേക്ക് അയയ്ക്കുകയും ഈജിപ്റ്റിലെ ഗവർണ്ണറും അലിയുടെ പ്രതിനിധിയുമായിരുന്ന മുഹമ്മദിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു.

ഈ വിജയത്തോടെ മുആവിയ തന്റെ സ്ഥാനം കൂടുതൽ കരുത്തുറ്റതാക്കി. സാഹചര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയ ഖലീഫ അലി, മുആവിയയുമായി ഒരു ധാരണയിൽ എത്തുന്നതാണ് ഏറ്റവും ഉചിതമെന്ന് തീരുമാനിച്ചു. അങ്ങനെ ഈജിപ്റ്റും സിറിയയും മുആവിയയുടെ നിയന്ത്രണത്തിലാവുകയും ഖിലാഫത്തിന്റെ ബാക്കി ഭാഗങ്ങൾ അലിയുടെ അധീനതയിലാവുകയും ചെയ്തു.

നഹർവാൻ യുദ്ധത്തിന് ശേഷം ഖവാരിജുകൾ അലി, മുആവിയ, അംറ് ഇബ്നു അൽ ആസ് തുടങ്ങിയ പ്രമുഖരെ വധിക്കുവാൻ ഗൂഢാലോചന നടത്തി. അലിയുടെ കൊലപാതകത്തിന് ശേഷം കൂഫയിലെ ജനങ്ങൾ ഹസനെ പുതിയ ഖലീഫയായി തിരഞ്ഞെടുത്തു. എന്നാൽ മുആവിയയുടെ ഭീഷണി നേരിടാൻ ഹസൻ തയ്യാറല്ലായിരുന്നു. അവസാനം മുആവിയ വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ട് മുആവിയയ്ക്ക് വേണ്ടി സ്ഥാനത്യാഗം ചെയ്യാൻ ഹസൻ തയാറായി. അങ്ങനെ മുആവിയ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഖലീഫയായി ചുമതലയേറ്റു.

## ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഏകീകരണം

മുആവിയയുടെ ഖിലാഫത്തിന്റെ തുടക്കത്തിൽ തന്നെ ഖവാരിജുകൾ കലാപം ആരംഭിച്ചു. സിഫീൻ യുദ്ധത്തിലെ ഒത്തുതീർപ്പ് ഉപാധികൾക്ക് എതിരായിരുന്നതിനാൽ അവർ മുആവിയയുമായി യോജിപ്പിലെത്താൻ തയ്യാറല്ലായിരുന്നു. ഖവാരിജകളുമായി തുടർച്ചയായ നിരവധി യുദ്ധങ്ങൾക്ക് ശേഷം കൂഫയിലെ ഉമവിയ്യാ ഗവർണറായിരുന്ന മുഗ്രീക്ക് അവരെ ആക്രമിച്ച് കീഴടക്കുവാനും അധികാരം തന്റെ നിയന്ത്രണത്തിലാക്കുവാനും സാധിച്ചു. അലിയും മുആവിയയും തമ്മിൽ ഉണ്ടായ ആഭ്യന്തര യുദ്ധത്തിനിടയിൽ മുസ്ലീം സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന വടക്കെ ആഫ്രിക്ക ബൈസൻടൈൻ സാമ്രാജ്യം കീഴക്കുകയുണ്ടായി. എന്നാൽ മുആവിയ ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഖലീഫയായപ്പോൾ ഉക്ബ-ഇബ്നു-നാഫിഅയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയയ്ക്കുകയും സി. ഇ. 670 ൽ നോർത്ത് ആഫ്രിക്ക ആക്രമിച്ച് കീഴടക്കുകയും അവിടെ കെയ്റവാൻ എന്ന പട്ടണം പണികഴിപ്പിക്കുകയും ചെയ്തു.

നാവികപ്പടയെ പരമാവധി പ്രയോജനപ്പെടുത്തിയ ഖലീഫയായിരുന്നു മുആവിയ. എ.ഡി. 666- ൽ സിസിലിയിലേക്ക് അയച്ച നാവിക സൈന്യം വിജയം നേടിയാണ് തിരിച്ചെത്തിയത്. തുടർന്ന് എ.ഡി. 674 ൽ കോൺസ്റ്റാന്റിനേപ്പിൾ ആക്രമിക്കുന്നതിനായി മുആവിയയുടെ പുത്രൻ യസീദിന്റെ നേതൃത്വത്തിൽ ഒരു നാവിക സൈന്യത്തെ വിന്യസിപ്പിച്ചെങ്കിലും വിജയിക്കുവാൻ സാധിച്ചില്ല. പിൽക്കാലത്ത് ഈ ബൃഹത്തായ നാവികസേനയുടെ സഹായത്താൽ കാബൂൾ, ഖൈബർപാസ്, എന്നിവ കീഴടക്കുകയും ഖുറാസാൻ തുടങ്ങി ഓക്സസ് നദി കടന്ന് ജക്സാർട്ടർ, ബുഖാറ, സമർക്കന്ത് മുതലായ പ്രദേശങ്ങളും കീഴടക്കാൻ മുആവിയക്ക് സാധിച്ചു.

മുആവിയയുടെ മൂന്ന് പ്രധാനപ്പെട്ട ഗവർണർമാരായിരുന്ന അംറ് ഇബ്ന് അൽ ആസ്, മുഗിറ, സിയാദ് തുടങ്ങിയവർ യഥാക്രമം ഈജിപ്ത്, കൂഫ, ബസറ എന്നീ പ്രദേശങ്ങളുടെ ചുമതലകളാണ് വഹിച്ചിരുന്നത്. സാമ്രാജ്യത്തെ ഏകോപിപ്പിക്കുന്നതിൽ ഇവർ പ്രധാന പങ്കുവഹിക്കുകയുണ്ടായി. അവസാന കാലഘട്ടത്തിൽ അദ്ദേഹം തന്റെ മകനായ യസീദിനെ പിൻഗാമിയായി നാമനിർദ്ദേശം ചെയ്യുകയും ഈ തീരുമാനത്തെ പിൻതാങ്ങുന്നതിനായി നിരവധി പ്രതിനിധികളെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിയമിക്കുകയും ചെയ്തു. ഭരണകാര്യങ്ങളിൽ വളരെ കൃത്യത പാലിച്ച ഒരു വ്യക്തികൂടി ആയിരുന്നു മുആ

വിയ. അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു "ചാട്ടവാറടി മതിയാവുന്നിടത്ത് ഞാൻ എന്റെ വാൾ പ്രയോഗിക്കാറില്ല, എന്റെ നാവ് മതിയാവുന്നിടത്ത് ചാട്ടവാറടിയും പ്രയോഗിക്കാറില്ല." പ്രശസ്ത ചരിത്രകാരനായ പി. കെ. ഹിറ്റിയുടെ അഭിപ്രായത്തിൽ "മുആവിയ ആദ്യത്തെ അറബ് ഭരണാധികാരിമാത്രമല്ല വളരെ പ്രഗൽഭനായ ഒരു അറബ് രാജാവ് കൂടിയാണ്." ഇരുപത് വർഷത്തെ ഗവർണർ ഭരണത്തിനും ഇരുപത് വർഷത്തെ ഖലീഫാ ഭരണത്തിനും ശേഷം എ.ഡി 680-ൽ മുആവിയ മരണപ്പെട്ടു.

## ഖിലാഫത്തിൽ നിന്നും രാജഭരണത്തിലേക്ക്

ഇസ്ലാമിക സാമ്രാജ്യത്തിലെ തലവനായി മുആവിയയുടെ ആഗമനം ഇസ്ലാമിക ചരിത്രത്തിൽ ഒരു നാഴികകല്ലായി കണക്കാക്കപ്പെടുന്നു. പല മാറ്റങ്ങൾക്കും നാന്ദികുറിച്ച അദ്ദേഹത്തിന്റെ കാലഘട്ടം, ആത്യന്തികമായി രാജ്യത്തെ ജനാധിപത്യപരമാധികാര സ്വഭാവത്തിൽ നിന്നും ഏകാധിപത്യത്തിലേക്കുള്ള ഒരു പറിച്ചുനടലായിരുന്നു.

## ഉമവിയ്യ ഖിലാഫത്തിന്റെ പൊതു സ്വാഭവങ്ങൾ

- ഖിലാഫത്ത് ഭരണത്തിൽ നിന്നും ഏകാധിപത്യത്തിലേക്ക് മാറ്റപ്പെട്ടു.
- പൊതുഖജനാവ് (ബൈത്തുൽമാൽ) സ്വകാര്യസ്വത്താക്കി.
- അഭിപ്രായസ്വാതന്ത്ര്യം നിർത്തലാക്കി
- കൂടിയാലോചനസമിതി (ശൂറ) പിരിച്ചുവിട്ടു.
- വംശീയപരമായ വിവേചനം പുനഃസ്ഥാപിച്ചു.
- പിൻതുടർച്ചാവകാശം സ്ഥാപിക്കപ്പെട്ടു.

പ്രവാചകൻ സമൂഹത്തിൽ നിന്നും ഇല്ലായ്മ ചെയ്ത വംശീയ വിവേചനം പുനഃസ്ഥാപിക്കാൻ ഉമവിയ്യാക്കളുടെ ആഗമനം മറ്റൊരർഥത്തിൽ കാരണമായി.



ചർച്ച- *മുആവിയ ഇസ്ലാമിലെ ആദ്യത്തെ രാജാവ് മാത്രമല്ല മറിച്ച് നല്ലൊരു അറബിരാജാവു കൂടിയായിരുന്നു.*

## യസീദ് (680 - 683 എ.ഡി)

മുആവിയ നാമനിർദ്ദേശം ചെയ്തപ്രകാരം എ.ഡി 680 ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി അധികാരത്തിലെത്തിയ മകൻ യസീദ് ഉടൻതന്നെ തനിക്ക് ബൈ - അത്ത് ചെയ്യുവാൻ ജനങ്ങളോട് കൽപ്പിച്ചു. അധികാരം പിൻതലമുറയിലേക്ക് പകർന്ന് കൊടുക്കുന്ന രീതിയോട് കടുത്ത എതിർപ്പ് പ്രകടിപ്പിച്ചിരുന്ന

അലിയുടെ മകനായ ഹസൻ, ഇബ്നുഉമർ, ഇബ്നു സുബൈർ, അബ്ദുറഹ്മാൻ ഇബ്നു അബൂബക്കർ എന്നിവർ യസീദിന്റെ ഏകാധിപത്യഭരണത്തിനെതിരെ ശക്തമായ നിലപാട് കൈക്കൊണ്ടു.




ചിത്രം 6.2

## കർബല ദുരന്തം

ഹുസൈനും ഇബ്നു സുബൈറും യസീദിന്റെ ഖിലാഫത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു. കൂടുതൽ ജനസമ്മതനും ക്ഷമ, ഭക്തി, വിവേകം, സത്യസന്ധത മുതലായ ഉൽകൃഷ്ട ഗുണങ്ങളുടെ ഉടമയുമായ ഹുസൈൻ ഇസ്ലാമിക സാമ്രാജ്യത്തെ മുന്നോട്ട് നയിക്കാൻ സമർഥനും യോഗ്യനുമാണെന്ന് നിസംശയം എല്ലാവരും അംഗീകരിച്ചു. യസീദിനെതിരെ പോരാടുവാനുള്ള അനുയോജ്യമായ അവസരം പ്രതീക്ഷിച്ച് അദ്ദേഹം മദീനയിൽ നിലകൊണ്ടു.

യസീദിന്റെ സ്വേച്ഛാധിപത്യത്തിലും ഉമവിയ്യാ ഗവർണ്ണർമാരുടെ കിരാത ഭരണത്തിലും നിരാശരായ കൂഫയിലെ ജനങ്ങൾ ഖലീഫയായി തിരഞ്ഞെടുക്കാൻ ഹുസൈനെ തീരുമാനിക്കുകയും അദ്ദേഹത്തെ കൂഫയിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നാൽ കൂഫയിലെ ജനങ്ങളുടെ ചാപല്യവും ചാഞ്ചല്യവും നിറഞ്ഞ മാനസികാവസ്ഥ നന്നായറിയാവുന്ന പ്രവാചകാനുയായികൾ അദ്ദേഹത്തെ

ക്ഷണം സ്വീകരിക്കുന്നതിൽ നിന്നും വിലക്കി. കൂടാതെ പിതാവായ അലിയെ മുആവിയക്കെതിരെ എങ്ങനെയാണ് കൂഫക്കാരുടെ ഈ പ്രത്യേക സ്വഭാവരീതി നിസ്സഹായനാക്കിയതെന്ന് ഉദാഹരണ സഹിതം ബോധിപ്പിക്കുകയും ചെയ്തു എന്നാൽ ഹുസൈൻ ഈ ഉപദേശം നിരാകരിക്കുകയും കൂഫയിലേക്ക് താൻ അയച്ച മുസ്ലീം എന്ന ദൂതനിൽ നിന്നും അനുകൂല സന്ദേശം ലഭിച്ചപ്പോൾ മദീന യിൽ നിന്നും കൂഫയിലേക്ക് പുറപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ഇരുന്നൂ റോളം വരുന്ന തന്റെ അനുയായികളോടും കുടുംബാംഗങ്ങളോടുമൊപ്പം അദ്ദേഹം യാത്ര തിരിച്ചു. യൂഫ്രട്ടീസ് നദിയുടെ പടിഞ്ഞാറൻ തീരത്തുകൂടി അവർ കൂഫ യിലേക്ക് മുന്നേറി. യാത്രാമദ്ധ്യേ തന്റെ ദൂതൻ മുസ്ലീം ഇബ്നു ആമിൽ കൂഫയിൽ കൊല്ലപ്പെട്ടു എന്ന വാർത്ത ശ്രവിക്കാനിടയായി. ഏറെ താമസിയാതെ കൂഫ യിലെ ഗവർണറായ ഉബൈദുള്ള നിയോഗിച്ച ഉമർ ഇബ്നുസഅദിന്റെ നേതൃ ത്വത്തിലുള്ള നാലായിരത്തോളം ഭടൻമാർ ഉൾക്കൊള്ളുന്ന സൈന്യം ഹുസൈ ന്റെ സംഘത്തെ വലയം ചെയ്തു. യൂഫ്രട്ടീസ് നദിയുടെ തീരത്ത് കൂഫയ്ക്ക് 74.26 കി.മി. വടക്കായി കർബല എന്ന സമതല പ്രദേശത്ത് മുഹറം മാസം ഒന്നാം തീയതി ഹുസൈനും അനുയായികളും താവളമുറപ്പിച്ചു. ഈ സാഹചര്യത്തിൽ ഹുസൈനോട് നിരുപാധികം കീഴടങ്ങാൻ ഉബൈദുള്ള ആവശ്യപ്പെട്ടു.

ഹുസൈന്റെ കൂടെയുണ്ടായിരുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളും ആയിരുന്നു. ഭക്ഷണത്തിന്റെയും മറ്റവശ്യഘടകങ്ങളുടെയും അഭാവവും ദീർഘയാ ത്രയും അവരെ തീർത്തും ക്ഷീണിതരാക്കി. അതുകൊണ്ട് കീഴടങ്ങാൻ തീരുമാ നിച്ച ഹുസൈൻ മൂന്ന് ഉപാധികൾ മുന്നോട്ടു വച്ചു.

1 തന്നെ തന്റെ സംഘത്തോടൊപ്പം മക്കയിലേക്കോ മദീനയിലേക്കോ മടങ്ങാൻ അനുവദിക്കുക.

2. ഡമാസ്കസിലെത്തി യസീദിനെ സന്ദർശിക്കുവാൻ തന്നെ അനുവദിക്കുക.

3. അതിർത്തി സ്ഥലത്തെത്തി മുസ്ലിം സൈന്യത്തിൽ പങ്കാളിയാവാൻ തന്നെ അനുവദിക്കുക.

എന്നാൽ ഹുസൈനെ ജീവനോടെയോ അല്ലാതെയോ കൂഫയിലെത്തിക്കുക എന്നുള്ളതായിരുന്നു ഉബൈദുള്ളയുടെ സൈന്യത്തോടുള്ള കൽപ്പന. അവസാനം യുദ്ധത്തിലേക്ക് പ്രവേശിക്കുവാൻ ഹുസൈൻ നിർബന്ധിതനായി. എണ്ണത്തിലോ യുദ്ധ സാമഗ്രികളിലോ തുല്യമല്ലാത്ത രണ്ട് സൈന്യങ്ങൾ തമ്മിലുള്ള ഒരു യുദ്ധമായിരുന്നു ഇത്. ഹുസൈന്റെ പക്ഷത്ത് നിന്നും കുട്ടികളുടെയും സ്ത്രീകളുടെയും ആർത്തനാദം ഉയർന്നുകേട്ടു. പ്രവാചകന്റെ ബന്ധുക്കൾ ഒന്നിനു പുറകെ ഒന്നായി മരിച്ചു വീഴുകയും അവസാനം ഹുസൈൻ വധിക്കപ്പെടുകയും ചെയ്തു. വീരമൃത്യു വരിച്ച നായകനെ ശിരച്ഛേദം നടത്തുകയും അപരിഷ്കൃതമായ രീതിയിൽ മൃതശരീരത്തോട് തീർത്തും അപമര്യാദ കാണിക്കുകയും ചെയ്തു. ഹുസൈന്റെ രോഗബാധിതനായ മകൻ സൈനുൽ ആബിദീൻ ഒഴികെ ഹുസൈനെ പിന്തുടർന്ന ഹാഷിം കുടുംബത്തിലെ എല്ലാവരും യുദ്ധക്കളത്തിൽ തന്നെ മരണപ്പെട്ടു.

*കർബല ദുരന്തം ദീർഘകാലം വളരെ ആഴത്തിലുള്ള ആഘാതമായി നിലനിൽക്കുകയും അതിന്റെ ഓർമകൾ വായനക്കാരെ നിരന്തരം മരവിപ്പിച്ചുകൊണ്ടുമിരിക്കുന്നു.*
*റോമാസാമ്രാജ്യത്തിന്റെ തകർച്ചയും പതനവും : എഡ്വേർഡ് ഗിബ്ബൺ*

## കർബല ദുരന്തത്തിന്റെ അനന്തരഫലങ്ങൾ

ഹുസൈന്റെയും പ്രവാചകന്റെ കുടുംബാംഗങ്ങളുടെയും കൂട്ടക്കൊല ഇസ്ലാമിക ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടത്തിന് നാന്ദികുറിച്ചു. ഉമവിയ്യാക്കളുടെയും ഹാഷിമിയാക്കളുടെയും ഇടയിൽ ഉണ്ടായ വിടവ് കൂടുതൽ ശക്തമാവുകയും ഇത് അന്തിമമായി ഉമവിയ്യാ സാമ്രാജ്യത്തെ ഇല്ലാതാക്കുകയും ചെയ്തു. കർബല സംഭവം, പരസ്പരം പകയുള്ള രണ്ട് വിഭാഗങ്ങളായി മുസ്ലിം സമൂഹത്തെ വേർതിരിക്കാൻ കാരണമായി. കർബലദുരന്തത്തിലുണ്ടായ ഭയം വളരെ പെട്ടെന്ന് ഇസ്ലാമിക ലോകത്താകമാനം വ്യാപിച്ചു. കർബലയിലുണ്ടായ കൂട്ടക്കൊല ഷിയാക്കൾ അവരുടെ രാഷ്ട്രീയ വളർച്ചക്ക് പറ്റിയ ആയുധമായി കൂട്ടിചേർത്തു ഈ ദുരന്തം ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമായി പരിഗണിക്കപ്പെടുന്നു



*ചർച്ച: ഷിയാക്കളുടെ രാഷ്ട്രീയവളർച്ചയ്ക്ക്, ഹുസൈന്റെ രക്തസാക്ഷിത്വം, അദ്ദേഹത്തിന്റെ പിതാവിന്റേതിനേക്കാൾ ശക്തമായ ഒരു കാരണമായിരുന്നു.*

*ഷിയായിസം (സെക്റ്റേറിയനിസം) നിലവിൽ വന്നത് 680 എ.ഡി, മെയ് 31 നാണ് എന്ന് കണക്കാക്കപ്പെടുന്നു. (മുഹറം 10, 61 എ.എച്ച്) എല്ലാ വർഷവും മുഹറം 10-ാം തീയതി ഷിയാക്കൾ വിലാപത്തിന്റെ ദിനമായി ആചരിക്കുന്നു. 'ഷിയാ' എന്ന പദം 'ഷീഅത്ത് - 'അലി' (അലിയുടെ പക്ഷം) എന്ന വാക്കിൽ നിന്നാണുണ്ടായത്.*

## മക്കയിലും മദീനയിലും കലാപം

കർബല ദുരന്തം മദീനയിൽ അതിശക്തമായ ഒരു ആഭ്യന്തരകലാപത്തിന് വഴിതെളിച്ചു. മദീനയിലെ ജനങ്ങൾ യസീദിനുള്ള ബൈഅത്ത് നിരാകരിക്കുകയും ഉമവിയ്യാ ഗവർണറെ പട്ടണത്തിൽ നിന്നും പുറത്താക്കുകയും ചെയ്തു. മക്കയിൽ ഇബ്നു സുബൈർ സ്വയം ഖലീഫയായി പ്രഖ്യാപിച്ചു. മുസ്ലിം ഇബ്നു ഉക്ബയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ യസീദ് മദീനയിലേക്കയച്ചു. രണ്ട് സൈന്യവും മദീനയ്ക്ക് പുറത്ത് വച്ച് സന്ധിക്കുകയും അവസാനം മദീന ആക്രമിച്ച് കീഴ്പ്പെടുത്തുകയും ചെയ്തു. മദീനയിൽ കലാപം അടിച്ചമർത്തിയതിന്

ശേഷം സിറിയൻ സൈന്യം മക്കയിലേക്ക് മുന്നേറി. കല്ലുകൾ തൊടുത്തു വിടുന്നതിനുള്ള യന്ത്രങ്ങൾ ചുറ്റുമുള്ള മലമുകളിൽ സ്ഥാപിക്കുകയും മക്കയിലെ പവിത്രമായ പള്ളിയിലേക്ക് കല്ലുകൾ വർഷിക്കുകയും ചെയ്തു. ഈ ഉപരോധം 64 ദിവസം നീണ്ടുനിന്നു. ഈ ഉപരോധത്തിന്റെ ഫലമായി കഅബ അഗ്നിക്കിരയാവുകയും പവിത്രമായ കറുത്തകല്ലിൽ വിള്ളൽ വീഴാനിടയാവുകയും ചെയ്തു.

മൂന്ന് വർഷത്തെ ഭരണത്തിന് ശേഷം ഉമവിയ്യാ ഭരണാധികാരിയായ യസീദ് തന്റെ 38-ാമത്തെ വയസ്സിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലത്ത് രാജ്യവും മുസ്ലിം സമൂഹവും തീർത്തും പ്രതിരോധത്തിലാക്കപ്പെട്ടു. ഇക്കാലത്ത് നടത്തിയ എല്ലാ യുദ്ധമുന്നേറ്റങ്ങളും പരാജയപ്പെട്ടു. ഇസ്ലാമിക ചരിത്രത്തിൽ ഏറ്റവുമധികം വിമർശിക്കപ്പെട്ട ഒരു ഭരണാധികാരിയായിരുന്നു യസീദ്.

### അബ്ദുൽ മാലിക്ക് (685-705 എ.ഡി)



ചിത്രം 6.3 ഉമ്മി കാലത്തെ നാണയം

എ.ഡി. 685 – ൽ അബ്ദുൽ മലിക്ക് ഉമവിയ്യാസാമ്രാജ്യത്തിന്റെ ഖലീഫയായി അധികാരം ഏറ്റെടുത്തു. തുടക്കത്തിൽ തന്നെ നിരവധി പ്രതിസന്ധികളെ അദ്ദേഹത്തിന് നേരിടേണ്ടി വന്നു. എന്നാൽ സാമ്രാജ്യത്തെ ഏകോപിപ്പിക്കുന്നതിനാണ് അദ്ദേഹം പ്രഥമ പരിഗണന നൽകിയത്. ഈ കാലഘട്ടത്തിൽ ഹുസൈന്റെ കൊലപാതകത്തിന് പ്രതികാരം വീട്ടുന്നതിനായി ഇറാക്കിൽ അൽ മുഖ്തദിർ ഇബ്നു അബി ഉബൈദിന്റെ നേതൃത്വത്തിൽ അലി വിഭാഗത്തിന്റെ ഒരു പാർട്ടി രൂപീകരിക്കപ്പെട്ടു. യൂഫ്രട്ടീസ് നദിയുടെ തീരത്തുവച്ച് അൽ മുഖ്തദിർ ഉമവിയ്യ സൈന്യത്തെ നേരിട്ടു. ഈ യുദ്ധം 'അയ്നുൽ വാദ' എന്ന പേരിൽ അറിയപ്പെടുന്നു. ഈ യുദ്ധത്തിൽ മുഖ്തദിർ, ഉമവിയ്യ സൈന്യത്തെ തകർത്ത് തരിപ്പണമാക്കുകയും കൂഫക്കാരുടെ സഹായത്തോടെ ഖലീഫയായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.

മദീനയിൽ അബ്ദുള്ള ഇബ്നു സുബൈർ മറ്റൊരു സ്വയം പ്രഖ്യാപിത ഖലീഫയായി. അങ്ങനെ മൂന്ന് ഖലീഫമാർ ഇസ്ലാമികലോകത്ത് അധികാരത്തിൽ വരികയും ഇസ്ലാ മിക ലോകം ശക്തമായ രാഷ്ട്രീയ വടം വലിയിലകപ്പെടുകയും ചെയ്തു.

1. ഈജിപ്തും സിറിയയും ഖലീഫയായി അംഗീകരിച്ച അബ്ദുൽ മലിക്ക്
2. മക്കയിലേയും മദീനയിലേയും ബസറയിലേയും അധികാരം അലങ്കരിച്ചിരുന്ന അബ്ദുള്ള ഇബ്നു സുബൈർ

3. കൂഫ, മൊസൂൾ, അർമേനിയ, അസർബൈജാന്റെ വടക്കൻ പ്രവിശ്യകൾ എന്നിവടങ്ങളിൽ ഭരിച്ചിരുന്ന അൽമുഖ്തദിർ.

ഈ രണ്ട് ശത്രുക്കളെ മുഴുവനായി നിയന്ത്രിച്ചില്ലെങ്കിൽ തന്റെ അധികാരം സുരക്ഷിതമല്ല എന്ന് മനസ്സിലാക്കിയ അബ്ദുൾ മാലിക് തന്ത്രപരമായി അബ്ദുള്ള ഇബ്നുസുബൈറിനെയും മുഖ്തദിറിനെയും പരസ്പരം ശത്രുക്കളായി ഉപയോഗിച്ചു. അനന്തരഫലമായി അബ്ദുൽ മാലിക്ക് മുഖ്തദറിനെ പരാജയപ്പെടുത്തി. അബ്ദുള്ള ഇബ്നു സുബൈറിന്റെ മരണശേഷം അബ്ദുൾ മാലിക്ക് ഇസ്ലാമിക സാമ്രാജ്യത്തിലെ എതിരാളികളില്ലാത്ത രാജാവായി മാറി.

## അബ്ദുൽ മാലിക്കിന്റെ പരിഷ്ക്കാരങ്ങൾ

ഭരണ സൗകര്യത്തിനായി നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ച വളരെ പ്രഗത്ഭരായ ചക്രവർത്തിമാരിലൊരാളായിരുന്നു അബ്ദുൽ മാലിക്ക്. പേർഷ്യൻ, സിറിയൻ, കോപ്റ്റിക് മുതലായ നിരവധി ഭാഷകൾ ഉപയോഗത്തിലുണ്ടായിരുന്ന സാമ്രാജ്യത്തിൽ അറബി ഭാഷയെ ഔദ്യോഗിക ഭാഷയായി അബ്ദുൽ മലിക്ക് പ്രഖ്യാപിച്ചു. അറബി ലിപിയെ അദ്ദേഹം മെച്ചപ്പെടുത്തി. ഈ പരിഷ്കാരം നടപ്പിലാക്കുന്നതിൽ ഹജ്ജാജ് ഇബ്നു യൂസുഫിന്റെ സേവനം പ്രഗത്ഭമായി ഉപയോഗിച്ചു. അറബിഭാഷയിൽ വ്യഞ്ജനാക്ഷരങ്ങൾ മാത്രമാണ് അടങ്ങിയിരുന്നത്. അതുകൊണ്ട് ഒരു വാക്ക് തന്നെ പലരീതിയിൽ ഉച്ചരിക്കാവുന്ന അവസ്ഥ നിലനിന്നിരുന്നു. അറബി അക്ഷരമാലയിൽ ഒരേ ഘടനയിലുള്ള നിരവധി അക്ഷരങ്ങൾ ഉണ്ടായിരുന്നു. ഒരേ ആകൃതിയിലുള്ള അക്ഷരങ്ങൾ വേർതിരിച്ചറിയുവാൻ നുക്താസ് (വൗവ്വൽസ്/ചിഹ്നങ്ങൾ) അദ്ദേഹം ആവിഷ്കരിച്ചു. ഈ പരിഷ്കാരങ്ങൾ രചനാകലയെ അഭിവൃദ്ധിപ്പെടുത്തി. പുതിയ അറബി നാണയ സമ്പ്രദായത്തിനും അബ്ദുൽ മലിക്ക് തുടക്കം കുറിച്ചു. സ്വർണത്തിലും വെള്ളിയിലും ചെമ്പിലും ഉള്ള നാണയങ്ങൾ അച്ചടിച്ചിറക്കുന്നതിനായി ഡമാസ്കസിൽ പുതിയ കേന്ദ്ര അച്ചടിശാല അദ്ദേഹം സ്ഥാപിച്ചു. സാമ്രാജ്യത്തിലെ അറബ് വംശജരുടെ എണ്ണം കണക്കാക്കുന്ന രജിസ്റ്റർ തുടങ്ങിയതും ഇദ്ദേഹമായിരുന്നു.

തപാൽ സമ്പ്രദായത്തിൽ അബ്ദുൾമാലിക് നടത്തിയ പരിഷ്കാരങ്ങൾ വളരെയധികം ശ്രദ്ധേയമായിരുന്നു. ക്രമവും, കൃത്യവുമായ തപാൽ സമ്പ്രദായത്തിന് വേണ്ടി കുതിരകളെ ഫലപ്രദമായി ഉപയോഗിച്ചിരുന്നു. സാമ്രാജ്യത്തിൽ നിരവധി പട്ടണങ്ങൾ നിർമിച്ചു. ഇതിൽ പ്രധാനപ്പെട്ടതായിരുന്നു ലോവർ ഇറാക്കിലെ 'വാസിത്' പട്ടണം. കലഹിക്കുന്ന ഇറാക്കികളെ നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് ഈ പട്ടണം നിർമിച്ചത്.

അനറബികളായ മുസ്ലിങ്ങളെ സംരക്ഷണ നികുതി (ജസിയ) കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ നടപടി, കൂടുതൽ ആളുകളെ ഇസ്ലാം മതം സ്വീകരിക്കുന്നതിലേക്ക് നയിച്ചു. ഇവർ 'മവാലികൾ' എന്നറിയപ്പെട്ടു. ഇവർ പിന്നീട് കൂട്ടത്തോടെ പട്ടണത്തിലേക്ക് ചേക്കേറാൻ ഇടയായി. എന്നാൽ ഇതിലൂടെ രാജ്യം നേരിട്ട റവന്യൂ നഷ്ടം പരിഹരിക്കുന്നതിനായി ജിസിയ (സംരക്ഷണ നികുതി) എന്ന നികുതി ഘടന മവാലികൾക്ക് വീണ്ടും നിർബന്ധമാക്കി. ഇത് മവാലികളുടെ

ഇടയിൽ ശക്തമായ ഉമവിയ്യ വിരുദ്ധവികാരം സൃഷ്ടിക്കുന്നതിന് കാരണമായി. പിന്നീട് ഇവർ അബ്ബാസിയ പ്രചാരകർക്കൊപ്പം ചേരുകയും ഉമവിയ്യാക്കളുടെ അധപ്പതനത്തിന്റെ പ്രധാന കാരണമായി മാറുകയും ചെയ്തു.



ചിത്രം 6.4


പുരാതന മുസ്ലിം വാസ്തുവിദ്യകലയുടെ മനോഹരമായ മാതൃകയായി നിലകൊള്ളുന്ന പ്രസിദ്ധമായ ഡോം ഓഫ് റോക്ക് (ഖുബ്ബത്തുൽ സഖ്റ) എന്ന പള്ളി നിർമിച്ചത് അബ്ദുൾ മാലിക്ക് ആയിരുന്നു.

ഇരുപത്തിയൊന്ന് വർഷത്തെ സ്തുത്യർഹമായ ഭരണത്തിന് ശേഷം എ.ഡി. 705-ൽ അബ്ദുൾ മാലിക് മരണപ്പെട്ടു. ഉമവിയ്യാ സാമ്രാജ്യത്തിന്റെ യഥാർഥ സ്ഥാപകനായ അദ്ദേഹം 'രാജാക്കാരുടെ പിതാവ്' എന്ന പേരിലാണ് ഇസ്‌ലാമിക ചരിത്രത്തിൽ അറിയപ്പെടുന്നത്.

### അൽ വലീദ് (705 - 715 സി. ഇ)

അബ്ദുൽ മാലിക്കിന്റെ മകനായ വലീദ് എ.ഡി. 705-ൽ അധികാരമേറ്റു. ഭരണത്തിൽ തന്റെ മുൻഗാമികളുടെ നയം പിൻതുടർന്ന അദ്ദേഹം തന്റെ പിതാവ് അബ്ദുൾമാലിക്ക് നിയമിച്ച എല്ലാ ഉദ്യോഗസ്ഥരെയും തൽസ്ഥാനത്ത് തന്നെ നിലനിർത്തി. ഇറാക്കിലെ ഗവർണറായ ഹജ്ജാജ് ഇബ്നു യൂസുഫ് ആയിരുന്നു അവരിൽ പ്രമുഖൻ വലീദിന്റെ ഭരണകാലത്ത് വടക്കേ ആഫ്രിക്കയുടെ ഗവർണറായ മൂസ ഇബ്നു നുസൈറിന്റെ കീഴിലും ഹിജാസ്, ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ കീഴിലും ആയിരുന്നുവെങ്കിലും വലീദിന്റെ പരമാധികാരം ജനങ്ങളും ഗവർണർമാരും അംഗീകരിച്ചിരുന്നു.

വലീദിന്റെ ഭരണകാലഘട്ടം പൊതുമേഖലയിൽ വലിയ കുതിച്ചു ചാട്ടത്തിന്റെ കാലഘട്ടം കൂടിയായിരുന്നു. ഡമാസ്കസിലെ ഉമവിയ്യ പള്ളി അദ്ദേഹത്തിന്റെ സുപ്രധാന സംഭാവനയാണ്. നിരവധി റോഡുകളും സ്കൂളുകളും ആശുപത്രികളും കൊട്ടാരങ്ങളും അദ്ദേഹം നിർമിച്ചു. അദ്ദേഹത്തിന്റെ ഭരണകാലഘട്ടം പ്രധാനമായും അറിയപ്പെടുന്നത് ഭരണപരമായ പുരോഗതിയേക്കാളുപരി സാമ്രാജ്യ വികാസത്തിന്റെ കാര്യത്തിലാണ്.



ചിത്രം 6.5

## സാമ്രാജ്യ വികാസം വലീദിന്റെ കാലഘട്ടത്തിൽ

വിജയകരമായ പോരാട്ടങ്ങളിലൂടെ വലീദിന്റെ കാലഘട്ടം ഉമവിയ്യ സാമ്രാജ്യത്തെ പശ്ചിമ പൂർവ്വ രാജ്യങ്ങളിലേക്ക് വ്യാപിപിച്ചു. പ്രവിശ്യാഗവർണർമാർക്കും സേനാനായകൻമാർക്കും പോരാട്ടങ്ങൾക്കാവശ്യമായ സാമ്പത്തികവും ധാർമികവുമായ എല്ലാ പിന്തുണയും നൽകിയിരുന്നെങ്കിലും ഒരു യുദ്ധത്തിലും അദ്ദേഹം നേരിട്ട് പങ്കെടുത്തിരുന്നില്ല. അൽ വലീദ് നടത്തിയ എല്ലാ യുദ്ധങ്ങളും യുക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ആയിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സിന്ധ്, സ്പെയിൻ, മധ്യേഷ്യ തുടങ്ങിയ സ്ഥലങ്ങൾ ആക്രമിച്ചു കീഴടക്കിയിരുന്നു. സ്പെയിനും മധേഷ്യയും ഖിലാഫത്ത് ഭരണത്തിലേക്ക് നേരിട്ട് കൂട്ടിചേർത്തതും വലീദിന്റെ ഭരണകാലത്തായിരുന്നു.




ചിത്രം 6.6

## സിന്ധ് ആക്രമണം

എ.ഡി 712 ൽ ആണ് അറബികൾ സിന്ധ് ആക്രമിച്ചത്. ഈ ആക്രമണത്തിന് പിന്നിലെ പ്രധാനകാരണം സിന്ധ് വഴി കടന്നുപോകുന്ന കപ്പലുകൾ ആക്രമിക്കുന്ന കൊള്ളക്കാരുടെ നടപടികളെ പ്രാദേശിക ഭരണാധികാരിയായ ദാഹിർ നിയന്ത്രിക്കാതിരുന്നതാണ്. സിലോണിൽ നിന്നും ഡമാസ്കസിലേക്ക് നിറയെ വിലപിടിപ്പുള്ള സമ്മാനങ്ങളുമായി മടങ്ങിയ കപ്പൽ കച്ചിന് സമീപം വച്ച് കടൽക്കൊള്ളക്കാർ പിടിച്ചെടുത്തു.. ഇറാക്കിലെ ഗവർണ്ണറായ ഹജ്ജാജ് - ഇബ്നു-യൂസുഫ് കടൽക്കൊള്ളക്കാർക്ക് അർഹമായ ശിക്ഷനൽകുവാനോ അല്ലെങ്കിൽ തങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാനോ ദാഹിറിനോട് ആവശ്യപ്പെട്ടു. എന്നാൽ ദാഹിർ ഇത് മുഖവിലയ്ക്കെടുത്തില്ല. ഇതിൽ പ്രതിഷേധിച്ച് മുഹമ്മദ് ഇബ്നു കാസിമിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ ഹജ്ജാജ് ഇബ്നു യൂസുഫ് സിന്ധിലേക്ക് നിയോഗിച്ചു. മുഹമ്മദ് ഇബ്നു കാസിം സിന്ധ് സൈന്യത്തിന് മേൽ വിജയം നേടുകയും ദാഹിറിനെ വധിക്കുകയും ചെയ്തു. ഈ സംഭവം ഇന്ത്യയിലേക്കുള്ള ഇസ്ലാമിന്റെ കടന്നുവരവിന്റെ ചരിത്രത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കം കുറിച്ചു.




ചിത്രം 6.7

## സ്പെയിൻ ആക്രമണം

മൂസാ ഇബ്നു നുസൈർ വടക്കെ ആഫ്രിക്കയിലെ മികച്ച ഗവർണർ ആയിരുന്നു. ഒരു നല്ല ഭരണാധികാരിയാണ് താനെന്ന് അദ്ദേഹം സ്വയം തെളിയിച്ചു. അയൽ

രാജ്യമായ സ്പെയിനിൽപ്പോലും അദ്ദേഹത്തിന്റെ കീർത്തിയും അംഗീകാരവും വ്യാപിച്ചിരുന്നു. ഈ കാലഘട്ടത്തിൽ സ്പെയിൻ ഭരിച്ചിരുന്നത് വിസിഗോതിക് വംശജനും സ്വേച്ഛാധിപതിയുമായ റൊഡറിക് രാജാവ് ആയിരുന്നു. അക്കാലത്ത് സ്പാനിഷ് സമൂഹത്തിൽ നിലനിന്നിരുന്ന അരാജകത്വം നിമിത്തം ജനങ്ങൾ വളരെയധികം ദുരിതത്തിൽ ആയതിനാൽ സ്പാനിഷ് ജനത മൂസ ഇബ്നു നുസൈറിനെ ഒരു രക്ഷകനായി കണക്കാക്കി. ക്യൂട്ടയിലെ ഗവർണറായ ജൂലിയൻ പ്രശ്ന പരിഹാരത്തിന് മൂസയെ സ്പെയിനിലേക്ക് ക്ഷണിച്ചിരുന്നു.

വലീദിന്റെ അനുവാദത്തോട് കൂടി താരിഖ് ഇബ്നു സിയാദിന്റെ നേതൃത്വത്തിൽ രണ്ടായിരത്തോളം സൈനികരടങ്ങുന്ന ഒരു സൈനിക വ്യൂഹത്തെ സ്പെയിനിലേക്ക് അയച്ചു. സൈന്യം ആദ്യം എത്തിയത് തെക്കെ സ്പെയിനിലെ പർവ്വത പ്രദേശത്ത് ആയിരുന്നു. ഈ പർവ്വതത്തെ 'ജബൽ അൽ താരിഖ്' എന്നുവിളിക്കുകയുണ്ടായി. പിന്നീട് അത് ജിബ്രാൾട്ടർ എന്ന ആധുനിക നാമത്തിൽ അറിയപ്പെട്ടു. എ.ഡി. 711 ൽ വാദിബക്കയുദ്ധത്തിൽ താരിഖ് ഇബ്നു സിയാദിന്റെ നേതൃത്വത്തിലുള്ള മുസ്ലിം സൈന്യം റൊഡറിക്കിന്റെ സൈന്യത്തെ പരാജയപ്പെടുത്തി. താമസിയാതെ മൂസാ ഇബ്നു നുസൈറും സൈന്യത്തിൽ ചേരുകയും സംയുക്ത സൈന്യം എതിരാളിയെ പൂർണമായും പരാജയപ്പെടുത്തുകയും ചെയ്തു. ഒന്നിനു പിറകെ ഒന്നായി സ്പെയിനിന്റെ വടക്ക് ഭാഗം മുഴുവനായും മുസ്ലിങ്ങളുടെ അധീനതയിൽ വന്നുചേർന്നു. ഇസ്ലാമിക ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു ഇത്. യൂറോപ്പിലെ ഇസ്ലാമികാധിനിവേശത്തിന് ഇത് തുടക്കം കുറിച്ചു. ജിബ്രാൾട്ടർ കടലിടുക്കിനെ അതിനെ 'മെഡിറ്ററേനിയന്റെ താക്കോൽ' എന്നും അറിയപ്പെടുന്നു.




ചിത്രം 6.8 എ. ജിബ്രാൾട്ടർ കടലിടുക്ക്



ചിത്രം 6.8 ബി ജിബ്രാൾട്ടർ പർവ്വതം



*മുസ്ലിങ്ങളുടെ സ്പെയിൻ ആക്രമണ സമയത്തെ സ്പെയിനിന്റെ സാമൂഹിക-രാഷ്ട്രീയ അവസ്ഥ ജാഹിലിയാ കാലഘട്ടവുമായി താരതമ്യം ചെയ്ത് ഒരു അസൈൻമെന്റ് തയാറാക്കുക.*

## മധ്യേഷ്യ ആക്രമണം

വലീദിന്റെ കാലഘട്ടത്തിലെ ശ്രദ്ധേയമായ മറ്റൊരു സംഭവമായിരുന്നു മദ്ധേഷ്യ ആക്രമണം. അബ്ദുൾ മാലിക്കിന്റെ കാലഘട്ടത്തിൽ ഉണ്ടാക്കിയ സമാധാന ഉടമ്പടി മധ്യേഷ്യയിൽ സോഗ്ഡിയൻസ് ലംഘിക്കുകയുണ്ടായി. ആയതിനാൽ എ.ഡി 714 ൽ മധ്യേഷ്യ കീഴടക്കാൻ ഖുതൈബ ഇബ്നു മുസ്ലിമിനെ വലീദ് നിയമിച്ചു. വിജയകരമായ ആക്രമണങ്ങളിലൂടെ ഖുതൈബ സമർഖന്ത് പിടിച്ചെടുക്കുകയും ജെക്സാർടസ് നദി മുറിച്ച് കടന്ന് ഫർഗാന തടാകം വരെ എത്തുകയും പൂർണ്ണമായി ആക്രമിച്ച് കീഴടക്കുകയും ചെയ്തു. അങ്ങനെ ഖലീഫ വലിദിന്റെ കാലഘട്ടം സാമ്രാജ്യത്തിന്റെ സമ്പൂർണമായ വികാസത്തിന് സാക്ഷ്യം വഹിച്ചു. ഖലീഫ ഉമറിന് ശേഷം ഇസ്ലാമിക സാമ്രാജ്യം ഏറ്റവും കൂടുതൽ വികാസം പ്രാപിച്ചത് വലിദിന്റെ കാലഘട്ടത്തിലായിരുന്നു. സംഭവബഹുലമായ വലീദിന്റെ ഭരണം എ.ഡി. 715-ൽ അദ്ദേഹത്തിന്റെ മരണത്തോടെ അവസാനിച്ചു.

വലീദിനെത്തുടർന്ന് അദ്ദേഹത്തിന്റെ സഹോദരനായ സുലൈമാൻ (715-717 എ.ഡി) അധികാരമേറ്റു സുലൈമാൻ തന്റെ മുൻഗാമികളുടെ നയങ്ങൾക്ക് മാറ്റം വരുത്തി. തന്റെ ജാമാതാവായ ഉമർ ഇബ്നു - അബ്ദുൽ അസീസിനെ അദ്ദേഹം തന്റെ പിൻഗാമിയായി നാമനിർദേശം ചെയ്തു. ഇക്കാരണത്താൽ 'അനുഗ്രഹത്തിന്റെ താക്കോൽ' എന്ന അപരനാമത്തിൽ അദ്ദേഹം അറിയപ്പെട്ടു.

### ഉമർ ഇബ്നു അബ്ദുൽ അസീസ് (717 - 720 എ.ഡി)

എ.ഡി. 717 ൽ സുലൈമാനെ തുടർന്ന് ഉമവിയ്യാ സാമ്രാജ്യത്തിലെ ഏഴാമത്തെ ഭരണാധികാരിയായി സ്ഥാനാരോഹണം ചെയ്ത ഉമർ ഇബ്നു അബ്ദുൽ അസീസ് ''ഉമർ രണ്ടാമൻ'' എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. ഖലീഫ ഉമറിന്റെ ചെറുമകളുടെ മകനായിരുന്നു അദ്ദേഹം. ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഖലീഫ ആകുന്നതിന് മുമ്പ് വലീദിന്റെയും സുലൈമാന്റെയും കാലഘട്ടത്തിൽ ഗവർണറായും പ്രധാന മന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കാര്യക്ഷമതയുള്ള ഒരു ഭരണാധികാരിയായി സ്വയം തെളിയിച്ച അദ്ദേഹം ഖലീഫമാരുടെ പാതയാണ് പിന്തുർന്നത്. അക്കാരണത്താൽ അദ്ദേഹത്തെ 'അഞ്ചാമത്തെ സച്ചരിത ഖലീഫ' (ഖലീഫ-അൽ-സാലിഹ്) എന്നുവിളിച്ചിരുന്നു. മറ്റ് ഉമവിയ്യാ ഭരണാധിപൻമാരിൽ നിന്നും അദ്ദേഹം വ്യത്യസ്തനായി നിലനിൽക്കുകയും രാഷ്ട്രീയ അഭിവൃദ്ധിയേക്കാൾ മതപരമായ വികാസത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തു.

## ഉമർ രണ്ടാമന്റെ പരിഷ്ക്കാരങ്ങൾ

ഖലീഫ ഉമർ രണ്ടാമന്റെ ഭരണകാലം നീതിയിലധിഷ്ഠിതമായിരുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരുന്ന അദ്ദേഹത്തിന്റെ കാലത്ത്

സച്ചരിതരായ ഖലീഫമാരുടെ കാലത്ത് പ്രചാരത്തിലിരുന്ന ആലോചനാസമിതി (ശൂറ) പുനഃസ്ഥാപിച്ചു. പൊതുഖജനാവിന്റെ (ബൈത്തുൽമാൽ) പരിശുദ്ധി വീണ്ടും നിലനിർത്തുകയും ചെയ്തു. സ്വകാര്യ ആവശ്യങ്ങൾക്ക് ഖജനാവ് ഉപയോഗിക്കുന്ന രീതി നിർത്തലാക്കി.

*"ജനങ്ങളുമായി കൂടിയിരുന്ന് പൊതുകാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പൊതു ഖജനാവിൽ നിന്നുള്ള വിളക്ക് തെളിയിക്കുകയും ജനങ്ങൾ പിരിയുമ്പോൾ അത് കെടുത്തുകയും സ്വന്തം വിളക്ക് തെളിയിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ രീതി ആയിരുന്നു."*

*അക്ബർ ഷാ ഖാൻ നജീബ് ആബാദി- 'ഇസ്ലാമിന്റെ ചരിത്രം'*

ഉമർ രണ്ടാമന്റെ കാലഘട്ടത്തിൽ നിരവധി സ്കൂളുകളും റോഡുകളും ആശുപത്രികളും പണികഴിപ്പിച്ചു. ഭരണാധിപൻമാരുടെ സുരക്ഷിതത്ത്വത്തെക്കാൾ സാമൂഹ്യ ക്ഷേമത്തിനായിരുന്നു കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. വിപുലമായ സാമ്രാജ്യത്തിന്റെ ഭരണാധികാരി എന്ന നിലയിൽ അദ്ദേഹത്തിന്റെ ജനസൗഹൃദ നയങ്ങൾ ഭരണം കൂടുതൽ സുഗമമായി കൊണ്ടുപോകുന്നതിന് സഹായിച്ചു.



സെമിനാർ: ഉമർ രണ്ടാമന്റെ ഭരണം ഖലീഫ ഉമറിന്റെ ഭരണവുമായി താരതമ്യം ചെയ്യുക

## ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ പരിഷ്കാരങ്ങൾ

ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ ഭരണം പ്രധാനമായും അറിയപ്പെട്ടിരുന്നത് അദ്ദേഹത്തിന്റെ മതനയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഖവാരിജുകൾ, മവാലികൾ, ഷിയാക്കൾ തുടങ്ങിയ വ്യത്യസ്തങ്ങളായ വിഭാഗം ആളുകൾ അദ്ദേഹത്തെ ഭരണാധികാരിയായി അംഗീകരിച്ചിരുന്നു. പുതുതായി മത പരിവർത്തനം ചെയ്ത ആളുകളുടെ (മവാലികൾ) പുരോഗതിക്കായി നിരവധി ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട് ഭൂനികുതി (ഖറാജ്) അടയ്ക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കി. ഈ ഒഴിവാക്കൽ സാമ്രാജ്യത്തിന്റെ റവന്യൂ വരുമാനത്തിൽ വൻതോതിലുള്ള കുറവുണ്ടാകാൻ കാരണമായി, സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന മവാലികൾക്ക് അദ്ദേഹം പെൻഷൻ ഏർപ്പെടുത്തിയിരുന്നു.

*(ദൈവം പ്രവാചകനെ അയച്ചത് മതപ്രചാരകനായിട്ടാണ്, നികുതി പിരിവുകാരനായിട്ടല്ല. തന്റെ ഗവർണ്ണറുടെ ചോദ്യത്തിന് ഉമറിന്റെ പ്രതികരണം ഇതായിരുന്നു. ഇസ്ലാമിക സാമ്രാജ്യത്തിൽ ആളുകളിൽ നിന്നും പിരിക്കുന്ന ഭൂനികുതിയാണ് ഖറാജ്.*

*ഉമറിന്റെ ഭരണത്തിൽ ജൂതൻമാരും ക്രിസ്ത്യാനികളും സമ്പൂർണ്ണമായ സമാധാനം അനുഭവിച്ചിരുന്നു.*

വളരെ ചുരുങ്ങിയ ഒരു കാലഘട്ടം മാത്രമേ ഉമർ ഭരണാധികാരിയായിരുന്നുള്ളൂ എങ്കിലും ഇസ്ലാമിക ചരിത്രത്തിൽ പ്രശംസനീയമായ അധ്യായമായി അദ്ദേഹത്തിന്റെ ഭരണകാലം നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം പ്രധാനമായും സാക്ഷ്യം വഹിക്കുന്നത് അദ്ധ്യാത്മികതയുടേയും ധാർമികതയുടെയും പുരോഗതിക്കാണ്. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം സച്ചരിതരായ ഖലീഫമാരുടെ ഭരണമാതൃക തിരികെ കൊണ്ടുവന്നു എന്നുള്ളതാണ്.

## ഉമവിയ്യാ ഭരണ സമ്പ്രദായം

ഡമാസ്കസിലെ ഉമവിയ്യാക്കളായിരുന്നു ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ രാജവംശം. ഇവരുടെ ഭരണ സമ്പ്രദായം സച്ചരിതരായ ഖലീഫമാരിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. അവർ മാതൃകയാക്കിയിരുന്നത് ബൈസന്റൈൻ ഭരണത്തെയായിരുന്നു. സാമ്രാജ്യത്തിന്റെ പരമാധികാരി ഖലീഫയായിരുന്നു. പരമ്പരാഗത പിന്തുർച്ചാവകാശത്തിനെ അല്ലെങ്കിൽ നാമനിർദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഖലീഫ അധികാരത്തിൽ വന്നിരുന്നത്. വിവിധങ്ങളായ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കപ്പെട്ട നിരവധി കാര്യാലയങ്ങളും നിരവധി ഉദ്യോഗസ്ഥൻമാരും ഭരണപരമായ കാര്യങ്ങളിൽ ഖലീഫയെ സഹായിച്ചു.

ദീവാനുൽ ബരീദ് (തപാൽ വകുപ്പ്)

ദീവാനുൽ ഖാത്തം (രജിസ്ട്രേഷൻ വകുപ്പ്)

ദീവാനുൽ റിസാല (കത്തിടപാട് കാര്യാലയം)

ദീവാനുൽ ഖറാജ് (ധനകാര്യ വകുപ്പ്)

ദീവാനുൽ ഷുർത്ത വൽ ജുൻദ് (പോലിസ്, പട്ടാള വകുപ്പ്)

**ദീവാനുൽ ഖാത്തം** മുആവിയ ആവിഷ്കരിച്ച പ്രത്യേക വകുപ്പ് ആയിരുന്നു. ഔദ്യോഗിക പ്രമാണങ്ങൾ മുദ്രവെക്കുന്നതിനും അയയ്ക്കുന്നതിനും മുമ്പായി അവയുടെ ഓരോ കോപ്പികൾ എടുത്ത് സൂക്ഷിക്കുക എന്നതായിരുന്നു ഈ വകുപ്പിന്റെ ചുമതല. സർക്കാർ രേഖകൾ സൂക്ഷിക്കുന്നതിന് കൊട്ടാരത്തിൽ പ്രത്യേക ഇടം അബ്ദുൾ മാലിക്കിന്റെ കാലഘട്ടത്തിൽ ഡമാസ്കസിൽ ആരംഭിച്ചു.



*ഉമവിയ്യാ സാമ്രാജ്യത്തിലെ വിവിധങ്ങളായ കാര്യാലയങ്ങളും അവയുടെ പ്രവർത്തനങ്ങളും വിശദീകരിക്കുക.*


## പ്രവിശ്യാഭരണം

വിപുലമായ സാമ്രാജ്യം എന്ന നിലയിൽ ഭരണസൗകര്യത്തിനായി സാമ്രാജ്യത്തെ വ്യത്യസ്ത പ്രവിശ്യകളായി തിരിച്ചിരുന്നു. ഓരോ പ്രവിശ്യയും അമീർ എന്നറിയപ്പെട്ടിരുന്ന ഗവർണർക്ക് കീഴിലായിരുന്നു. അമീറിനെ നിയമിച്ചിരുന്നത് ഖലീഫയായിരുന്നു. റവന്യൂ ഒഴികെ പ്രവിശ്യയിലെ ഭരണത്തിന്റെ മുഴുവൻ അധികാരവും ഗവർണർക്കായിരുന്നു. സാമ്രാജ്യത്തിലെ പ്രധാന പ്രവിശ്യകൾ ഇറാക്ക്, ഹിജാസ്, അർമേനിയ, ഈജിപ്ത്, ആഫ്രിക്ക തുടങ്ങിയവയായിരുന്നു.

ഉമവിയ്യാ സാമ്രാജ്യത്തിന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന പ്രവിശ്യകളും പ്രദേശങ്ങളും താഴെ ചേർക്കുന്നു.

- സിറിയ – ഫലസ്തീൻ
- ഇറാക്ക് ഉൾപ്പെടെ അൽകൂഫ
- പേർഷ്യ ഉൾപ്പെടെ അൽബസറ, സിജിസ്താൻ, ഖുറാസാൻ, ബഹ്റൈൻ ഒമാൻ, നജ്ദ് മുതലായവ
- അർമേനിയ
- ഹിജാസ്
- ഇന്ത്യയുടെ അതിർത്തി ജില്ലകൾ, കർമാൻ
- ഈജിപ്ത്
- ആഫ്രിക്ക
- യമനും ദക്ഷിണ അറേബ്യയുടെ ബാക്കി ഭാഗങ്ങളും

ഓരോ പ്രവിശ്യയെയും വീണ്ടും ജില്ലകളായി വിഭജിച്ചിരുന്നു. ഓരോ ജില്ലയും ഖലീഫമാരുടെ അനുവാദത്തോടെ അമീർമാർ നിയമിക്കുന്ന 'ആമിൽ' എന്ന ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലായിരുന്നു.




ചിത്രം 6.9



*ചർച്ച: ഉമവിയ്യാക്കളുടെ പ്രവിശ്യഭരണസമ്പ്രദായവും ആധുനിക കാലഘട്ടത്തിലെ വികേന്ദ്രീകൃത ഭരണ സമ്പ്രദായവും തമ്മിൽ താരതമ്യം ചെയ്യുക.*

## റവന്യൂ ഭരണം

ഉമവിയ്യ ഭരണത്തിൽ റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ സാഹിബ്-ഉൽ-ഖറാജ് എന്നാണറിയപ്പെട്ടിരുന്നത്. ഇവർ എല്ലാ വിവരങ്ങളും ഖലിഫയെ നേരിട്ട് അറിയിക്കേണ്ടവരാണ്. എന്നാൽ അമീറുമായി ബന്ധപ്പെടേണ്ട ആവശ്യമുണ്ടായിരുന്നില്ല. സക്കാത്ത്, ജിസിയ, ഗനീമ, ഖറാജ് തുടങ്ങിയവയാണ് രാജ്യത്തിന്റെ പ്രധാന വരുമാന മാർഗങ്ങളായി കണക്കാക്കിയിരുന്നത്.

പ്രവിശ്യകളിൽ പ്രാദേശിക ഭരണത്തിന്റെ എല്ലാ ചിലവുകളും പ്രാദേശിക വരുമാനത്തിൽ നിന്നും നടത്തുകയും ബാക്കിയുള്ളത് കേന്ദ്ര ഖജനാവിലേക്ക് അടയ്ക്കുകയുമാണ് ചെയ്തിരുന്നത്. പ്രശസ്ത അറബി ചരിത്രകാരനായ പി.കെ. ഹിറ്റിയുടെ അഭിപ്രായത്തിൽ "മുസ്ലിങ്ങളുടെ സ്ഥിരവരുമാനത്തിൽ നിന്നും സക്കാത്തിന്റെ പരിധിയായി മുആവിയ ഇളവ് നൽകിയ 2.5% എന്നത് ആധുനിക കാലഘട്ടത്തിലെ വരുമാന നികുതിക്ക് സമമായിരുന്നു."

## സൈനിക ഭരണം

ബൈസന്റയിൻ സാമ്രാജ്യത്തിന്റെ മാതൃകയിൽ സുശക്തമായ ഒരു സൈന്യത്തെ ഉമവിയ്യാക്കാൾ നിലനിർത്തിയിരുന്നു. ഉമവിയ്യാ സൈന്യം അഞ്ച് വിഭാഗങ്ങൾ ഉൾകൊള്ളുന്ന ഒരു ബൃഹത് സംവിധാനമായിരുന്നു.

മധ്യനിര, ഇടതുപക്ഷം, വലതുപക്ഷം, മുന്നണിപ്പട, പിൻനിര (കാവൽസേന) എന്നിങ്ങനെയായിരുന്നു സൈന്യത്തെ വിന്യസിച്ചിരുന്നത്. അവസാന ഖലീഫ

മർവാൻ II (744–750) പഴയ സൈനിക സംവിധാനം ഒഴിവാക്കുകയും കുർദുകൾ എന്നറിയപ്പെടുന്ന പുതിയ ഒരു സേനയ്ക്ക് രൂപം നൽകുകയും ചെയ്തു.

തങ്ങളുടെ മുൻഗാമികളുടെ കാലത്ത് ഉപയോഗിച്ചിരുന്ന അതേ ആയുധങ്ങൾ തന്നെയായിരുന്നു അടിസ്ഥാനപരമായി ഉമവിയ്യാക്കളും ഉപയോഗിച്ചിരുന്നത്. സൈന്യത്തിലേക്ക് ഉദ്യോഗസ്ഥൻമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രധാനകേന്ദ്ര ങ്ങളായിരുന്നു അൽ-ബസ്വറ, അൽകൂഫ തുടങ്ങിയവ. ഉമവിയാക്കൾ ഇസ്ലാമിക സൈന്യത്തിന് നൽകിയ ഏറ്റവും പ്രധാനപ്പെട്ട സംഭാവന ഇസ്ലാമിക സാമ്രാ ജ്യത്തിന്റെ കീഴിൽ ഒരു പുതിയ നാവികപ്പടയക്ക് രൂപം നൽകി എന്നുള്ളതാണ്. അക്കാരണത്താൽ മുആവിയയെ 'മുസ്‌ലിം നാവികപ്പടയുടെ പിതാവ്' എന്നറി യപ്പെടുന്നു.

## നീതിന്യായ ഭരണം

നീതിന്യായ സമ്പ്രദായത്തിൽ ഇസ്ലാമിക വ്യവസ്ഥിതിയായിരുന്നു ഉമവിയ്യാക്കൾ പിൻതുടർന്നത്. മുസ്ലിങ്ങൾക്കും അമുസ്‌ലീങ്ങൾക്കും പ്രത്യേകം പ്രത്യേകം നിയമ സംവിധാനം ഉണ്ടാക്കിയിരുന്നു. നീതി നിർവ്വഹണത്തിൽ ന്യായാധിപൻമാർ മത നേതാക്കൾ (ഖാളി) തുടങ്ങിയവരുടെ സേവനങ്ങളുണ്ടായിരുന്നു.




**സെമിനാർ:** *ഉമവിയ്യാക്കളുടെ ഭരണവും യാഥാസ്ഥിതിക ഖലീഫമാരുടെ ഭരണവും തമ്മിലുള്ള വ്യത്യാസം*

## ഉമവിയ്യാ സാമ്രാജ്യത്തിന്റെ അധഃപതന കാരണങ്ങൾ

90 വർഷത്തെ ഭരണത്തിന് ശേഷം എ.ഡി 749 ലെ സാബ് യുദ്ധത്തിൽ ഉമവിയ്യാ സാമ്രാജ്യം അതിന്റെ അന്ത്യം കുറിച്ചു. ഉമവിയ്യാ സാമ്രാജ്യത്തിന്റെ അധപ്പതനത്തിന് നിരവധി കാരണങ്ങൾ ഉണ്ടായിരുന്നു. പിൽക്കാല ഖലീഫമാർ ആർഭാടകരമായ ജീവിതം നയിക്കുകയും രാജ്യഭരണം കാര്യക്ഷമമാക്കാതിരിക്കുകയും ധാർമികതയിൽ നിന്നും അകന്നതും സാമ്രാജ്യത്തിന്റെ തകർച്ചക്ക് കാരണമായി. യുദ്ധത്തിനും സംഗീതത്തിനും കവിതയ്ക്കും അമിതപ്രാധാന്യം നൽകുകയും ചെയ്തു.

വളരെ പുരാതനവും ആഴത്തിൽ വേരോടിയതുമായ വംശീയ വിവേചനം ഉമവിയ്യാ സാമ്രാജ്യത്തിൽ വീണ്ടും നടപ്പിൽ വന്നു. ഉത്തര അറേബ്യക്കാരും ദക്ഷിണ അറേബ്യക്കാരും അവരുടെ പൂർവ്വ ശത്രു തുടർന്നു. പിൻതുടർച്ചാവകാശത്തിലെ ശക്തമായ നിയമത്തിന്റെ അഭാവം നിരവധി പ്രശ്നങ്ങൾക്ക് വഴി തെളിച്ചു. അറേബ്യൻ പ്രാകൃതഗോത്രങ്ങളിൽ നിലനിന്നിരുന്ന പിന്തുടർച്ചാവകാശത്തിലെ തർക്കങ്ങൾ പലപ്പോഴും ഭരണാധിപൻമാരുടെ ഉന്നതാഭിലാഷങ്ങൾക്കനുസരിച്ച് മക്കളിലേക്ക് അധികാരം കൈ മാറുന്നതിന് തടസമായി നിന്നു. ഒരു ഖലീഫയുടെ മരണശേഷം പിൻതുടർച്ചാവകാശ തർക്കങ്ങൾ സാമ്രാജ്യത്തിൽ സാധാരണമായി.

ഷിയാ വിഭാഗക്കാർ ഉമവിയ്യാക്കളെ ഖലീഫമാരായി അംഗീകരിച്ചിരുന്നില്ല. പ്രവാചകന്റെ പിൻഗാമികളോടുള്ള ഹൃദയം നിറഞ്ഞ ഭക്തി ജനങ്ങളുടെ സഹതാപം അവരിലേക്ക് കേന്ദ്രീകരിക്കാൻ കാരണമായി. രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ കാരണങ്ങളാൽ ഉമവിയ്യാക്കളുടെ ഭരണത്തിൽ അസംതൃപ്തരായിരുന്ന അവർ അബ്ബാസിയാക്കളോടൊന്നിച്ച് അണിനിരന്നു. ഇറാക്കിലെ ബഹുഭൂരിപക്ഷം ആളുകളും ഷിയാ പക്ഷത്ത് ചേരുകയും സിറിയൻ ആധിപത്യത്തിനെ എതിർക്കുകയും വംശീയതയുടെ അടിസ്ഥാനത്തിൽ ശക്തി പ്രാപിക്കുകയും ചെയ്തു. ഒപ്പം തന്നെ അബ്ബാസിയാക്കളും അധികാരം പിടിച്ചടക്കുന്നതിനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ നടത്തി. ഖുറൈഷി ഗോത്രത്തിലെ ഹാഷിമിയ്യ കുടുംബത്തിൽപ്പെട്ടവരാണെന്നും അതുകൊണ്ടുതന്നെ പ്രവാചകനുമായി ഏറ്റവും അടുത്ത ആളുകളാണ് തങ്ങളെന്നും അബ്ബാസിയാക്കൾ വാദിച്ചു. ഉമവിയ്യാ ഭരണത്തിനെതിരെ സാമ്രാജ്യത്തിൽ വ്യാപിച്ച അസംതൃപ്തിയുടെ നേട്ടം മുതലാക്കി ഉമവിയ്യാക്കൾക്ക് എതിരായ മുന്നേറ്റങ്ങളുടെ നേതാവായും ജേതാക്കളായും അബ്ബാസിയാക്കൾ മാറുകയുണ്ടായി.




ചിത്രം 6.10

അറബികളായ പുതിയ മുസ്‌ലിങ്ങൾ (മവാലികൾ) പൊതുവേയും, പേർഷ്യൻ മുസ്‌ലിങ്ങൾ പ്രത്യേകിച്ചും ഭരണത്തിൽ അസംതൃപ്തരായിരുന്നു. എല്ലാ അർഥത്തിലും അവർ മുസ്ലിങ്ങൾക്ക് തുല്യമായിരുന്നു. എങ്കിലും ചില ഖലീഫമാർ ഇവരെ രണ്ടാംകിട പൗരന്മാരായി പരിഗണിക്കുകയും അമുസ്‌ലിങ്ങളിൽ നിന്നും ഈടാക്കിയിരുന്ന നികുതി ഇവരിൽ നിന്നും ഈടാക്കുകയും ചെയ്തിരുന്നു. വളരെ ഉയർന്നതും അതിപ്രാചീന സംസ്കാരത്തിന്റെ വക്താക്കളുമായ പേർഷ്യക്കാർക്ക് ഉമവിയ്യാ ഭരണത്തിൽ വളരെ താഴ്ന്ന സ്ഥാനമായിരുന്നു ലഭിച്ചിരുന്നത്. അങ്ങനെ അബ്ബാസിയാക്കൾ അവരുടെ സ്വന്തം നേട്ടങ്ങൾക്ക് വേണ്ടി ഉമവിയ്യാക്കൾക്കെതിരായി ഷിയാക്കളേയും ഖുറാസാനികളേയും ഒപ്പം നിറുത്തി ഇത്തരം വിഘടനവാദികളുടെയെല്ലാം ഒരു സംയുക്ത സഖ്യം രൂപീകരിച്ചു. പ്രവാചകന്റെ അമ്മാവനായ അൽ-അബ്ബാസിന്റെ ചെറുമകനായ അബുൽ അബ്ബാസ് ഈ സഖ്യത്തിന് നേതൃത്ത്വം നൽകുകയുണ്ടായി. പ്രസ്തുത സഖ്യം വിപ്ലവകരമായ ഒരു തലത്തിലേക്ക് മാറുകയും ഉമവിയ്യാ സാമ്രാജ്യത്തിൽ നിലനിൽക്കുന്ന സാമൂഹികാന്തരത്തെ എതിർത്തുകൊണ്ട് സത്യസന്ധരായ ഖലീഫമാരുടെ കാലത്തുണ്ടായിരുന്ന അവസ്ഥയിലേക്ക് സമൂഹത്തെ തിരികെ കൊണ്ടുവരാമെന്ന വാഗ്ദാനം ജനങ്ങൾക്ക് നൽകുകയും ചെയ്തു. അബ്ബാസിയാക്കളുടെ ഖുറാസാനിലെ പ്രതിനിധിയായിരുന്ന അബുമുസ്‌ലിം ഉമവിയ്യാക്കൾക്കെതിരായ പ്രക്ഷോഭം ആരംഭിക്കുകയും എ.ഡി. 747 ജൂൺ 9 ന് ഖുറാസാനിലെ ഗവർണ്ണറെ പരാജയപ്പെടുത്തി വിജയം വരിക്കുകയും ചെയ്തു. ഖുറാസാനിലെ ഗവർണ്ണർ മർവാൻ രണ്ടാമനേട് സഹായത്തിനപേക്ഷിച്ചു എങ്കിലും യാതൊരു പ്രതികരണവും ഉണ്ടായില്ല. ഇറാക്കിലെ ഖവാരിജുകൾ നിലനിന്ന സാമൂഹ്യക്രമത്തിന്റെ ഏറ്റവും വലിയ ശത്രുക്കളായി മാറുകയും സ്പെയിനിൽ അവർ കലാപത്തിന് തുടക്കം കുറിക്കുകയും ചെയ്തു.




ചിത്രം 6.11 അബ്ബാസിയ്യ പ്രചരണം

കൂഫയിലെ പതനത്തെ തുടർന്ന് ഖുറാസാന്റെ തലസ്ഥാനമായ മർവ് എ.ഡി 749 ൽ ഉമവിയ്യാക്കൾക്ക് നഷ്ടപ്പെട്ടു. എ.ഡി 749 ഓക്ടോബർ 30 ന് പ്രധാന പള്ളിയിൽ നടന്ന പൊതുപ്രാർത്ഥനയിൽ അബുൽ-അബ്ബാസിനെ ഖലീഫയായി പ്രഖ്യാപിച്ചു. എല്ലാ സ്ഥലങ്ങളിൽ നിന്നും ഉമവിയ്യാക്കളുടെ വെളുത്ത പതാക നീക്കം ചെയ്യുകയും അബ്ബാസിയാക്കളുടെയും അവരുടെ സഖ്യത്തിൽപ്പെട്ടവരുടെയും കറുത്ത പതാക സ്വീകരിക്കുകയും ചെയ്തു. അബ്ബാസിയ പ്രക്ഷോഭത്തെ തടയുന്നതിനായി എ.ഡി 750, ജനുവരിയിൽ 12000 ആളുകളുമായി മർവാൻ മുന്നേറി. പുതിയ ഖലീഫ അബുൽ അബ്ബാസിന്റെ അമ്മാവനായ അബ്ദുള്ള ഇബ്നു അലിയായിരുന്നു അബ്ബാസിയാ സൈന്യത്തെ നയിച്ചിരുന്നത്. ടൈഗ്രീസ് നദിയുടെ പോഷക നദിയായ സാബിന്റെ ഇടത് തീരത്തുവച്ച് രണ്ട് സൈന്യവും ഏറ്റുമുട്ടി. ഡമാസ്കസിലെ ഉമവിയ്യ സാമ്രാജ്യത്തിനേറ്റ അവസാനത്തെ പ്രഹരമായിരുന്നു ഇത്.

## ഉമവിയ്യ കാലഘട്ടത്തിലെ സാംസ്കാരിക സംഭാവനകൾ

അയൽ രാജ്യങ്ങളായ സിറിയയുടെയും ഈജിപ്തിലെയും ഇറാക്കിന്റെയും ഭൂപ്രദേശങ്ങൾ അറബ് മുസ്ലിങ്ങൾ കീഴടക്കുകയും ശക്തമായ ഒരു ഭരണം സ്ഥാപിക്കുകയും ചെയ്തു. ഇത് ഭരണ സമ്പ്രദായത്തിൽ മാറ്റവും സാംസ്കാരിക രംഗത്ത് മനോഹരമായ ഒരു കാലഘട്ടവും ഇസ്ലാമിക ലോകത്തിന് സമ്മാനിച്ചു. ഇസ്ലാമിക രാജ്യത്താകമാനം വൈജ്ഞാനികമായ വികാസത്തിന്റെ പുതിയ ഒരു യുഗത്തിന് തുടക്കം കുറിക്കുവാൻ ഇവർക്ക് കഴിഞ്ഞു.

## ഭാഷയും സാഹിത്യവും

പുതുതായി ഇസ്ലാമിലേക്ക് കടന്ന് വന്ന വ്യത്യസ്ത ദേശങ്ങളിലുള്ളവരായ മുസ്‌ലിങ്ങൾക്ക് ഖുർആൻ മനസ്സിലാകുന്നതിനും പാരായണം ചെയ്യുന്നതിനും നേരിട്ട ഭാഷാപരമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പരിഹാരം കാണുന്നതിനു മായി അറബിഭാഷയുടെയും സാഹിത്യത്തിന്റെയും ശാസ്ത്രീയമായ പഠനത്തിന് തുടക്കം കുറിച്ചു. അങ്ങനെ അറബിഭാഷാ വ്യാകരണ ശാസ്ത്രം പുരോഗമി ക്കുകയും ഭാഷാപ്രയോഗത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ട് വരികയും ചെയ്തു. തത്ഫലമായാണ് അറബിഭാഷയിൽ അടയാളങ്ങൾ (നുക്താസ്, വൗവൽസ്) ഉൾപ്പെടുത്തുന്നത്. ബസറയിൽ പരക്കെ അറിയപ്പെട്ടിരുന്ന അബുഅസ്വദ് അദ്ദു വലി ആണ് അറബി വ്യാകരണത്തിന്റെ സ്ഥാപകൻ ആയി കണക്കാക്കപ്പെടുന്നത്. അദ്ദുവാലിയെ പിന്തുടർന്ന് ഖലീൽ-ഇബ്നു അഹമ്മദ് ആണ് ആദ്യമായി ഒരു അറബിക് നിഘണ്ടു സമാഹരിച്ചത്. ഇസ്‌ലാമിക ലോകത്ത്, സാഹിത്യത്തിൽ ആശയ പ്രകാശനത്തിനുള്ള ഏറ്റവും എളുപ്പമാർഗമായി കവിതരചന മാറി യിരുന്നു. ഉമവിയ്യാക്കളുടെ ഭരണ രംഗത്തേയ്ക്കുള്ള ആഗമനം പദ്യശാസ്ത്രത്തെ അതിന്റെ പഴയകാല പ്രതാപത്തിലേക്ക് തിരികെ കൊണ്ടുപോകാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കാൽപ്പനിക കവിതയിൽ ഏറ്റവും പ്രശസ്തനായ കവിയായിരുന്നു ഉമർ-ഇബ്നു-അബീറബീഅ. ഹമ്മാദ് അൽറാവിയയുടെ മുഅല്ലഖാത്ത് കവിത കളുടെ ശേഖരം ഈ കാലഘട്ടത്തിൽ വളരെയധികം കീർത്തിനേടി. ലൈല മജ്നൂൻ എന്ന കാൽപ്പനിക കഥയിലൂടെ ഭാവഗീതം അതിന്റെ ഔന്നത്യത്തി ലെത്തി. അറബ് ലോകത്താകമാനം പ്രേമകാവ്യത്തിലൂടെ നായകനായി മജ്നൂൻ മാറി. പ്രവാചകനു മുമ്പുള്ള കാലഘട്ടത്തിലെ കവിതകളിലൂടെ കവിതാരചന യുടെ നവോത്ഥാനത്തിന് ഉമവിയ്യാക്കളുടെ കാലഘട്ടം തുടക്കമിട്ടു. ഉമവിയ്യാ കൊട്ടാരത്തിലെ സംഗീതസദസ്സ് അലങ്കരിച്ചിരുന്ന പ്രധാനപ്പെട്ട കവികളായിരുന്നു അക്തർ, ഫറസ്ദക്ക്, ജരീർ, മുതലായവർ. മാത്രമല്ല പല ഉമവിയ്യാ ഖലീഫമാരും കവികളുമായിരുന്നു. സാരോപദേശ കഥാസമാഹാരമായ സംസ്കൃതത്തിൽ രചിച്ച പഞ്ചതന്ത്രകഥകൾ അറബിഭാഷയിലേക്ക് 'ഖലീല വദിംന' എന്ന പേരിൽ മൊഴി മാറ്റം നടത്തുന്നതിന് തുടക്കം കുറിച്ചത് ഉമവിയ്യാ കാലഘട്ടത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇബ്നു-അൽ-മുഖഫ്ഫഇനെ അറബി ഗദ്യസാഹിത്യത്തിന്റെ പിതാവായി അറിയപ്പെടുന്നു. ഈ കാലഘട്ടത്തിലെ നിയമ വ്യവസ്ഥയുടെയും വൈദിക ശാസ്ത്രത്തിന്റെയും അടിത്തറ ഖുർആനും ഹദീസും ആയിരുന്നു. ഹദീസ് വ്യാഖ്യാതാവ് എന്ന നിലയിൽ ഏറ്റവും ബഹുമാനിക്കുന്ന വ്യക്തികളായ ഹസൻ-ഉൽ-ബസരി, സഹർ അൽ ബസരി തുടങ്ങിയവർ ആയിരുന്നു ആ കാല ഘട്ടത്തിലെ പ്രസിദ്ധരായ നിയമ പണ്ഡിതന്മാർ. ഇസ്ലാമിലെ മതസംഘടനകളുടെ ഉത്ഭവം ഹസൻ-ഉൽ ബസരിയിലൂടെ അടയാളപ്പെടുത്തുന്നു.

ഇസ്ലാമികചരിത്രരചനാശാസ്ത്രത്തിന് ഈ കാലഘട്ടത്തിലാണ് തുടക്കം കുറി ച്ചത്. ജീവചരിത്രം (സീറാസാഹിത്യം), യുദ്ധചരിത്രം (മഗാസി), തുടങ്ങിയവ

ചരിത്രരചനയുടെ പ്രധാനമാതൃകകളായി മാറി. ആ കാലഘട്ടത്തിൽ വ്യാപകമായ പ്രചാരവും സ്വീകാര്യതയും നേടിയ പ്രസിദ്ധഗ്രന്ഥമായിരുന്നു ആബിദ്-ഇബ്നു സഹരിയയുടെ 'കിതാബുൽ മുലൂക്ക് വ അഖ്ബാറുൽ മആദിൻ'. കൂടാതെ മുഅ്ത സിലിയാക്കൾ, മുദറൈറ്റുകൾ, ജബറൈറ്റുകൾ മുതലായ മതപരവും തത്ത്വചിന്താ പരവുമായ മുന്നേറ്റങ്ങളുടെ പ്രാഥമിക പഠനത്തിനും ഉമവിയ്യ കാലഘട്ടം സാക്ഷ്യം വഹിച്ചു.

എട്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വികാസം പ്രാപിച്ച 'മുഅ്തസിലാ സിദ്ധാന്തം' ഇസ്ലാമിലെ ആദ്യത്തെ യുക്തിവാദപ്രസ്ഥാനമായി കണക്കാക്കപ്പെടുന്നു.

## ശാസ്ത്ര സംഭാവനകൾ

പ്രാചീന മധ്യകാല ഇസ്ലാമിക ചരിത്രം പരിശോധിച്ചാൽ ഭൂരിപക്ഷം മുസ്ലിം പണ്ഡിതൻമാരും ശാസ്ത്രജ്ഞൻമാരും വൈദ്യശാസ്ത്രഗവേഷകരുമായിരുന്നു എന്നു മനസ്സിലാക്കാം. ഇവരിൽ ഭൂരിഭാഗവും വൈദ്യശാസ്ത്രജ്ഞന്മാരായി പരിശീലനം നേടിയിരുന്നു.

> "ഇവിടെ രണ്ട് ശാസ്ത്രങ്ങൾ നിലനിൽക്കും ദൈവശാസ്ത്രവും വൈദ്യ ശാസ്ത്രവും", പ്രവാചകൻ മുഹമ്മദ്

ഡമാസ്കസിലെ ഉമവിയ്യ കൊട്ടാരത്തിൽ താമസിച്ചിരുന്ന ഗ്രീക്ക്, സിറിയൻ, ഇറാനിയൻ ഡോക്ടർമാരിൽ നിന്നും വൈദ്യശാസ്ത്രസംബന്ധമായ വിജ്ഞാനങ്ങൾ മുസ്‌ലിങ്ങൾ സ്വന്തമാക്കി. വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ അറബിഭാഷയിലേക്ക് തർജ്ജിമ ചെയ്തിരുന്നത് പ്രധാനമായും മുആവിയയുടെ കൊട്ടാരം വൈദ്യനായിരുന്നു. ഇബ്നുഉത്തലും തയാദയ്ക്ക് അൽഹജ്ജാജും.



**ചിത്രം 6.12 ഡമാസ്കസിലെ ഉമവിപള്ളി**

വൈദ്യശാസ്ത്രത്തിന് പുറമെ ഗണിതശാസ്ത്രത്തിലും ജ്യോതി ശാസ്ത്രത്തിലും അറബി പണ്ഡിതന്മാർ വിശദമായ പഠനം നടത്തുകയും പ്രകൃതിശാസ്ത്രത്തിൽ അടിസ്ഥാനപരമായ പുനർവിവരണങ്ങൾ തയാറാക്കുകയും ചെയ്തു.


മതപരമായ വൈവിധ്യത്തോടെയുള്ള വാസ്തുവിദ്യാ സമ്പ്രദായമായിരുന്നു ഉമവിയ്യാക്കളുടെ നിർമാണരീതി. ഇസ്ലാമിക ചരിത്രത്തിലെ നിർമാണ-കലയുടെ പ്രത്യേകതയായിരുന്ന പള്ളികളുടെ ഭിത്തിയിൽ നിർമിക്കുന്ന മിഹ്റാബ് നിസ്ക്കാരത്തിന്റെ ദിശ സൂചിപ്പിക്കുന്നതോടൊപ്പം പള്ളികളുടെ ഘടനയിൽ ഇത് പ്രത്യേകമായി സ്വീകരിക്കുകും ചെയ്തു. വലീദ്, ഉമർ ഇബ്നു അബ്ദുൽ അസീസ്, അബ്ദുൽ മലിക്ക് തുടങ്ങിയ ഉമവിയ്യാ ഭരണാധികാരികളുടെ കാലഘട്ടം ഇവരുടെ നിർമാണ കലയുടെ സുവർണ്ണകാലഘട്ടമായിരുന്നു. മുസ്ലിം പള്ളികളിലെ സ്തംഭാകൃതിയിലുള്ള ഗോപുരങ്ങൾ (മിനാരങ്ങൾ) ഉമവിയ്യാകളാണ് ആവിഷ്കരിച്ചത്.

സിറിയയായിരുന്നു മിനാരത്തിന്റെ ജന്മസ്ഥലമായി കണക്കാക്കപ്പെടുന്നത്. അൽ വലീദിന്റെയും അബ്ദുൽമലിക്കിന്റെയും കാലഘട്ടം വരെ സാമ്രാജ്യത്തിലെ നിർമാണകലയിൽ ഏറ്റവും താൽപ്പര്യമുള്ള ഒരു വിഷയമായിരുന്നു വാസ്തുവിദ്യ, ആ കാലഘട്ടത്തിലെ രണ്ട് പ്രധാന ചരിത്ര സ്മാരകങ്ങളായിരുന്ന ജെറുസലേ

മിലെ ഡോം ഓഫ് റോക്കും ഡമാസ്ക്കസിലെ ഉമവിയ്യ പള്ളിയും ഇതിന് ഉദാഹരണങ്ങളാണ്. ഇവയ്ക്ക് പുറമെ ഉമവിയ്യാക്കൾ മറ്റ് പല ചരിത്രസ്മാരകങ്ങളും സാമ്രാജ്യത്തിലുടനീളം നിർമിക്കുകയുണ്ടായി.

## ചോദ്യങ്ങൾ

1. ഖിലാഫത്തിൽ നിന്നും മുലൂക്കിയത്തിലേക്കുള്ള മാറ്റത്തെക്കുറിച്ച് വിവരി




ചിത്രം 6.13

## ഖലീഫമാരും അവരുടെ ഭരണകാലഘട്ടവും

| | |
|---|---|
| മുആവിയ I ഇബ്നു അബൂ സുഫ്‌യാൻ | 661–680 |
| യസീദ് ഇബ്ന് മുആവിയ | 680–683 |
| മുആവിയ II ഇബ്നു യസീദ് | 683–684 |
| മർവാൻ ഇബ്നു അൽഹക്കം | 684–685 |
| അബ്ദുൽ മലിക് ഇബ്നു മർവാൻ | 685–705 |
| അൽ ഖലീദ് | 705–715 |
| സുലൈമാൻ ഇബ്നു അബ്ദുൽ മലിക് | 715–717 |
| ഉമർ ഇബ്നു അബ്ദുൽ അസീസ് | 717–720 |
| യസീദ് IIഇബ്നു അബ്ദുൽ മലിക് | 720–724 |
| ഹിഷാം ഇബ്നു അബ്ദുൽ മലിക് | 724–743 |
| അൽവലീദ് II ഇബ്നു യസീദ് | 743–744 |
| യസീദ് III ഇബ്നു അൽ വലീദ് | 744 |
| ഇബ്രാഹിം ഇബ്നു അൽവലിദ് | 744 |
| മർവാൻ II ഇബ്നു മുഹമ്മദ് | 744 – 750 |

2. കർബലയിലുണ്ടായ കൂട്ടക്കുരുതി അവരുടെ രാഷ്ട്രീയപരമായ വളർച്ചയ്ക്ക് ഏറ്റവും പുതിയ ഇന്ധനമായി ഷിയാ വിഭാഗം കൂട്ടിച്ചേർത്തു. പരിശോധിക്കുക

3. ഉമർ ഇബ്നു അബ്ദുൽ അസീസിന്റെ ഭരണം ഉമർ ഒന്നാമന്റെ ഭരണവുമായി താരതമ്യം ചെയ്യുക.

4. 'ഏ' 'ബി' കോളങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുക

| എ | ബി |
|---|---|
| മുആവിയ | അവസാനത്തെ ഉമവിയ്യാ ഭരണാധികാരി |
| അബ്ദുൽ മലിക്ക് | ഖലീഫ-ഉൽ-സാലിഹ് |
| ഉമർ II | അനുഗ്രഹത്തിന്റെ താക്കോൽ |
| സുലൈമാൻ | ഇസ്ലാമിലെ ആദ്യത്തെ രാജാവ് |
| മർവാൻ II | രാജാക്കാന്മാരുടെ പിതാവ് |

5. അബ്ദുൽ മലിക്കിന്റെ ഭരണ പരിഷ്കാരങ്ങൾ വിലയിരുത്തുക?

6. ഭൂപടത്തിൽ അൽ വലീദിന്റെ ഭരണത്തിൻ കീഴിൽ ഉമവിയ്യാ സാമ്രാജ്യത്തിന്റെ വിസ്തൃതിരേഖപെടുത്തി താഴെ പറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക (1) ബാഗ്ദാദ് (2) മൊസൂൾ (3) സിന്ധ് (4) സ്പെയിൻ

**പ്രവർത്തനങ്ങൾ**

ലോക ഭൂപടത്തിന്റെ സഹായത്തോടെ ഉമവിയ്യാക്കളുടെ പ്രദേശങ്ങൾ കണ്ടെത്തുകയും അവയുടെ ഇപ്പോഴത്തെ പേരുകൾ തിരിച്ചറിയുകയും ചെയ്യുക.

B5P4P7

## അധ്യായം ഏഴ്

# മുസ്‌ലിങ്ങളുടെ കേരളത്തിലേക്കുള്ള ആഗമനം

### പഠനനേട്ടങ്ങൾ

7.1. കേരളത്തിലെ ആദ്യകാല ഹിന്ദുരാജാക്കന്മാരുടെ മതസഹിഷ്ണുത വിദ്യാർഥികൾ മനസ്സിലാക്കുന്നു.

7.2. ചരിത്രരേഖകളും സ്മാരകങ്ങളും സംരക്ഷിക്കാനുള്ള അനുകൂല മനോഭാവം വിദ്യാർഥികളിൽ ഉണ്ടാക്കുന്നു.

7.3. ഇന്ത്യയുടെ പാരമ്പര്യ മതസൗഹാർദ്ദ മനോഭാവത്തെക്കുറിച്ച് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

7.4. വിദേശ ആധിപത്യത്തിനെതിരെയുള്ള മനോഭാവം വിദ്യാർഥികളിൽ വളരുന്നു.

7.5. വിദ്യാർഥികളിൽ ദേശീയ ബോധം വളരുന്നു.


7.6. സാമ്രാജ്യത്വം അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് നടപ്പിലാക്കുന്ന വ്യത്യസ്തമുഖങ്ങളേയും നയങ്ങളെയും കുറിച്ച് വിദ്യാർഥികൾ മനസ്സിലാക്കുന്നു.

7.7. കുഞ്ഞാലി മരക്കയ്ക്കാരുടെ ദേശീയബോധത്തെക്കുറിച്ച് വിദ്യാർഥികൾ തിരിച്ചറിയുന്നു.

7.8. മൈസൂർ സുൽത്താൻമാരുടെ പരിഷ്കാരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നു.

7.9. വിദ്യാർഥികളിൽ ദേശസ്നേഹം വളരുന്നു.

7.10. ഭരണാധികാരികളുടെ ഉൾക്കാഴ്ചയെ വിദ്യാർഥികൾ പ്രശംസിക്കുന്നു.




*ശൈഖ് സൈനുദ്ദീന്റെ മഖ്ദൂം പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന പണ്ഡിതനാണ്. ഇദ്ദേഹത്തിന്റെ വിഖ്യാതമായ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥം കേരളചരിത്രത്തെക്കുറിച്ചുള്ള ആദ്യത്തെ ആധികാരിക ചരിത്രരചനയാണ്.*

## ഇസ്ലാം കേരളത്തിൽ

ചരിത്രകാരന്മാർക്കിടയിൽ ഏറ്റവും അധികം ചർച്ചയ്ക്ക് വിധേയമായ ഒരു വിഷയമാണ് കേരളത്തിലേക്കുള്ള ഇസ്ലാമിന്റെ ആഗമനവും വ്യാപനവും. ചരിത്രമെഴുത്താരംഭിക്കുന്നതിന് മുമ്പു തന്നെ കേരള കടൽത്തീരങ്ങളുമായി എല്ലാ ഭരണകൂടങ്ങൾക്കും കച്ചവടബന്ധം ഉണ്ടായിരുന്നതായി ഉത്ഖനനങ്ങളുടെ അടിസ്ഥാനത്തിൽ സമർഥിക്കാൻ സാധിക്കുന്നതാണ്. പ്രത്യേകിച്ച് ഇന്ത്യയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളുമായിട്ട് പശ്ചിമേഷ്യൻ പ്രദേശങ്ങൾക്ക് നിരവധി വ്യാപാര ബന്ധങ്ങളുണ്ടായിരുന്നതായി പറയപ്പെടുന്നു. കാരണം അക്കാലത്തെ ഇന്ത്യയുടെ സുഗന്ധവ്യഞ്ജന വസ്തുക്കളുടെ വ്യാപാര കുത്തക അറബികൾക്കായിരുന്നു. ഇന്ത്യയിലെ സുഗന്ധ വ്യഞ്ജനങ്ങൾക്ക് പ്രത്യേകിച്ച് കുരുമുളകിന് യൂറോപ്യൻ മാർക്കറ്റുകളിൽ ആവശ്യകത ഏറെയായിരുന്നു. തണുപ്പുകാലങ്ങളിലും മറ്റും ഭക്ഷണം കേടുവരാതെ സൂക്ഷിക്കാൻ കുരുമുളക് യൂറോപ്പിൽ അത്യന്താപേക്ഷിതമായിരുന്നു.

അറബികളിലൂടെ സിറിയ വഴിയാണ് യൂറോപ്പിലേക്ക് ഇന്ത്യൻ കച്ചവട വസ്തുക്കൾ എത്തിയിരുന്നത്. സിറിയ അക്കാലത്ത് റോമാ സാമ്രാജ്യത്തിന്റെ കിഴക്കേ അറ്റത്തെ പ്രവിശ്യയായിരുന്നു. അറബികളോടൊപ്പം തന്നെ ചൈനയും കേരളത്തിന്റെ മലബാർ തീരങ്ങളുമായി കച്ചവടബന്ധം സ്ഥാപിച്ചിരുന്നു.

തൃശ്ശൂർ ജില്ലയിലെ ഇന്നത്തെ കൊടുങ്ങല്ലൂരിനടുത്തായിരുന്നു അക്കാലത്തെ ഏറ്റവും പ്രസിദ്ധവും പ്രാചീനവുമായിരുന്ന 'മുസ്‌രിസ്' എന്ന തുറമുഖം സ്ഥിതി ചെയ്തിരുന്നത്. മുസ്‌രിസ്, കൊച്ചി, കൊല്ലം, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ തുടങ്ങിയവയുടെ തീരപ്രദേശങ്ങളെല്ലാം തന്നെ അക്കാലത്തെ പ്രധാന കച്ചവട കേന്ദ്രങ്ങളായിരുന്നു. കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ചുള്ള ഉത്ഖനനങ്ങളിൽ നിന്നുമാണ് കേരളത്തിന്റെ റോമാസാമ്രാജ്യവുമായും ചൈനയുമായുമുള്ള കച്ചവട ബന്ധം മനസ്സിലാക്കാൻ സാധിക്കുന്നത്.

ഇത്തരത്തിലുള്ള കച്ചവട ബന്ധങ്ങൾ ഇന്ത്യയിലേയ്ക്കുള്ള പ്രധാനപ്പെട്ട ലോക മതങ്ങളുടെ വരവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നതായി കാണാൻ സാധിക്കുന്നതാണ്. ഇസ്‌ലാം മതത്തിന്റെ വ്യാപനത്തിന് അറബികളുടെ കച്ചവടവുമായി വളരെയധികം ബന്ധമുണ്ട്. ചരിത്രപരമായി പരിശോധിക്കുകയാണെങ്കിൽ അറബികൾ ഇന്ത്യയിലെത്തുന്നത് മുഹമ്മദ് ഇബ്നുഖാസിമിന്റെ കീഴിലുള്ള സൈന്യം ഉമവി ഖലീഫ വലീദിന്റെ കാലഘട്ടത്തിൽ ഗുജറാത്ത് തീരങ്ങളിലെ കടൽ കൊള്ളക്കാർക്കെതിരെ AD 712-ൽ നടത്തിയ പ്രത്യാക്രമണത്തോടു കൂടിയായിരുന്നു. ആക്രമണത്തെത്തുടർന്ന് ഗുജറാത്തിന്റെ തീരപ്രദേശങ്ങളിൽ കുറച്ചുകാലം ഇസ്‌ലാമിക ഭരണം നിലനിന്നിരുന്നതായി ചരിത്രരേഖകളിൽ നിന്നും മനസ്സിലാക്കാം. എന്നാൽ ഇതിനു മുമ്പുതന്നെ കച്ചവടക്കാരിലൂടെ ഏഴാം നൂറ്റാണ്ടിൽ പ്രവാചകൻ മുഹമ്മദിന്റെ കീഴിൽ ശക്തിപ്പെട്ട ഇസ്‌ലാംമതം കേരളത്തിന്റെ മലബാർ തീരങ്ങളിൽ എത്തിയിട്ടുണ്ടാകും എന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. പ്രവാചകനിലൂടെ അവരുടെ ജീവിത രീതിയെയും ആരാധനാ അനുഷ്ഠാനങ്ങളെയും മാറ്റിമറിച്ച ഇസ്‌ലാമിക നിയമങ്ങൾ കച്ചവട വസ്തുക്കളോടൊപ്പം തന്നെ അറബികൾ മലബാർ ജനങ്ങൾക്കും പരിചയപ്പെടുത്തിയിട്ടുണ്ടാകും. അങ്ങനെ അറേബ്യയിലെ പ്രവാചകന്റെ അധ്യാപനങ്ങൾ സമകാലികരായ അറബികളിലൂടെ ഏഴാം നൂറ്റാണ്ടിൽ തന്നെ കേരള തീരങ്ങളിൽ എത്തിയെന്ന് വിശ്വസിക്കപ്പെടുന്നു.

കച്ചവടത്തിനായി വരുന്ന കാലംമുതൽ അറബികൾക്ക് ഊഷ്മളമായ വരവേൽപ്പായിരുന്നു കേരളതീരങ്ങളിലെ നാട്ടുരാജാക്കന്മാർ നൽകിയിരുന്നത്. അറബി കച്ചവടക്കാർക്ക് കച്ചവടം നടത്താനുള്ള എല്ലാ വിധത്തിലുള്ള താമസസൗകര്യങ്ങളും നൽകിയിരുന്നു. കച്ചവടത്തോടൊപ്പം വളർന്നുവന്ന സൗഹൃദം ഇസ്‌ലാം മതത്തിന്റെ കേരളത്തിലുള്ള വ്യാപനത്തിന് വളരെയധികം പങ്ക് വഹിച്ചതായി കാണാം.

ഇസ്‌ലാം മതത്തിന്റെ കേരളത്തിലെ വ്യാപനവുമായി ബന്ധപ്പെട്ട് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്, കേരളത്തിലെ ഒരു നാട്ടുരാജാവിന്റെ ഇസ്‌ലാം മതസ്വീകരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഐതിഹ്യം. കേരളത്തിലെ അവസാനത്തെ 'ചേര' രാജാവ് എന്നറിയപ്പെടുന്ന ചേരമാൻ പെരുമാൾ ആണ് പ്രസ്തുത ഐതിഹ്യവുമായി ബന്ധപ്പെട്ട ഭരണാധികാരി.


KERALOLPATTI

(THE ORIGIN OF MALABAR)

കേരളോല്പത്തി

SECOND EDITION

MANGALORE

കേരളത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്ന ലേഖകൻ ആരെന്ന് വ്യക്തമാക്കാത്ത "കേരളോൽപത്തി" എന്ന ഗ്രന്ഥത്തിലും ചേരമാൻ പെരുമാളിന്റെ ഐതിഹ്യം പരാമർശിക്കുന്നതായി കാണാം.

രാജാകുലശേഖരയാണ് ചേരമാൻ പെരുമാൾ എന്നറിയപ്പെടുന്ന ഭരണാധികാരി. അദ്ദേഹം കേരളാതീരങ്ങളിൽ പ്രത്യേകിച്ച് മലബാർ തീരങ്ങളിൽ കച്ചവടത്തിനായി വന്നിരുന്ന മുസ്ലീങ്ങളായ അറബികളുടെ ജീവിതരീതിയിൽ ആകൃഷ്ടനാവുകയും രഹസ്യമായി ഇസ്ലാം മതം സ്വീകരിച്ചതായും പറയപ്പെടുന്നു. അദ്ദേഹത്തിന്റെ നാവികപ്പടയിൽ ഭൂരിഭാഗം സൈനികരും തദ്ദേശവാസികളായ മുസ്ലീങ്ങൾ ആയിരുന്നു എന്നതും മുസ്ലിമുകളുമായി കൂടുതൽ സൗഹൃദത്തിലാകാൻ രാജാവിനെ പ്രേരിപ്പിച്ചു.

ഇസ്‌ലാംമതം സ്വീകരിച്ച ശേഷം അറേബ്യയിലെ മക്കയിൽ ചെന്ന് ഹജ്ജ് ചെയ്യാൻ ആഗ്രഹം തോന്നിയ അദ്ദേഹം തന്റെ നാട്ടുരാജവംശം അവകാശികൾക്ക് തുല്യമായി വീതിച്ചതായി രേഖപ്പെടുത്തി. രഹസ്യമായി അറേബ്യയിലേയ്ക്ക് കപ്പൽ വഴി യാത്രയായതായും പറയപ്പെടുന്നു. മക്കയിലെത്തിയ അദ്ദേഹം കുറച്ചുനാൾ അവിടെ തങ്ങുകയും "താജുദ്ദീൻ" എന്ന മുസ്‌ലീം നാമം സ്വീകരിച്ചതായും പറയപ്പെടുന്നു.

മക്കയിലെ താമസത്തിനുശേഷം അദ്ദേഹം തിരിച്ച് കേരളത്തിലേയ്ക്ക് യാത്ര പുറപ്പെട്ടെന്നും തീരപ്രദേശമായ 'ഷഹർ' എന്ന സ്ഥലത്തെത്തിയപ്പോൾ രോഗബാധിതനായി മരണപ്പെട്ടു എന്നും, ഭൗതീകശരീരം അവിടെത്തന്നെ അടക്കം ചെയ്തുവെന്നും വിശ്വസിക്കുന്നു. തന്റെ കൂടെയുണ്ടായിരുന്ന അറബികളോട് മലബാറിലേയ്ക്കുള്ള യാത്ര തുടരുവാനും അവിടെ ചെന്ന് ഇസ്‌ലാം മതപ്രചാരണത്തിലേർപ്പെടുവാനും മരണത്തിനുമുമ്പ് അദ്ദേഹം നിർദ്ദേശിച്ചതായും പറയപ്പെടുന്നു. തുടർന്ന് മലബാർ തീരങ്ങളിലെത്തിയ ഈ അറബികളിലൂടെയാണ് ഇസ്‌ലാം പ്രചരിക്കപ്പെട്ടത്. ഈ ഐതിഹ്യപ്രകാരം കേരളത്തിൽ ഇസ്‌ലാമിന്റെ വരവുമായി ബന്ധപ്പെട്ട് ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിൽനിൽക്കുന്നു.

I. പ്രവാചകന്റെ കാലഘട്ടത്തിൽ അഥവാ ഏഴാം നൂറ്റാണ്ടിൽ

II. എട്ടാം നൂറ്റാണ്ടിൽ

III. ഒമ്പതാം നൂറ്റാണ്ടിൽ


ഇതിൽ ആദ്യ അഭിപ്രായത്തെ അനുകൂലിക്കുന്നവർ മുന്നോട്ട് വയ്ക്കുന്ന തെളിവ്, പ്രവാചകന്റെ കാലഘട്ടത്തിൽ (എ.ഡി. 628) ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊണ്ട് വ്യത്യസ്തരാജ്യങ്ങളിലേയ്ക്ക് അയച്ചിട്ടുള്ള പ്രതിനിധികളുമായി ബന്ധപ്പെട്ടതാണ്. പേർഷ്യയിലേക്കും റോമിലേക്കും പ്രവാചകൻ പ്രതിനിധികളെ അയച്ചു. അതുപോലെ അന്ന് അറബികളുമായി കൂടുതൽ വ്യാപരബന്ധത്തിലേർപ്പെട്ടിരുന്ന മലബാറിലെ നാട്ടുരാജാക്കന്മാർക്കും പ്രവാചകൻ അദ്ദേഹത്തിന്റെ പ്രതിനിധികളിലൂടെ സന്ദേശങ്ങൾ അയച്ചിട്ടുണ്ടാകാം. അവരിലൂടെ ഇസ്‌ലാമിനെപ്പറ്റി മനസ്സിലാക്കിയ ചേരമാൻ പെരുമാൾ ഒരു പക്ഷെ പ്രവാചകനെ കാണാനും മക്ക സന്ദർശിക്കാനും ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടാകാം.

രണ്ടാമത്തെ അഭിപ്രായത്തിന് തെളിവായി ചരിത്രകാരന്മാർ കാണിക്കുന്നത് ഇന്നത്തെ കോഴിക്കോട്, കൊല്ലം ജില്ലയിലെ പന്തലായനി കേന്ദ്രീകരിച്ച് നടന്നിട്ടുള്ള ഉൽഖനനത്തിലൂടെ കണ്ടെത്തിയിട്ടുള്ള പന്തലായനി ശിലാലിഖിതമാണ്. അതിൽ ചേരമാൻ പെരുമാളിന്റെ തിരോധാനവുമായി ബന്ധപ്പെട്ട ചരിത്രം പ്രതിപാദിക്കുന്നുണ്ട്. ഇതു ശിലാലിഖിതത്തിന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കാലഘട്ടം (എ.ഡി.661-782)ആണ് എന്നാണ് ഈ അഭിപ്രായക്കാർ മുന്നോട്ടു വയ്ക്കുന്നത്.

ഒമ്പതാം നൂറ്റാണ്ടിലാണ് ഈ ചരിത്രസംഭവം നടന്നത് എന്ന മൂന്നാമത്തെ അഭിപ്രായക്കാർ മുന്നോട്ട് വക്കുന്ന വാദം 'തരിസാപ്പള്ളി ചെപ്പേട് ചെമ്പ്ശിലാഫലകങ്ങൾ' ആണ്. അതിൽ രേഖപ്പെടുത്തിയിട്ടുള്ള സറാണു രവിരാജാവ് ക്രിസ്ത്യാനികൾക്ക് പള്ളി നിർമിക്കുവാനായി അജപാദവും സാമ്പത്തിക സഹായവും നൽകിയ സംഭവത്തിന്റെ വർഷവും ചേരമാൻ പെരുമാളിന്റെ ഐതിഹ്യവുമായി വളരെ ബന്ധമുള്ളതാണ്. കാരണം, സറാണു രാജാവിന്റെ പ്രസ്തുത സംഭാവനയ്ക്ക് സാക്ഷികളായി ഒപ്പിട്ട മുസ്‌ലിമുകളുടെ പേരുകൾ അതിനുള്ള തെളിവായി ഇത്തരം ചരിത്രകാരന്മാർ എടുത്തു കാണിക്കുന്നു.

പ്രസ്തുത ഐതിഹ്യത്തിന്റെ കാലഘട്ടവുമായി ബന്ധപ്പെട്ട് ചരിത്രകാരന്മാരുടെ ഇടയിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലനിൽക്കുന്നതുകൊണ്ട് സംഭവത്തിന്റെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. അതിനാലാണ് ഇതിനെ ഐതിഹ്യം എന്ന നിലയിൽ എണ്ണപ്പെടുന്നത്. എന്നിരുന്നാലും കേരളത്തിലെ ഇസ്‌ലാമിന്റെ വ്യാപനവുമായി ബന്ധപ്പെട്ട ഈ ഐതിഹ്യം വളരെ പ്രസിദ്ധമാണ്.

കേരളത്തെപ്പറ്റി എഴുതപ്പെട്ട ആധികാരിക ചരിത്രഗ്രന്ഥമെന്ന് വിശേഷിക്കപ്പെടുന്ന 'ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ' 'തുഹ്ഫത്തുൽ മുജാഹിദീനി'ലും പ്രസ്തുത ഐതിഹ്യം പരാമർശിക്കുന്നതായി കാണാം.



ചിത്രം 7.3 തരിശാപ്പിള്ളി കോപ്പർ പ്ലേറ്റ്

## കേരളത്തിലെ ഇസ്ലാമിന്റെ വ്യാപനത്തെ സഹായിച്ച ഘടകങ്ങൾ

1. പുരാതന കാലം മുതലുള്ള അറബികളുടെ മലബാർ തീരങ്ങളുമായുള്ള ബന്ധം
2. അറബി കച്ചവടക്കാരും നാട്ടുരാജാക്കന്മാരും തമ്മിലുണ്ടായിരുന്ന സൗഹാർദ്ദം.
3. നാട്ടുരാജാക്കന്മാർ പുലർത്തിയിരുന്ന മതസഹിഷ്ണുത
4. ഇസ്ലാമിന്റെ സമത്വഭാവന സാധാരണക്കാരെ ഇസ്ലാമതത്തിലേക്ക് ആകൃഷ്ടരാക്കി
5. സൂഫിവര്യന്മാരുടെ മതപ്രബോധന പ്രവർത്തനങ്ങൾ

മാലിക്-ഇബ്നു-ദീനാറിന്റെയും അനുയായികളുടെയും ആഗമനവും കേരളതീരവുമായി അറബികൾക്കുണ്ടായ വ്യാപാര ബന്ധവും കേരള തീരത്ത് ഇസ്ലാമിന്റെ വ്യാപനത്തിന് സഹായകമായി. കേരളത്തിൽ എത്തിയ മാലിക്-ഇബിന്-ദീനാറിന്റെ നേതൃത്ത്വത്തിലുള്ള സംഘം കേരള തീരങ്ങളിൽ ധാരാളം പള്ളികൾ നിർമിച്ചു. പെരുമാളിൽ നിന്നും ലഭിച്ച കത്തുമായി പ്രാദേശിക ഭരണാധികാരികളെ കാണുകയും ഇസ്ലാമിക പ്രചരണത്തിന് സഹകരണം തേടുകയും ചെയ്തു. പ്രാദേശിക ഭരണാധികാരികളുടെ സഹായത്തോടെ കേരള തീരങ്ങളിൽ മുഴുവൻ യാത്രചെയ്യുകയും പള്ളികൾ നിർമിക്കുകയും ഇസ്ലാമികമതപ്രചരണം നടത്തുകയും ചെയ്തു.




ചിത്രം 7.4 പട്ടുനൂൽപാത

### മാലിക്-ഇബിൻ- ദിനാറിന്റെ കാലത്ത് നിർമിച്ച പള്ളികൾ

1. ചാലിയം
2. കാസറക്കോഡ്
3. മാടായി
4. ധർമ്മടം
5. കൊടുങ്ങലൂർ
6. പന്തലായിനി (കൊല്ലം)
7. കൊല്ലം
8. മാഹി
9. ശ്രീകണ്ഠാപുരം
10. ഏഴിമല

കേരളത്തിലെ ഇസ്ലാംമത വ്യാപനത്തിനു മഖ്ദൂം കുടുംബം നൽകിയ സംഭാവന ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പൊന്നാനിയിലും വടക്കൻ മലബാറിലുമായി ഉണ്ടായിരുന്ന ഇവരുടെ പൂർവ്വികന്മാർ മക്കയിൽ നിന്നും എത്തിയവരാണെന്ന് വിശ്വസിക്കപ്പെടുന്നു. പ്രധാനപ്പെട്ട പണ്ഡിതന്മാരായ ശൈഖ് സൈനുദ്ദീൻ ഒന്നാമനും ശൈഖ് സൈനുദ്ദീൻ രണ്ടാമനും മഖ്ദൂം കുടുംബത്തിൽ നിന്നാണ് ഉയർന്നു വന്നത്. കേരളത്തെപ്പറ്റി ശൈഖ് സൈനുദ്ദീൻ രണ്ടാമൻ എഴുതിയ ആധികാരിക ചരിത്ര ഗ്രന്ഥമാണ് 'തുഹ്ഫത്തുൽ മുജാഹിദീൻ'. കേരളത്തിലെ ഇസ്ലാമിക വ്യാപനത്തിനു സ്വാധീനിച്ച മറ്റൊരു കുടുംബമാണ് ബാ അലവി തങ്ങൾമാരുടേത്. ഇദ്ദേഹത്തിന്റെ മതപ്രബോധനങ്ങളിലൂടെ ആയിരുന്നു പ്രധാനമായും താഴേക്കിടയിലുള്ള ജനങ്ങൾ ഇസ്ലാം മതം സ്വീകരിച്ചത്. കൂടാതെ ശൈഖ്അബ്ദുൾ



ചിത്രം 7.5 കാസർഗോഡ് മാലിക് ഇബ്നു ദീനാർ പള്ളി

റഹിമാൻ താനൂർ, 'രിഹ്‌ലത്തുൽ മുലൂക്ക്' എന്ന മതപ്രബോധന ഗ്രന്ഥത്തിന്റെ കർത്താവായ മുഹമ്മദ് ഉമർ സുഹർവർദ്ദിയും ഇസ്‌ലാം തുടങ്ങിയവരും മതപ്രചരണത്തെ സഹായിച്ചവരാണ്. അറബികൾക്ക് വ്യാപാര കേന്ദ്രങ്ങൾ തുടങ്ങാൻ പ്രത്യേക ആനുകൂല്യങ്ങൾ നൽകിയ മലബാറിലെ ഭരണാധികാരിയായിരുന്നു സാമൂതിരി.

'അറബികൾ കേരളതീരങ്ങളിലെ ജനങ്ങളുമായി നടത്തിയ സൗഹൃദബന്ധത്തിന്റെ ഫലമായിരുന്നു ഇവിടത്തെ സ്ത്രീകളുമായുള്ള അവരുടെ വിവാഹബന്ധം. അതിൽ നിന്നുണ്ടായ സന്താന പരമ്പരയേയും പിൻഗാമികളേയും ആണ് പിന്നീട് മാപ്പിളമാർ എന്നു വിളിച്ചിരുന്നത്.



*ഇസ്‌ലാമിന്റെ ആഗമനവും വ്യാപനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വ്യത്യസ്ത വീക്ഷണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.*

*കേരളത്തിലെ മുസ്‌ലിങ്ങളുടെ സാന്നിധ്യവുമായി ബന്ധപ്പെട്ട് കൊല്ലം പന്തലായനിയുടെ ചരിത്രപരമായ പ്രാധാന്യം ചർച്ച ചെയ്യുക.*

## അറയ്ക്കൽ കുടുംബം

കേരളത്തിൽ രൂപീകൃതമായ ഒരേയൊരു മുസ്‌ലിം രാജകുടുംബമായിരുന്നു അറയ്ക്കൽ രാജവംശം. ഇവർ ഏകദേശം 16-ാംനൂറ്റാണ്ട് മുതൽ 19-ാം നൂറ്റാണ്ടു വരെ കണ്ണൂർ കേന്ദ്രീകരിച്ചായിരുന്നു ഭരണം നടത്തിയിരുന്നത്. മരുമക്കത്തായ ഭരണ വ്യവസ്ഥയായിരുന്നു ഇവർ പിൻതുടർന്നിരുന്നത്.

കുടുംബത്തിലെ ഏറ്റവും മുതിർന്ന ആളായിരുന്നു ഭരണാധികാരിയായിരുന്നത്. പുരുഷനാണ് ഭരണാധികാരി ആകുന്നതെങ്കിൽ അദ്ദേഹത്തിന്റെ പേരിന് മുന്നിലായി 'ആലിരാജ' എന്ന പദവിയും സ്ത്രീ ആണ് ഭരണാധികാരി ആകുന്നതെങ്കിൽ 'ആലിരാജബീവി' (അറയ്ക്കൽ ബീവി) എന്നും ചേർത്തിരുന്നു. ചരിത്രകാരൻമാർ ഈ രാജവംശത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് വ്യത്യസ്ത അഭിപ്രായം വച്ചുപുലർത്തുന്നു. കേരളോൽപത്തിയും ഈ രാജവംശത്തിന്റെ വിവരണങ്ങൾ നൽകുന്നുണ്ട്. അലിമൂസ എന്ന അറയ്ക്കൽ രാജാവിന് മുമ്പുള്ള ഭരണാധികാരികളെപ്പറ്റിയുള്ള ആധികാരിക വിവരങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. അലിമൂസ മാലിദ്വീപ് പിടിച്ചെടുക്കുകയും ലക്ഷദ്വീപ് 6000 പണത്തിന് കോലത്തിരി രാജാവിൽ നിന്നും വാങ്ങി എന്നും തുടർന്ന് അവ അറയ്ക്കൽ രാജവംശത്തോട് ചേർക്കുകയും ചെയ്തു എന്നും ചരിത്രംപറയുന്നു. 'വലിയ മമ്മാലി' ഈ രാജകുടുംബത്തിലെ മറ്റൊരു പ്രസിദ്ധനായ ഭരണാധികാരി ആയിരുന്നു.



ചിത്രം 7.6 അറയ്ക്കൽ കൊട്ടാരം

പോർച്ചുഗീസുകാരുടെ ആഗമന സമയത്ത് ആലി രാജാക്കന്മാർക്ക് ആയിരുന്നു കേരളത്തിലെ പ്രത്യേകിച്ച് വടക്കെ മലബാറിലെ കച്ചവട കുത്തക. അതുകൊണ്ടു തന്നെ അവരിൽ നിന്നും കച്ചവട മേൽക്കോയ്മ ഉണ്ടാക്കാനായി പോർച്ചുഗീസുകാർ ശ്രമിച്ചു. ഇത് അലി രാജാക്കാന്മാരും പോർച്ചുഗീസുകാരും തമ്മിലുള്ള നിരന്തര പോരാട്ടങ്ങൾക്ക് കാരണമാവുകയും പോർച്ചുഗീസുകാർ വിജയിക്കുകയും കച്ചവട കുത്തക മുസ്ലീങ്ങളുടെ കൈയ്യിൽ നിന്നും സ്വതന്ത്രമാക്കുകയും ചെയ്തു. പിന്നീട് ഡച്ചുകാർ കേരളതീരങ്ങളിൽ വന്നപ്പോഴും അലി രാജാക്കന്മാരുമായി യുദ്ധത്തിലേർപ്പെട്ടു. എന്നാൽ ഡച്ചുകാരെ കച്ചവട മത്സരത്തിൽ തോൽപ്പിക്കാൻ അലി രാജാക്കന്മാർക്ക് സാധിച്ചിരുന്നു. മാത്രമല്ല പാശ്ചാത്യരുടെ വരവിന്റെ ശേഷം തങ്ങളുടെ കച്ചവടം ഇന്ത്യൻ മഹാസമുദ്രത്തിൽ നിലനിർത്താൻ ഇവർക്ക് സാധിച്ചു.

മൈസൂർ സുൽത്താന്മാരുടെ മലബാർ പിടിച്ചെടുക്കലിന് ശേഷം ഹൈദർ അലിയുടെ സഹായത്തോടെ കുറച്ചുകാലത്തേയ്ക്കാണെങ്കിലും സ്വതന്ത്രമായ ഒരു രാജഭരണം സ്ഥാപിക്കാൻ അറയ്ക്കൽ രാജവംശത്തിന് കഴിഞ്ഞു. അതുകൊണ്ടു തന്നെ ടിപ്പുസുൽത്താൻ അധികാരത്തിൽ വന്നപ്പോൾ കണ്ണൂരിലെ അറയ്ക്കൽ രാജവംശവുമായി ബ്രീട്ടീഷുകാർക്കെതിരെ കരാറിൽ ഏർപ്പെട്ടു. ദൗർഭാഗ്യകരമെന്ന് പറയട്ടെ മൂന്നാം ആഗ്ലോ-മൈസൂർ യുദ്ധത്തിന് ശേഷം ടിപ്പുസുൽത്താനും ആദിരാജയ്ക്കും ശക്തമായ തിരിച്ചടി നേരിട്ടു. ഇതിന്റെ തുടർച്ചയായി ബ്രിട്ടീഷുകാർ മലബാർ മേഖലയുടെ ഭരണം ടിപ്പുസുൽത്താനിൽ നിന്ന് പിടിച്ചെടുക്കുകയും ഇത് അറയ്ക്കൽ രാജവംശത്തിന്റെ തകർച്ചയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. ക്രമേണ അലി രാജാക്കന്മാരുടെ പേരിനും പ്രശസ്തിയ്ക്കും മങ്ങലേറ്റു. ചെങ്കോലും ഉടവാളും നഷ്ടപ്പെട്ടതിന് ശേഷം ബ്രിട്ടീഷുകാർക്ക് കീഴിൽ നാമമാത്ര ഭരണാധികാരികളായി അവശേഷിച്ചു.- എ.ഡി. 1911 ഓടുകൂടി കേരളത്തിലെ രാഷ്ട്രീയ മേഖലയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. 2006 മുതൽ ഈ കുടുംബത്തിന്റെ ഭരണ നേതൃത്ത്വം ആദിരാജസൈനബ ആയിഷ ബീവിക്കാണ്.

'കണ്ണൂരിലെ ആലി രാജക്കന്മാർ കൊണ്ടുവന്ന തീയതിവച്ച സിൽവർ നാണയങ്ങൾ (ഹിജ്റ വർഷം 122 നും 163 നും ഇടയ്ക്കുള്ളത്) കാണിക്കുന്നത് കേരളത്തിൽ മുസ്‌ലീം കുടുംബങ്ങൾ ഇവർക്ക് മുമ്പേ നിലവിൽ ഉണ്ടായിരുന്നു എന്നതാണ്'.

കേരള മുസ്‌ലീങ്ങൾ നീണ്ട പോരാട്ടം - പ്രൊഫസർ കെ.എം. ബഹാവുദ്ദീൻ



ചിത്രം 7.7. അറയ്ക്കൽ രാജവംശത്തിന്റെ നാണയം

## പോർച്ചുഗീസ് ആഗമനവും മുസ്‌ലീമുകളും

പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ കാപ്പാട് 1498 മെയ് 21-ൽ കപ്പലിറങ്ങിയതോടുകൂടി പോർച്ചുഗീസ് ആധിപത്യത്തിന് ഇന്ത്യയിൽ തുടക്കം കുറിച്ചു. അദ്ദേഹത്തിന് ശേഷം വന്ന കബ്രാളിന്റെ വരവോടെ പോർച്ചുഗീസ് സ്വാധീനം ശക്തിപ്പെട്ടു. ഇന്ത്യയുടെ സുഗന്ധ വ്യഞ്ജനങ്ങളുടെ കുത്തക നേടിയെടുക്കുക എന്നതായിരുന്നു അവരുടെ ആഗമന ഉദ്ദേശ്യം. ഈ കാലഘട്ടത്തിലെ മലബാറിലെ വ്യാപാരകുത്തക അറബി മുസ്‌ലീം വ്യാപാരികളുടെ കൈകളിലായിരുന്നു. ഇത് അവസാനിപ്പിച്ചു കൊണ്ട് പോർച്ചുഗീസ് മേൽക്കോയ്മ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കോഴിക്കോട് സാമൂതിരിമാരുടെയും കൊച്ചി രാജാവിന്റെയും സഹായത്തോടെ മുസ്‌ലിം കച്ചവടാധിപത്യം ഇല്ലാതാക്കാൻ പോർച്ചുഗീസുകാർ കഠിന പ്രയത്നം നടത്തിയെങ്കിലും ആദ്യഘട്ടത്തിൽ പരാജയപ്പെട്ടു. പിൽക്കാലത്ത് സാമൂതിരിക്ക് പോർച്ചുഗീസ് ശക്തിക്ക് മുമ്പിൽ കീഴടങ്ങേണ്ടി വന്നു.

പോർച്ചുഗീസുകാരുടെ ആഗമനം മുസ്‌ലീങ്ങൾക്ക് എതിരെയുള്ള മനുഷ്യത്വ രഹിതമായ ആക്രമണങ്ങളുടെ ഒരു യുഗമായാണ് കണക്കാക്കുന്നത്. മുസ്‌ലീങ്ങൾക്കെതിരെ നടന്ന തുടർച്ചയായ പോർച്ചുഗീസ് ആക്രമണം മുസ്ലീം വ്യാപരകേന്ദ്രങ്ങൾ നഷ്ടമാകുന്നതിനു കാരണമായി. മുസ്‌ലീം വീടുകൾ ആക്രമിക്കുകയും കുട്ടികളെയും സ്ത്രീകളെയും തടവിലാക്കുകയും മുസ്‌ലീം വ്യാപാര കപ്പ

ലുകളും തീർത്ഥാടന കപ്പലുകളും ആക്രമിക്കുകയും ചെയ്യുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ പോർച്ചുഗീസുകാർക്കെതിരെ പോരാടാൻ മുസ്ലീങ്ങൾ നിർബന്ധിതരായി. ഷെയ്ക് സൈനുദ്ദീൻ മഖ്ദുമിന്റെ തുഹുഫത്തുൽ മുജാഹിദിൻ എന്ന സമരസാഹിത്യ ഗ്രന്ഥം ഇതിനുള്ള ഉത്തമ ഉദാഹരണമാണ്. ഈ ഗ്രന്ഥത്തിൽ അദ്ദേഹം പോർച്ചുഗീസുകാർക്കെതിരെ പോരാടാൻ മുസ്ലിമുകളോട് ആഹ്വാനം ചെയ്തു. ഇതോടെ മലബാർ മേഖല മുസ്ലീങ്ങളും പോർച്ചുഗീസുകാരും തമ്മിലുള്ള സംഘട്ടനത്തിന് വേദിയായി.




ചിത്രം 7.8 കച്ചവടപാത

## കുഞ്ഞാലി മരയ്ക്കാരും സാമൂതിരി രാജാവും

സാമൂതിരി രാജാവിന്റെ നാവികപ്പടയുടെ തലവന്മാർ കുഞ്ഞാലി മരയ്ക്കാർമാർ എന്ന പേരിൽ അറിയപ്പെടുന്നു. സാമൂതിരിയുടെ സൈന്യത്തിൽ ഭൂരിഭാഗവും ക്ഷത്രിയവംശജരായിരുന്നു. അവർക്ക് കടൽമാർഗം യുദ്ധം ചെയ്യുക നിഷിദ്ധമായിരുന്നു. പോർച്ചുഗീസുകാരുടെ ആക്രമണങ്ങളിൽ നിന്നും തീരപ്രദേശത്തെ സംരക്ഷിക്കാൻ ഒരു നാവികപ്പടയുടെ ആവശ്യം മനസ്സിലാക്കിയ അദ്ദേഹം കടലുമായി നല്ല പരിചയസമ്പത്തുള്ള മുസ്ലീങ്ങളുടെ സഹായത്തോടെ ഒരു നാവികപ്പട സജ്ജമാക്കി. അതിന്റെ തലവന്മാരായിരുന്നു കുഞ്ഞാലി മരയ്ക്കാർ എന്നറിയപ്പെട്ടിരുന്നത്. ഇവർ പോർച്ചുഗീസുകാരുടെ രാഷ്ട്രീയ വാണിജ്യാധിപത്യങ്ങളെ ശക്തമായി പ്രതിരോധിച്ചു.

കോഴിക്കോട് ജില്ലയിലെ ഇന്നത്തെ വടകരയ്ക്കടുത്തുള്ള കോട്ടയ്ക്കൽ ആയിരുന്നു കുഞ്ഞാലി മരയ്ക്കാർ കുടുംബത്തിന്റെ ആസ്ഥാനം. മരയ്ക്കാർമാരുടെ പണവും സമ്പാദ്യവും ആരോഗ്യവുമെല്ലാം സാമൂതിരിയുടെ നാട്ടുരാജവംശത്തെ

പോർച്ചുഗീസുകാരിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ടി ബലിയർപ്പിക്കുകയുണ്ടായി. ഏകദേശം നൂറ് വർഷത്തോളമുണ്ടായ മരയ്ക്കാർ-പോർച്ചുഗീസ് സംഘട്ടത്തിനിടയ്ക്ക് നാല് മരയ്ക്കാർ നോതാക്കളുണ്ടായിരുന്നു.



ചിത്രം 7.9 കുഞ്ഞാലി മരക്കാർ സ്മാരകം

| കുഞ്ഞാലി മരയ്ക്കാർ കുടുംബം | | |
|---|---|---|
| I | കുഞ്ഞാലി ഒന്നാമൻ | മുഹമ്മദ് കുഞ്ഞാലി മരയ്ക്കാർ (കുട്ടി അലി) |
| II | കുഞ്ഞാലി രണ്ടാമൻ | മുഹമ്മദ് കുഞ്ഞാലി മരയ്ക്കാർ |
| III | കുഞ്ഞാലി മൂന്നാമൻ | പട്ടു കുഞ്ഞാലി (പട്ടു മരയ്ക്കാർ) |
| IV | കുഞ്ഞാലി നാലാമൻ | മുഹമ്മദാലി കുഞ്ഞാലി |

കുഞ്ഞാലി മരയ്ക്കാർമാരുടെ പൂർവ്വിക ചരിത്രം ഇപ്പോഴും വ്യക്തമല്ല. എന്നാൽ ഇവർ കൊച്ചിയിൽ നിന്നും ആദ്യം പൊന്നാനിയിലും പിന്നീട് കോഴിക്കോട്ടേക്കും എത്തിയതാണെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. കുട്ടിഅലിയെന്ന കുഞ്ഞാലി മരയ്ക്കാർ 1524-ൽ പോർച്ചുഗീസുകാരുടെ ഒരു വലിയ കപ്പൽ തകർക്കുകയുണ്ടായി. എന്നാൽ തന്ത്രപരമായി ചാലിയാർ പുഴയുടെ തീരത്ത് ഒരു കോട്ട നിർമിക്കാൻ സാമൂതിരിയിൽ നിന്നും അനുമതി നേടിയെടുക്കാൻ പോർച്ചുഗീസുകാർക്ക് സാധിച്ചു. 1540-ൽ പോർച്ചുഗീസുകാരും സാമൂതിരിയും തമ്മിൽ ഒരു കരാറിൽ ഒപ്പു വയ്ക്കുകയും വ്യാപാരബന്ധം ശക്തിപ്പെടുത്തുകയും ചെയ്തു.

പോർച്ചുഗീസുകാർ പൊന്നാനി ആക്രമിച്ചു. അവർ അവിടെ തങ്ങളുടെ വ്യാപാരകുത്തക സ്ഥാപിക്കാനും ഒരുകോട്ട നിർമിക്കാനും ശ്രമിച്ചു. ഇത് പോർച്ചുഗീസുകാരും സാമൂതിരിയും തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീഴ്ത്തി.



ചിത്രം 7.10 പത്തേമാരി

കുഞ്ഞാലി മൂന്നാമൻ എന്നറിയപ്പെടുന്ന പട്ടു മരയ്ക്കാർ സാമൂതിരിയിൽ നിന്നും പുതിപട്ടണത്ത് ഒരു കോട്ടയും പാണ്ടികശാലയും നിർമിക്കാൻ അനുമതി നേടി. സാമൂതിരിയും മരയ്ക്കാർ കുടുംബവും തമ്മിലുള്ള ബന്ധം ശക്തിപ്പെടാൻ ഇത് കാരണമായി. പോർച്ചുഗീസുകാരുടെ വ്യാപാര കുത്തക സ്ഥാപിക്കാനുള്ള ശ്രമത്തിനെതിരെ കുഞ്ഞാലി മൂന്നാമന്റെ നേതൃത്വത്തിൽ പ്രതിരോധം തീർത്തു. കുഞ്ഞാലി മൂന്നാമന്റെ നേതൃത്വത്തിൽ



ചിത്രം 7.11 സുഗന്ധവ്യഞ്ജന കച്ചവടം

ഏ.ഡി. 1571–ൽ ചാലിയം കോട്ട പിടിച്ചെടുക്കുകയും, പോർച്ചുഗീസ് ആധിപത്യ ത്തിന്റെ തകർച്ചയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. എന്നാൽ കുഞ്ഞാലി നാലാമന്റെ കാലഘട്ടത്തിൽ സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ ഒരു കരാറിൽ ഏർപ്പെടുകയും പൊന്നാനിയിൽ ഒരു ഫാക്ടറി സ്ഥാപിക്കുവാൻ അനു മതി നൽകുകയും ചെയ്തു. ഇത് സാമൂതിരിയും കുഞ്ഞാലി നാലാമനും തമ്മി ലുള്ള ബന്ധം പ്രതിസന്ധിയിലാക്കുകയും കുഞ്ഞാലി നാലാമന്റെ നാവികപ്പ ടയ്ക്ക് പ്രയാസം സൃഷ്ടിക്കുകയും ചെയ്തു. അവസാനം കുഞ്ഞാലി നാലാമൻ സാമൂതിരിക്ക് മുന്നിൽ നിരുപാധികം കീഴടങ്ങുകയും സാമൂതിരി തന്ത്രപൂർവ്വം കുഞ്ഞാലി നാലാമനെ പോർച്ചുഗീസുകാർക്ക് കൈമാറ്റം ചെയ്യുകയും ചെയ്തു.

## കേരളം മൈസൂർ ഭരണത്തിൻ കീഴിൽ

ഹൈദരലിയുടെയും ടിപ്പുസുൽത്താന്റെയും ഭരണകാലം മലബാറിനെ സംബ ന്ധിച്ചിടത്തോളം വളരെയധികം സാമൂഹികപരിഷ്കാരങ്ങളും വികസനവും നട ന്നിട്ടുള്ള കാലമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ തെക്കെ ഇന്ത്യയിലെ ശക്തരായ ചോദ്യം ചെയ്യപ്പെടാത്ത മുസ്‌ലീം ഭരണാധികാരികളാ യിരുന്നു മൈസൂർസുൽത്താൻമാർ. മൈസൂർ കേന്ദ്രീകരിച്ച് തന്റെ ബുദ്ധിവൈഭ വംകൊണ്ടും സൈനിക സാമർഥ്യം കൊണ്ടും ഹൈദരലി ഒരു സ്വതന്ത്രഭരണം സ്ഥാപിക്കുകയും ഏ.ഡി. 1761 ഓടെ ശക്തനായ ഭരണാധികാരിയാവാൻ അദ്ദേഹ ത്തിനു സാധിക്കുകയും ചെയ്തു. മൈസൂർ പ്രധാനമന്ത്രിയുടെ സൈനിക നേതാ വായ ഹൈദരലി പിന്നീട് മറാട്ടക്കാരെയും, ഹൈദരാബാദ് നിസാമിനെയും ബ്രിട്ടീഷ്കാരെപോലും പരാജയപ്പെടുത്തിക്കൊണ്ട് വലിയ സൈനിക നേതാ വായി മാറി. അങ്ങനെ മൈസൂർ കേന്ദ്രമാക്കി ഒരു സ്വതന്ത്ര ഭരണം സ്ഥാപിക്കു കയും ചെയ്തു.

ഹൈദരലി ആദ്യമായി മലബാറിലേയ്ക്ക് വരുന്നത് പാലക്കാട് രാജാവിന്റെ അപേക്ഷ അനുസരിച്ച് സാമൂതിരി രാജാവിനെതിരെയുള്ള യുദ്ധത്തിൽ അദ്ദേ ഹത്തെ സഹായിക്കാനായിരുന്നു. അന്ന് ഹൈദർഅലി ദിൻദിഗലിലെ സൈനിക തലവൻ ആയിരുന്നു. പിന്നീട് മലബാറിലേക്ക് ഹൈദർഅലി നേരിട്ട് ആക്രമണം നടത്തുന്നത് 1766–ൽ ആയിരുന്നു. അന്നത്തെ കണ്ണൂരിലെ അറയ്ക്കൽ രാജാ വിന്റെ ക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മാപ്പിള മുസ്‌ലിമുകളുടെ സഹായത്തോടെ വടക്കൻ മലബാറും കോഴിക്കോടും അദ്ദേഹം പിടിച്ചടക്കി. മൈസൂർ സുൽത്താൻ മാർക്ക് വാർഷിക കപ്പം കൊടുക്കാ ൻ സാമൂതിരി രാജാവിന് സാധിച്ചതുമില്ല. തുടർന്ന് തന്റെ അധികാരം നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയ ഇദ്ദേഹം ആത്മാ ഹുതി ചെയ്യുകയുണ്ടായി.

മദന്ന എന്ന തന്റെ നികുതി പിരിവ് ഉദ്യാഗസ്ഥനെ മലബാറിലെ ഗവർണ്ണറാക്കി ക്കൊണ്ട് ഹൈദർഅലി മൈസൂരിലേക്ക് തിരിച്ച് പോവുകയുണ്ടായി. കേരളത്തിൽ ആദ്യമായി ഒരു ബാഹ്യശക്തിയുടെ ആധിപത്യം സ്ഥാപിക്കുന്നത് ഹൈദരലി യുടെ മലബാർ ആഗമനത്തോടുകൂടിയാണ്. ഹൈദരലി വടകരയിൽ ഒരു കച്ച വടകേന്ദ്രം സ്ഥാപിക്കുകയും മലബാറിന്റെ കച്ചവടത്തിന്റെയും കയറ്റുമതിയുടെയും നിയന്ത്രണം കൈക്കലാക്കുകയും ചെയ്തു. മൈസൂർ ഭരണത്തിന്റെ സഹാ യിയായി പ്രവർത്തിച്ചിരുന്ന അറയ്ക്കൽ രാജകുടുംബം കോലത്തിരി രാജാവിനെ

മലബാറിന്റെ ഭരണം ഏല്പിക്കുകയും ചെയ്തു. കൊച്ചി രാജാവാകട്ടെ മൈസൂർ സുൽത്താനോട് യുദ്ധത്തിലേർപ്പെടാൻ ശക്തമല്ലാത്തതുകൊണ്ട് വാർഷിക കപ്പ വ്യവസ്ഥയിൽ ഹൈദർഅലിക്ക് കീഴടങ്ങി.

മൈസൂർ ഭരണത്തിന് വിഘാതമേൽപ്പിച്ചുകൊണ്ടിരുന്ന മലബാറിലെ നായർ പ്രഭുക്കന്മാരുടെയും ജന്മിമാരുടെയും അധികാരം കുറച്ച് കൊണ്ടുവരാൻ ഹൈദർഅലി തീരുമാനിക്കുകയുണ്ടായി. സമൂഹത്തിൽ ഉണ്ടായിരുന്ന ജാതി വ്യവസ്ഥയെയും ഉച്ചനീചത്വങ്ങളെയും തന്റെ രാജകീയ വിളംബരത്തിലൂടെ നിർത്താലാക്കി. അദ്ദേഹം തന്നെ നേരിട്ട് മധ്യ മലബാറിലേക്ക് ആക്രമണം നടത്തുകയും നായർ പ്രമാണിത്വത്തിന്റെ വിഘടനശ്രമങ്ങൾ അവസാനിപ്പിക്കുകയും ചെയ്തു. തുടർന്ന് മഞ്ചേരി ആസ്ഥാനമാക്കികൊണ്ട് തെക്കൻ മലബാറിൽ അദ്ദേഹം മൈസൂർ ഭരണം നടപ്പിലാക്കി. എ.ഡി. 1768-ൽ വീണ്ടും മലബാറിൽ എത്തുകയും തിരുവിതാംകൂർ ആക്രമിക്കാൻ ശ്രമിച്ചെങ്കിലും സംയുക്ത തിരുവിതാംകൂർ ബ്രിട്ടീഷ് സൈന്യത്തിന് മുമ്പിൽ പരാജയപ്പെടുകയും മലബാറിലേക്ക് പിന്മാറുകയും ചെയ്തു. എ.ഡി. 1773-ൽ മലബാർ മുഴുവനും എ.ഡി. 776-ൽ തൃശൂരും അദ്ദേഹം പിടിച്ചടക്കി.



ചിത്രം 7.12

## ബ്രിട്ടീഷുകാരും മൈസൂർ സുൽത്താന്മാരും

മൈസൂർ ഭരണത്തിന്റെ തുടക്കം മുതൽ തന്നെ ബ്രിട്ടീഷുകാർ അവരോടുള്ള ശത്രുത ആരംഭിച്ചു കഴിഞ്ഞിരുന്നു. ഹൈദരലി ബ്രിട്ടീഷുകാരുടെ പ്രധാനപ്പെട്ട എതിരാളിയായിരുന്നു. ബ്രിട്ടീഷുകാർ മൈസൂർ സുൽത്താന്മാരുടെ വളർച്ചയിൽ അസ്വസ്ഥരായിരുന്നു. തുടർന്ന് അവർ നാട്ടുരാജാക്കന്മാർക്കും ജന്മിമാർക്കും ഹൈദർഅലിക്കെതിരെ പോരാടാനുള്ള സാമ്പത്തികവും സൈനികവുമായ എല്ലാ സഹായങ്ങളും നൽകി. അങ്ങനെ ബ്രിട്ടീഷ് സൈന്യം എ.ഡി. 1779 ഓടെ മലബാറിലേക്ക് അധികാരം ഉറപ്പിക്കാൻ തുടങ്ങി. മാഹി പിടിച്ചെടുക്കുകയും അവിടെ കേന്ദ്രമാക്കികൊണ്ട് ഫ്രഞ്ച് കർഷകരിലേക്ക് നൽകിപോന്ന സൈനിക സഹായം തടയുകയും ചെയ്തു. എ.ഡി. 1780-ൽ തലശ്ശേരി യുദ്ധത്തിൽ ബ്രിട്ടീഷുകാർ മൈസൂർ സൈന്യത്തെ പരാജയപ്പെടുത്തുകയും കോഴിക്കോടും തലശ്ശേരിയും പിടിച്ചെടുക്കുകയും ചെയ്തു. എ.ഡി.1782-ഓടെ വടക്കൻ മലബാർ പ്രദേശങ്ങളിലെ പരാജയം മലബാറിലെ പല നാട്ടുപ്രഭുക്കന്മാരും മൈസൂർ രാജവംശത്തിനെതിരെ കലാപം ആരംഭിക്കാൻ കാരണമായി. ഹൈദർഅലിക്ക് ശേഷം ടിപ്പു സുൽത്താൻ വന്നെങ്കിലും പഴയ പ്രതാപത്തിലുള്ള ഭരണ പ്രദേശമായി ഈ മേഖല നിലകൊള്ളുകയും ചെയ്തു. എ.ഡി.1792-ലെ മൂന്നാം ആംഗ്ലോ മൈസൂർ യുദ്ധത്തിൽ ബ്രിട്ടീഷുകാർ ടിപ്പുസുൽത്താനെ പരാജയപ്പെടുത്തുകയും മലബാറിലെ മൈസൂർ ഭരണം അവസാനിക്കുകയും ചെയ്തു.

## മലബാറിലെ മൈസൂർ ഭരണത്തിന്റെ ഫലങ്ങൾ

മൈസൂർ സുൽത്താന്മാരുടെ ഭരണത്തിലൂടെ ദൂരവ്യാപകമായ പല മാറ്റങ്ങൾക്കും സാമൂഹ്യപരിഷ്കരണങ്ങൾക്കും കേരളം സാക്ഷ്യം വഹിച്ചു. 25 വർഷം കൊണ്ടുണ്ടാക്കിയ ഭരണപരിഷ്കാരങ്ങളും സാമൂഹ്യമാറ്റങ്ങളും പിന്നീട് നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. ടിപ്പുസുൽത്താൻ നടപ്പിലാക്കിയ സാമൂഹിക പരിഷ്കാരങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം തുല്യതയില്ലാത്തതും വളരെ പ്രശംസനീയവുമാണ്. ജാതിവ്യവസ്ഥയുടെ നീരാളിപിടുത്തത്തിൽ അകപ്പെട്ടിരുന്ന അതിന്റെ





ചിത്രം 7.15 ആംഗ്ലോ –മൈസൂർ യുദ്ധം II

യാതനകൾ അനുഭവിച്ചിരുന്ന ജനതയ്ക്ക് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സമാധാനത്തിന്റെയും കാലഘട്ടം സമ്മാനിച്ചത് ടിപ്പുസുൽത്താന്റെ കാലത്തായിരുന്നു. താഴ്ന്ന ജാതിക്കാരായ സ്ത്രീകൾക്കു മാറുമറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല. ഈ അനീതി പൂർണ്ണമായും നിർത്തലാക്കുകയും പൊതുസമൂഹത്തിൽ മാന്യമായ വസ്ത്രം ധരിക്കാൻ എല്ലാ സ്ത്രീകൾക്കും ഒരുപോലെ അവകാശം അദ്ദേഹം നൽകുകയും ചെയ്തു.

മറ്റൊരു പ്രധാനപ്പെട്ട ഭരണപരിഷ്ക്കാരമായിരുന്നു വികേന്ദ്രീകൃത ഭരണ സമ്പ്രദായം. ഇതു കൂടാതെ ടിപ്പുസുൽത്താൻ പ്രഭുക്കന്മാരുടെയും ഇടനിലക്കാരുടെയും പ്രവാസികളുടെയും സ്വാധീനം ഇല്ലാതാക്കി. ജന്മി വ്യവസ്ഥ അവസാനിപ്പിക്കാൻ

ശ്രമിച്ചു. കൃഷിക്ക് പ്രാധാന്യം നൽകുകയും കർഷകരെ സംരക്ഷിക്കുകയും ചെയ്തു



ചിത്രം 7.15 ആംഗ്ലോക് മൈസൂർ യുദ്ധം III

### ടിപ്പുവിന്റെ പ്രധാനപ്പെട്ട പരിഷ്കാരങ്ങൾ

1. ഭൂമി മൊത്തം അളന്നു തിട്ടപ്പെടുത്തുകയും അതിൽ നിന്നു കിട്ടുന്ന വരുമാനത്തിന്റെ നിശ്ചിത തുക കർഷകർ തന്നെ നേരിട്ട് നികുതി ഖജനാവിൽ അടയ്ക്കാൻ വ്യവസ്ഥയും ചെയ്തു.
2. ജന്മി- കുടിയാൻ വ്യവസ്ഥ പൂർണ്ണമായും നിർത്തലാക്കി. ഉദ്യോഗസ്ഥർ അധിക നികുതി പിരിക്കുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവന്നു. മൈസൂർ സുൽത്താൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ നേരിട്ട് നികുതി പിരിക്കുന്ന വ്യവസ്ഥ നടപ്പിലാക്കി. ഇത് കർഷകർക്ക് വളരെ ആശ്വാസമായി. അവർക്ക് കൃഷിഭൂമിയുടെ എല്ലാ അവകാശങ്ങളും ലഭിച്ചു.
3. ധാരാളം യാത്രാമാർഗങ്ങളും റോഡുകളും നിർമിച്ചു. കോഴിക്കോട്-പാലക്കാട് റോഡ്, കോഴിക്കോട്-തലശ്ശേരി-മൈസൂർ റോഡ്, ഫറോക്ക്-പട്ടാമ്പി റോഡ്, എന്നിവ ഉദാഹരണങ്ങളാണ്. അതുപോലെ തളിപറമ്പ്-വളപട്ടണം കനാലും മൈസൂർ ഭരണത്തിന്റെ സംഭാവനകളാണ്.
4. കാർഷിക ഉൽപ്പന്നങ്ങൾക്ക് സുൽത്താൻ നേരിട്ട് വില നിശ്ചയിച്ചു. ഇത് കർഷകർക്ക് ആശ്വാസമായി. (ഉദാഹരണം.കുരുമുളക് 100 രൂപ ഒരു കണ്ടിക്ക് എന്ന രീതിയിൽ.)
5. കാർഷിക വിളവെടുപ്പ് നഷ്ടത്തിലാണെങ്കിൽ നികുതി അദ്ദേഹം ഒഴിവാക്കിയിരുന്നു. കാർഷിക വൃത്തി ചെയ്യുന്നതിന് അദ്ദേഹം ലോൺ സംവിധാനം ഏർപ്പെടുത്തിയിരുന്നു. കർഷകരുടെ മക്കളുടെവിവാഹത്തിന് സാമ്പത്തിക സഹായം നൽകി.
6. അദ്ദേഹം ഒരു വ്യാപാര കമ്പനി സുൽത്താനേറ്റിന്റെ കീഴിൽ തുടങ്ങി. ജനങ്ങൾക്ക് അതിൽ പങ്കാളികളാകാൻ അവസരം നൽകി.
7. സിൽക്ക് വ്യവസായം ആരംഭിച്ചു. അതുപോലെ നാണ്യവിളകളും കൃഷിയും കച്ചവടവും വർധിച്ചു.
8. മദ്യപാനവും ചൂതാട്ടവും നിരോധിച്ചു. എല്ലാ തരത്തിലുമുള്ള അധാർമികതകളും നിരോധിച്ചു.
9. വ്യഭിചാരം നിർത്തലാക്കി. ബഹുഭർത്തൃത്വവും അവസാനിപ്പിച്ചു.
10. കീഴ്ജാതിക്കാർ നേരിടുന്ന സാമൂഹ്യ അസമത്വങ്ങളും പീഡനങ്ങളും അവസാനിപ്പിച്ചു
11. കത്രിക, വാച്ച്, പശ, ഗ്ലാസ്, പഞ്ചസാര തുടങ്ങിയ എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വ്യവസായ ശാലകൾ നിർമിച്ചു.

**ആംഗ്ലോ മൈസൂർ യുദ്ധങ്ങൾ**

18-ാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിലായി ബ്രിട്ടീഷുകാരും മലബാറിൽ ഭരണം നടത്തിയ മൈസൂർ സുൽത്താൻമാരും (ഹൈദർഅലിയും ടിപ്പു സുൽത്താനും)തമ്മിൽ നടന്നിട്ടുള്ള യുദ്ധമാണ് ആഗ്ലോമൈസൂർ യുദ്ധങ്ങൾ എന്നറിയപ്പെടുന്നത്. ഇന്ത്യയിൽ വച്ച് ബ്രിട്ടീഷുകാർക്ക് ഏറ്റവും അധികം ഏതിർപ്പുകൾ നേരിടേണ്ടി വന്നത് മൈസൂർ സുൽത്താൻമാരിൽ നിന്നാണ് ധീരനായ ഒരു സ്വാതന്ത്ര്യസമരനേതാവായി ടിപ്പുവിനെ വിലയിരുത്താം.

**ഒന്നാം ആഗ്ലോ-മൈസൂർ യുദ്ധം (1767-1769)**

മൈസൂർ ഭരണം സുൽത്താൻ തിരിച്ച് പിടിച്ചെങ്കിലും ചില സ്ഥലങ്ങൾ അവർക്ക് നഷ്ടമായി.

**രണ്ടാം ആഗ്ലോ - മൈസൂർ യുദ്ധം(1780-1784)**

മംഗലാപുരം കരാറിലൂടെ അവസാനിക്കുന്ന ഈ യുദ്ധം ബ്രിട്ടീഷുകാരുടെയും മൈസൂർ സുൽത്താന്മാരുടെയും പരസ്പരം പിടിച്ചടക്കിയ പ്രദേശങ്ങൾ തിരിച്ച് കൊടുക്കുവാൻ വ്യവസ്ഥയാക്കി.

**മൂന്നാം ആഗ്ലോ - മൈസൂർ യുദ്ധം(1789-1792)**

ടിപ്പുവും ഫ്രഞ്ചുകാരും കൂടി തിരുവിതാംകൂറിനെ 1789-ൽ ആക്രമിക്കുന്നു. (ബ്രിട്ടീഷ്കാർ തിരുവിതാംകൂറിനെ സഹായിക്കാനെത്തി. ബ്രിട്ടീഷ്കാർ 1792-ൽ ശ്രീരംഗപട്ടണം (ടിപ്പുവിന്റെ ഭരണകേന്ദ്രം) പിടിച്ചടക്കിയതോടെ യുദ്ധം അവ സാനിച്ചു. ശ്രീരംഗപട്ടണം കരാറിലൂടെ ടിപ്പു തന്റെ രാജ്യം ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ടി വന്നു.

**നാലാം ആഗ്ലോ - മൈസൂർ യുദ്ധം**

ഈ യുദ്ധത്തിൽ ബ്രിട്ടീഷുകാർ പൂർണ്ണമായി വിജയിക്കുകയും ടിപ്പുവിനെ വധിക്കുകയും ചെയ്തു.


നാലാം യുദ്ധത്തോടെ ബ്രിട്ടീഷുകാർ മലബാറിന്റെ ഭരണം പൂർണ്ണമായും കൈക്കലാക്കി. ബ്രിട്ടീഷുകാർ ആയിരുന്നു പിന്നീട് കേരളം ഭരിച്ചിരുന്നത്.

## പദശേഖരം

| | | |
|---|---|---|
| എപ്പിഗ്രാഫി | - | ശിലാലിഖിത പഠനം |
| ആർക്കിയോളജി | - | പുരാവസ്തു ഗവേഷണം |
| താരിഖ് | - | ചരിത്രം |
| തൗഹിദ് | - | ഏകദൈവവിശ്വാസം |
| ജസീറത്തുൽ അറബ് | - | അറേബ്യൻ ഉപദ്വീപ് |
| ബദവികൾ | - | നടോടി അറബികൾ |
| ശൈഖ് | - | ഗോത്ര നേതാവ് |
| ഫിദ്‌യ | - | മോചനദ്രവ്യം |
| ഖസീദ | - | ഖണ്ഡകാവ്യം |
| ഹിൽഫുൽ ഫുദൂൽ | - | സമാധാനസന്ധി |
| ആമുൽ ഹുസ്ൻ | - | ദുഃഖവർഷം |
| അൻസാറുകൾ | - | സഹായികൾ |
| മുഹാജിറുകൾ | - | അഭയാർഥികൾ |
| ഹിജ്റ | - | പലായനം |
| ഖലീഫ | - | പ്രതിനിധി |
| ഖറാജ് | - | ഭൂനികുതി |
| മജ്‌ലിസു ശൂറാ | - | ഉപദേശക സമിതി |
| ഖവാരിജുകൾ | - | മുഖ്യധാരയിൽ നിന്നും വിട്ടുനിൽക്കുന്നവർ |
| മുലൂക്കിയത്ത് | - | രാജഭരണം |
| ദീവാനുൽ ബരീദ് | - | തപാൽവിഭാഗം |
| ദീവാനുൽ ഖാത്തം | - | റജിസ്ട്രേഷൻ വകുപ്പ് |
| ദീവാനുൽ ഖറാജ് | - | റവന്യൂ വകുപ്പ് |
| ഖാദി അൽ ഖുള്ളാത്ത് | - | ചീഫ് ജഡ്ജി |
| അസബിയ്യ | - | ഐക്യബോധം |
| ജിസ്‌യ | - | സംരക്ഷണ നികുതി |
| മിനാർ | - | സ്തൂപം |


## ഉമവിയ്യ ഭരണാധികാരി വലീദിന്റെ
## കാലഘട്ടത്തിലെ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വിസ്തൃതി

1. മധ്യധരണ്യാഴി
2. ചെങ്കടൽ
3. പേർഷ്യൻ ഉൾക്കടൽ
4. കാസ്പിയൻ കടൽ
5. കരിങ്കടൽ
6. ഇന്ത്യൻ മഹാസമുദ്രം
7. ഗ്രേറ്റ് നുഫൂദ്
8. അൽ ദഹന
9. റുബ്ബൂഅ് അൽ ഖാലി
10. മക്ക
11. മദീന
12. യമൻ
13. ഹളറമൗത്ത്
14. ഒമാൻ
15. ചന്ദ്രക്കല ഫലഭൂയിഷ്ഠ പ്രദേശം
16. പേർഷ്യൻ സാമ്രാജ്യം




## പ്രവാചകന്റെ കീഴിലെ ക്ഷേമ രാഷ്ട്രത്തിന്റെ വിസ്തൃതി

1. മധ്യധരണ്യാഴി
2. ചെങ്കടൽ
3. പേർഷ്യൻ ഉൾക്കടൽ
4. കാസ്പിയൻ കടൽ
5. കരിങ്കടൽ
6. ഇന്ത്യൻ മഹാസമുദ്രം
7. മക്ക
8. മദീന
9. ത്വാഇഫ്
10. ബദർ
11. യമൻ
12. ഒമാൻ
13. ഹളമൗത്ത്
14. സിറിയ
15. ഹുദൈബിയ
16. ഖൈബർ
17. പേർഷ്യൻ സാമ്രാജ്യം




## ഖലീഫ ഉമറിന്റെ കാലഘട്ടത്തിലെ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വിസ്തൃതി

1. മധ്യധരണ്യാഴി
2. ചെങ്കടൽ
3. പേർഷ്യൻ ഉൾക്കടൽ
4. കാസ്പിയൻ കടൽ
5. കരിങ്കടൽ
6. ഇന്ത്യൻ മഹാസമുദ്രം
7. മക്ക
8. മദീന
9. യമൻ
10. ഒമാൻ
11. സിറിയ
12. ജറുസലേം
13. ബാഗ്ദാദ്
14. ഇറാഖ്
15. യമാമ
16. ഫുസ്താത്
17. കെയ്റോ
18. അലക്സാണ്ട്രിയ
19. ഈജിപ്ത്
20. ഖാദിസിയ്യ
21. യർമുക്ക്



## ഡിഫ്ളീൻ യുദ്ധാനന്തരം ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വിസ്തൃതി



1. മധ്യധരണ്യാഴി
2. ചെങ്കടൽ
3. പേർഷ്യൻ ഉൾക്കടൽ
4. കാസ്പിയൻ കടൽ
5. കരിങ്കടൽ
6. ഇന്ത്യൻ മഹാസമുദ്രം
7. ഡമസ്കസ്
8. ജെറുസലേം
9. സിറിയ
10. ഫുസ്താത്
11. കൈറോ
12. അലക്സാണ്ട്രിയ
13 ഈജിപ്ത്
14 മക്ക
15 മദീന
16 യമൻ
17 ഒമാൻ
18. കൂഫ
19. ബാഗ്ദാദ്
20. തെഹ്റാൻ
21 ബസറ
22. സിഫീൻ
23 അംറ് ഇബ്നു ആസിന്റെ കീഴിലുള്ള ഭരണ പ്രദേശം
24. മുആവിയയുടെ കീഴിലുള്ള ഭരണ പ്രദേശം
25 അലിയുടെ കീഴിലുള്ള ഭരണ പ്രദേശം

1. മധ്യധരണ്യാഴി
2. ചെങ്കടൽ
3. പേർഷ്യൻ ഉൾക്കടൽ
4. കാസ്പിയൻ കടൽ
5. കരിങ്കടൽ
6. ഇന്ത്യൻ മഹാസമുദ്രം
7. ഡമസ്കസ്
8. സ്പെയിൻ
9. കൊർഡോവ
10. കൈറോ
11. അലക്സാണ്ട്രിയ
12. ഈജിപ്ത്
13 വടക്കെ ആഫ്രിക്ക
14 ക്രീറ്റ
15 കൈറുവാൻ
16 മക്ക
17 മദീന
18. ബാഗ്ദാദ്
19. മധ്യേഷ്യ
20. ടെഹ്റാൻ
21 സൈപ്രസ്
22. റോഡ്സ് ദ്വീപ്
23 ഏഷ്യാ മൈനർ
24. കൂഫ
25 സിന്ധ്
26 ബുഖാറ
27. യമൻ
28. ഒമാൻ

